Date of publication : 1 ജൂൺ 2022
വോള്യം 18/ലക്കം 25
ISSN 2319-9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത




## തത്വചിന്തകർ



# സംഘടിത

ജൂൺ 2022/ വോള്യം 18/ലക്കം 25


തത്ത്വചിന്തയിൽ സ്ത്രീപക്ഷത്തിന്റെ പ്രസക്തി
**നെസി ഡാനിയൽ** 6

പാശ്ചാത്യ തത്ത്വശാസ്ത്രത്തിലെ പുരുഷേതരചിന്തകർ
**ഡോ. മായ എസ്.**

സ്ത്രീതത്ത്വചിന്തയും ലോകസമൂഹവും
**ഡോ. സന്ധ്യ സി.വി.** 15

പ്രകൃതിയുടെ സ്ത്രൈണ ഭാവം :ഒരു താത്ത്വിക അവലോകനം
**ആഷ കെ.ബി.** 17

തത്ത്വചിന്ത പാഠ്യഭാഗങ്ങളിലെ സ്ത്രീ പ്രതിഫലനം
**മീര നാരായണൻകുട്ടി** 20

തത്ത്വ ചിന്തയും സ്ത്രീ വിദ്യാഭ്യാസവും :
മേരി വുൽസ്റ്റൻക്രാഫ്റ്റിലൂടെ ഒരു അവലോകനം
**ഫൗസിയ എ.എം.** 23

ഇന്ത്യൻ തത്ത്വചിന്തയിൽ സ്ത്രീകളുടെ പ്രാതിനിധ്യം
**ഡോ. മായ എസ്.** 28

സ്ത്രീവിരുദ്ധത മനുസ്മൃതിയിൽ
**അനുലക്ഷ്മി വി.എസ്.** 33

അലക്സാണ്ട്രിയായിലെ ഹൈപ്പേഷ്യ
**നീമ റ്റി സിറിൾ** 36

സ്ത്രീയും കുടുംബവും – മാർക്സിസ്റ്റ് മാതൃകയും വിശകലനവും
**മുഹ്സിന എ.കെ.** 39

ഷാവോലി മിത്രയെ ഓർക്കുമ്പോൾ
**വഴിത്താരകൾ / ജാനകി** 44

നടിക്ക് ഐക്യദാർഢ്യവുമായി ‘സാംസ്കാരിക കേരളം
അതിജീവിതയെക്കാപ്പം’
**റിപ്പോർട്ട് /എം. സുൽഫത്ത്** 48

തത്ത്വചിന്താപഠനത്തിൽ ലിംഗഭേദത്തിന്റെ പങ്ക്
**സൗമ്യ എ.എസ്.** 50

ദ്രൗപതി: നീതിയുടേയും പ്രതിരോധത്തിന്റേയും ഒരു പുനർനിർമ്മിതി
**അനുശ്രീ. എസ്. എൽ.** 53

കേരളമെന്ന ‘വിളനിലം’
**വാസ്തവം/ഡോ.ജാൻസി ജോസ്** 58

സ്ത്രീയും നീതിശാസ്ത്രവും
**ഡോ. മായ എസ്.** 60

അതിജീവിതകളുടെ കേരളം
**ഉപ്പും മുളകും/ഗീത** 63

തത്ത്വശാസ്ത്ര കാലം
**അനുലക്ഷ്മി വി.എസ്.** 64

സ്ത്രീയും ബുദ്ധിചിന്തയും
**ഹർഷിദ യു.** 66

ആ ആത്മഹത്യക്ക് ആര് മറുപടി പറയും?
**പെൺപക്ഷം/അജിത കെ.** 68

ഗെർടി കോറി വൈദ്യശാസ്ത്ര നൊബേൽ
ചരിത്രത്തിലെ ആദ്യ വനിത-
**ശാസ്ത്രം /സീമ ശ്രീലയം** 70



**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**ഗസ്റ്റ് എഡിറ്റർ**
ഡോ. മായ എസ്.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4



**ഷീബ കെ.എം.**

അമേരിക്കയിൽ വർണ്ണവെറിയ്ക്കെതിരെ 'ബ്ലാക്ക് ലൈവ്സ് മേറ്റർ' മുദ്രാവാക്യങ്ങൾ ഉയരുന്ന സാഹചര്യത്തിൽ സാമൂഹ്യ ഉൾക്കൊള്ളൽ സാധ്യതകളുയർത്തിക്കൊണ്ട് കിരീൻ ഴാൻ പിയേ  കറുത്ത വർഗ്ഗ വിഭാഗത്തിൽ നിന്നുള്ള ആദ്യത്തെ വൈറ്റ് ഹൗസ് പ്രസ്സ് സെക്രട്ടറിയായി സ്ഥാനമേറ്റു  എന്ന വാർത്ത ആവേശജനകമാണ്. അഭിവാദ്യങ്ങൾ!

ചരിത്രത്തിലാദ്യമായി കേരളത്തിലെ പത്രപ്രവർത്തക യൂണിയന്റെ  ഭാരവാഹിത്വത്തിലേക്ക് ഒരു സ്ത്രീ കടന്നു വന്നിരിക്കുന്നു. വീക്ഷണം പത്രത്തിലെ  വിനീത എം.വി.യാണ് കടുത്ത മത്സരത്തിനൊടുവിൽ പ്രസിഡന്റ് സ്ഥാനത്തെത്തിയത്. പത്രപ്രവർത്തന രംഗത്തെ കടുത്ത സ്ത്രീ വിരുദ്ധതകൾക്കെതിരെ നെറ്റ്‌വർക്ക് ഒഫ് വിമൻ ഇൻ മീഡിയ നടത്തിയ ഐതിഹാസിക പോരാട്ടങ്ങളെ അടിവരയിടുന്ന വിജയമായി ഇത്  അടയാളപ്പെടും. വരും കാല സമരങ്ങൾക്ക് വർദ്ധിച്ച ഊർജ്ജം പ്രദാനം ചെയ്യാനും മാധ്യമരംഗത്തെ സ്ത്രീപക്ഷമാക്കാനും  ഈ വിജയം വഴിയൊരുക്കട്ടെ എന്ന് ആശംസിക്കുന്നു.

നിർണ്ണായകമായ ഒരു വിധിന്യായത്തിലൂടെ സുപ്രീം കോടതി ലൈംഗിക തൊഴിലിൽ ഏർപ്പെടുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പുവരുത്തിയിരിക്കുന്നു. ഒരു തൊഴിൽ എന്ന നിലയിൽ അവർ ചെയ്യുന്ന പ്രവർത്തിയെ അംഗീകരിക്കുകയും തുല്യനീതിക്ക് അർഹരായി അവരെ കാണുകയും ചെയ്യുന്നതോടൊപ്പം വേശ്യാലയ  റെയ്ഡ് നടത്തി പോലീസ് ഇവരെ  അനാവശ്യമായി ബുദ്ധിമുട്ടിക്കരുതെന്നും കോടതി നിഷ്ക്കർഷിച്ചു. സ്വസമ്മതത്തോടെ ചെയ്യുന്ന ലൈംഗിക തൊഴിൽ ക്രിമിനൽ കുറ്റമല്ല എന്നും വേശ്യാലയ നടത്തിപ്പു മാത്രമാണ് നിയമ വിരുദ്ധമെന്നും കോടതി വ്യക്തമാക്കി.  ഭരണഘടനയുടെ ആർട്ടിക്കിൾ 21 ഉറപ്പു നൽകുന്ന സമത്വവും നീതിയും ലൈംഗിക തൊഴിലാളികൾക്ക് കൂടി ലഭ്യമാക്കുന്നതാണ് ചരിത്രപ്രധാനമായ ഈ വിധി. ഇത്രയൊക്കെ നേടിയെങ്കിലും ശരീരത്തെയും ലൈംഗികതയെയും  കച്ചവട വസ്തുവായി നിലനിർത്തുന്ന പുരുഷാധിപത്യ നിലപാടുകളെ ചോദ്യം ചെയ്യാനോ  സ്വസമ്മതം എന്ന സങ്കല്പനത്തിന്റെ നൈതിക യാഥാർത്ഥ്യങ്ങളെ  അഭിമുഖീകരിക്കാനോ നമ്മൾക്കിനിയും സാധിച്ചിട്ടില്ല എന്നത്  ഖേദകരമായി ബാക്കിനിൽക്കുന്നു.

ആഘോഷ ഇടങ്ങൾ സ്ത്രീകൾക്ക് കൂടി അവകാശപ്പെട്ടതാണെന്ന് ഒരിക്കൽ കൂടി ഉറപ്പിക്കുന്നതായിരുന്നു ഇത്തവണത്തെ തൃശൂർ പൂരം . കുടമാറ്റം കാണാനായി സ്ത്രീകൾക്ക് പ്രത്യേകം വേദിയുണ്ടായിരുന്നു.  മുൻപ് പുലികളിയെയും ഇപ്പോൾ തൃശൂർ പൂരത്തെയും സ്ത്രീകൾക്കു കൂടി പങ്കാളിത്തമുള്ള ഇടങ്ങളാക്കിത്തീർക്കുന്നതിൽ വിംഗ്സ്  കേരള നടത്തിവന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

പ്ളാച്ചിമട സമരനേതാവ് കന്നിയമ്മ നമ്മെ വിട്ടു പോയി. പാരിസ്ഥിതിക ദുരന്തങ്ങൾക്കെതിരെ പ്രതിഷേധം വർദ്ധിച്ചു വരുന്ന  കാലത്ത് ഈ പോരാളിയുടെ നഷ്ടം നികത്താൻ ആവാത്തതാണ്. സമരവീര്യ സ്മരണയ്ക്ക് മുന്നിൽ പ്രണാമം.

നടി ആക്രമിക്കപ്പെട്ട കേസ്സിന്റെ അട്ടിമറി സാധ്യത ഏറെ ആധിയുളവാക്കുന്നതാണ്. സർക്കാർ കൂടെയുണ്ടെന്ന ഉറപ്പ് മുഖ്യമന്ത്രി നൽകിയെങ്കിലും നിയമപാലകരുടെ നടപടികൾ ഏതു വഴിക്ക് നീങ്ങും എന്ന് ആശങ്കപ്പെടുന്നു. ജൂൺ ഒന്നിന് നാനാതുറകളിൽ നിന്നുള്ളവർ അതിജീവിതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൃശൂരിൽ നടത്തുന്ന ഒത്തുകൂടലിൽ സംഘടിതയും കൈകോർക്കുന്നു. നീതി പുലരാനായുള്ള മുദ്രാവാക്യങ്ങൾ ഉയരട്ടെ!

ഒരു വർഷത്തിനിടെ അഞ്ച് ട്രാൻസ്ജെണ്ടർ വ്യക്തികളാണ് കൊച്ചിയിൽ മാത്രം സ്വന്തം ജീവൻ അവസാനിപ്പിച്ചത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സമൂഹത്തിൽ നിന്നുള്ള ദുരനുഭവങ്ങളും അതുണ്ടാക്കുന്ന മാനസിക സമ്മർദ്ദങ്ങളും അനാരോഗ്യവുമൊക്കെയാണ് കാരണങ്ങൾ. ട്രാൻസ്ജെണ്ടർ നയം ഉണ്ടായി വർഷങ്ങളിത്രയായിട്ടും അതിന്റെ ഗുണഫലങ്ങളനുഭവിക്കാൻ ഇവർക്ക് കഴിയുന്നില്ല എന്നതിന്റെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ കാരണങ്ങൾ ആരായേണ്ടതാണ്. പരിഹാരങ്ങൾ വൈകിക്കൂടാ.

വിസ്മയ കേസ്സിന്റെ വിധിപ്രഖ്യാപനം ഉണ്ടായിരിക്കുന്നു. ഭർത്താവ് കിരൺ കുറ്റവാളിയാണെന്ന് കണ്ടെത്തപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തു. എന്നാൽ പ്രശ്നപരിഹാരം ആയെന്ന മട്ടിൽ നമ്മൾക്ക് ആശ്വസിക്കാൻ ഒരു വകയുമില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. കമ്പോള നിലവാരം നോക്കി ഉറപ്പിക്കുന്ന ദാമ്പത്യ വിനിമയങ്ങളിൽ  പെടാതിരിക്കാനുള്ള ജാഗ്രതയിലും ബോധ്യത്തിലും കുടുംബങ്ങൾ എത്താത്തിടത്തോളം കാലം ഇതൊരു തുടർക്കഥ തന്നെയാവും എന്ന് തീർച്ച . കല്യാണം എത്തും വരെ മാസ്മരികമായ മോഹവലയങ്ങളിൽ നിൽക്കുകയും കല്യാണപ്പിറ്റേന്നു മുതൽ എങ്ങനെ ജീവിക്കണമെന്ന് അറിയാത്ത അങ്കലാപ്പിലും അന്ധാളിപ്പിലും പെട്ടുപോകുകയുമാണ് പെൺകുട്ടികൾ. കാലം പുരോഗമിച്ചിട്ടും പങ്കാളിത്തത്തിലല്ല  കൊടുക്കൽ വാങ്ങലുകളിലാണ് വിവാഹം അടിസ്ഥാനപ്പെട്ടു കിടക്കുന്നതെന്ന യാഥാർത്ഥ്യം എത്ര പ്രതിലോമകരമാണ്!

എൻഡോസൾഫാൻ പീഡിതയായ 28 വയസ്സായ മകളെ അമ്മ കൊലപ്പെടുത്തി സ്വയം ആത്മഹത്യ ചെയ്തു എന്ന വാർത്ത ഹൃദയഭേദകമാണ്. ആശ്വാസമേതും ലഭിക്കാതെ വരുമ്പോൾ ഈ കടുംകൈ അല്ലാതെ അവരുടെ മുന്നിൽ മറ്റൊരു പോംവഴിയുമുണ്ടായില്ല എന്നത് സർക്കാർ നയങ്ങളുടെ പരാജയമായി തന്നെ വേണം കരുതാൻ.

വീട്ടുകാരുടെ കഠിന എതിർപ്പും ഭീഷണിയും നേരിട്ട്  സ്വസ്ഥജീവിതത്തിന് നിയമ വഴികളന്വേഷിച്ചു ആദിലയും ഫാത്തിമയും. രണ്ട് സ്ത്രീകൾക്ക് പ്രണയ ബന്ധത്തിലേർപ്പെടാനും ഒന്നിച്ചു ജീവിക്കാനും അവകാശമുണ്ട് എന്ന ചരിത്രം സൃഷ്ടിച്ച ഹൈക്കോടതി വിധി ആദിലയുടെയും ഫാത്തിമയുടെയും ഒരുമിച്ചുള്ള ജീവിതയാത്രയുടെ മാത്രമല്ല ലിംഗ ലൈംഗിക സ്വത്വ രാഷ്ട്രീയത്തിന്റെ തന്നെ സുവർണ മുഹൂർത്തമായി കണക്കാക്കാം. ആഹ്ളാദവും പ്രതീക്ഷയും നൽകിക്കൊണ്ടാണ് പ്രൈഡ് മാസം വന്നെത്തിയിരിക്കുന്നത്. നിറഞ്ഞ ആശംസകൾ.

തത്ത്വജ്ഞാനം സ്ത്രീകളുടെ മേഖലയായി ഒരിക്കലും കണക്കാക്കപ്പെട്ടിരുന്നില്ല. ചരിത്രത്തിൽ  എസ്പേഷ്യയേയും ഹൈപേഷ്യയെയും പോലുള്ള അനേകം വിദുഷികളുണ്ടായിട്ടും വിസ്മൃതിയിലമർത്തപ്പെട്ടു പോയവർ. അവരെ വീണ്ടെടുക്കുകയാണ് മായ എസ്. അതിഥിപത്രാധിപയായ 'തത്ത്വജ്ഞാനികൾ' എന്ന വിഷയം കൈകാര്യം ചെയ്യുന്ന ഈ ലക്കം സംഘടിത. വായനയ്ക്കായി സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



**ഡോ. മായ എസ്.**
അധ്യാപിക
തത്വശാസ്ത്രവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്,
തൃശൂർ

സ്ത്രീ എന്നാൽ ചിന്തയില്ലാത്തവൾ എന്നോ വികാരം മാത്രമുള്ളവൾ എന്നോ ഉള്ള തരത്തിലാണ് നമ്മുടെ സാമൂഹ്യവ്യവസ്ഥിതി ഇക്കാലത്തും ഏറെക്കുറെ കണക്കാക്കുന്നത്. മനുഷ്യമനസ്സിന്റെ പ്രത്യേകതയായ യുക്തിചിന്ത, എന്തുകൊണ്ട് സ്ത്രീകളിൽ ഉള്ളതായി സമൂഹം കണക്കാക്കുന്നില്ല എന്നാലോചിച്ചാൽ, സ്ത്രീയെ മനുഷ്യനായി കണക്കാക്കാൻതന്നെ മടിയാണ് എന്ന കാരണം കാണേണ്ടിവരും. പ്രാചീന തത്വചിന്തകരായി പേരുകേട്ട പുരുഷന്മാരൊക്കെയും ഇത്തരം പരാമർശങ്ങൾ നടത്തുന്നുമുണ്ട്. ആധുനികരും സ്ത്രീതത്വചിന്ത എന്ന കാര്യം കണക്കിലെടുത്തിട്ടില്ല. ആലോചനകൾ, ചിന്തകൾ എന്ന വാക്കുകൾ സ്ത്രീയുടെ നിർവചനവുമായി കൂട്ടിക്കെട്ടാൻ തത്ത്വചിന്തകർ തന്നെ കൂടുതൽ മെനക്കെടേണ്ടതുണ്ട്. സ്ത്രീപക്ഷസിദ്ധാന്തങ്ങൾ പല മേഖലകളിൽ ഉള്ളവർ ചെയ്തിട്ടുണ്ട്, കൂടുതലായും ഇക്കഴിഞ്ഞ നൂറ്റാണ്ടിലെന്ന കാര്യം നമുക്കറിയാം. അതെല്ലാം താത്ത്വീകരണം തന്നെയാണ്. എന്നാൽ തത്വചിന്തകർ എന്ന പേരിൽ ലോകത്തു നിലനിൽക്കുന്ന പുരുഷനാമങ്ങൾക്കിടയിൽ എന്തുകൊണ്ട് സ്ത്രീകളുടെ പേരുകൾ വരുന്നില്ല എന്നത് ചിന്തിക്കേണ്ടതുണ്ട്. ഭാരതീയ സംസ്ക്കാരത്തിൽ സ്ത്രീചിന്തകരായി എഴുതുകയും പ്രവർത്തിക്കുകയും ചെയ്തവർ അവഗണിക്കപ്പെട്ടുവെങ്കിൽ പാശ്ചാത്യ രാജ്യങ്ങളിൽ ആദ്യകാലത്തു ഹൈപ്പേഷ്യയെപ്പോലുള്ളവർ യാഥാസ്ഥിതിക പുരുഷന്മാരാൽ കൊലചെയ്യപ്പെട്ടു. സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമൊക്കെ ആധുനികകാലത്ത് എഴുതിയ മേരി വുൾസ്റ്റോൺ ക്രാഫ്റ്റിനെപ്പോലും നമ്മുടെ ഫിലോസഫിവിഭാഗങ്ങളിൽ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുമില്ല എന്നതാണ് അവസ്ഥ.

സ്ത്രീയും തത്ത്വചിന്തയും എന്ന വിഷയത്തിൽ അതിഥി പത്രാധിപയായി എഡിറ്റർ ആയി ജൂൺ ലക്കം സംഘടിത ചെയ്യുന്നതിനുള്ള നിർദേശം വന്നതിൽ വളരെ സന്തോഷമുണ്ട്. ഇതിൽ പരമാവധി വ്യത്യസ്ത കോണുകളിൽ നിന്ന് തത്ത്വചിന്തയെയും തത്ത്വചിന്തയുടെ സ്ത്രീപക്ഷ വിമർശനത്തെയും സ്ത്രീ തത്ത്വചിന്തകരെയും അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ (ഇന്ത്യൻ) വീക്ഷണങ്ങളും ചിന്തകളും ഇതിലുണ്ട്. ക്രിസ്തുവർഷത്തിന് നൂറ്റാണ്ടുകൾ മുൻപേതന്നെയുള്ള ബുദ്ധഭിക്ഷുണികളെയും ഉപനിഷദ്കാലഘട്ടത്തെയും ആധുനിക കോളനിവത്കൃത കാലത്തെയും ഇന്ത്യൻ ചിന്തകകളെയും കുറിച്ചൊക്കെ അവലോകനം ചെയ്യുന്നുണ്ട്. ഗ്രീക്ക്ഫിലോസഫിയുടെ കാലത്തെയും മധ്യകാലത്തെയും ആധുനിക-ആധുനികാനന്തരകാലത്തെയും പാശ്ചാത്യചിന്തകകളെയും പരാമർശിച്ചു പോകാനെങ്കിലുമുള്ള ശ്രമം ഇതിലുണ്ട്. എല്ലാ പഠന ശാഖകളും ആത്യന്തികമായി തത്ത്വചിന്തയുമായി ബന്ധപ്പെട്ടുകിടക്കുന്നതുതന്നെയെങ്കിലും, തത്ത്വചിന്തവകുപ്പുകളിൽ നിന്നുള്ളവരുടെ ലേഖനങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. സ്ത്രീക്കു ചിന്തയുണ്ടോ എന്ന ചിന്ത, പൊതുജനത്തിനിടയിൽ ഉണർത്താനെങ്കിലും ഈ ലക്കം ഉപകരിക്കുമെങ്കിൽ ചാരിതാർഥ്യം കൊള്ളാമെന്നു കരുതുന്നു.

ചർച്ചാവിഷയം



**നെസി ഡാനിയൽ**
റിട്ട. അധ്യാപിക
തത്വശാസ്ത്ര വിഭാഗം,
കേരള സർവ്വകലാശാല,
തിരുവനന്തപുരം



അസ്പേഷ്യ സോക്രട്ടീസുമായി സംസാരിക്കുന്നു

# തത്വചിന്തയിൽ സ്ത്രീപക്ഷത്തിന്റെ പ്രസക്തി

അസമയയത്ത് വീട്ടിനുള്ളിൽ കയറിയ കള്ളൻ ഇരുമ്പുസേഫിന്റെ പൂട്ട് പൊളിക്കുന്ന ശ്രമത്തിലായിരുന്നു. പെട്ടെന്നാണ് സേഫിന്റെ വശത്തു പതിച്ചിരുന്ന കുറിപ്പ് കള്ളന്റെ ശ്രദ്ധയിൽപ്പെട്ടത് . അതിൽ ഇങ്ങനെ എഴുതിയിരുന്നു. ഇതിൽ പിടിപ്പിച്ചിരിക്കുന്ന കൈപ്പിടി തിരിച്ചാൽ മതി. വളരെ സന്തോഷത്തോടെ കള്ളൻ അതിൽ പിടിച്ച് തിരിച്ചു. പെട്ടെന്ന് പോലീസ് എത്തി കള്ളനെ പിടികൂടി പോലീസിന്റെ കൂടെ നടന്നു നീങ്ങുന്ന കള്ളൻ കരഞ്ഞുകൊണ്ടു പറഞ്ഞു എനിക്ക് മനുഷ്യനിലും മനുഷ്യത്വത്തിലും ഉള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. സ്വയം കള്ളനാണ്. മറ്റൊരാളിന്റെ സ്വർണ്ണവും പണവും കവർച്ച ചെയ്യാൻ വന്നവനാണ്... പിടിക്കപ്പെട്ടപ്പോൾ അവനും പറയുന്നു, വിശ്വാസത്തിന്റേയും മനുഷ്യത്വത്തിന്റേയും കഥ.

വിശ്വാസം, സത്യം, മനുഷ്യത്വം ചുരുക്കിപ്പറഞ്ഞാൽ ധാർമികത- നാമെല്ലാവരും പ്രതീക്ഷിക്കുന്ന കാര്യമാണ്. മറ്റുള്ളവരിൽ നിന്നും വിശ്വസ്തതയും സത്യവും സ്നേഹവും നീതിയും പ്രതീക്ഷിക്കാത്തവരായി ആരും ഉണ്ടാകില്ല. പക്ഷേ പലർക്കും ഇതൊന്നും പാലിക്കാൻ കഴിയാറില്ല. കാരണം അധാർമ്മിക പ്രവൃത്തികൾ ആയ അസത്യത്തിന്റേയുംയും വഞ്ചനയുടേയും കുറ്റകൃത്യങ്ങളുടേയും സ്വാധീനം വളരെ വലുതാണ് എന്നത് തന്നെ.

തത്വചിന്തയിലെ സ്ത്രീപക്ഷം എന്താണെന്ന് അറിയണമെങ്കിൽ തത്വചിന്ത എന്താണെന്ന് ഒരു സാമാന്യ ധാരണ ഉണ്ടായിരിക്കേണ്ടതാണ്. വിശാലാടിസ്ഥാനത്തിൽ പറഞ്ഞാൽ മനുഷ്യ അവസ്ഥയുടെ ആഴത്തിലുള്ളതും അടിസ്ഥാനപരവുമായ ചോദ്യങ്ങളെ പറ്റിയുള്ള അവലോകനം ആണ് എന്ന് മനസ്സിലാക്കാം. മനുഷ്യനെപ്പറ്റിയുള്ള അറിവ് ധാർമ്മികത,സമൂഹം, ബോധതലം എന്നിങ്ങനെയുള്ള വിഷയങ്ങൾ തത്വചിന്തയിൽ ഉൾപ്പെട്ടിരിക്കുന്നു. ആത്യന്തികമായ സത്യത്തേ

യും യാഥാർത്ഥ്യത്തേയും പറ്റിയുള്ള നിരന്തരമായ ഒരു അന്വേഷണം ആണത്. അതുകൊണ്ടുതന്നെ വ്യവസ്തങ്ങളായ നിരവധി ചിന്താസരണികൾ അതിൽ ഉൾപ്പെട്ടിരിക്കുന്നു. ആത്യന്തികമായ സത്യത്തേയും യാഥാർത്ഥ്യത്തേയും പറ്റിയുള്ള നിരന്തരമായ ഒരു അന്വേഷണം ആണത്. അറിയാനുള്ള അടങ്ങാത്ത ദാഹം എന്നതുകൊണ്ടുതന്നെ വ്യത്യസ്തങ്ങളായ പക്ഷങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാനമണ്ഡലമാണത്. ഒരിക്കലും പരിപൂർണതയിൽ എത്താത്ത എന്നാൽ നിരന്തരം അന്വേഷണാത്മകമായ വിജ്ഞാനശാഖ. അവസാനവാക്കിന് സ്ഥാനമില്ലാത്ത എപ്പോഴും അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യമനസ്സിന്റെ സഞ്ചാരപഥം. പാരമ്പര്യമായിട്ടുള്ള പ്രശ്നങ്ങളെ കൈവിടാതെ തന്നെ പുതിയ വികാസപരിണാമങ്ങളെപ്പറ്റി മനസ്സിലാക്കാനും പഠിക്കാനുമുള്ള ശ്രമം ശ്രദ്ധേയമാണ്.

ആത്യന്തികമായ സത്യത്തേയും യാഥാർത്ഥ്യത്തേയും പറ്റിയുള്ള നിരന്തരമായ ഒരു അന്വേഷണം ആണത് 1995- ൽ UNESCO നടത്തിയ സർവേയുടെ രേഖ പാരിസ് ഡിക്ലറേഷൻ ഫോർ ഫിലോസഫി 1995 തത്ത്വചിന്തയുടെ പ്രാധാന്യത്തെ പറ്റി പറയുന്നു. ലോകസമാധാനത്തിന് അടിസ്ഥാനതത്വങ്ങൾ ആയ ഡെമോക്രസി, ഇക്വാലിറ്റി എന്നിവയുടെ താത്വികമായ അടിത്തറ മനുഷ്യമനസ്സിനെ മനസ്സിലാക്കാൻ കഴിവുള്ള വിഷയം . സമൂഹങ്ങളെ മാറ്റിമറിക്കാൻ കെൽപ്പുള്ള പ്രായോഗിക പരിജ്ഞാനം. കാരണം ലോകത്തിലെ ഭൗതിക പാതകളുടെ ബഹുസ്വരതയെ മനസ്സിലാക്കാൻ സഹായിക്കുന്നതുകൊണ്ട് അന്തർ-സാംസ്കാരിക സംവാദങ്ങൾ സാധ്യമാക്കുന്നു. മനുഷ്യ മനസ്സിന്റെ ചിന്താശക്തിയെ ഉത്തേജിപ്പിക്കാൻ സഹായിക്കുന്നത് കൊണ്ട് കൂടുതൽ മാന്യമായ സ്വഭാവമുള്ള സമൂഹത്തെ വാർത്തെടുക്കാൻ സഹായിക്കുന്നു. പുത്തൻ ആശയങ്ങളെ തേടാനുള്ള മനുഷ്യമനസ്സിന്റെ സൃഷ്ടിപരമായ കഴിവിനെ പ്രചോദിപ്പിക്കുന്നു. എല്ലാത്തിനുമുപരിയായി പുതിയ മാറ്റങ്ങൾക്കും സുസ്ഥിര വികസനത്തിനും സമാധാനത്തിനും ഉള്ള ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഫിലോസഫി എന്നത് സ്കൂൾ ഓഫ് ഫ്രീഡം ആണ്. ചിന്തയിലും ചിന്തയിലൂടേയും ഉള്ള സ്വാതന്ത്ര്യമാണ് തത്വചിന്ത. രണ്ടുകാര്യങ്ങൾ എടുത്തുപറയുന്നു. ഒന്ന്, വൈവിധ്യങ്ങളായ ചിന്താധാരകളെ മുഖാമുഖം കൊണ്ടുവരിക. രണ്ട്, അക്കാദമിക് ചിന്തയും ആധുനികയുഗത്തിലെ കോൺക്രീറ്റ് ആശയ പ്രശ്നങ്ങളും തമ്മിലുള്ള ഒരു ഏറ്റുമുട്ടൽ അഥവാ സംവാദം. തത്വചിന്താ പഠനത്തിനുള്ള ശക്തമായ പ്രചോദനമാണത്.

സാമൂഹ്യ സാമ്പത്തിക മേഖലകളിലെ അംഗീകൃത വ്യവസ്ഥകളുടെ പ്രകടമായ മാറ്റങ്ങൾ വ്യക്തി വികാസത്തിനും സ്വയം വിമർശനത്തിനും വഴിവെക്കുന്നു. ഉദാഹരണത്തിന് വിദ്യാഭ്യാസ മേഖലയിൽ വന്ന മാറ്റങ്ങൾ ലോകമെമ്പാടും പരമ്പരാഗതമായി അറിവുപകരുന്ന രീതിയിലേക്ക് മാറ്റം വരുത്തി പുതിയ രീതി അവലംബിക്കുന്ന കാലമാണ്. അറിവിനേക്കാൾ പ്രാധാന്യം ചിന്തകൾക്കു നൽകി അതിന് തുടക്കമിട്ടു കഴിഞ്ഞു. പുതിയ തലമുറക്ക് വെറും അറിവ് പകർന്നു കൊടുക്കുക എന്ന രീതിയിൽ നിന്നും വ്യത്യസ്തമായി അവരെ ചിന്തിപ്പിക്കാൻ കഴിവുള്ള വഴികൾ എന്നതാണ് ഇപ്പോഴത്തെ വിഷയം. അതിനുള്ള സ്വാതന്ത്ര്യം വിമർശന ചിന്ത അഥവാ ക്രിട്ടിക്കൽ തിങ്കിങ് , പഠിക്കാനുള്ള രീതിശാസ്ത്രം എന്നീ പഠനമുറകൾ അവലംബിക്കുകയാണ് ഇപ്പോഴും. ഈ സാഹചര്യത്തിൽ തത്ത്വചിന്തയുടെ പ്രസക്തി വളരെ വലുതാണ് വെറുമൊരു താത്വിക മേഖലയിൽ ഒരുങ്ങുന്നില്ല തത്വചിന്ത . അതിനൊരു പ്രയോഗിക തലം കൂടി ഉണ്ടെന്നു മനസിലാക്കാം . മനുഷ്യമനസ്സിന്റെ ചോദ്യം ചോദിക്കുവാനുള്ള വസ്തുതകളെ തുലനം ചെയ്യുവാനും വിശകലനം ചെയ്യുവാനുമുള്ള കഴിവുകളെ ഉത്തേജിപ്പിക്കുന്ന ഒരു പ്രയോഗരീതി കൂടിയാണിത്. ചിന്താശേഷിയുള്ള കഴിവുകളെ ഉത്തേജിപ്പിക്കുന്ന ഒരു പ്രയോഗരീതി കൂടിയാണിത്. ചിന്താശേഷിയുള്ള ഒരു തലമുറ ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ശാസ്ത്ര പുരോഗതി മനുഷ്യ ജീവിതത്തെ മാറ്റിമറിച്ചിട്ടുണ്ട്. എങ്കിലും എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ ശാസ്ത്രജ്ഞർക്ക് ആയിട്ടില്ല. വാസ്തവത്തിൽ ശാസ്ത്രവും തത്വചിന്തയും ഒന്ന് മറ്റൊന്നിനെ തള്ളിപ്പറയുന്നതിന് പകരം കൈകോർത്തുപിടിച്ച് സമാന്തരമായി സഞ്ചരിക്കേണ്ട വിജ്ഞാനശാഖകൾ ആണെന്ന് മനസ്സിലാക്കാം. ചുരുക്കി പറഞ്ഞാൽ മനുഷ്യ ജീവിതത്തിന്റെ ദൈർഘ്യം കൂട്ടുന്നതിന് ശാസ്ത്രം സഹായിക്കുമ്പോൾ തത്വചിന്ത അതിനെ കൂടുതൽ അർത്ഥവത്താക്കി സഹായിക്കുന്നു എന്ന് കാണാം .

മുമ്പ് സൂചിപ്പിച്ചതുപോലെ ഒരിക്കലും കാലഹരണപ്പെടാത്ത എന്നും പുതുമകൾ തേടുന്ന വിജ്ഞാനശാഖ എന്നതിനാൽ തന്നെ തത്വചിന്തയിലും വിവിധ തരം പക്ഷങ്ങൾ നമുക്ക് കാണാം. ചരിത്ര പരമായി പ്രകൃതിവാദം, തുടങ്ങി വ്യത്യസ്തങ്ങളായ രീതിയിൽ തത്വചിന്ത പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഗ്രീക്ക് ഭൗതിക വാദം പ്രപഞ്ചരഹസ്യങ്ങളെ കണ്ടെത്താൻ ശ്രമിച്ചപ്പോൾ സോക്രട്ടീസ് മനുഷ്യനെ മനസ്സിലാക്കാനുള്ള ശ്രമത്തിൽ ഹ്യൂമനിസം പ്രചരിപ്പിച്ചു പിന്നെ മധ്യകാലഘട്ടത്തിലും ആധുനിക കാലഘട്ടത്തിലും പലതരം ചിന്താധാരകൾ നാം പരിചയപ്പെടുന്നു. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ വ്യത്യസ്ത ചിന്താസരണികൾ എല്ലാം തന്നെ മനുഷ്യചിന്തയുടെ ഏതെങ്കിലും ഒരു ഭാഗത്തെ അനുകൂലിക്കുക

യും മറ്റുള്ളവയെ അവഗണിക്കുകയും ചെയ്യുന്നു എന്നതാണ്. റീസണിന് പ്രാധാന്യം കൊടുക്കുന്നവർ എക്സ്പീരിയൻസിനെ അവഗണിക്കുന്നു. നൂറ്റാണ്ടുകളായി ഈ ചിന്താഗതി വളരെ അധികം ശക്തി പ്രാപിച്ചിട്ടുണ്ട്. മാറ്റർ ആൻഡ് സ്പിരിറ്റ് , ശരീരവും മനസ്സും , സയൻസും മതവും , എന്നിങ്ങനെയുള്ള ദ്വന്ദങ്ങൾ അങ്ങനെ പോകുന്നു..

പ്രാചീന സിദ്ധാന്തം അവലംബിക്കുന്നവർ പറയുന്നത്: തത്വചിന്തക്ക് പ്രത്യേക ജനനസ്ഥലവും ഒരു പ്രത്യേക സമയവും ഉണ്ട് എന്നതാണ്. ഈ ചിന്താഗതി തികച്ചും സങ്കുചിതവും വിശാലമായ കാഴ്ചപ്പാടിന് എതിരു നിൽക്കുന്നതുമാണ് . ഈ ഇടുങ്ങിയ കാഴ്ചപ്പാട് ചിന്താധാരകളുടെ വളർച്ചക്ക് ദോഷമാണ് എന്ന് മനസ്സിലാക്കാം . ഇന്നത്തെ ലോകം വളരെ വ്യത്യസ്തമാണ്. സംഭവിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. നമുക്ക് വേണ്ടത് മത്സരവും വദ്വേഷവുമല്ല സഹകരണവും സമന്വയവുമാണ് വിഭാഗീയ ചിന്തകൾക്ക് പരിഹരിക്കാൻ കഴിയുന്നതിനും അപ്പുറമാണ് ഇന്നത്തെ നേട്ടങ്ങളും അവയിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങളും.

അങ്ങനെ ചിന്തിക്കുമ്പോൾ നാം പിന്തുടർന്നു വന്ന 'അടിച്ചേൽപ്പിക്കലുകൾ'ക്ക് പ്രസക്തി നഷ്ടപ്പെടുന്നതായും പകരം സഹിഷ്ണുത അല്ലെങ്കിൽ പക്ഷരഹിതമായ ചിന്താഗതിയിലേക്ക് പ്രസക്തി വർദ്ധിക്കുന്നതായും കാണാം. ചരിത്രപരമായി താത്വിക ചിന്ത അമാനുഷികതയിലും നോർമേറ്റീവ് അല്ലെങ്കിൽ പ്രിസ്ക്രിപ്റ്റീവ് ചിന്താഗതിയിലും അധിഷ്ഠിതമാണെന്ന് കാണാം . വ്യക്തി വിചാരങ്ങൾക്കും വികാരങ്ങൾക്കും വലിയ സ്ഥാനം കൽപ്പിച്ചു കാണാറില്ല. ഒരുതരം പാർശ്വവൽക്കരണം പ്രകടമാണ്. ഉത്തരാധുനികതയുടെ സംഭാവന ഈ രംഗത്ത് പ്രകടമാണ് . അന്വേഷണ തലങ്ങൾ വികസിപ്പിച്ചും പാർശ്വവൽക്കരണം കുറച്ചും തത്വചിന്തയെ കൂടുതൽ അർത്ഥവത്താക്കാം. സ്ത്രീപക്ഷം ഒരു ഉദാഹരണം മാത്രം .

സ്ത്രീയെ മനസ്സിലാക്കാൻ പല തലങ്ങൾ ആവശ്യമുള്ളത് പോലെ (അതായത് സ്ത്രീ മരുമകളാണ്, കാമുകിയാണ്, അമ്മയാണ്, ദേവിയാണ്.), സ്ത്രീ പക്ഷത്തെയും പലരീതിയിൽ മനസ്സിലാക്കാവുന്നതാണ്. സ്ത്രീ ചിന്തകരെ മാനിക്കാത്ത അല്ലെങ്കിൽ അവഗണിച്ച അവസ്ഥയിൽ നിന്നും മാറി കൂടുതൽ സ്ത്രീ സൗഹൃദ അന്തരീക്ഷം കാണാൻ സാധിക്കുന്നത് തന്നെ സ്വാഗതാർഹമാണ് . അക്കാദമിക് ചിന്തയിൽ മാത്രമല്ല പ്രായോഗിക തലത്തിൽ സ്ത്രീസാന്നിധ്യം ഉറപ്പിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. സ്ത്രീകൾ മാഞ്ഞുപോകുന്ന മഷി കൊണ്ടാണ് എഴുതുന്നത് എന്നും അതുകൊണ്ടുതന്നെ അവരുടെ സംഭാവനകൾ ചരിത്രത്തിലിടം പിടിക്കുന്നില്ല എന്നും വാദിക്കുന്നവരുണ്ട്. എന്നാൽ വാസ്തവം മറ്റൊന്നാണ്. അവ സ്റ്റാറ്റസ് കൊയെ വെല്ലുവിളിക്കുന്നവയാണ് എന്നതുകൊണ്ട് വളരെ സിസ്റ്റമാറ്റിക് ആയി നിശബ്ദമാക്കപ്പെടുന്നു. ഗൗരവമുള്ളതായി കണക്കാക്കപ്പെടുന്നില്ല. അല്ലെങ്കിൽ സ്ത്രീകൾ എഴുത്തിനെ വളരെ ലാഘവത്തോടെ കാണുന്നു. ചിന്താഗതിയിലുള്ള വ്യത്യാസമല്ല, മറിച്ച് അവരുടെ ജീവിതസാഹചര്യങ്ങൾ സ്ത്രീകളെ വ്യത്യസ്തമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു എന്നുള്ളതാണ്. ഇന്നും സ്ത്രീ എഴുത്തിന്റെ തത്വചിന്തയുടെ പാർശ്വവൽക്കരണം തുടരുന്നു എന്ന് കാണാം . സൂസൻ സ്റ്റെബ്ബിങ്ങിന്റെ Analytic Philosophy of Logic തുടങ്ങി Applied Ethics വക്താക്കളായ Martha Nussban, Judith Thomson സ്ത്രീ സ്വാതന്ത്ര്യത്തേയും സംഭാവനകളേയും പറ്റിയുള്ള നൂതന പാതകൾ തെളിയിക്കുന്ന സന്ദർഭോചിതമായ അന്വേഷണങ്ങൾ സത്യാന്വേഷണത്തിന് പുതിയ മാനങ്ങൾ നൽകുന്നു എന്ന് കാണാം . തികച്ചും പുരുഷകേന്ദ്രീകൃത ചിന്തയിൽ നിന്നും മാറ്റമാണത്.

സ്ത്രീപക്ഷ ചിന്തയുടെ ഒന്നുരണ്ട് ഉദാഹരണങ്ങൾ സൂചിപ്പിച്ചുകൊണ്ട് നിർത്താം. ഒന്ന്; സാമൂഹ്യ അസമത്വം, അന്യായം എന്നിവയെ മനസ്സിലാക്കാനുള്ള പുതിയ ആശയങ്ങൾ കിട്ടുന്നു. പകൽ മുഴുവനും പുരുഷന്മാരോടൊപ്പം അധ്വാനിച്ച് അതിനു ശേഷം തിരികെ വീട്ടിലെത്തുന്ന സ്ത്രീ തന്റെ രണ്ടാമൂഴം തുടങ്ങുകയാണ്. വേതനമില്ലാത്ത ജോലിയും തൊഴിലിന്റെ അസമത്വവും കാണിക്കുന്ന ഈ ഉദാഹരണം സ്ത്രീസമൂഹത്തിന്റെ(ജീവിതത്തിന്റെ) ഭാഗമാണ്. രണ്ട്, സംരക്ഷണ പക്ഷം; മറ്റുള്ളവരുടെ സംരക്ഷണം ഏറ്റെടുക്കുക, സംരക്ഷകരുടെ നന്മ – അങ്ങനെ ഉള്ളവരുടെ ശബ്ദമാകുക, അവർക്കെതിരായ അന്യായങ്ങൾക്കും അടിച്ചമർത്തലുകൾക്കും ശബ്ദം കൊടുക്കുക എന്നിങ്ങനെ. പാരമ്പര്യ സിദ്ധാന്തങ്ങളായ ഡി–ഓന്റോളജി അഥവാ ഭവപരമല്ലായ്മ വ്യത്യസ്തമായ ചിന്താസരണിയാണ്. സ്വതന്ത്രരും സമന്മാരും തമ്മിലുള്ള ബന്ധമല്ല, സമന്മാരും വികാരങ്ങൾ ഉള്ളവരുമായ വ്യക്തികൾ അല്ലെങ്കിൽ ബന്ധങ്ങൾ ആവശ്യമുള്ള പ്രതിരോധശേഷി കുറഞ്ഞ മേഖലകൾ, ഇതാണ് സംരക്ഷണം ആവശ്യപ്പെടുന്ന മേഖല. കുടുംബബന്ധങ്ങളിൽ മനുഷ്യനും മൃഗവും തമ്മിലുള്ള, മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള, സംരക്ഷണം കാണാം; സംരക്ഷണത്തിന്റെ പ്രശനം കാണാം. ചുരുക്കിപ്പറഞ്ഞാൽ പൊളിറ്റിക്കൽ ആൻഡ് ഗ്ലോബൽ മേഖലകളിലൊക്കെ നമുക്കിത് കാണാം. പ്രത്യേക താല്പര്യം ഉള്ള രണ്ട് മേഖലകൾ, സ്ത്രീചിന്തകൾ സജീവമായ ഇടം, സജീവമായി പരിഗണിക്കാൻ പറ്റുന്ന രണ്ടു വിഷയങ്ങൾ, അങ്ങനെ പല ആശയങ്ങളും തുറന്നിട്ടുകൊണ്ട് തത്വചിന്തയെ പുഷ്ടിപ്പെടുത്താൻ സ്ത്രീപക്ഷത്തിന് സാധിക്കും.


ചർച്ചാവിഷയം



ഡോ. മായ എസ്.
അധ്യാപിക
തത്വശാസ്ത്രവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്,
തൃശൂർ

# പാശ്ചാത്യ തത്ത്വശാസ്ത്രത്തിലെ പുരുഷേതരചിന്തകർ

പശ്ചാത്യ സാഹചര്യത്തിൽ ക്രിസ്തുവിനു മുമ്പുള്ള കാലഘട്ടങ്ങളിൽ ഗ്രീസിൽ വളരെയധികം തത്ത്വചിന്താപരമായ മുന്നേറ്റങ്ങൾ ഉണ്ടായി എന്ന് കാണാമെങ്കിലും സ്ത്രീകളുടെ സാന്നിധ്യം കാണാൻ കഴിയില്ല. ക്രിസ്തുവിനു മുമ്പ് എണ്ണൂറു വർഷത്തോളം പിറകിലേക്ക് നോക്കിയാൽ ഇന്ത്യൻ സാഹചര്യത്തിൽ ബുദ്ധസന്യാസിനിമാർ സ്ത്രീപക്ഷ ചിന്ത പറഞ്ഞിരുന്നതായി കാണാം. അതിനും മുമ്പുള്ള കാലം ഇന്ത്യയിലുണ്ടായിരുന്ന ബഹുദൈവ കഥകളിലെ പോലെത്തന്നെ, ഗ്രീസിൽ അഥീന, അപ്പോളോ,അഫ്രോഡിറ്റ, ഹേരാ തുടങ്ങി പല ഗ്രീക്ക് ദേവതകളുടെ ചിത്രങ്ങൾ/കഥകൾ ഒക്കെ പ്രധാനപ്പെട്ടതായി ഉണ്ടെങ്കിലും, ജീവിച്ചിരിക്കുന്ന ചിന്തകകളെ കാണാൻ കഴിയില്ല. വളരെ പിന്നീട് എ. ഡി. മുന്നൂറുകളിൽ ജീവിച്ചിരുന്ന ഹിപ്പേഷ്യ എന്ന ചിന്തകതന്നെ ചരിത്രത്തിൽ അത്ര ഇടം പിടിച്ചിരുന്നില്ല. പുരുഷാധിപത്യ സമൂഹം എഴുതിയ ചരിത്രത്തിൽ ഇല്ലാതിരുന്ന ഹിപ്പേഷ്യ ഈയിടെയായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ഹിപ്പേഷ്യക്ക് ശേഷം മധ്യകാലഘട്ടം വരെ മറ്റു സ്ത്രീകളുടെ സാന്നിധ്യം ചിന്താചരിത്രത്തിൽ ഇല്ല. മദ്ധ്യകാലഘട്ടം വരെ പൊതുവേ പാശ്ചാത്യരാജ്യങ്ങളിൽ ക്രിസ്തീയതയുടെ തത്ത്വങ്ങൾ മാത്രമാണ് മുന്നിട്ടു നിന്നത് എന്നും കാണാം. മിഡീവൽ കാലഘട്ടത്തിലെ സെന്റ് തെരേസാസ് എന്നിങ്ങനെയുള്ള ചില ക്രിസ്തീയ സന്യാസിനികൾ ചില സ്ത്രീപക്ഷ  താത്ത്വിക ചിന്തകൾ മുന്നോട്ടു വെക്കുന്നതായി കാണാം. പിന്നീട് ആധുനികതയുടെ കാലഘട്ടത്തിൽ വളരെയേറെ സ്ത്രീപക്ഷ തത്ത്വചിന്തകർ ചിന്തകളും പ്രവർത്തനങ്ങളും മുന്നോട്ടുവെച്ചതായി കാണാം.



ഹൈപ്പേഷ്യ

എ.ഡി. മുന്നൂറ്റി അൻപതിലോ എഴുപതിലോ ജനിച്ചതെന്ന് കൃത്യരേഖ ഇല്ലെങ്കിലും നാനൂറ്റിപ്പതിനഞ്ചിൽ മരിച്ചതായി കാണുന്ന ഹൈപേഷ്യ എന്ന ചിന്തക അലക്സാണ്ഡ്രിയയിലെ പ്രമുഖ ഗണിത ശാസ്ത്രജ്ഞയും തത്ത്വചിന്തകയുമായിരുന്നു. ബൗദ്ധികതലത്തിൽ പ്രവർത്തിച്ച ഇവർ സ്വന്തം സ്കൂൾ തുടങ്ങുകയും നിയോപ്ലേറ്റോണിസ്റ്റ് എന്ന നിലയിൽ പുതു തലമുറക്ക് തത്ത്വചിന്തയിലും ഗണിതത്തിലും സ്വതന്ത്രജീവിതശൈലിയിലും വിദ്യാഭ്യാസം നൽകുകയും ചെയ്തുവന്നു. ഇതിൽ അസ്വസ്ഥരായ മതപണ്ഡിതപ്രവർത്തകർ അവരെ ഹീനമായ രീതിയിൽ കൊല ചെയ്യുകയും ചെയ്തു. പള്ളി വരെ വലിച്ചിഴച്ചു കൊ

ണ്ടുപോയി മനുഷ്യർക്ക് കല്ലെറിയാനും തല്ലാനുമുള്ള അവസരം കൊടുത്തു, പള്ളിയുടെ തൂണിൽ കെട്ടിയിട്ടു തല്ലിക്കൊല്ലുകയാണുണ്ടായത് ഹൈപേഷ്യ എന്ന സ്വതന്ത്രചിന്തകയെ അവസാനിപ്പിക്കുന്നതിനായി. കുടുംബജീവിതം നയിക്കാതെ ബുദ്ധിജീവിതം നയിക്കുന്നതും, സ്വതന്ത്രമായി ഇഷ്ടപ്പെട്ട പുരുഷനെ പ്രണയിക്കുകയും ബന്ധംപുലർത്തുകയും ചെയ്ത സ്ത്രീക്കുള്ള ശിക്ഷ പാശ്ചാത്യ പ്രാചീന സമൂഹത്തിൽ ഇത്തരത്തിലാണ് കല്പിക്കപ്പെട്ടത്. ഈജിപ്തിലെ അലക്സാണ്ട്രിയയിൽ ജനിച്ച ഹൈപ്പേഷ്യയിൽ മത-ദൈവ-ഭക്തിയോ ആത്മീയതയോ കാണാൻ കഴിയില്ല. തിയോൺ എന്ന ഗണിത തന്ത്രജ്ഞന്റെ മകളായിരുന്ന അവർക്ക്, അച്ഛന്റെ പിൻബലം ഒന്നുകൊണ്ടു തന്നെയാണ് അക്കാലത്ത് പഠനത്തിലും സ്വതന്ത്രചിന്തയിലും സ്വതന്ത്രജീവിതത്തിലും വ്യാപാരിക്കാനായത് എന്നത് ശ്രദ്ധേയമാണ്. ഇക്കാരണത്താൽത്തന്നെ ക്രിസ്തീയ മതാന്ധർ തിയോൺ ലൈബ്രറിയനായിരിക്കുന്ന അലക്സാണ്ട്രിയയിലെ വായനശാല കത്തിക്കുകയും ചെയ്തത്രേ.



തെരേസ ഓഫ് ആവില്ല

ഇന്ന് കാണുന്ന സ്വതന്ത്രസ്ത്രീ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള യൂറോപ്പിന്റെ ചിത്രം, രണ്ടായിരം വർഷം മുൻപല്ല, ഇരുനൂറു വർഷം മുൻപേ വരെ സ്ത്രീവിരുദ്ധം തന്നെയായിരുന്നു എന്നതാണ് വാസ്തവം. ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടിനിടെ സ്ത്രീകൾ സ്വാതന്ത്ര്യത്തെ നേടിയെടുത്തെങ്കിലും ഇപ്പോഴും തത്ത്വചിന്താപരമായ മേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം വളരെ കുറവാണ് എന്ന്കാണാം. ബൗദ്ധികമേഖലയിലെ പ്രവർത്തനങ്ങളും തീരുമാനങ്ങളും പുരുഷന്മാർ തന്നെയാണ് കൂടുതലും നടത്തുന്നത് എന്ന് കാണാം. സ്ത്രീപക്ഷ താത്ത്വികവൽക്കരണങ്ങളുടേയും പ്രവർത്തനങ്ങളുടേയും ഭാഗമായിത്തന്നെയാണ് പതിനെട്ടാംനൂറ്റാണ്ടിലെ മേരി വുൾസ്റ്റോൺസറാഫ്റ്റും ഇരുപതാംനൂറ്റാണ്ടിലെ സിമോൺ ഡി ബുവ്വോയും വരെ അംഗീകരിക്കപ്പെട്ടത്. തത്ത്വചിന്തവകുപ്പുകളിൽ അവരുടെ സേവനം അവഗണിക്കപ്പെടുകയും, അവർക്കു പുരുഷാധിപത്യത്താൽ വിട്ടുപോകേണ്ടിവരികയും സ്ത്രീകളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുകയും എഴുതുകയും ചെയ്യേണ്ടിവരികയും ആയിരുന്നു സംഭവിച്ചത്. തത്ത്വചിന്തയും സാഹിത്യവും രാഷ്ട്രീയവും എല്ലാം നന്നായി പഠിക്കുകയും കൈകാര്യം ചെയ്യാൻ പ്രാപ്തി നേടുകയും ചെയ്തിട്ടും സ്ത്രീകൾക്ക് മുഖ്യധാരയിൽ ഇടം കൊടുക്കുവാൻ പാശ്ചാത്യചരിത്രവും മടിച്ചിരുന്നു.


ഹൈപ്പേഷ്യക്ക് ശേഷം പാശ്ചാത്യചിന്തയുടെ ചരിത്രത്തിൽ പതിനാറാംനൂറ്റാണ്ടിൽ ജീവിച്ച സ്പാനിഷ് പ്രദേശമായ അവിലയിൽ നിന്നുള്ള സെന്റ് തെരേസയെയാണ് രേഖപ്പെടുത്തുവാനായി കാണുന്നത്. ഒരു മിസ്റ്റിക് എന്ന നിലയിൽ അവർ സ്ത്രീകളുടെ പ്രശ്നങ്ങളെ സാഹിത്യത്തിലൂടെ അവതരിപ്പിച്ചു. വിവാഹം വേണ്ടെന്നു വെക്കുവാനുള്ള ഒരു മാർഗമായാണ് അവരും ആത്മീയതയിലേക്ക് വന്നത് എന്നത് ഇന്ത്യൻ ചിന്തകകളുടെ രീതിയുമായി സാമ്യം ജനിപ്പിക്കുന്നതായി കാണാം. 'ദി ഇന്റീരിയർ കാസിൽ' തുടങ്ങിയ കൃതികൾ മനസ്സിന്റേയും ശരീരത്തിന്റേയും ബിംബാത്മക ചിത്രീകരണങ്ങൾ നൽകുന്നതായി വായിക്കപ്പെടുന്നുണ്ട് നിരൂപണങ്ങളിൽ. ഭൗതികമായ സ്നേഹത്തെ കാണിക്കുന്നതിനുള്ള രൂപകങ്ങളായിത്തന്നെയാണ് ആത്മീയമായ ആനന്ദങ്ങളെ അവർ ചിത്രീകരിക്കുന്നത് എന്ന് സിമോൺ ഡി ബുവ്വ പറയുന്നതായി കാണാം. സെന്റ് കാതറിൻ ഓഫ് സെയ്ന, സെന്റ് ജോൺഓഫ് ആർക്ക് എന്നിവരും സെന്റ് തെരേസ ഓഫ് ആവില്ലയെപ്പോലെ ദൈവവുമായുള്ള താദാത്മ്യം പ്രാപിക്കലിനെ, അവരുടെ സ്വത്വത്തിന്റേയും വ്യക്തിനിഷ്ഠതയുടേയും എല്ലാം അടിയറവെക്കലായി കാണാത്ത വിധം ബൗദ്ധികമായി അതിനെ കൈകാര്യം ചെയ്തവരാണ് എന്ന വായനകളാണ് പിന്നീടുണ്ടായിട്ടുള്ള ആധുനിക സ്ത്രീപക്ഷത്ത് നിന്നും നമുക്ക് കാണാൻ കഴിയുക. സ്വത്വം, വസ്തുവൽക്കരണം എന്നീ പ്രശ്നങ്ങൾ സ്ത്രീകളുടെ ജീവിതവുമായി ബന്ധപ്പെടുത്തി കുടുംബവും മറ്റു സ്ഥാപനങ്ങളുമായിട്ടുള്ള പ്രശ്നങ്ങളെ അവലോകനം ചെയ്യാൻ ഉതകുംവിധം താത്ത്വിക വൽക്കരണം നടത്താൻ ലോകമൊട്ടുക്കുമുള്ള സ്ത്രീകൾ അന്നേതന്നെ പ്രാപ്തരായിരുന്നു എന്ന് വേണം മനസ്സിലാക്കാൻ. മതങ്ങളുടെ ഉള്ളിൽത്തന്നെ നിന്നുകൊണ്ടായാലും, ഹൈപ്പേഷ്യയെപ്പോലെ പരസ്യമായി വിഗ്രഹാരാധനയെ എതിർത്ത് സ്വന്തം നിലക്ക് ജീവിതം നയിച്ചാലും, സ്ത്രീകൾ ബുദ്ധിമതികളും ചിന്തകരുമായിരുന്നു എന്ന യാഥാർഥ്യം പുരുഷാധിപത്യസമൂഹത്തിൽ

മുങ്ങിത്താണു പോയി എന്നതാണ് വാസ്തവം.

പതിനെട്ടാം നൂറ്റാണ്ടോടുകൂടിയുണ്ടായ ജ്ഞാനോദയം പാശ്ചാത്യ സമൂഹത്തെ പിടിച്ചു കുലുക്കി എന്നത് പ്രത്യേകം കാണേണ്ടുന്ന കാര്യമാണ്. മതത്തിൽ നിന്നും വിശ്വാസി ജീവിതത്തിൽ നിന്നും യുക്തിയുടെ (റീസൺ )മാർഗത്തിലേക്ക് പാശ്ചാത്യ സമൂഹം കുതിച്ചു. ഇൻഡസ്ട്രിയലൈസേഷൻ, റാഷണലൈസേഷൻ എന്ന കാര്യങ്ങൾ സമൂഹത്തെ ആകെ മാറ്റിമറിച്ചു. ചിന്താഗതികളും ജീവിത രീതികളും മാറിമറിഞ്ഞു. എന്നിരുന്നാലും സ്ത്രീകളുടെ കാര്യത്തിൽ അത്ര മെച്ചപ്പെടൽ ഉണ്ടായില്ല. ഈ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടു ഫ്രഞ്ച് വിപ്ലവത്തിന്റെ അടുത്ത കാലത്തായി മേരി വോൾസ്റ്റർക്രാഫ്ട് ബൗദ്ധികലോകത്തു കടന്നു കയറുന്നു. തോമസ് പെയ്ൻ, വില്യം ഗോഡ്വിൻ തുടങ്ങിയവരുമായി വാഗ്വാദങ്ങൾ നടത്തുകയും എഴുതുകയും മാത്രമല്ല ബ്രിട്ടനിൽ നിന്ന് ഫ്രാൻസിൽ പോയി പ്രവർത്തിക്കുകയും ചെയ്തു അവർ. 'ദി വിൻഡിക്കേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വുമൺ' എന്ന പുസ്തകം 1792 ൽ പുറത്തുവരും മുൻപുതന്നെ അവരുടേതായി പല എഴുത്തുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ സ്ത്രീകൾ കടന്നുവരേണ്ടതിന്റെ ആവശ്യകതയും സാമൂഹ്യരാഷ്ട്രീയ കാര്യങ്ങളിൽ സ്ത്രീകൾ അഭിപ്രായം മെനയുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും അവർ എടുത്തുകാണിക്കുന്നു. ഹൈപ്പേഷ്യയെപ്പോലെ പിന്തുണനൽകുന്ന പിതാവിനെ ലഭിച്ചിട്ടില്ല മേരിവോൾസ്റ്റോൺക്രാഫ്റ്റിന് എങ്കിലും അവർ അമിതാധ്വാനത്തിലൂടെ വിദ്യാഭ്യാസവും സൗഹൃദങ്ങളും നേടുകയും സമൂഹത്തിലിറങ്ങി പ്രവർത്തിക്കുകയും, സ്വന്തം അമ്മയെ അച്ഛന്റെ ക്രൂരമർദനങ്ങളിൽ നിന്ന് രക്ഷിക്കുവാൻ ശ്രമിക്കുകയും സഹോദരികൾക്കു എന്നും കാവലാളാകുകയും ചെയ്തു.

ആധുനികതയുടെ കാലത്തു ഇരുപതാം നൂറ്റാണ്ടോടു കൂടി മാത്രമാണ് സ്ത്രീകൾ തത്ത്വചിന്താവിഭാഗത്തിൽ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. ആധുനികസ്ത്രീപക്ഷ തത്ത്വചിന്ത ഉരുത്തിരിയുന്നതിൽ ആദ്യം കാണാവുന്ന ശക്തമായ വ്യക്തിത്വമാണ് സിമോൺ ഡി ബുവ്വോർ. ഫ്രാൻസിൽ ആധുനികതയുടെ കാലത്തു ഇരുപതാം നൂറ്റാണ്ടോടുകൂടി മാത്രമാണ് സ്ത്രീകൾ തത്ത്വചിന്താവിഭാഗത്തിൽ പഠിക്കുകയും പ്രവർത്തിക്കുകയും, എന്നാൽ യൂണിവേഴ്സിറ്റി സ്ഥാനങ്ങളിൽ നിന്ന് താത്ത്വികപ്രവർത്തനങ്ങളിൽ വെളിച്ചംകാണാതെ സ്ത്രീപക്ഷ പ്രവർത്തനങ്ങളിലേക്ക് തിരിയുകയും ചെയ്യുന്നത്. ഫ്രാൻസിൽ ആദ്യമായി തത്ത്വചിന്തയിൽ ബിരുദം നേടിയ ഏറ്റവും ചെറുപ്പക്കാരിയായ സ്ത്രീ എന്ന നിലയിൽ ഡി ബുവോർ ശ്രദ്ധേയയായിരുന്നു. പിന്നീട് പ്രശസ്തനായ ഴാങ് പോൾ സാർത്രിന്റെ സഹപാഠിയും സഹപ്രവർത്തകയും സഹചാരിയും ആയിരുന്നു അവർ. എന്നാൽ അവർ വിവാഹിതരല്ലാത്തവിധം ജീവിത പങ്കാളികളായിരുന്നു എന്നതും ശ്രദ്ധേയമാണ്. ആ നിലക്ക് തന്നെയാണ് പിന്നീട് അവർ അസ്തിത്വ വാദത്തിന്റെ മേഖലയിൽ അല്പം ചർച്ചകൾക്കും താത്ത്വികവൽക്കരണത്തിനും സാർത്രിനെയും മറ്റു മുൻനിരചിന്തകരെയും വിമർശിച്ചു കൊണ്ട് സ്ത്രീപക്ഷതത്വചിന്തയുടെ അസ്തിത്വവാദപരവും പ്രതിഭാസവിജ്ഞാനീയപരവുമായ ആശയങ്ങൾ എഴുതുന്നത്.

വ്യക്തിജീവിതത്തിന്റേയും സ്ത്രീപുരുഷ ബന്ധത്തിന്റേയും സങ്കീർണതകൾ ചർച്ചചെയ്യുകയും നീതിശാസ്ത്രത്തിന്റെ പുതിയ തത്ത്വങ്ങൾ മെനയുകയും ചെയ്ത ചിന്തകയാണ് ഡിബുവ്വോയർ. അ


മേരി വോൾസ്റ്റോൺക്രാഫ്റ്റ്

വർ 1947 ൽ ആദ്യമെഴുതിയ 'എത്തിക്സ് ഓഫ് അമ്പിഗ്യൂറ്റി' എന്ന പുസ്തകം നീതിശാസ്ത്രത്തിന്റെ പുരുഷതത്ത്വങ്ങളെ പൊളിച്ചെഴുതാൻ ശ്രമിക്കുന്നു. തത്ത്വചിന്തയുടെ ഒരു പ്രധാന ശാഖയായ എത്തിക്സ് എന്ന മേഖലയിൽ കടന്നുകയറി , പ്രമുഖരായ അരിസ്റ്റോട്ടിൽ, പ്ലേറ്റോ , ഇമ്മാനുവൽ കാന്റ്, ഹേഗൽ എന്നിവരെയൊക്കെ വിമർശിച്ചു കൊണ്ട് സ്ത്രീപക്ഷപരമായ നീതിശാസ്ത്രം അവർ മുന്നോട്ട് വെച്ചെങ്കിലും അതത്ര ശ്രദ്ധിക്കപ്പെട്ടില്ല എന്നോ അംഗീകരിക്കപ്പെട്ടില്ല എന്നോ കാണാം. പൗരസ്ത്യദർശനത്തിലെ ബ്രഹ്മനെപ്പൊലെ കേവലമായതും അതിഭൗതികമായതും അതീതമായതുമായ യാഥാർഥ്യമാണ് പാശ്ചാത്യ നീതിശാസ്ത്ര തത്ത്വങ്ങളിലും അടിസ്ഥാനമായിട്ടുണ്ടായിരുന്നത്. ഇതിനെ ശക്തമായി എതിർത്തുകൊണ്ട് ക

ടുത്ത ജീവിത യാഥാർഥ്യങ്ങളെ അടിസ്ഥാനമാക്കി അവ്യക്തതയും വിരോധാഭാസവും കണക്കിലെടുത്തു ഉണ്ടാക്കുന്നതാകണം നീതിശാസ്ത്രമെന്നു ബുവ്വോർ പറയുന്നു. നീതിയും ന്യായവും ആരാണ് നിശ്ചയിക്കുന്നത്, അത് ഓരോരുത്തർക്കും ഓരോന്നാകാം എന്ന് ചിന്തിക്കുമ്പോൾ, അടിച്ചമർത്തുന്നവരും അത് തങ്ങളുടെ അവകാശമാണെന്നും സ്വാതന്ത്ര്യമാണെന്നും , അതാണ് തങ്ങൾക്കു നീതിയെന്നും പറയാം. അങ്ങിനെ പറഞ്ഞാൽ അവിടെ അടിച്ചമർത്തപ്പെടുന്നവരുടെ  നീതി നടപ്പാക്കുമോ. അതിനാൽ അത്തരം വൈരുധ്യങ്ങളും അവ്യക്തതകളും കണക്കിലെടുത്ത് സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ നിലപാടെടുക്കലാണ് നീതിയുടെ സാധ്യത എന്നതാണ് ചുരുക്കം.

1949 ലാണ് അവർ ‘ദി സെക്കന്റ് സെക്സ്’ എന്ന ചരിത്രപ്രധാനമായ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. സ്ത്രീകളുടെ അനുഭവങ്ങളെ മുൻനിർത്തിയും നിലവിലുള്ള പുരുഷതത്ത്വങ്ങളെ ചോദ്യം ചെയ്തും എഴുതിയ ആ പസ്തകം യൂറോപ്പിലെന്നല്ല അമേരിക്കയിലും വലിയ ശ്രദ്ധ പിടിച്ചുപറ്റി. ആധുനിക തത്ത്വചിന്തയുടെ സ്ത്രീപക്ഷ പരിപ്രേക്ഷ്യം അങ്ങനെ ആവിർഭാവം ചെയ്തു എന്ന് കാണാം. പിന്നീട് ലൂസ് ഇറിഗരെ, ജൂലിയ ക്രിസ്റ്റീവ, ജൂഡിത്ത് ബട്‌ലർ തുടങ്ങി പല തത്ത്വചിന്തകരും  സ്ത്രീപക്ഷ തത്വചിന്ത വിപുലമാക്കി. ഫെമിനിസ്റ്റ് ഫിലോസഫി എന്ന ശാഖ ഇപ്പോഴും അത്ര അംഗീകൃതമല്ലെങ്കിലും, ജെൻഡർ സ്റ്റഡീസ് എന്ന നിലയിൽ ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിലും പൊതു വിജ്ഞാന മേഖലകളിലും പ്രചാരത്തിൽ വന്നുതുടങ്ങിയിരിക്കുന്നു എന്നത് ആശാവഹമായ കാര്യമാണ്. ആധുനികതയുടെ സത്താവാദപരമായ തത്ത്വങ്ങളും/എസ്സെൻഷ്യലിസവും വിമർശനവിധേയമാക്കിക്കൊണ്ടാണെങ്കിലും ഉത്തരാധുനികതയുടെ തത്ത്വങ്ങളെ ആധുനികതയിൽത്തന്നെ തുറന്നു വിട്ട ചിന്തകൾ ബുവ്വോരിലും മറ്റു ആധുനിക ഫെമിനിസ്റ്റു ചിന്തകരിലും കാണാം. ഉത്തരാധുനികതയിൽ സ്ത്രീയുടെ സത്താവാദപരമായ ഏകത ചോദ്യം ചെയ്യപ്പെടുകയും ഇന്റർസെക്ഷ്ണാലിറ്റിയുടെ പ്രശ്നങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നതായി കാണാം. ജാതി, മതം, ദേശം, വർഗം, വർണം തുടങ്ങി പല മാനങ്ങളാൽ വ്യത്യസ്തരായ സ്ത്രീകളുടെ പ്രശ്നങ്ങൾ വ്യത്യസ്തമാണ് എന്ന തത്ത്വം മുന്നിട്ടുവന്നു.  വ്യത്യസ്തരായ ലിംഗഭേദങ്ങളിൽ/ലൈംഗികതയിൽ  ഉള്ള ആളുകളുടെ അസ്തിത്ത്വത്തെക്കുറിച്ച് ജെൻഡർ എന്ന പദത്താലുള്ള തത്ത്വങ്ങൾ, ഫെമിനിസം എന്ന പദത്താലുള്ള  തത്ത്വങ്ങളിൽ നിന്ന് വിപുലീകരിച്ചു മുന്നോട്ടു വന്നു.

ഒന്നുരണ്ടു ദശകങ്ങൾ  മുൻപ് വരെ കേൾവിപ്പെട്ടിട്ടില്ലാത്ത എടിത് സ്റ്റെയിൻ, അയൻ റാൻഡ്, ഹന്നാ അറന്റ്  തുടങ്ങിയ പല പേരുകളും ഇയ്യിടെയായി ആധുനികതത്ത്വചിന്തലോകത്തു കാണാമെങ്കിലും സ്ത്രീപക്ഷ തത്ത്വചിന്തക്കായി യത്നിച്ച പേരുകൾ പ്രത്യേകിച്ചും ലൂസ് ഇറിഗേരെ, ജൂലിയ ക്രിസ്റ്റീവ, ജൂഡിത്ത് ബട്‌ലർ എന്നിങ്ങനെയുള്ളതാണ്. സിമോൺ ഡി ബുവർ, ജൂഡിത്ത് ബട്‌ലർ എന്നിവർ സ്വയം ഫെമിനിസ്റ്റാണ് എന്ന് പറയുന്നില്ല എങ്കിലും സ്ത്രീപക്ഷ തത്ത്വചിന്ത എഴുതുകയും അതിന്റെ മാനത്തിൽ നിലനിന്ന പരുഷാധിപത്യ തത്ത്വങ്ങളെയും പലപ്പോഴും തത്ത്വചിന്തകരെയും വിമർശിച്ചുപോന്നിട്ടുള്ളവരുമാണ്. സ്ത്രീ



ലൂസ് ഇറിഗേര

പക്ഷമുന്നേറ്റത്തിന്റെ രണ്ടാം തരംഗം യൂറോപ്പിലെ രണ്ടാംലോക മഹായുദ്ധത്തിന്റെ കെടുതികൾക്കു ശേഷം ഉയർന്നു വന്നപ്പോൾ ബുവ്വോറിന്റെ രചനകൾ വലിയ മുതൽക്കൂട്ടായി. അമേരിക്കയിൽ നിന്നും ഫെമിനിസ്റ്റുകൾ അവരെ കാണാനും സംസാരിക്കാനുമായി  പാരീസിലെത്തുകയും, അവർ സ്ത്രീകളുടെ അവകാശങ്ങൾക്കുള്ള സമരങ്ങളിൽ പങ്കാളിയാകുകയും ചെയ്തു.  പ്രത്യേകിച്ചും സ്ത്രീ, അസ്തിത്വം, വ്യക്തിത്വം, ഉണ്മ, തന്മ, ശരീരം, ലൈംഗികത എന്നിവയുമായി ബന്ധപ്പെട്ട ചർച്ചകൾ ഇക്കാലത്ത് തത്ത്വവൽക്കരണത്തിനു പാത്രമായി.

സ്ത്രീയെ ശരീരമായും പുരുഷനെ മനസ്സ്/ബോധമായും കണക്കാക്കുന്നതരം ആധുനിക കാർട്ടീഷ്യൻ ദ്വന്ദ്വചിന്തയുടെ  അടിസ്ഥാനത്തിൽ വികസിച്ച സാമൂഹ്യസാംസ്കാരിക മൂല്യവ്യവസ്ഥിതിക്ക് മാറ്റംവരുത്താതെ  സ്ത്രീപ്രശ്നങ്ങളെ പരിഹരിക്കുക സാധ്യമല്ല എന്നതാണ് ആധുനികസ്ത്രീപക്ഷ തത്ത്വം  ശ്രദ്ധയിൽ കൊണ്ടുവരുന്നത്.  ശരീരമെന്നാൽ സ്ത്രീയും പുരുഷനും മാത്രമല്ല എന്നും ഉഭയ ലിംഗ/ലൈംഗിക ശരീരങ്ങളടക്കം ശരീരങ്ങൾ പലതാണ് എന്നും  അതിനെ അവലോകനം ചെയ്യുന്നതിന് വേറെത്തന്നെ ബൃഹത്തായ ചർച്ച വേണമെന്നും ആധുനികോത്തരത  വ്യക്തമാക്കുന്നു. സ്ത്രീയുടെ വസ്തുവൽക്കരണം നടക്കുന്നതിനു കാരണം ഇത്തരം ആധുനിക തത്ത്വങ്ങളുടെ പ്രശ്നമാണ് എന്നും വാദിക്കുന്നു. ഇക്കാ

ലത്തു ഫെമിനിസം തത്ത്വവൽക്കരണത്തിൽ സ്ത്രീയെന്ന ഒരു ഏകതാനതയുടെ ആശയമായി കണ്ടു കൊണ്ടാണ് നടന്നത് എന്ന വിമർശനം പിന്നീടുള്ള ആധുനികോത്തരചിന്തയിൽ കാണാം.

അക്കാലത്തുണ്ടായിരുന്ന പല പഠനശാഖകളിൽ നിന്നും ഫെമിനിസ്റ്റ് ആശയങ്ങളും തത്ത്വങ്ങളും രചിച്ചിരുന്നവരുടെ കൂട്ടത്തിൽ, ഫിലോസോഫിയിൽ പ്രധാനപങ്ക് വഹിച്ചയാളാണ് 'സെക്സ് വിച്ച് ഈസ് നോട്ട് വൺ' എന്ന പുസ്തകം രചിച്ചിട്ടുള്ള ബെൽജിയംകാരിയായ ലൂസ് ഇറിഗേരെ. പ്രശസ്തരായ തത്ത്വചിന്തകരായ, അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ദെക്കാർത്തെ , കാന്റ്, ഹേഗൽ, ഹെയ്ഡഗർ തുടങ്ങിയവരുടെയൊക്കെ ലിംഗാധിഷ്ഠിത ചിന്താരീതിയെ ഇറിഗേരെ വിമർശിക്കുന്നുണ്ട്. ഇവർ ഗവേഷണത്തിന് പാരിസിലെത്തി ഫ്രോയിഡിയൻ-ലഖാനിയൻ സൈക്കോഅനാലിസിസിന്റെ



ജൂലിയ ക്രിസ്റ്റീവ

വിമർശനവും ഭാഷാശാസ്ത്രത്തിലെ ഫലോസെന്ററിസവും അവരുടെ ആദ്യ ഗവേഷണങ്ങളായി എടുത്തു. എന്നാൽ രണ്ടാമത്തെ ഡോക്ടറേറ്റ് അവർ തത്ത്വശാസ്ത്രത്തിലാണ് എടുത്തത്. പ്രശസ്ത ചിന്തകരെ വിമർശിക്കുന്നതിനാൽ 'സ്പെക്കുലം ഓഫ് ദി അദർ വുമൺ' എന്ന രണ്ടാം തീസിസ് 1974ൽ പ്രസിദ്ധീകരിച്ചതോടെ, പാരിസിലെ അധ്യാപക ജോലിയിൽ നിന്നും ലഖാൻ കമ്മ്യൂണിറ്റിയിൽ നിന്നും അവർ പുറത്താക്കപ്പെട്ടു. എങ്കിലും അവർ വീണ്ടും പാരിസിലെ തത്ത്വചിന്ത-ഗവേഷണസ്ഥാപനങ്ങളിൽ ജോലിചെയ്യുകയും സ്ത്രീപക്ഷതത്ത്വചിന്തയുടെ പുസ്തകങ്ങൾ എഴുതുകയും ചെയ്തു.

ശരീരത്തെക്കുറിച്ചും സ്വത്ത്വത്തെക്കുറിച്ചുമുള്ള സ്ത്രീപക്ഷ താത്ത്വീകരണങ്ങൾ വ്യവസ്ഥാപിത തത്ത്വശാസ്ത്രത്തിന്റെ ഭാഗമായി വികസിച്ചിട്ടില്ലെങ്കിലും ലൂസ് ഇറിഗേരെ , ജൂലിയ ക്രിസ്റ്റീവ എന്നിവർ യൂറോപ്പിലും ജൂഡിത്ത് ബട്ലർ അമേരിക്കയിലും നടത്തിയ എഴുത്തുപ്രവർത്തനങ്ങൾ തത്ത്വശാസ്ത്രത്തിനകത്ത് നടത്തുന്ന തകിടം മറിക്കലുകളാണ്. സ്വത്ത്വത്തെക്കുറിച്ചുള്ള അഥവാ സെൽഫ് എന്നതിനെക്കുറിച്ചുള്ള തത്ത്വീകരണം, സാമൂഹിക-സാംസ്ക്കാരിക മൂല്യവ്യവസ്ഥിതികൾക്കതീതമായി നടത്താൻ കഴിയില്ല എന്ന നിലപാട് സ്ത്രീപക്ഷ താത്ത്വീകരണം എടുക്കുന്നു. അത് പുരുഷകേന്ദ്രിതമാണ് എന്നതിനാൽ തത്ത്വീകരണത്തിന്റെ തന്നെ അപനിർമാണം ആവശ്യമാണ് എന്ന നിലപാടും പ്രധാനമാണ്. ഈ വിധത്തിലാണ് വിഷയി അഥവാ സബ്ജെക്ട് രൂപീകരിക്കപ്പെടുന്നതെങ്ങനെ എന്ന ചർച്ച സ്ത്രീപക്ഷ താത്ത്വീകരണത്തിൽ നിർവചിക്കുന്നത്. ജൂലിയ ക്രിസ്റ്റീവയുടെ 'സബ്ജെക്ട് ഇൻ പ്രോസസ്സ്' എന്നതിൽ വിഷയിത്ത്വം ഒരു തുറന്ന വ്യവസ്ഥിതിയിലാണ് സംഭവിക്കുന്നത് എന്ന് പറയുന്നു. സ്വന്തം സ്വത്ത്വത്തിനു അപരമായിട്ടുള്ളത് (അദർ) എന്താണോ, ഞാൻ എന്നതിന്റെ പരിധികൾ നിർണ്ണയിക്കുന്നത് എന്താണോ, അതിനെ വേർപെടുത്തുക/നിരാകരിക്കുക എന്നതാണ് വിഷയി അഥവാ സബ്ജക്ട് ആകുന്നതിന്റെ പ്രക്രിയ എന്നവർ പറയുന്നു. അബ്ജക്ഷൻ എന്ന വാക്കാണ് അവർ ഇത് സൂചിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നത്. ഒബ്ജക്റ്റ് ആയിരിക്കുന്നതിൽ നിന്ന് സബ്ജക്ട് ആകുന്നതിനുള്ള വഴി ഇത് തന്നെ, എന്ന് സ്ത്രീകൾക്ക് തിരിച്ചറിയാൻ ബുദ്ധിമുട്ടില്ല. സ്വത്ത്വത്തിന്റേയും അപരത്തിന്റേയും ഇടയ്ക്കു എവിടെയോ വിഷയിയെ അഥവാ സബ്ജെക്റ്റീവ് പൊസിഷനെ കണ്ടെത്തുവാനാകുമെന്നാണ് ക്രിസ്റ്റീവയുടെ തത്ത്വം. ലക്കാന്റെ സൈക്കോഅനാലിസിസിന്റെ വിമർശനത്തിൽ അമ്മയും കുഞ്ഞും തമ്മിലുള്ള സ്വയം വേർപെടുത്തലിനെ ക്രിസ്റ്റീവ വിശദീകരിക്കുന്നുണ്ട്. കുഞ്ഞു അമ്മയിൽ നിന്നും സ്വയംവേർപെടുത്തി അപരത്തെ സൃഷ്ടിച്ച് സ്വത്ത്വത്തെയും അതിനിടെ വിഷയിയായിട്ടുള്ള പ്രക്രിയയെയും സൃഷ്ടിക്കുന്നു. ലക്കാന്റെ മിറർ സ്റ്റേജിൽ പറയുന്നത് പോലെ ആറുമുതൽ പതിനെട്ടുമാസം പ്രായമുള്ള കുട്ടികൾ കണ്ണാടിയിൽ തന്റെ പ്രതിബിംബം കണ്ടു അമ്മയിൽ നിന്നും തന്റെ ശരീരത്തെ വേർപെടുത്തിയറിയാനും വിഷയീരൂപീകരണം തുടങ്ങാനും

പ്രാപ്തരാകുന്നില്ല എന്നും ആ പ്രക്രിയ കുറേക്കൂടിനീണ്ട അനുഭവതലങ്ങളുടേതാണെന്നും ക്രിസ്റ്റീവ സ്ഥാപിക്കുന്നു. സ്ത്രീയുടെ അനുഭവതലങ്ങളെ മനസ്സിലാക്കാതെ നടത്തുന്ന പല താത്ത്വീകരണങ്ങളുടെയും പ്രശ്നങ്ങൾ എടുത്തുകാണിക്കുന്നതിൽ ഫ്രഞ്ച് ഫെമിനിസത്തിലെ ഘടനാവാദാനന്തര ചിന്തകളിൽ ക്രിസ്റ്റീവയുടെ സ്ഥാനം പ്രസക്തമാണ് എങ്കിലും, അപനിർമാണം എന്ന തത്ത്വത്താൽ പ്രശസ്തനായ ദെറിദയുടെ സമകാലികയായ ക്രിസ്റ്റീവക്ക് അത്തരം പ്രശസ്ത താത്ത്വികരുടെ അംഗീകാരം വേണ്ടത്ര ലഭിച്ചിരുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടുന്ന കാര്യമാണ്.


ആധുനികതയിലും ആധുനികോത്തരതയിലും നിലനിന്ന പുരുഷാധിപത്യത്തെ തികച്ചും വ്യത്യസ്തമായ രീതിയിൽ നേരിട്ടുകൊണ്ടാണ് അമേരിക്കയിൽ നിന്നും ജൂഡിത്ത് ബട്ലർ തത്ത്വചിന്തയിൽ പ്രവർത്തിച്ചത്. ശരീരത്തിന്റെ വസ്തുവൽക്കരണം എന്ന ആശയത്തിൽ നിന്നും വ്യത്യസ്തമായി ഘടനാവാദാനന്തര താത്ത്വികതയിൽ ശരീരത്തെ വേറെ രീതിയിൽത്തന്നെ വിശകലനം ചെയ്യുന്നു. അതിനെയും വ്യത്യസ്തമായി കണ്ടുകൊണ്ടു സാമൂഹ്യനിർമ്മിതി സിദ്ധാന്തങ്ങളിൽ നിന്നുകൊണ്ട് പുതിയ വാദങ്ങളാണ് ശരീരത്തിന്റെ പദാർത്ഥപരതയെക്കുറിച്ചു ജൂഡിത്ത് ബട്ലർ 'ബോഡീസ് ദാറ്റ് മാറ്റർ' എന്ന പുസ്തകത്തിലൂടെ പറയുന്നത്. ഭാഷാകേന്ദ്രിത ആശയവാദത്തിൽനിന്നും സ്ത്രീപക്ഷ താത്ത്വിക പരിശ്രമത്തെ ഭൗതികതയുടെ പദാർത്ഥപരതയിലേക്കു കൊണ്ടുപോകലാണ് ബട്ലറിന്റെ 'ബോഡീസ് ദാറ്റ് മാറ്റർ'. ശരീരങ്ങളുടെ സാംസ്ക്കാരിക/സാമൂഹ്യ നിർമ്മിതിയുടെ വശങ്ങൾ പരിശോധിച്ച്, അതിന്റെയും ആശയവാദപരമായതും ഭാഷാകേന്ദ്രിതമായതുമായ അടിത്തറ തിരിച്ചറിഞ്ഞു, ആധുനികാനന്തര ചിന്തയുടെ വിമർശനാത്മക പുനരവലോകനം ബട്ലെറിയൻ രീതിയാണ്. ജെൻഡർ അഥവാ ലിംഗപദവി എന്ന പദത്തെയും അതിന്റെ അർത്ഥങ്ങളേയും അർത്ഥമില്ലായ്മകളേയും പ്രയോഗരീതികളേയും കുറിച്ച് പുതിയതരം വിശാലമായ കാഴ്ചപ്പാട് താത്ത്വികതയുടെ തലങ്ങളിൽ നൽകുവാൻ ജൂഡിത്ത് ബട്ലെറിന്റെ 'ജെൻഡർ ട്രബിൾ' എന്ന പുസ്തകവും മറ്റു എഴുത്തുകളും ഉപയുക്തമായി. അമേരിക്കയിൽ വിവിധ യൂണിവേഴ്സിറ്റികളിൽ ഫിലോസഫി ഡിപ്പാർട്മെന്റുകളിൽ അധ്യാപനം നടത്തിവരുന്ന ബട്ലർ സ്വന്തംജീവിതത്താലും ലിംഗപരതക്കും ലിംഗപദവിപരതക്കും അതീതമായി ജീവിക്കുന്ന തത്ത്വചിന്തകയാണ്.

പാശ്ചാത്യ തത്വചിന്തയിലെ സ്ത്രീപക്ഷപ്രാതിനിധ്യം ചർച്ചചെയ്യുമ്പോൾ സ്ത്രീ എന്നല്ല ലിംഗപരതയുടേയും ലിംഗപദവിയുടേയും അപ്പുറത്തേക്ക് ചിന്തിക്കാറായി എന്ന് കാണാൻ കൂടുതൽ സംശയിക്കേണ്ടതില്ല. യൂറോപ്പിലും അമേരിക്കയിലും യൂണിവേഴ്സിറ്റികളിൽ ഇപ്പോഴും പ്രശസ്തരായിട്ടുള്ളതും ലോകം കാതോർക്കുന്നതും ഇപ്പോഴും കൂടുതലും പരുഷചിന്തകരെത്തന്നെയാണെങ്കിലും,



ജൂഡിത്ത് ബട്ലർ

ആ അവസ്ഥ മാറിത്തുടങ്ങി എന്ന് തോന്നിപ്പിക്കുന്ന കുറച്ചു പുരുഷേതര തത്ത്വചിന്തകരെങ്കിലുമുണ്ട് എന്നത് ആശാവഹമാണ്. ഹൈപ്പേഷ്യയുടെ കൊലപാതകത്തിന്റെ കാലത്തുനിന്നും രണ്ടായിരത്തോളം വർഷം ആകുമ്പോൾ, പുരുഷേതര ചിന്തകരോടുള്ള സമീപനം കുറെയൊക്കെ മാറിയിരിക്കുന്നു പാശ്ചാത്യനാടുകളിൽ എന്ന വസ്തുത തള്ളിക്കളയാനാകില്ല. എന്നാൽ, പോസ്റ്റ് ഫെമിനിസം എന്ന തരത്തിലും, ഫെമിനിസം, സ്ത്രീത്വം, പൗരുഷം, ലിംഗം, ലിംഗപദവി എന്ന വാക്കുകൾക്കു തന്നെയും പ്രസക്തിയില്ല എന്ന് പറയുന്ന തരത്തിലും താത്ത്വികവൽക്കരണങ്ങൾ വന്നുതുടങ്ങിയാൽ, എല്ലാ മനുഷ്യരുടെയും തുല്യതയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്നതിലേക്കു നയിക്കുവാൻ പ്രാപ്തമാക്കും വിധം പാശ്ചാത്യസമൂഹങ്ങളും ഇപ്പോഴും വളർന്നിട്ടില്ല എന്നത് കാണേണ്ടതുണ്ട്.



**ഡോ. സന്ധ്യ സി.വി.**
അധ്യാപിക
തത്വശാസ്ത്രവിഭാഗം
യൂണിവേഴ്സിറ്റി
കോളേജ് തിരുവനന്തപുരം



# സ്ത്രീതത്വചിന്തയും ലോകസമൂഹവും

ചരിത്രത്തിലൂടെ നമ്മൾ സഞ്ചരിക്കുമ്പോൾ പുരാന കാലത്തേ സ്ത്രീ തത്വചിന്തകരുടെ സാന്നിധ്യം കാണാൻ കഴിയും .മഹത്തായ ഗ്രീക്ക് സംസ്കരത്തിൽ ഹിപ്പേഷ്യയെ പോലെ ഉള്ള തത്വചിന്തകരെ കാണാവുന്നതാണ്. ഗ്രീക്ക് ദുരന്തനാടകങ്ങളെ പോലെ ശോകപര്യവസായി ആയ ഒടുക്കം ഒട്ടുമിക്ക സ്ത്രീ തത്വചിന്തകരിലും കാണാൻ കഴിയും. ഫ്രാൻസിലെ യുദ്ധ വീരയായ ജോൺ ഓഫ് ആർക്കിന് സംഭവിച്ചതും മറ്റൊന്നുമല്ല. സമൂഹത്തിലെ നിയമങ്ങൾ പുരുഷൻ സൃഷ്ടിച്ചപ്പോൾ സ്ത്രീയുടെ സ്ഥാനം എവിടെ യാണ്അടയാളപ്പെടുത്തുന്നത്.

ശാസ്ത്രമേഖലകളിലും തത്വചിന്തയിലും സ്ത്രീകളുടെ പങ്കു തുലോംകുറവാണ് അതിന്റെ കാരണം അന്വേഷിക്കുകയാണെങ്കിൽ ഒരു പരിധി വരെ നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയാണ് അതിനു കാരണം എന്ന് കാണാൻ കഴിയും. കേരളത്തിന്റെ കാര്യം നോകുമ്പോൾ ശങ്കരനെപോലെ ഒരു തത്വചിന്തകയെ കാണാൻ കഴിയില്ല. സ്ത്രീകൾക്ക് ചിന്തിക്കാൻ ഒള്ള കഴിവില്ല , അവൾക്കു ബുദ്ധി ഇല്ല - ഇങ്ങനെചിന്തിക്കുന്ന ഒരുകൂട്ടം ആളുകള് എല്ലാ സമൂഹത്തിലും ഉണ്ടായിരുന്നു. കുടുംബം എന്ന മനോഹരമായ ആശയത്തെ സഫലീകരിച്ചു കൊണ്ടുവരാൻ സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റേയും മഹനീയത അവളുടെ ചിന്തകളിൽ നിറച്ചു.ആ ചിന്തകളെ മാറ്റിക്കൊണ്ട് വേദാന്തവും തത്വചിന്തയും അവിടെസ്ഥാനം പിടിക്കാൻ പറ്റുകയില്ല.



ജോൺ ഓഫ് ആർക്ക്

ഈ ലോകത്തിൽ ആത്യന്തികമായി രണ്ടു വർഗങ്ങളെ കാണാൻ കഴിയും - അടിച്ചമർത്തുന്നവരും അവരുടെ മുഷ്ടിയിൽ പെട്ട്പിടഞ്ഞമരുന്നവരും. അതിനു ആണ് പെണ് വെത്യാസം ഇല്ല. നീതി നിഷേധിക്കപെടുന്ന ഒരുപാട് സ്ത്രീകൾ ഈ സമൂഹത്തിലുണ്ട്. എഴുത്തിന്റെ കാര്യത്തിൽ സ്

ത്രീ എഴുതിയാൽ പെണ്ണെഴുത്ത് എന്ന് പറഞ്ഞു വിശേഷിപ്പിക്കും. അങ്ങനെ ഒരുപാടു വിശേഷണങ്ങൾ സമൂഹം തരും. സിനിമ ആണെങ്കിൽ സ്ത്രീ കേന്ദ്രീകൃത സിനിമ, പക്ഷെ ഒരിക്കലും പുരുഷ കേന്ദ്രികൃത സിനിമ എന്ന വിശേഷണം നമുക്ക് അന്യമാണ്.

പെണ്ണിന്റെ ചിന്തകൾക്കും അഭിപ്രായങ്ങൾക്കും അതിരു കൽപ്പിക്കാൻ ഈ ആധുനിക സമൂഹം ഒന്നു കൂടി അലോചിക്കും. സ്ത്രീകളുടെ അടിച്ചമർത്തലിനെതിരേ ഫെമിനിസ്റ്റുകൾ ശബ്ദിക്കുമ്പോൾ അപൂർവമായി നീതിയുടെ തുലാസ് ചഞ്ചലപ്പെടുന്നത് കാണാം.



ഗായത്രി ചക്രവർത്തി സ്പിവാക്

ഉറച്ച സ്വരത്തിൽ ഒരു പുരുഷൻ സംസാരിച്ചാൽ, പ്രവർത്തിച്ചാൽ അവൻ ധീരനാണ്. പക്ഷെ അതൊരു പെണ്ണ് ആകുമ്പോൾ അവൾ ധീര എന്ന് പറയാൻ സമൂഹം ഒന്ന് മടിക്കും. ചിന്തയുടെ കാര്യത്തിൽ ആണെങ്കിൽ പെൺ ചിന്ത വേറിട്ട് നിൽക്കും. ലോകത്തിലാകമാനം നോക്കി കഴിഞ്ഞാൽ ഇപ്പോഴുള്ള ഒട്ടു മിക്ക സ്ത്രീ ചിന്തകരും ഫെമിനിസ്റ്റ് എന്ന ഗണത്തിലാണ് . തത്വചിന്തകരിൽ സ്ത്രീ തത്ത്വ ചിന്തകരുടെ കണക്കു നോക്കിയാൽ ശതമാനക്കണക്കുകൾ വിരലിൽ എണ്ണാൻ കഴിയും . എന്താണ് ഈ പ്രതിഭാസത്തിനു കാരണം? ഭാവനകളുടെ വിശാലമായ ലോകം പുരുഷനു മാത്രം സ്വന്തമല്ല . പക്ഷെ കുടുംബം, കുട്ടികൾ , ഭർത്താവ് ഇങ്ങനെ ഉള്ള കാര്യങ്ങളിൽ സ്ത്രീയുടെ ചിന്തകൾ ചുറ്റി വരിഞ്ഞു പോകുന്നു. എല്ലാവരും അങ്ങനെ അല്ല . എങ്കിലും ഭൂരിഭാഗം സ്ത്രീകളും വിവാഹം എന്ന സാമൂഹിക ആചാരത്തിന്റെ ഭാഗമാകുന്നതോടെ ഭാവനകളുടെ പക്ഷി ദൂരെ പറന്നകലും. സാമൂഹിക വ്യവസ്ഥിതി ഒരു പരിധി വരെ അവളുടെ ഭാവനക്ക് വിലങ്ങു തീർക്കുന്നു .

ചിന്തയും തത്വ ചിന്തയും – ഈ പദങ്ങൾക്ക് മുന്നേ സ്ത്രീ എന്ന് ചേർത്തു അതിനെ പാർശ്വവൽക്കരിക്കുമ്പോൾ അക്ഷരങ്ങളുടെ സ്വത്വം എവിടെയോ നഷ്ടമാകുന്നു . എഴുത്തിനെ പെണ്ണെഴുത്ത് എന്ന് മാറ്റി എഴുതുന്നു. അതൊരു ട്രാൻസ് ജിൻഡർ എഴുതുമ്പോൾ അതിനെ വീണ്ടും തിരുത്തി പുതിയ പദങ്ങൾ വന്നേക്കും. എല്ലാവരെയും ചേർത്തു പിടിക്കുന്ന ഒരു വിശ്വ മാനവികത ക്കു വേണ്ടി നാം ഇനിയും ഒരുപാടു ദൂരം താണ്ടണം . ദേശങ്ങൾക്കതീതമായി വിശ്വാസങ്ങൾക്ക് അതീതമായി ചിന്തിക്കാൻ തുടങ്ങുന്ന സമൂഹത്തിൽ ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാവർക്കും കഴിയാൻ സാധിക്കും .

ഭാരതീയ തത്വചിന്തകരിൽ ഗായത്രി ചക്രവർത്തി സ്പിവാകിനെ പോലെ ഒന്നോ രണ്ടോ സ്ത്രീ തത്വചിന്തകരെ സമകാലീന ചിന്തകരിൽ കാണാൻ കഴിയുകയുള്ളു . അതെ സമയം പാശ്ചാത്യ ലോകത്തിൽ എണ്ണം കൂടുതൽ ആണെന്നു കാണാൻ കഴിയും. അവരിൽ മിക്കവരും തന്നെ ജൂഡിത്ത് ബട്ലർ , ജൂലിയ ക്രിസ്റ്റീവ പോലുള്ളവർ ഫെമിനിസ്റ്റ് ചിന്താഗതിക്കാർ ആണെന്ന് കാണാൻ കഴിയും . പല തരംഗങ്ങൾ ആയി ഫെമിനിസം വന്നു പോയി . എല്ലാ ദേശങ്ങളിലുമുള്ള സ്ത്രീകളിൽ അത് പ്രതിഫലിക്കുകയും ചെയ്തു. അതിന്റെ അനുരണനങ്ങൾ സ്ത്രീ മനസ്സുകളിൽ വലിയ മാറ്റം തന്നെ കൊണ്ട് വന്നു. അവൾക്കും പുരുഷനെപ്പോലെ എല്ലാ മേഖലകളിലും മുന്നേറാൻ കഴിയും .

ഭാവനകളുടെ ലോകത്തൂടെ പായുന്ന മനസ്സ് സ്ത്രീക്കും പുരുഷനെ പോലെ തന്നെയുണ്ട്. ചിന്തകളുടെ ആകാശത്തു വിശാലമായി പറക്കാൻ ചൂടേറ്റു ചിറകുകൾ തളരാതിരിക്കാൻ ആത്മവിശ്വാസവും മനോബലവും കൂട്ടാകുമെങ്കിൽ ഭാവിയിൽ എങ്കിലും ഭാവന സമ്പന്നരായ ഒരു പുതു തലമുറ ഈ ലോകത്തിൽ ഉദയം ചെയ്യുക തന്നെ ചെയ്യും .

ചർച്ചാവിഷയം



**ആഷ കെ.ബി.**
അധ്യാപിക
തത്വശാസ്ത്രവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്,
തിരുവനന്തപുരം

# പ്രകൃതിയുടെ സ്ത്രൈണ ഭാവം : ഒരു താത്വിക അവലോകനം



ചരിത്രാതീത കാലം മുതൽക്കു തന്നെ മനുഷ്യനും പ്രകൃതിയും തമ്മിൽ അഭേദ്യമായ ബന്ധം പുലർത്തിയിരുന്നു . മനുഷ്യൻ പ്രകൃതിയിൽ ഇഴുകിച്ചേർന്ന് ജീവിക്കുകയും പ്രകൃതിയുടെ തന്നെ ഭാഗമായിത്തീരുകയും ചെയ്തിരുന്നു. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ പ്രാചീന മനുഷ്യർ  തിരിച്ചറിഞ്ഞു എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് യവന ചിന്തയുടെ ആരംഭം. തത്ത്വചിന്ത എന്നത് മനുഷ്യന്റെ ധൈഷണികമായ കഴിവുകൊണ്ട് പ്രപഞ്ച രഹസ്യത്തെ അനാവരണം ചെയ്യാനുള്ള ശ്രമമാണ്.

പ്രാചീന ഗ്രീക്ക് ചിന്തകന്മാർ, ഭാരതീയ ചിന്തകന്മാർ ഒക്കെതന്നെ ഇത്തരത്തിലുള്ള ഒരു അന്വേഷണത്തിന് തുടക്കം കുറിച്ചിരുന്നു. ഭാരതത്തിലെ ഋഷിമാർ ബാഹ്യ പ്രപഞ്ചത്തിലേക്കും മനുഷ്യന്റെ ഉള്ളിലെ പ്രപഞ്ചത്തിലേക്കും ഒരു പോലെയുള്ള അന്വേഷണത്തിൽ രണ്ടും ഒന്നു തന്നെയാണ് എന്ന തിരിച്ചറിവ് അവനെ പുതിയ തലങ്ങളിൽ എത്തിച്ചു.  മനുഷ്യനും പ്രകൃതിയും തമ്മിൽ ഇവിടെ സംഘർഷമില്ല, മറിച്ചു സമന്വയമാണ് ഉള്ളത് എന്ന കണ്ടെത്തൽ അവനെ പ്രകൃതിയിലേക്ക് കൂടുതൽ അടുപ്പിച്ചു.

പ്രപഞ്ച സൃഷ്ടികളിൽ വച്ചേറ്റവും മഹത്തായ രണ്ട് പ്രതിഭാസങ്ങൾ ആണ് സ്ത്രീയും പുരുഷനും. ഒന്ന് മറ്റൊന്നിനേക്കാൾ  വലുതോ ചെറുതോ അല്ല. മനുഷ്യൻ എന്ന വിപുലമായപദത്തെ വിഘടിക്കുമ്പോഴുണ്ടാകുന്ന രണ്ടു ശകലങ്ങൾ അഥവാ രണ്ട് ഭാഗങ്ങൾ ആണ് സ്ത്രീയും പുരുഷനും. പ്രപഞ്ചത്തിന്റെ സന്തുലിതമായ പ്രവർത്തനത്തിനും നിലനിൽപിനും ഈ രണ്ടു ഘടകങ്ങളും പരസ്പര പൂരകങ്ങളാണ്.

സാഖ്യദർശനം അനുശാസിക്കുന്നത് പ്രകാരം പ്രകൃതി പുരുഷൻ എന്നത് പ്രപഞ്ചത്തിന്റെ രണ്ടു അടിസ്ഥാന തത്ത്വങ്ങൾ ആണ്. പ്രകൃതി പ്രപഞ്ച

ത്തിന്റെ മൂലകാരണമായി ഇരിക്കെ, പുരുഷൻ ബോധത്തിന് ആധാരമാകുന്നു. പരിവർത്തനത്തിന്റെ, ഭൗതികതയുടെ, ഒക്കെ മൂലകാരണം ആയി പ്രകൃതിയെ കാണുന്നു. (Dasgupta, History of Indian philosophy ,p.256 .)

സദാ സജീവമായി പരിമിധികളില്ലാത്ത ശക്തിയായി സാഖ്യാദർശനം പ്രകൃതിയെ കാണുന്നു. ഒന്നു മറ്റൊന്നിന് വേണ്ടി നിലകൊള്ളുക എന്നത് പ്രപഞ്ചത്തിന്റെ തന്നെ അനിവാര്യതയാണ്. ഇത്തരത്തിലുള്ള ഒരു സന്തുലിതാവസ്ഥയുടെ അഭാവം ആണ് ഒരുപക്ഷെ മനുഷ്യനെ ഇന്ന് കാണുന്ന സംഘർഷങ്ങളിലേക്ക് നയിക്കുന്നത്. സംഘർഷങ്ങളിലൂടെയാണ് ഇന്ന് മനുഷ്യരാശി കടന്നുപോകുന്നത്.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇത്തരം സംഘർഷങ്ങൾ കാണാൻ കഴിയും.. രാഷ്ട്രങ്ങൾ തമ്മിലും മനുഷ്യർ തമ്മിലും മനുഷ്യമനസ്സിലെ ആദർശങ്ങൾ തമ്മിലും സംഘർഷം നിലനിന്നു പോരുന്നു. ഇത്തരം സംഘർഷങ്ങൾ എത്തിനിൽക്കുന്നത് അഥവാ ബാധിക്കുന്നത് സ്ത്രീകളെയാണ്. കാരണമെന്തെന്നാൽ ചരിത്രാതീത കാലം മുതൽ സ്ത്രൈണലക്ഷണങ്ങൾ പ്രകൃതിയിൽ പ്രതിഫ


വന്ദന ശിവ

ലിച്ചു കാണുന്നു . ഒരു പക്ഷേ അത് സ്ത്രീയുടെ പരിചരണ മികവും, പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാനുള്ള പാടവവും ആയിരിക്കാം. ഇത്തരത്തിൽ സ്ത്രീയും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധം സ്ഥാപിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കാൻ ഇക്കോ ഫെമിനിസത്തിന് കഴിഞ്ഞു. അവരുടെ അഭിപ്രായത്തിൽ സ്ത്രീയും പ്രകൃതിയും ആധുനിക സമൂഹത്തിൽ പുരുഷ മേധാവിത്ത വ്യവസ്ഥകളാൽ അടിച്ചമർത്തപ്പെട്ട ഘടകങ്ങൾ ആണ്. പ്രകൃതിയോടുള്ള അക്രമവും സ്ത്രീകളോടുള്ള അക്രമവും പൊതുവായ പ്രവണതകളാണ്. (Vandana Shiva , Development as a new project of Western Patriarchy.In 1. Diamond and Orenstein (eds.) 1990 .Reweaving the world: The Emergence of Ecofeminism Sanfransisco: SierraClub Books.,p.193 )

സ്ത്രീകളും പ്രകൃതിയുമായുള്ള ജൈവബന്ധ


ഏരിയൽ സല്ലേ


ങ്ങളിലും പ്രകൃതി പ്രതിഭാസങ്ങളുടെ മിക്കവാറും എല്ലാ സന്ദർഭങ്ങളിലും സ്ത്രീയും പ്രകൃതിയും തമ്മിലുള്ള അനിവാര്യമായ ബന്ധം വെളിപ്പെടുന്നു. ജനനം, ശിശുപരിപാലനം എന്നിവയുമായുള്ള സ്ത്രീകളുടെ ശാരീരികബന്ധം ഭാഗികമായി പ്രകൃതിയുമായുള്ള ഈ അടുത്ത ബന്ധത്തിലേക്ക് നയിച്ചു. ചന്ദ്രചക്രങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ആർത്തവചക്രം, പ്രകൃതിദത്തമായ താളങ്ങളോടുള്ള സ്ത്രീകളുടെ കെട്ടുറപ്പിന്റെ തെളിവായും കാണുന്നു. ഏരിയൽ സല്ലേ അവരുടെ പുസ്തകത്തിൽ ഈ ബന്ധം വളരെ ഭംഗിയായി ചിത്രീകരിക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നു. (Ariel Salleh ,Deeper than Deep Ecology:The Ecofeminist Connection, Environmental Ethics,


കരോലിൻ മർച്ചന്റ്

6.p.340. നാഗരികതയുടെ ആദ്യകാലങ്ങളിൽ പ്രകൃതിയെ ജീവനുള്ളതായും സ്ത്രീയായും പൂർണ്ണമായും മനുഷ്യനായും കണ്ടിരുന്നു. ഭാരതീയ യൗവന ചിന്തകളിൽ പ്രകൃതി ശക്തികളേയും ദേവതയായി ആരാധിച്ചുപോന്നു. എന്നാൽ ആധുനിക യന്ത്രവൽകൃത കാലഘട്ടത്തിൽ മനുഷ്യൻ പൂർണമായും ടെക്നോളജിയെ ആശ്രയിക്കുകയും പ്രകൃതിയെ അവന്റെ ആവശ്യത്തിന് മാത്രം ഉപയോഗിച്ച് നിർജ്ജീവവും നിഷ്ക്രിയവുമാക്കി തീർത്തു.

കരോലിൻ മർച്ചന്റ് അവരുടെ ദ ഡെത്ത് ഓഫ് നേച്ചർ എന്ന പുസ്തകത്തിൽ 'ഡെത്ത്' എന്ന പദം ഉപയോഗിച്ച് പ്രകൃതിയുടെ നാശത്തെ പരാമർശിക്കുന്നു (Carolyn Merchant ,The Death of Nature: Women, Ecology and the Scientific Revolution ) മനുഷ്യ-പ്രകൃതി ബന്ധങ്ങൾ എന്ന ആശയം ജീവിതത്തിന്റെ ഏതൊരു തത്ത്വചിന്തയുടേയും അടിസ്ഥാനമാണ്. പ്രകൃതിയോ പാരിസ്ഥിതികമോ ആയ സന്തുലിതാവസ്ഥയുള്ളിടത്ത് മാത്രമേ ഈ സഹവർത്തിത്വം സാധ്യമാകൂ.

പാരിസ്ഥിതിക പ്രശ്നങ്ങൾ മനുഷ്യ സമൂഹത്തേയും മറ്റ് ജീവജാലങ്ങളേയും ബാധിക്കുന്നുവെന്ന് ഒരു ദാർശനിക പ്രസ്ഥാനമെന്ന നിലയിൽ ഇക്കോ ഫെമിനിസം കാണുന്നു. അതുകൊണ്ടു തന്നെ ഇതിന് സാമൂഹിക പ്രസക്തി കൂടിയുണ്ട്. സാമൂഹിക പ്രശ്നങ്ങളിലുള്ള കാലികമായ ഇടപെടൽ തത്വശാസ്ത്രത്തെ ഏറെ പ്രസക്തമാക്കുന്നു. പാരിസ്ഥിതിക നാശം സമൂഹത്തിന്റെ ശ്രേണീപരമായ ഘടനയുടെ അനന്തരഫലമാണെന്ന് സാമൂഹിക പരിസ്ഥിതിശാസ്ത്രം സിദ്ധാന്തിക്കുന്നു. പാരിസ്ഥിതിക നാശത്തിന് കാരണം മനുഷ്യൻ മനുഷ്യന്റെ മേൽ നടത്തുന്ന ആധിപത്യമാണ്.




പരിഷ്കരിച്ച മനുഷ്യബന്ധങ്ങളിൽ പാരിസ്ഥിതിക നാശത്തിനുള്ള പരിഹാരം ഒരു ദാർശനിക പ്രസ്ഥാനമെന്ന നിലയിൽ ഇക്കോഫെമിനിസം നൽകിയിട്ടുണ്ട്.

സ്ത്രീകളുടേയും പ്രകൃതിയുടേയും നവീകരണം അടിച്ചമർത്തലുകൾക്ക് സാധ്യമായ പരിഹാരമാണ്. പ്രകൃതിക്ക് കൂടുതൽ സംരക്ഷണവും പരിചരണവും നൽകാൻ സ്ത്രീകൾക്ക് കഴിയും. സ്നേഹം, പരിചരണം, തുടങ്ങിയ സവിശേഷ ഗുണങ്ങൾ സ്ത്രീകൾക്കുണ്ട്. അതിനാൽ ഒരു അമ്മ കുട്ടിയെ പരിപാലിക്കുന്നതുപോലെ അവൾക്ക് പ്രകൃതിയെ സംരക്ഷിക്കാൻ കഴിയും. കൂടാതെ അവരുടെ കുട്ടികളിലൂടെ ഒരു നല്ല സമൂഹം സൃഷ്ടിക്കാനും അവൾക്ക് കഴിയും. സാമൂഹ്യവൽകരണ പ്രക്രിയയിലൂടെ, വ്യക്തിയോ കുട്ടിയോ ഒരു സമൂഹത്തിന്റെ ഭാഗമാക്കപ്പെടുന്നു. വരാനിരിക്കുന്ന ഒരു പൗരനെന്ന നിലയിൽ, ഒരു കുട്ടിക്ക് ആരോഗ്യകരമായ സ്വഭാവം ഉണ്ടാക്കാൻ കഴിയും. അതിനുള്ള പരിശീലനം അവരുടെ വീട്ടിൽ നിന്നാണ്, പ്രത്യേകിച്ച് അമ്മയിൽ നിന്ന്. ഇത്തരത്തിൽ സ്ത്രീകൾക്ക് അവളുടെ മാതൃത്വത്തിൽ അഭിമാനിക്കാം.

പ്രകൃതിയുടെ അപചയത്തിനും ചൂഷണത്തിനും ഒരേയൊരു പരിഹാരമാണിത്. അതിന്റെ നവീകരണത്തിലൂടെ സ്ത്രീകൾക്ക് സ്വയം മോചനം നേടാനാകും. ആധുനിക സാങ്കേതിക പുരോഗതിയുടെ ഗുണപരമായ കണ്ടുപിടുത്തങ്ങൾ മുഴുവൻ ജീവജാലങ്ങളേയും പ്രതികൂലമായി ബാധിച്ചു. ഇത്തരത്തിലുള്ള ഇടപെടലുകൾ മുഴുവൻ ആവാസവ്യവസ്ഥയെയും ബാധിക്കുന്നു. പ്രകൃതിയുടെ നാശത്തിന് മനുഷ്യർ ധാർമികമായി ഉത്തരവാദികളാണ്. എല്ലാ ജീവജാലങ്ങളോടും വരും തലമുറകളോടും അവന് കടപ്പാടുണ്ട്. ഇക്കോഫെമിനിസം പുരുഷന്മാരുമായി തുല്യത തേടുകയല്ല, മറിച്ച് മനുഷ്യർ തമ്മിൽ യാതൊരു വിധ വ്യത്യാസവും കല്പിക്കുന്നത് ശരിയായ രീതിയല്ല എന്ന തത്ത്വത്തിലാണ്. ആധിപത്യത്തിലും മനുഷ്യേതര ജീവലോകത്തെ കീഴ്പ്പെടുത്തുന്നതിലും അധിഷ്ഠിതമായ ഒരു യഥാർത്ഥ മനുഷ്യജീവിതം സാധ്യമല്ല. യഥാർത്ഥ ജീവിത ധാർമ്മിക പ്രശ്നങ്ങളെക്കുറിച്ചുള്ള ഒരാളുടെ ഗ്രാഹ്യത്തെ സമ്പുഷ്ടമാക്കുന്നതിനും വിശാലമാക്കുന്നതിനും ഉപയോഗപ്പെടുത്താം.

## References

1 Merchant, Carolyn (1980). The Death of Nature:Women , Ecology and the Scientific RevolutionNew York : Harper & Row. 1983 .

2 . Dasgupta Surendranath ,The History of Indian Philosophy Vol 1, New Delhi:Rupa publications India pvt ltd .2018

3 Ariel Salleh ,Deeper than Deep Ecology:The Ecofeminist Connection, Environmental Ethics

4.Lieber Arnold L .The Lunar effect: Biological Tides and Human Emotions ,NEW York : Anchor Press ,1978

ചർച്ചാവിഷയം

**മീര നാരായണൻകുട്ടി**
അവസാന വർഷ ബി.എ
ഫിലോസഫി,
ശ്രീ കേരളവർമ്മ കോളേജ്,
തൃശൂർ



# തത്ത്വചിന്ത പാഠ്യഭാഗങ്ങളിലെ സ്ത്രീ പ്രതിഫലനം



സിമോൺ ദി ബൂവ്വേയർ

ഒരു തത്ത്വചിന്തകന്റെ പേര് പറയാൻ ആവശ്യപ്പെടുമ്പോൾ, മനസ്സിൽ വരുന്ന പ്രധാന ചിന്തകരിൽ പലരും പുരുഷൻമാരായിരിക്കാനാണ് സാധ്യത. ചരിത്രത്തിൽ ഉടനീളം പുരുഷന്മാർ പൊതുവേ തത്ത്വചിന്താപരമായ വ്യവഹാരത്തിൽ ആധിപത്യം പുലർത്തിയിട്ടുണ്ട്, സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. എന്നിരുന്നാലും, പുരാതന കാലം മുതൽ മുഖ്യധാരാ ചരിത്രരചനയിൽ പലപ്പോഴും അവഗണിക്കപ്പെടുന്നുണ്ടെങ്കിലും, ഈ മേഖലയുടെ ചരിത്രത്തിലുടനീളം തത്ത്വചിന്തയിൽ ഏർപ്പെട്ടിരുന്ന സ്ത്രീകളെ നമുക്ക് കണ്ടെത്താനാകും. ചിലർ അവരുടെ ജീവിതകാലത്ത് തത്ത്വചിന്തകരായി അംഗീകരിക്കപ്പെട്ടിരുന്നുവെങ്കിലും, തത്ത്വചിന്ത പാഠ്യഭാഗങ്ങളിലേക്ക് ഒരു സ്ത്രീ തത്ത്വ ചിന്തകയും പ്രവേശിച്ചിട്ടില്ല. ചരിത്രത്തിലുടനീളം സ്ത്രീകൾ തത്ത്വചിന്തയിൽ പങ്കെടുക്കുന്നുണ്ടെങ്കിലും, ഈ കാണുന്ന ലിംഗ അസന്തുലിതാവസ്ഥ നിലനിൽക്കുന്നതിന്റെ കാരണം സ്ത്രീകൾക്കെതിരായ പരോക്ഷമായ പക്ഷപാതമാണ്. ലൈംഗികാതിക്രമം പോലുള്ള ജോലിസ്ഥലത്തെ തടസ്സങ്ങൾ സ്ത്രീകൾക്ക് മറികടക്കേണ്ടി വന്നിട്ടുണ്ട്. തത്ത്വചിന്തയുടെ മേഖലയിലും വംശീയമായ ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യം കുറവാണ്.

മൈത്രേയി (ബി.സി 1000), ഗാർഗി വചക്നവി (ബി.സി 700), മറോണിയയിലെ ഹിപ്പാർച്ചിയ (325 ബി.സി.ഇ), സിറേനിലെ അരെറ്റെ (ബി.സി.ഇ 5-4) എന്നിവർ പുരാതന തത്ത്വചിന്തകരിൽ ഉൾപെടുന്നു. ചില സ്ത്രീ തത്ത്വചിന്തകർ മധ്യകാലഘട്ടത്തിലും ആധുനികകാലഘട്ടത്തിലും അംഗീകരിക്കപ്പെട്ടിരുന്നു, എന്നിരുന്നാലും 20-ഉം 21-ഉം നൂറ്റാണ്ടുകൾ വരെ പാശ്ചാത്യ കാനോനിന്റെ (Western canon) ഭാഗമായിത്തീർന്നില്ല. പക്ഷേ ചിലർ സൂചിപ്പിക്കുന്നത് സൂസാൻ ലാംഗർ, ജി.ഇ.എം അൻസ്കോംബ്, ഹന്ന ആരെൻഡ്, സിമോൺ





ആദ്യകാല കൊളോണിയൽ ലാറ്റിൻ-അമേരിക്കയിൽ, തത്ത്വചിന്തകയായ സോർ ജുവാന ഇനെസ് ഡി ലാ ക്രൂസ് (165-195) അമേരിക്കയിലെ ഫീനിക്സ് എന്നറിയപ്പെട്ടിരുന്നു.

ഡി ബ്യൂവോയർ എന്നിവർ കാനോനിൽ പ്രവേശിച്ചു എന്നാണ്.

1800–കളുടെ തുടക്കത്തിൽ, യു.കെയിലെയും യു.എസി.ലെയും ചില കോളേജുകളും സർവ്വകലാശാലകളും സ്ത്രീകളെ പ്രവേശിപ്പിക്കാൻ തുടങ്ങി. കൂടുതൽ സ്ത്രീ അക്കാദമിക് വിദഗ്ധരെ സൃഷ്ടിച്ചു. എന്നിരുന്നാലും, 1990–കളിലെ യു.എസ്. വിദ്യാഭ്യാസ വകുപ്പിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്, കുറച്ച് സ്ത്രീകൾ മാത്രമേ തത്ത്വ ചിന്തയിലേക്ക് കടന്നുവരുന്നുള്ളു എന്നാണ്. കൂടാതെ മാനവിക വിഷയങ്ങളിലെ ഏറ്റവും കുറഞ്ഞ ലിംഗ–ആനുപാതിക മേഖലകളിലൊന്നാണ് തത്ത്വചിന്ത. ചില പഠനങ്ങളിൽ തത്ത്വ ചിന്ത അദ്ധ്യയനവിഭാഗങ്ങളിൽ സ്ത്രീകൾ 17% മാത്രമാണ്. ജെന്നിഫർ സാൽ, ഷെഫീൽഡ് സർവ്വകലാശാലയിലെ തത്ത്വശാസ്ത്ര പ്രൊഫസർ, 2015–ൽ ഇങ്ങനെ പ്രസ്താവിച്ചു, ''സ്ത്രീകൾ പീഡിപ്പിക്കപ്പെടുകയോ ആക്രമിക്കപ്പെടുകയോ പ്രതികാരം ചെയ്യപ്പെടുകയോ ചെയ്തതിന് ശേഷം തത്ത്വശാസ്ത്രം ഉപേക്ഷിക്കുന്നു."

1990–കളുടെ തുടക്കത്തിൽ, കനേഡിയൻ ഫിലോസഫിക്കൽ അസോസിയേഷൻ, തത്ത്വചിന്തയുടെ അക്കാദമിക് മേഖലയിൽ ലിംഗ അസന്തുലിതാവസ്ഥയും ലിംഗ പക്ഷപാതവും ഉണ്ടെന്ന് അവകാശപ്പെട്ടു "നാലു പ്രശസ്ത തത്ത്വശാസ്ത്ര ജേർണലുകളിലെ സമീപകാല ഉദ്ധരണികളിൽ, സ്ത്രീ എഴുത്തുകാർ ആകെ 3.6 ശതമാനം മാത്രമാണ്'. എന്ന് 2013 ജൂണിൽ, ഒരു യു.എസ്. സോഷ്യോളജി പ്രൊഫസർ പ്രസ്താവിച്ചു, സ്റ്റാൻഫോർഡ് എൻസൈക്ലോപീഡിയ ഓഫ് ഫിലോസഫിയുടെ എഡിറ്റർമാർ വനിതാ തത്ത്വചിന്തകരുടെ പ്രാതിനിധ്യത്തെ കുറിച്ച് ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്, കൂടാതെ അവർ സ്ത്രീ തത്ത്വചിന്തകരുടെ സംഭാവനകളെ പ്രതിനിധീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എഡിറ്റർമാരും എഴുത്തുകാരും ആവശ്യപ്പെടുന്നു. യൂജിൻ സൺ പാർക്ക് പറയുന്നതനുസരിച്ച്, "തത്ത്വ ചിന്തയിൽ പ്രധാനമായും പുരുഷാധിപത്യം ആണ്". ഈ ഏകതാനത മിക്കവാറും എല്ലാ തലങ്ങളിലും നിലനിൽക്കുന്നു'. മാനവികതയുടെ മറ്റ് മേഖലകൾ ലിംഗസമത്വത്തിലോ അതിനടുത്തോ ആണെങ്കിലും തത്ത്വചിന്തയിൽ യഥാർത്ഥത്തിൽ പുരുഷന്മാരാണ് കൂടുതൽ.

യൂണിവേഴ്സിറ്റി ഫിലോസഫി ആന്തോളജികളിൽ മാർഗരറ്റ് കാവൻഡിഷിനെപ്പോലുള്ള 17–ാം നൂറ്റാണ്ടിലെ വനിതാ തത്ത്വചിന്തകരെ സാധാരണയായി പരാമർശിക്കുന്നില്ല. ''സ്ത്രീകളെ വ്യവസ്ഥാപിതമായി തത്ത്വ ചിന്തയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്, കൂടാതെ സ്ത്രീകൾക്ക് ഈ മേഖല എത്രമാത്രം സ്വാധീനം ചെലുത്തിയെന്ന് കാണാൻ കഴിയുന്നില്ല'. എന്നും അമേരിക്കൻ ഫിലോസഫിക്കൽ അസോസിയേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആമി ഫെറർ പ്രസ്താവിക്കുന്നു. 1967–ൽ പ്രസിദ്ധീകരിച്ച തത്ത്വചിന്തയുടെ എൻസൈക്ലോപീഡിയയിൽ 900–ലധികം തത്ത്വചിന്തകരെക്കുറിച്ചുള്ള ലേഖനങ്ങൾ ഉണ്ടായിരുന്നു, എന്നാൽ അതിൽ വോൾസ്റ്റോൺക്രാഫ്റ്റ്, ആരെൻഡ് അല്ലെങ്കിൽ ഡി ബ്യൂവോയർ എന്നിവക്ക് ഒരു എൻട്രി ഉൾപ്പെടുത്തിയിരുന്നില്ല. "ഈ വനിതാ തത്ത്വചിന്തകർ അപൂർവ്വമായി പോലും നാമമാത്രമായിരുന്നു". കാന്റും ഹെഗലും അവരുടെ പിന്തുണക്കാരും തത്ത്വചിന്താപരമായ കാനോനിൽ നിന്ന് സ്ത്രീകളെ ഒഴിവാക്കിയതായി ഹെർബ്ജോൺസ്രൂഡ് വാദിക്കുന്നു ഫെമിനിസ്റ്റ് തത്ത്വചിന്തരായ ജെയ്ൻ ആഡംസ്, സിമോൺ ഡി ബ്യൂവോയർ, ജൂഡിത്ത് ബട്ട്ലർ, തുടങ്ങിയവർ സ്ത്രീകളെ ദാർശനിക പാരമ്പര്യത്തിൽ നിന്ന് ചരിത്രപരമായി ഒഴിവാക്കുന്നതിനെ



മറോണിയയിലെ ഹിപ്പാർച്ചിയ

വിമർശിച്ചു.

ഏഷ്യയിലെ പുരാതന തത്ത്വചിന്തയിൽ സ്ത്രീകൾ നിരവധി സുപ്രധാന സംഭാവനകൾ നൽകിയിട്ടുണ്ട്. ഉപനിഷത്തുകളുടെ ഏറ്റവും പഴയ ഗ്രന്ഥത്തിൽ, സി. 700 ബി.സി.ഇ, സ്ത്രീ തത്ത്വചിന്തകരായ ഗാർഗിയും മൈത്രേയിയും യാജ്ഞവൽക്യ മുനിയുമായി നടത്തിയ ദാർശനിക സംഭാഷണങ്ങളുടെ ഭാഗങ്ങൾ കാണാം. ഉഭയഭാരതി (എ.ഡി. 800), അക്ക മഹാദേവി (1130-1160) എന്നിവർ ഇന്ത്യൻ ദാർശനിക പാരമ്പര്യത്തിലെ അറിയപ്പെടുന്ന മറ്റ് സ്ത്രീ ചിന്തകരാണ്. ചൈനയിൽ, കൺഫ്യൂഷ്യസ് ലുവിലെ ജിംഗ് ജിയാങ് എന്ന സ്ത്രീയെ (ബി.സി. 5-ാം നൂറ്റാണ്ട്) ജ്ഞാനിയായും തന്റെ വിദ്യാർത്ഥികൾക്ക് മാതൃകയായും വാഴ്ത്തി, ബാൻ ഷാവോ (45-116) നിരവധി സുപ്രധാന ചരിത്രപരവും ദാർശനികവുമായ ഗ്രന്ഥങ്ങൾ രചിച്ചു. കൊറിയയിൽ, ഇഎം യുങ്ങിടാൻഗ് (1721-93) പ്രബുദ്ധരായ മധ്യ-ചോസൻ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ വനിതാ തത്ത്വചിന്തകരിൽ ഒരാളായിരുന്നു. ബസ്രയിലെ റാബിയ (714-801), ഡമാസ്കസിലെ അയിഷാ അൽ-ബയൂനിയ (മരണം 1517), ഇന്നത്തെ നൈജീരിയയിലെ സോകോട്ടോ, ഖിലാഫത്തിൽ നിന്നുള്ള നാനാ അസ്മാവു (1793-1864) എന്നിവരും ശ്രദ്ധേയരായ മുസ്ലീം തത്ത്വചിന്തകരിൽ ഉൾപ്പെടുന്നു. ആദ്യകാല കൊളോണിയൽ ലാറ്റിൻ-അമേരിക്കയിൽ, തത്ത്വ ചിന്തകയായ സോർ ജുവാന ഇനെസ് ഡി ലാ ക്രൂസ് (1651-95) 'അമേരിക്കയിലെ ഫീനിക്സ്" എന്നറിയപ്പെട്ടിരുന്നു.

ഹിപ്പാർച്ചിയ (ബി.സി 325), അരെറ്റെ (ബി.സി 5-4 നൂറ്റാണ്ട്), അസ്പാസിയ (470-400 ബി.സി) തുടങ്ങിയവർ പുരാതന പാശ്ചാത്യ തത്ത്വചിന്തയിൽ ഈ കാലയളവിൽ സജീവമായിരുന്നെങ്കിലും, അക്കാദമിക് തത്ത്വചിന്ത സാധാരണയായി പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ പുരുഷ തത്ത്വചിന്തകരുടെ മേഖലയായി ഒതുങ്ങി, ശ്രദ്ധേയരായ മധ്യകാല തത്ത്വചിന്തകരിൽ ഹിപേഷ്യ (5ാം നൂറ്റാണ്ട്), സെന്റ് ഹിൽഡെഗാർഡ് (10981179), സെന്റ് കാതറിൻ (1347-1380) എന്നിവർ ഉൾപ്പെടുന്നു. മേരി വോൾസ്റ്റോൺക്രാഫ്റ്റ് (1759-1797), സാറാ മാർഗരറ്റ് ഫുള്ളർ എന്നിവരായിരുന്നു പ്രസിദ്ധരായ ആധുനിക തത്ത്വചിന്തകർ. (1810-1850), ഫ്രാൻസെസ് പവർ കോബ് (1822-1904). എഡിത്ത് സ്റ്റെയ്ൻ (1891-1942), സൂസന്നെ ലാംഗർ (1895-1985), ഹന്ന അരെൻഡ് (1906-1975), സിമോൺ ഡി ബ്യൂവോയർ (1908-1986), എലിസബത്ത് അൻസ്കോംബ് (1919-1919), ഫിലിപ്പ ഫൂട്ട് (1920-2010), മേരി വാർനോക്ക് (1924-2019), ജൂലിയ ക്രിസ്റ്റേവ (ജനനം 1941), പട്രീഷ്യ ചർച്ച്ലാൻഡ് (ജനനം 1943) മാർത്ത നസ്ബോം (ജനനം 1947), സൂസൻ ഹാക്ക് (ജനനം 1945) എന്നിവർ സമകാലിക തത്ത്വചിന്തകരിൽ ഉൾപ്പെടുന്നു.

തത്ത്വചിന്തയിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറയുന്നതിന് നിരവധി കാരണങ്ങളുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ, സ്ത്രീ തത്ത്വചിന്തകർ ജോലിസ്ഥലത്ത് വിവേചനവും ലൈംഗിക പീഡനവും നേരിട്ടിട്ടുണ്ട്. പുരുഷ മേധാവിത്വമുള്ള ഒരു പ്രദേശത്ത് പ്രവേശിക്കുമ്പോൾ സ്ത്രീകൾ വെല്ലുവിളികൾ നേരിടുന്നു, ഇത് തത്ത്വചിന്തയിൽ ഉന്നത വിദ്യാഭ്യാസം തുടരുന്നതിൽ നിന്ന് അവരെ നിരുത്സാഹപ്പെടുത്തുന്നതായി കാണാം. സാലി ഹാസ്ലാംഗർ ഇത്തരത്തിൽ പറയുന്നു, "ബെർക്ക്ലിയിലെ എൻറെ വർഷത്തിലും എനിക്ക് മുമ്പുള്ള രണ്ട് വർഷങ്ങളിലും എനിക്ക് ശേഷമുള്ള രണ്ട് വർഷങ്ങളിലും, എട്ട് മുതൽ പത്ത് വരെ വിദ്യാർത്ഥികളുള്ള ക്ലാസുകളിൽ ഓരോ വർഷവും ഒരു സ്ത്രീ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒടുവിൽ, മറ്റ് നാല് സ്ത്രീകളും പഠനം ഉപേക്ഷിച്ചു. അതിനാൽ തുടർച്ചയായി അഞ്ച് ക്ലാസുകളിൽ അവശേഷിക്കുന്ന ഒരേയൊരു സ്ത്രീ ഞാൻ മാത്രമായിരുന്നു."

ഇത്തരം സർവ്വകലാശാല സംബന്ധിയായ തത്ത്വചിന്തയിലെ ലിംഗ അസന്തുലിതാവസ്ഥ പരിഹരിക്കാൻ ശ്രമിക്കുന്ന അനവധി സംഘടനകൾ ഇന്ന് നിലവിൽ ഉണ്ട് എന്നത് ഒരു ആശ്വാസകരമായ കാര്യമാണ്. മൈനോറിറ്റീസ് ആൻഡ് ഫിലോസഫി, അമേരിക്കൻ ഫിലോസഫിക്കൽ അസോസിയേഷൻ, സൊസൈറ്റി ഫോർ വിമൻ ഇൻ ഫിലോസഫി എന്നിവയെല്ലാം ഈ സംഘടനകളിൽ ഉൾപെടുന്നു.

തത്ത്വചിന്തയുടെ ചരിത്രകാരന്മാർ ചരിത്രത്തിൽ നിന്നും തത്ത്വശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നും സ്ത്രീ തത്ത്വചിന്തകരെ ഒഴിവാക്കുന്നത് വിദ്യാർത്ഥികളിൽ സ്ത്രീ തത്ത്വചിന്തകരെക്കുറിച്ചുള്ള അറിവില്ലായ്മയിലേക്ക് നയിക്കുന്നു. സർവകലാശാലയിലെ ക്ലാസ് മുറികളിൽ ഉപയോഗിക്കുന്ന മറ്റ് പ്രമുഖ സമാഹാരങ്ങളിൽ" സ്ത്രീ തത്ത്വ ചിന്തകർ ഇല്ലെന്ന് പണ്ഡിതരും വാദിക്കുന്നു. "ലിംഗ സമത്വം" ചർച്ച ചെയ്യുന്ന അതേ വിഷയത്തിൽ ഇത്തരത്തിൽ കാണുന്ന പുരുഷ മേധാവിത്വം തികച്ചും വിരോധാഭാസമാണ്. തത്ത്വചിന്തയിൽ സുപ്രധാന സംഭാവനകൾ നൽകിയ സ്ത്രീ ചിന്തകരുടെ ദീർഘവും സമ്പന്നവുമായ ഒരു പാരമ്പര്യം നമുക്കുണ്ട്, അവരുടെ കൃതികളും പ്രത്യയശാസ്ത്രങ്ങളും കൂടുതൽ അംഗീകാരം അർഹിക്കുന്നു.

References:


Walters, Margaret (2006). ഫെമിനിസം: ഒരു ചെറിയ ആമുഖം. USA: Oxford University Press. p. 30.

Tong, Rosemarie (2009). ഫെമിനിസ്റ്റ് ചിന്ത: കൂടുതൽ സമഗ്രമായ ആമുഖം. Westview Press (Perseus Books). p. 17

Other Web References

ചർച്ചാവിഷയം



**ഫൗസിയ എ.എം.**
ഗവേഷക , തത്വചിന്ത വിഭാഗം
മഹാരാജാസ് കോളേജ്
എറണാകുളം



## തത്ത്വ ചിന്തയും സ്ത്രീ വിദ്യാഭ്യാസവും :

# മേരി വുൽസ്റ്റൻ ക്രാഫ്റ്റിലൂടെ

## ഒരു അവലോകനം

സ്ത്രീസമത്വചിന്ത ആഴമേറിയ രീതിയിൽ ചർച്ചകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ, സ്ത്രീ-വിദ്യാഭ്യാസമെന്ന വിഷയവും വളരെ ശക്തമായ രീതിയിൽ ചർച്ച ചെയ്യപ്പെടേണ്ടതായുണ്ട്. സ്ത്രീ ശാക്തീകരണം മൂർച്ചയേറിക്കൊണ്ടിരിക്കവേ വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകൾ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങൾ അത്യന്തം തീവ്രവും അതിശ്രേഷ്ഠവും ആയിരിക്കെ, ഇന്നത്തെ സമൂഹത്തിലടക്കം സ്ത്രീകൾ മതിയായ രീതിയിൽ ഉയർച്ച കൈവരിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതായുണ്ട്. സ്ത്രീ-സമത്വ-വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടുകളിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും പൊതുവായ രീതിയിൽ സമത്വം എന്ന കാഴ്ചപ്പാട് വെറും വാക്കുകളിലേക്ക് ചുരുക്കപ്പെടുന്നു. മതിയായ വിദ്യാഭ്യാസം ഒരു പരിധിവരെ ഇന്ന് ലഭ്യമാണെങ്കിൽ പോലും, ആന്തരികമായ ഏതോ ശക്തികൾ അവളെ നാലുചുവരിനുള്ളിൽ തളക്കുന്നു. സ്ത്രീ സമത്വാനുകൂലികൾ വാദിക്കുന്നത് പോലെ പാരമ്പര്യമായ വഴക്കങ്ങൾ തന്നെ ഇതിനു വളം എന്നു പറയാം.

പൊതുവായതും അടിസ്ഥാനപരവുമായ നിർബന്ധിത വിദ്യാഭ്യാസം ഊട്ടി ഉറപ്പിക്കുന്നതിനായി ധാരാളം സാമൂഹ്യ പരിഷ്കർത്താക്കൾ ഉണർന്നു പ്രവർത്തിച്ചിട്ടുണ്ട്. ഇൻഡ്യയിലും വിദേശ രാജ്യങ്ങളിലുമായി ഇതുമായി ബന്ധപ്പെട്ട് നിരവധി മുന്നേറ്റങ്ങൾ വിവിധ മേഖലകളിൽ അരങ്ങേറിയിട്ടുണ്ട്. എന്നാൽ തത്ത്വ ചിന്തയിലടക്കം സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി അഘോരാർഥം പ്രവർത്തിച്ച നിരവധി സ്ത്രീ പോരാളികളെ നാം അറിയാതെ പോയി. അറിയിക്കപ്പെടാതെ പോയി എന്നു പറയുന്നതാകും കൂടുതൽ ഉചിതം. സ്ത്രീകളുടെ അടിസ്ഥാന അവകാശങ്ങൾ നേടിയെടുക്കുന്നതിനായി പ്രവർത്തിച്ച എത്ര സ്ത്രീകളുടെ പേരുകൾ നമുക്ക് ഓർമിച്ചെടുക്കുവാൻ ഇന്ന് കഴിയും. ആ കാലങ്ങളിൽ അനുഭവിച്ച അവഗണനകൾ എല്ലാം തന്നെ ഇന്നും പ്രകടമാണ്. വിദ്യാഭ്യാസ മേഖലകളിലടക്കം സ്ത്രീ തത്വചിന്തകർക്ക് വേണ്ടത്ര പ്രാധാന്യം നലകാത്തത് വളരെയധികം ഗൗരവമേറിയ വിഷയമായി കണക്കാക്കേണ്ടിയിരിക്കുന്നു.


സ്ത്രീ സമത്വ പോരാട്ടങ്ങൾക്ക് 250 ലേറെ വർഷങ്ങൾക്കു മുൻപേ തുടക്കം കുറിച്ചിരുന്നു. ഇൻഡ്യയിൽ 'പണ്ഡിത രമാ ഭായി(18581922)', 'രമാ ഭാ

യി റാനഡേ (1862-1922)', 'മാഡം കാമ (1861-1936)', 'ടോരു ദത്ത് (1855-1877)', സ്വർണാകുമാരി ദേവീ (1855-1877), ആനി ബസന്ത്, എന്നിങ്ങനെ നീളുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ തത്വചിന്താ വിഭാഗത്തിൽ 'മേരി വുൾസ്റ്റോൺ ക്രാഫ്റ്റ്(1759-1797)', നെൽ നോഡിങ്സ്, ജയിൻ ആർ മാർട്ടിൻ, ബെൽ ഹൂക്സ് എന്നിങ്ങനെ നീളുന്നു പാശ്ചാത്യ ചിന്തകർ.

അധുനിക ഫെമിനിസ്റ്റ് ചിന്തകളുടെ തുടക്കക്കാരിൽ വളരെ പ്രധാന്യം അർ ഹിക്കുന്നതും എന്നാൽ ഒരു പൊളിറ്റിക്കൽ ചിന്തകയായി മാത്രം അറിയപ്പെട്ടതുമായ ഒരു വിദ്യാഭ്യാസ പരിഷ്കർത്താവ് കൂടിയായിരുന്നു മേരി വോളസ്റ്റോൺ ക്രാഫ്റ്റ്. മേരി തത്വചിന്ത വിഭാഗത്തിൽ നിന്നു കൊണ്ട് വിദ്യാഭ്യാസ മേഖലകളിലും സ്ത്രീ സമത്വ പോരാട്ടങ്ങൾക്കും തുടക്കം കുറിച്ചിരുന്നു. 1759 ഏപ്രിൽ 27 ലണ്ടനിൽ ആയിരുന്നു മേരിയുടെ ജനനം. മേരിയുടെ ജീവചരിത്രവും സ്ത്രീ വിദ്യാഭ്യാസ മേഖലകളിൽ അവർ നടത്തിയ പോരാട്ടങ്ങളും പ്രാധാന്യം അർഹിക്കുന്നു.

മേരി വുൾസ്റ്റോൺ ക്രാഫ്റ്റിന്റെ ജീവിത വഴികളിലൂടെ "ഞാൻ (സ്ത്രീ) ഒരിക്കലും പുരുഷന്മാരുടെ മേലിൽ അധികാരമോ നിയന്ത്രണങ്ങളോ കൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഞങ്ങളിൽ അധികാരങ്ങളും ശക്തികളും നിറക്കാനാണ് ആഗ്രഹിക്കുന്നത്". (1)

മേലിൽ സൂചിപ്പിച്ചിരിക്കുന്നത് മേരിയുടെ വളരെ പ്രധാനപ്പെട്ട വാക്യങ്ങളിൽ ഒന്നും എന്നാൽ പിന്നീട് നിരവധി സ്ത്രീകൾക്ക് പ്രചോദ നമായതുമാണ്. മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ് വലരെ പ്രധാനപ്പെട്ട ഒരു തത്വചിന്തകയായിരുന്നിട്ടുപോലും, നമുക്ക് അത്ര സുപരിചിതമായ ഒരു വ്യക്തി അല്ല. സ്കൂൾ പാഠ്യപദ്ധതികളിലെല്ലാം തന്നെ അവരുടെ പേരുവിവരം വളരെ വിരളമാണ്. 1759 ൽ സ്പിറ്റൽ ഫീൾട്സ്, ലണ്ടനിലായിരുന്നു ജനനം. ചെറുപ്പകാലം തന്നെ വളരെ പ്രായാസമേറിയതും ദുരൂഹതകൾ നിറഞ്ഞതുമായിരുന്നു. അച്ഛൻ മദ്യത്തിനും ലഹരിക്കും അടിമയായ ഒരു വ്യക്തിയായിരുന്നു. നിരാലംബയായ ഒരു അമ്മയുടെ നിസ്സഹായ അവസ്ഥകൾ കണ്ടായിരുന്നു അവളുടെ വളർച്ച. ലഹരിയിൽ അച്ഛൻ അവളുടെ അമ്മയെ നിരന്തരം ഉപദ്രവിക്കുകയും അമ്മയെ അച്ഛന് ഉതകും പോലെ ഒരു നിർവികാര വസ്തുവായി കണക്കാക്കുകയും ചെയ്തിരുന്നു. ചെറുപ്പം മുതലേ ഇരുണ്ട കാഴ്ചകൾ കണ്ടു വളർന്നതിനാലാകണം അവളുടെ മനസ്സ് എന്തിനേയും നേരിടാനായി പ്രാപ്തമായിരുന്നു. അന്നത്തെ സാമൂഹികാവസ്ഥ മേരിയുടെ വീട്ടിലെ അവസ്ഥയിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. മേരിയുടെ ഒരു സഹോദരന് മാത്രമേ ഇവർ ഏഴുപേരിൽ ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളൂ. മേരിക്ക് വളരെ ചുരുങ്ങിയ വിദ്യാഭ്യാസം മാത്രമേ ലഭിച്ചിട്ടുള്ളൂ. വായിക്കാനും എഴുതു വാനുമുള്ളത് മാത്രം. എന്നാൽ എഴുത്തി നോടും വായനയോടും അവൾക്കുണ്ടായ അമിതമായ ഇഷ്ടം അവളെ ഇന്നീ കാണുന്ന പ്രശ




സ്തിയിലേക്കെ ത്തിച്ചു. അവൾക്ക് ഷേക്സ്പിയർ- മിൽടൻ നോവലുകളെക്കുറിച്ച് വളരെ ഗഹനമായ അറിവുണ്ടായിരുന്നു. എന്നാൽ ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു കാര്യം ഇതെല്ലാം അവൾ സ്വയമേ ആർജിച്ചെടുത്തതാണ് എന്നതാണ്. അതുകൊണ്ടു തന്നെ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും, അറിവ്കൊണ്ട് ജീവിതത്തിൽ വരുന്ന മാറ്റങ്ങളെ കുറിച്ചും വ്യക്തമായ ധാരണ അവളിൽ ഉടലെടുത്തു. മേരിയുടെ എഴുത്തുകളെല്ലാം തന്നെ അവളുടെ ജീവിത അനുഭവങ്ങളുടെ നേർകാഴ്ചയാണെന്ന് പറയുവാൻ കഴിയും.

"എന്റെ സഹജീവികളുടെ നിഷേധിക്കപ്പെട്ട വിദ്യാഭ്യാസത്തിന്റെ ദുഖം ഉൾക്കൊണ്ട് ഞാൻ ഖേദിക്കുന്നു"- '*എ വിൻഡയിക്കേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വുമൻ*'

സ്ത്രീസമത്വപോരാട്ടങ്ങളുടെ തുടക്കക്കാരിയായി പറയാവുന്ന മേരി ജനിച്ചു വീഴുന്നത് തന്നെ സ്ത്രീകളെ വെറും രണ്ടാം തരക്കാരായി മാത്രം

കണക്കാക്കുന്ന ഒരു സമൂഹത്തിലേക്കായിരുന്നു. സ്ത്രീ തുല്യത മാത്രം മുന്നിൽ കണ്ടുകൊണ്ടായിരുന്നു അവളുടെ ഓരോ ദിനങ്ങളും കടന്ന് പോയിക്കൊണ്ടിരുന്നത്. സ്ത്രീകൾ വിദ്യാഭ്യാസം നേടേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമായി അവൾ കണക്കാക്കി. പുരുഷൻമാർക്ക് ആഡംബരം കാണിക്കാനും എടുത്തു അണിയാനുമുള്ള ഒരു ആഭരണമൊന്നും അല്ല സ്ത്രീ എന്ന വ്യക്തമായ ചിന്ത അവർക്കുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അവർ ലണ്ടനിൽ ഒരു സ്കൂൾ ആരംഭിക്കുക യുണ്ടായി. അതിലൂടെ അവളുടെ ജീവിത ചെലവുകൾക്കുള്ള വകയും കണ്ടെത്തി. പിന്നീട് ട്യൂട്ടറായി ജോലിനോക്കുകയും ചെയ്തു. ഇതിന് ശേഷം സ്ത്രീകൾക്കായി അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ഒരു എഴുത്തുകാരിയായി മാറി. ജോസഫ് ജോൺസൻ എന്ന ബുക്ക് പബ്ലിഷറുടെ സഹായത്തോടെ ബുക്ക് പബ്ലിഷ് ചെയ്യുകയും നിരവധി എഴുത്തുകാരുമായും ചിന്തകരുമായും ആശയങ്ങൾ പങ്കിടുകയും ചെയ്തു. അവൾ സ്ത്രീകളെ ക്കുറിച്ച് രണ്ടു നോവലുകളും പോളിറ്റിക്കൽ നിരൂപണങ്ങളും കത്തുകളും എഴുതുകയും ചെയ്തു. അവരുടെ ''തോട്സ് ഓഫ് എജ്യൂക്കേഷൻ ഓഫ് ഡോട്ടേഴ്സ്" എന്നത് പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള നിർദ്ദേശങ്ങളും അവർക്കായുള്ള പ്രചോദനങ്ങളും അടങ്ങിയതാണ്. 'വിൻഡികേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വുമൻ' എന്ന ബുക്ക് ആണ് മേരിയുടെ ജീവിതത്തിലെ വഴിത്തിരിവായതും നിരവധി സ്ത്രീകൾക്ക് അവരുടെ മൂല്യം മനസ്സിലാക്കാനുള്ള ആണിക്കല്ലായതും. ഫെമിനിസ്റ്റ് ഫിലൊസോഫിയിൽ ആദ്യത്തെ കൃതിയിലൂടെ സ്ത്രീ അവകാശങ്ങൾ നേടിയെടുക്കുന്നതിനായുള്ള നിരവധി പോരാട്ടങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

33 മത്തെ വയസിൽ മേരി അമേരിക്കൻ എഴുത്തുകാരനായ ഗിൽബെർട് Cate ആയി പ്രണയത്തിലാവുകയും, ഒരു പെൺകുഞ്ഞിന് ജന്മം നലകുകയും ചെയ്തു. വിവാഹം കഴിക്കാതെയുള്ള ഗർഭധാരണം, അന്നത്തെ സമൂഹത്തിൽ അപൂർവമായിരുന്നതിനാൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. പിന്നീട് അവൾ ലണ്ടനിലേക്ക് തിരിച്ചു വരികയും തത്വചിന്തകനും എഴുത്തുകാരനുമായ വില്യം ഗോഡ്വിനുമായി പ്രണയത്തിലാവുകയും വീണ്ടുമൊരു പെൺകുഞ്ഞിന് ജന്മം നലകുകയും ചെയ്തു. (ആ പെൺകുഞ്ഞാണ് മേരി ഷെല്ലി എന്ന പ്രമുഖ എഴുത്തുകാരി ആയത്. അവരുടെ പ്രധാനപ്പെട്ട ബുക്ക് ആണ് ഫ്രൺകെൻസ്റ്റീൻ.) എന്നാൽ പ്രസവശേഷം അവർ ഒരു രോഗിയായി മാറുകയും 1897 സെപ്റ്റംബർ 10നു മരണപ്പെടുകയും ചെയ്തു. പക്ഷേ മേരി വൂൾസ്റ്റോൺക്രാഫ്റ്റ് ഇന്നും വ്യത്യസ്തമായ സ്ത്രീ അനുഭാവ ആശയങ്ങളിലൂടേയും ചിന്തകളിലൂടേയും ലോകത്തിലെ പല കോണിലുള്ള സ്ത്രീകൾക്കും പ്രചോദനമേകിക്കൊണ്ടേയിരിക്കുന്നു. എത്ര മൂടിവെക്കപ്പെട്ടാലും അവർ നൽകിയ സംഭാവനകളും ആശയങ്ങളും എന്നും അലയടിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്യും.

"എ വിൻഡികേഷൻ ഓഫ് റൈറ്റ്സ് ഓഫ് വുമെൻ'' 1792 ലാണ് പബ്ലിഷിംഗ് ചെയ്യപ്പെടുന്നത്. ആധുനിക ഫെമിനിസത്തിന് അടിത്തറ പാകിയത് ഈ കൃതിയാണെന്ന് പറയനാകും. പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ അനുഭവിച്ച അവഗണനകൾ വളരെ ശക്തമായ രീതിയിൽ ഈ കൃതി കൈകാര്യം ചെയ്തു. ഒരു എഴുത്തുകാരിയെന്നതിലുപരി അവർ സ്കൂൾ അധ്യാപികയുമായിരുന്നതിനാൽ അന്നു നിലനിന്നിരുന്ന വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെല്ലാം തന്നെ അവർക്ക് സുപരിചിതമായിരുന്നു. അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം കഴിവുള്ള പൗരന്മാരെ നിർമിക്കുന്നതിന് പകരം അവരെ കഴിവു കെട്ടവരാക്കുകയാണ് എന്നു മേരി തിരിച്ചറിഞ്ഞു. 1786 ൽ പുറത്തിറങ്ങിയ "തോട്ട്സ് ഓൺ എഡ്യുകേഷൻ ഓഫ് ഡോട്ടേഴ്സ്'' ഫ്രഞ്ച് വിപ്ലവത്തിന്റെ വരവറിയിക്കുന്നതായിരുന്നു. അതുകൊണ്ട് തന്നെ മേരിക്ക് പൊതുശ്രദ്ധ ഇതിലൂടെ നേടുവാനായി. ഫ്രഞ്ച് വിപ്ലവം വളരെ വ്യത്യസ്തമായതും തീവ്രമായതുമായ പല ആശയങ്ങൾക്കും ചിന്തകൾക്കും വഴിയൊരുക്കി. വിപ്ലവത്തിന്റെ പ്രതിധ്വനികൾ യൂറോപ്പിലാകമാനം അലയടിച്ചു. ഫ്രഞ്ച് വിപ്ലവത്തിനെതിരായ ആദ്യത്തെ പ്രധാനപ്പെട്ട നിരൂപണങ്ങളിൽ ഒന്നായിരുന്നു,എഡ്മൺഡ് ബർക്കിന്റെ "റിഫളക്ഷൻസ് ഓൺ ദി റെവല്യൂഷൻ ഇൻ ഫ്രാൻസ്''. ഈ ബുക്ക് വിപ്ലവാനുകൂലികളേയും വിപ്ലവാശയങ്ങളേയും പാടേ തള്ളിക്കളയുന്നതും വിമർശിക്കുന്ന തരത്തിലുമായിരുന്നു. ഇതിന് മറുപടി എന്നപോലെയാണ് ''എ വിൻഡികേഷൻ ഓഫ് റൈറ്റ്സ് ഓഫ് വുമെൻ" പബ്ലിഷ് ചെയ്യപ്പെടുന്നത്. ഈ ബുക്ക് ഉടനടി ഫ്രഞ്ചിലേക്കു തർജമ ചെയ്യപ്പെടുകയും ലോക ചരിത്രത്തിലെ സ്ത്രീ അവകാശങ്ങൾ നേടിയെടുക്കുന്നതിനായുള്ള ഒരു പോരാട്ട കൃതിയായി മാറുകയും ചെയ്തു. ഇതിനു ബദലായി ടോം പെയ്ൻ "ദി റൈറ്റ്സ് ഓഫ് മാൻ" എന്ന കൃതി എഴുതുകയും ചെയ്തിരുന്നു.

"എ വിൻഡികേഷൻ ഓഫ് റൈറ്റ്സ് ഓഫ് വുമെൻ" എന്ന ബുക്കിലൂടെ അവർ സ്ത്രീ വിദ്യഭ്യാസത്തിന്റെ പ്രാധാന്യവും വ്യക്തി രൂപീകരണത്തിന് വിദ്യാഭ്യാസ മേഖല വഹിക്കുന്ന പങ്കും കൃത്യമായ രീതിയിൽ വരച്ചു കാണിക്കുന്നു. കൃതിയുടെ ആമുഖം ആരംഭിക്കുന്നത് തന്നെ നാഗരികതയുടെ നിർമാണത്തെ വിമർശിക്കുന്ന രീതിയിലാണ്. ഇതോടൊപ്പം അന്നത്തെ സമൂഹം സ്ത്രീ–പുരുഷ വ്യത്യാസങ്ങൾ ഇത്രയധികം തുറന്നു കാ

ണിച്ച , കടന്നു പോയ മോശം അവസ്ഥയേയും കാണിക്കുന്നു. സ്ത്രീകളെ കഴിവ് കെട്ടവരാക്കി ചിത്രീകരിക്കുന്നതിൽ വിദ്യാഭ്യാസ മേഖല വഹിച്ച പങ്കും വരച്ചു കാണിക്കുന്നു. പുരുഷാധിപത്യം നിരാവധി മേഖലകൾ കടന്നാക്രമിച്ചിരുന്നു. തത്വ ചിന്ത, കലാസാംസ്കാരിക രംഗങ്ങളിലെല്ലാം തന്നെ പുരുഷന്റെ മേൽകോയ്മ അവൻ ഉറപ്പിച്ച് സ്ഥാപിച്ചു കഴിഞ്ഞിരുന്നു.

“വിദ്യാഭ്യാസം ലഭിക്കാത്ത സ്ത്രീകളുടെ മനസ്സ് അടിമത്വത്തിലും അറിവില്ലായ്മയിലും നിലനിക്കുന്നതാണ്”. – *‘എ വിൻഡിക്കേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വുമൻ*

അന്നിറങ്ങിയ ഭൂരിഭാഗം എഴുത്തുകളും ലിംഗ അസമത്വം വിളിച്ചോതുന്നവയായിരുന്നു. സ്ത്രീ കഥാപാത്രങ്ങളെല്ലാം തന്നെ പ്രണയത്തിന്റേയും ത്യാഗത്തിന്റേയും പ്രതീകമായി ചിത്രീകരിച്ചു. അബലയും കഴിവുകെട്ടവളും മാത്രമായി. ചിന്തിക്കാനും ചിന്തിക്കപ്പെടാനുമുള്ള കഴിവ് പുരുഷ വർഗത്തിനുള്ളതാക്കി അന്നത്തെ എഴുത്തുകൾ മാറ്റി. സ്ത്രീ അടുക്കളയുടെ ചുവരുകൾക്കുള്ളിൽ ഒതുങ്ങവേ, നോവലുകളെല്ലാം കുലസ്ത്രീ മഹിമകൾ ചിത്രീകരിച്ചു. സമൂഹം ഇതപലപിച്ചതിന് കാരണം അന്നത്തെ എഴുത്തുകളാണെന്നാണ് മേരി ഈ ബുക്കിലൂടെ പറയുന്നത്.

“മനുഷ്യന്റെ എല്ലാ അവകാശങ്ങളും ലംഘിക്കപ്പെടുന്നതിനു, കാരണം പൊട്ടയായ കീഴ് വഴക്കങ്ങളിലും, അനുസരണയിലും തൂങ്ങിക്കിടക്കുന്നതിനാൽ”– *‘എ വിൻഡിക്കേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വുമൻ’*

എ വിൻഡിക്കേഷൻ ഓഫ് റൈറ്റ്സ് ഓഫ് വുമൻ എന്ന കൃതി ഒരു രാഷ്ട്രീയ സിദ്ധാന്തമായി മാത്രം കണക്കാക്കാൻ കഴിയുകയില്ല. പ്ലേറ്റോയുടെ ‘റിപ്പബ്ലിക്’, റൂസോയുടെ ‘എമിലി’ എന്നിവ പോലെ ഇതിലും സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ ആശയങ്ങളുടെ കൂടിച്ചേരലായി കണക്കാക്കാം. സ്ത്രീകളുടെ ചിന്താശേഷിയുടെ ആഴം വിളിച്ചോതുന്നതിലുപരിയായി സ്ത്രീ വിദ്യാഭ്യാസ മേഖലയിൽ റൂസ്സോ നടത്തിയ പരമാർശങ്ങളെ രൂക്ഷമായ രീതിയിൽ വിമർശിക്കുന്നുമുണ്ട്. റൂസ്സോ പറയുന്നത് സ്ത്രീകൾ ദുർബലരും വ്യക്തമായ ചിന്താശേഷി ഇല്ലാത്തവരുമാണ്. എമിലിയിൽ മുന്നോട്ട് വെക്കുന്ന റൂസ്സോയുടെ വിദ്യാഭ്യാസ വേർതിരിവിനെ മേരി ചോദ്യം ചെയ്യുന്നു. സ്ത്രീകൾ വ്യത്യസ്തമായ രീതിയിൽ കഴിവുള്ളവരാണെന്ന് മേരി വാദിക്കുന്നു. ചിന്തിക്കാനുള്ള കഴിവിന് മേരി എപ്പോളും പ്രധാന്യം നല്കിയിരുന്നു. എപ്പോളും ഈ കഴിവ് ഉപയോഗിച്ച് ശരിയും തെറ്റും തെരഞ്ഞെടുക്കാൻ സ്ത്രീകൾക്കു പ്രചോദനം നൽകി. ചെറുപ്പകാലം മുതൽ കുട്ടികൾ വളർന്നുവരുന്ന അന്തരീക്ഷത്തിന് വരേണ്ട മാറ്റങ്ങളെ കുറിച്ച് ഈ

**“ഏറ്റവും ശ്രേഷ്ഠമായ വിദ്യാഭ്യാസം എന്തെന്നാൽ, എന്റെ കാഴ്ചപ്പാടിൽ ,ഒരു വ്യായാമം ആണ്, ശരീരത്തിന് ബലവും നല്ല ഹൃദയവും നേടിയെടുക്കുവാനായുള്ളത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ഒരു വ്യക്തിക്ക് നല്ല ചിന്താശേഷി ആർജിക്കുന്നതിനുള്ള കഴിവ് നേടലും, അത് സ്വയമേ പ്രതിഫലിപ്പിക്കുന്നതിനുമാണ്. പക്ഷേ, നമ്മുടെ സ്വയമായല്ലാത്ത ആശയങ്ങളിൽ നിന്ന് ഉടലെടുക്കാത്ത നന്മയെ നന്മ എന്നു വിളിക്കുവാൻ കഴിയില്ല. ഈ ആശയമാണ് റൂസോ മുന്നോട്ട് വെച്ച ആൺ ബഹുമാനം. എന്നാൽ ഞാൻ ഇത് സ്ത്രീകളിലേക്ക് നീട്ടുന്നു”.**

ബുക്കിലൂടെ വർണിച്ചു. വളർന്നു വരുന്ന അവസരത്തിൽ തന്നെ പെൺകുട്ടികൾക്കു ചിന്തിക്കാനുള്ള അവസരങ്ങൾ നൽകണമെന്നും,അവളെ മുന്നേ പിന്തുടർന്ന സാമൂഹിക വഴക്കങ്ങളിലൂടെ നടത്താതെ ഒരു മനുഷ്യനായി കണക്കാക്കി തുല്യ വിദ്യാഭ്യാസം ഉറപ്പാക്കണമെന്നും, പുരുഷന്മാരെ പോലെ തന്നെ ജോലിചെയ്യാനും, സമ്പാദിക്കാനുമുള്ള അവസരങ്ങൾ നൽകണമെന്നും വാദിച്ചു. തുല്യവും ഒരുമിച്ചുമുള്ള നിർബന്ധിത വിദ്യാഭ്യാസം എന്ന ആശയം ഈ കൃതിയിലൂടെ മേരി മുന്നോട്ട് വെച്ചു.

“ഏറ്റവും ശ്രേഷ്ഠമായ വിദ്യാഭ്യാസം എന്തെന്നാൽ, എന്റെ കാഴ്ചപ്പാടിൽ ,ഒരു വ്യായാമം ആണ്, ശരീരത്തിന് ബലവും നല്ല ഹൃദയവും നേടിയെടുക്കുവാനായുള്ളത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ഒരു വ്യക്തിക്ക് നല്ല ചിന്താശേഷി ആർജിക്കുന്നതിനുള്ള കഴിവ് നേടലും, അത് സ്വയമേ പ്രതിഫലിപ്പിക്കുന്നതിനുമാണ്. പക്ഷേ, നമ്മുടെ സ്വയമായല്ലാത്ത ആശയങ്ങളിൽ നിന്ന് ഉടലെടുക്കാത്ത നന്മയെ നന്മ എന്നു വിളിക്കുവാൻ കഴിയില്ല. ഈ ആശയമാണ് റൂസോ മുന്നോട്ട് വെച്ച ആൺ ബഹുമാനം. എന്നാൽ ഞാൻ ഇത് സ്ത്രീകളിലേക്ക് നീട്ടുന്നു”.

പുരുഷാധിപത്യ സമൂഹം സ്ത്രീകളെ യുക്തിസഹമായ മനുഷ്യരേക്കാൾ അകർഷകമായ യജമാനത്തികളാക്കാൻ ശ്രമിച്ചു. അസ്തിത്വം തന്നെ നമാവശേഷമാക്കി. മാറ്റി നിർത്തപ്പെട്ട ഒരുകൂട്ടം ജനതയുടെ പ്രതീകമായി പ്രസവിക്കാനും പിൻഗാ

മികളെ ഉണ്ടാക്കാനുമുള്ള വസ്തുവായി സ്ത്രീകളെ മാറ്റി. കലാന്തരങ്ങളാൽ പിന്തുടർന്ന വഴക്കങ്ങളെ തെറ്റിക്കുവാനോ ചട്ടക്കൂടിൽ നിന്നു പുറത്തു വരാനോ അവൾക്ക് കഴിഞ്ഞില്ല. പുരുഷന്മാർ കൊടുക്കുന്ന സ്നേഹവും കരുതലുമാണ് എന്നും സ്ത്രീകൾ ആഗ്രഹിക്കുന്നത് എന്ന തരത്തിൽ എഴുത്തുകളിലെല്ലാം തന്നെ പുരുഷന്മാർ ആവർത്തിച്ച് പോന്നു. എന്നാൽ മേരി വൈകാരികമായി കാര്യങ്ങൾ എടുക്കാതെ വളരെ നിഷ്പക്ഷമായി കാര്യങ്ങൾ കാണാനും, ആശയങ്ങളെ തുറന്നു കാണിക്കുവാനും ഇതിലൂടെ ശ്രമിച്ചു. ലിംഗ അസമത്വം സമൂഹം ഉണ്ടാക്കിയെടുത്തത് ആണെന്നും, അത് തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നുവെന്നും എഴുത്തുകളിലൂടെ വാദിച്ചു.

ടെളെരാൻഡ് ഓഫ് ഫ്രാൻസ് എന്ന ബിഷപ്പിനാണ് ഈ എഴുത്ത് അവർ സമർപ്പിച്ചത്. അദ്ദേഹം സ്ത്രീകളുടെ അവകാശങ്ങൾക്കും സ്ത്രീ വിദ്യാഭ്യാസത്തിനുമായി പോരാടിയിട്ടുള്ള ഒരു വ്യക്തിയാണ്. മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ് എഴുത്തിലൂടെ നടത്തിയ പോരാട്ടങ്ങൾക്ക് ഫലമെന്നവണ്ണം നിരവധി മാറ്റങ്ങൾ ഉണ്ടായെന്ന് പറയാൻ കഴിയും. 1870 ൽ സ്ത്രീ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വന്നു. പൊതു സ്കൂളുകൾ നിലവിൽ വന്നു. വുമെൻസ് കോളേജ് ഇൻ ലണ്ടൻ സ്ഥാപിതമായി. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് കോളേജുകൾ തുറന്നു. സ്ത്രീ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ പുതുമാറ്റങ്ങൾ കൊണ്ടുവരാൻ മേരിക്ക് കഴിഞ്ഞു.

**ഉപസംഹാരം**

വിദ്യാഭ്യാസം ഓരോ വ്യക്തിയിലും വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചും, വ്യക്തിത്വവികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിനെ കുറിച്ചും മേരിവുൾസ്റ്റോൺക്രാഫ്റ്റിന് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരണമെങ്കിൽ തുല്യമായ വിദ്യാഭ്യാസം ഉറപ്പാക്കണം എന്ന ഉറപ്പായ തീരുമാനം അവർക്കുണ്ടായിരുന്നു. വിദ്യാഭ്യാസം ഓരോ മനുഷ്യന്റെയും ജീവിത അവകാശമായി കണക്കാക്കി. സാമൂഹിക പരിവർത്തനത്തിൽ ഇതിനുള്ള പങ്കും ചൂണ്ടിക്കാട്ടി. പുരുഷ-സ്ത്രീ വ്യത്യാസങ്ങൾ പരമിതമാണെന്ന തിരിച്ചറിവ് ഉണ്ടാക്കാനായി നിരന്തരം ശ്രമിച്ചു. എന്നാൽ അവഗണനകളും നിയന്ത്രണങ്ങളും ഇന്നും കുറവല്ല. പല മേഖലകളിലും നിയന്ത്രണങ്ങൾ ഇന്നും ശക്തമാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇന്നത്തെ കാലയളവിൽ എത്ര സ്ത്രീ തത്വചിന്തകരെ നമുക്ക് കാണാൻ കഴിയും? ഒന്നോ രണ്ടോ മാത്രം. സ്ത്രീകൾ നടത്തിയ പോരാട്ടങ്ങളും മുന്നേറ്റങ്ങളും ഇനിയും അറിയപ്പെടാതെ പോകരുത്. എല്ലാ മേഖലകളിലും അവർ ആഗ്രഹിക്കുന്ന നേട്ടങ്ങൾ ഉണ്ടാക്കാൻ അവരെ പ്രോൽസാഹിപ്പിക്കുക. വേണ്ട സഹായങ്ങൾ കൊടുക്കുക. അവരും ആവരുടെ ആഗ്രഹങ്ങളും ഇഷ്ടങ്ങളും താല്പര്യങ്ങളും നിറവേറ്റി ജീവിക്കട്ടെ. രണ്ടാം തരക്കാരായി അല്ല മനുഷ്യരായി.

**ഗ്രന്ഥ സൂചിക :**


ക്രാസിയം, സി(2002)എ റുടെലെഡ്ജ് ലിറ്റററി സോഴ്സ് ബുക്ക് ഓൺ മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്സ് ''എ വിൻഡിക്കേഷൻ ഓഫ് റൈറ്റ്സ് ഓഫ് വുമെൻ", ലണ്ടൻ : റൌടെലഡ്ജ് ഫാൾകോ, എം. ജെ. (എഡ്)(1966) ഫെമിനിസ്റ്റ് ഇൻ ടെർപ്രെറ്റേഷൻസ് ഓഫ് മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്, പെൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രെസ്സ്.

ജാകോബ്സ്, ഡി.(2001). ഹെർ ഓൺ വുമെൻ: ദി ലയിഫ് ഓഫ് മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്. ന്യൂയോർക്: സിമൊൺ &സച്ചസേർ.

കെല്ലി, ജി.(1995) റെവെല്യൂഷണറിഫെമിനി ഫെമിനിസം: ദി മയിൻഡ് ആൻഡ് കരിയർ ഓഫ് മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്, ന്യൂയോർക്: സെൻറ് മാർട്ടിൻസ്.

ഗോർഡൺ, എൽ .(2005) മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്: എ ന്യൂ ജെനെസ്. ലണ്ടൻ: ലിറ്റിൽ, ബ്രവുൺ.

മില്ലെർ,സി.(1999) മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ് ആൻഡ് റൈറ്റ്സ് ഓഫ് വുമെ, മോർഗൻ റെയ്നോൾഡ്സ്.

മൂർ, ജെ(1999) മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്, നോർത്ത്കോട്ട് ഹൗസ് എഡുക്കേഷണൽ പബ്ലിഷേഴ്സ്.

ടെയിലേർ, ബി. (2003)മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്: എ ഫെമിനിസ്റ്റ് ഈമാജിനേഷൻ, കെംബ്രിഡ്ജ്: യൂണിവേർസിറ്റി ഓഫ് കെംബ്രിഡ്ജ്.

ടോഡ്,ജെ. (2000) മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ്: എ റെവെല്യൂഷണറി ലയിഫ്, ലണ്ടൻ : വിഡെൻ ഫീൽഡ് ആൻഡ് നികോളസോൻ

വൂൾസ്റ്റോൺക്രാഫ്റ്റ്, മേരി (1993)പൊളിറ്റിക്കൽ റൈറ്റിങ്സ്: എ വിൻഡികേഷൻ ഓഫ് റൈറ്റ്സ് ഓഫ് വുമെൻ; ആൻഡ് ആൻ ഹിസ്റ്റോറിക്കൽ ആൻഡ് മോറൽ വ്യൂ iuc ഓഫ് ദി ഒറിജിൻ ആൻഡ് പ്രോഗ്രെസ് ഓഫ് ഫ്രെഞ്ച് റെവെല്യൂഷൻ, എഡ്. ബൈ ജാനറ്റ് ടോഡ്, ടൊറണ്ടോ.

ചർച്ചാവിഷയം

# ഇന്ത്യൻ തത്ത്വചിന്തയിൽ സ്ത്രീകളുടെ പ്രാതിനിധ്യം





ഡോ. മായ എസ്.
അധ്യാപിക
തത്വശാസ്ത്രവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്,
തൃശൂർ



പ്രാചീന ഇന്ത്യൻ തത്ത്വചിന്തയുടെ അടിസ്ഥാനസ്വഭാവം വൈദികതയും ആത്മീയതയും ആണ് എന്ന് കാണാം. ആധുനികതയിലും അത് വിട്ടുമാറിയിട്ടില്ല. ലോപമുദ്ര, ശാരദാദേവി, ഗൗരിമാ തുടങ്ങിയ ചില സ്ത്രീകൾ ഇതേ പാത പാലിച്ചു വേദോപനിഷദിക് വിജ്ഞാനങ്ങൾ നേടി ആത്മീയതയിൽ ചരിച്ചതായിക്കാണാമെങ്കിലും, സ്ത്രീകളുടെ ജീവിതാവസ്ഥകളെയും തുല്യ-നീതിരഹിത സാമൂഹ്യപ്രശ്നങ്ങളെയും ഉന്നയിച്ചുകൊണ്ട് വിമർശന ചിന്തയുമായി മുന്നോട്ടുവന്നിട്ടുള്ള പണ്ഡിത രമാബായി, താരാബായി ഷിൻഡെ, സാവിത്രിബായ് ഫൂലെ തുടങ്ങിയവരെയും രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും ചരിത്രത്തിൽ തിരഞ്ഞാൽ കാണാം. ആനുകാലിക തത്ത്വചിന്തകരായി തത്ത്വചിന്ത-ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സ്വാമി വിവേകാനന്ദൻ, ശ്രീനാരായണ ഗുരു, അരബിന്ദോ, ഗാന്ധിജി തുടങ്ങിയവരിലൊക്കെ വൈദികതയും ആത്മീയതയും ദർശിക്കാം. വേദങ്ങളെ അടിസ്ഥാനമാക്കിയുള്ള തത്ത്വചിന്താപദ്ധതിയാണ് പ്രധാനമായി ഇന്ത്യയിൽ കണക്കാക്കിയിട്ടുള്ളത് എന്നതിനാൽ, അത് ജാതീയതയുടേയും ലിംഗനീതിയുടേയും പ്രശ്നങ്ങളെ പരിഹരിക്കാൻ ഉപകരിക്കുന്നതല്ല എന്ന വിമർശനം അടുത്ത കാലത്തായി ശക്തി പ്രാപിക്കുന്നുണ്ട്. ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാക്കിവെച്ചതു തന്നെ ഒരു പക്ഷെ വേദങ്ങളും അവയുടെ ചുവടുപിടിച്ചുള്ള ഉപനിഷത്തുക്കളും പുരാണങ്ങളും സ്മൃതികളുമാണെന്നു വരെ വിമർശിക്കാനാവും. ഹിന്ദു മതത്തിന്റെ അടിസ്ഥാനപുസ്തകങ്ങളായ ഇവകൾ വളരെയധികം ജീവിതവിശകലനം നടത്താനും കാഴ്ചപ്പാടുകൾ മെനയാനും വേണ്ടുന്നതരം താത്ത്വിക അടിത്തറ പാകുന്നുണ്ട്. എന്നാൽ അവയിൽ സ്ത്രീവിരുദ്ധത ധാരാളമുള്ളതായി കാണാനാകും. അവയുടെ അപഗ്രഥനങ്ങളുടെ കു



ഴപ്പമാണ് അടിസ്ഥാന മതപുസ്തങ്ങളുടെ കുഴപ്പമല്ല എന്ന് വാദിക്കുന്നവരുണ്ട്. പക്ഷെ എന്താണ് അടിസ്ഥാനപുസ്തകം, ആരാണ് അവ എഴുതിയത്, എപ്പോഴാണ് എഴുതിയത് എന്നുള്ള കാര്യങ്ങൾ വ്യക്തമല്ല. അതിനാലൊക്കെത്തന്നെ, ക്രിസ്തുവിനു മുൻപ് എന്ന് ഗണിക്കപ്പെടുന്ന കാലത്ത് ആയിരമോ അയ്യായിരമോ വർഷങ്ങൾക്കു മുൻപ് ഏതോ മുനിമാർ എഴുതിയതും ബ്രാഹ്മണപുരുഷന്മാർക്കല്ലാതെ മറ്റു മനുഷ്യർക്കൊക്കെ നിഷേധിക്കപ്പെട്ടിരുന്നതുമായ സംസ്കൃതഭാഷയിലുണ്ടായ ഈ താത്ത്വികപുസ്തകങ്ങൾതന്നെ ഇന്നും മുഖവിലക്കെടുത്ത് ഭാരതീയദർശനം എന്ന നിലയിൽ കൊണ്ടാടുന്നതിൽ വലിയ കാര്യമില്ല എന്ന് സ്ത്രീപക്ഷ സൈദ്ധാന്തികത ഉന്നയിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യൻ തത്ത്വചിന്തയിലുള്ള സ്ത്രീകളെക്കുറിച്ച് അന്വേഷിക്കുകയാണെങ്കിൽ ബുദ്ധകാലഘട്ടത്തിൽ മുതൽ അവരുടെ സാന്നിദ്ധ്യം കാണാം. പ്രത്യേകിച്ചും സ്ത്രീപക്ഷപ്രശ്നങ്ങൾ ഉന്നയിച്ചു കൊണ്ട് ജീവിതത്തിന്റെ അർഥം തേടുകയും സ്ത്രീയുടെ അസ്തിത്വം തേടുകയും ചെയ്യുന്നതാണ് ബുദ്ധസന്യാസിനിമാരുടെ ചിന്തകൾ. തേരിഗാഥ എന്ന പേരിൽ തേരികൾ എന്നറിയപ്പെടുന്ന ആദ്യകാല ബുദ്ധസന്യാസിനിമാർ എഴുതിയ താത്ത്വികകാവ്യങ്ങൾ സ്ത്രീജീവിതത്തിന്റെ ഗാർഹിക നിരർത്ഥകതകൾ എടുത്തുകാണിക്കുന്നു. മുത്ത, സോമ , സുമംഗലമാത, തുടങ്ങി നിരവധി ബുദ്ധസന്യാസിനിമാർ എഴുതിയ വരികൾ വായിച്ചാൽ, ഗാർഹ്യസ്ഥത്തിന്റെ പരിവട്ടങ്ങളിൽ മനം നൊന്തു തന്നെയാണ് അവർ അതുപേക്ഷിച്ചു സന്യാസത്തിലേക്ക് പോകുന്നത് എന്ന് കാണാം. പാചകപാത്രങ്ങളിൽ നിന്നും അടുക്കളയിൽ നിന്നും പതിസേവയിൽ നിന്നും മോചിതരാകാനുള്ള മാർഗമായിത്തന്നെയാണ് അവർ സന്യാസത്തെ കണ്ടത് എന്ന് സ്പഷ്ടമാകുന്ന വരികളാണ് ബി.സി. ആറാം നൂറ്റാണ്ടിനും നാലാം നൂറ്റാണ്ടിനുമിടയിൽ എഴുതപ്പെട്ട തേരിഗാഥയിലുടനീളം ഉള്ളത്. ഹിന്ദുമതത്തിൽ സ്ത്രീകളെ സന്യാസത്തിനും ആത്മീയതക്കുമൊന്നും ഉതകാത്ത, പുരുഷസേവയിൽ മാത്രം ജീവിക്കേണ്ടുന്നവരായി– അതിൽ മാത്രം മോക്ഷം സാധ്യമായവരുമായി– കണക്കാക്കുന്നതിനാൽതന്നെയാണ് ഈ സ്ത്രീകൾ ബുദ്ധസന്യാസിനിമാരായി മാറുന്നത് എന്ന് കാണേണ്ടിയിരിക്കുന്നു.



POEMS WITH THREE VERSES

**Soma**

*Spoken by Mara to her*

It[12] is hard to get to the place that sages want to reach, 60
it's not possible for a woman,
especially not one with only two fingers' worth of wisdom.

*Soma replied*

What does being a woman have to do with it? 61
What counts is that the heart is settled
and that one sees what really is.

What you take as pleasures are not for me, 62
the mass of mental darkness is split open.
Know this, evil one, you are defeated, you are finished.

തേരിഗാഥയിൽ നിന്ന്

വേദാടിസ്ഥാനത്തിൽ പിന്നീട് ക്രിസ്ത്വബ്ദത്തോടടുപ്പിച്ച കാലയളവിൽ എഴുതപ്പെട്ടതെന്നു വിശ്വസിക്കപ്പെടുന്ന മനുസ്മൃതിയിൽ ഇക്കാര്യം വ്യക്തമായും പറയുന്നുമുണ്ട്. മന്ത്രോച്ചാരണമോ മറ്റു മത–ദൈവീക–പൂജാകർമ്മങ്ങളോ അനുവദിക്കാനാകാത്ത സ്വന്തമായി ആത്മീയതയില്ലാത്ത മോക്ഷസാധ്യതയില്ലാത്ത വിധമുള്ള ജഡവസ്തു ആണ് സ്ത്രീ എന്നാണ് മനുസ്മൃതി പറയുന്നത്. ഭർത്താവ് എന്ന പുരുഷനല്ലാതെ ഏതെങ്കിലും പുരുഷനുമായി ലൈംഗികബന്ധമുണ്ടായതിന്റെ പേരിൽ സ്ത്രീകളെ സ്മാർത്തവിചാരത്തിൽ 'സാധനം' എന്ന് വിളിക്കുന്നതു മാത്രമല്ല, പാതിവ്രത്യത്തിൽ മുഴുകി മാത്രം –ഒരുപക്ഷെ ഭർത്താവുണ്ടെ

ങ്കിലും കന്യകയായിത്തന്നെ– ജീവിക്കുന്നുവെങ്കിലും സ്ത്രീയെ വസ്തുവൽക്കരിച്ചു മാത്രമാണ് കാണുന്നത്. ബുദ്ധമതത്തിൽ അത്തരത്തിലുള്ള ആശയങ്ങൾ ഇല്ലെങ്കിലും, ബുദ്ധൻ തന്റെ അനുയായികളുമായി ചർച്ച ചെയ്തു തീരുമാനിച്ച പ്രകാരം എട്ടു നിയമങ്ങൾ പാലിച്ചുകൊണ്ടാണെങ്കിൽ മാത്രമാണ് സ്ത്രീകൾക്ക് സംഘത്തിലേക്ക് അംഗത്വം ഉറപ്പിച്ചതത്രെ. ഇതിൽനിന്നും സംഘം അടിസ്ഥാനപരമായും പുരുഷന്മാരുടേതു തന്നെയാണ് എന്നും സ്ത്രീകൾക്ക് അതിനകത്തു പുരുഷ സന്യാസിമാരിൽനിന്ന് താഴ്ന്ന സ്ഥാനമാണ് ഉണ്ടായത് എന്നും ധ്വനി ഉണ്ട്. ബി. സി. എട്ടാം നൂറ്റാണ്ടുമുതൽ പ്രചാരത്തിൽ വന്ന ബുദ്ധമതത്തിന് ഹിന്ദുമതത്തെക്കാൾ സ്വീകാര്യത വന്നുതുടങ്ങിയോ എന്ന ഭയത്താൽ ഹിന്ദു പുനരുദ്ധാരണത്തിന് എഴുതപ്പെട്ടവയാണ് പുരാണേതിഹാസങ്ങളും സ്മൃതികളും ധർമശാസ്ത്രങ്ങളും എന്ന് വിലയിരുത്താം. മനുഷ്യജീവിതത്തിന്റെ രീതിയും ഘടനയും നിശ്ചയിക്കാൻ എഴുതപ്പെട്ടവയാണ് ധർമശാസ്ത്രങ്ങൾ എന്ന് തന്നെയാണ് പറയുന്നത്. എന്നാൽ അവ എത്രമാത്രം സ്ത്രീവിരുദ്ധമാണ് എന്നത് നമ്മുടെ നാട്ടിലെ ഇന്നത്തെ സ്ത്രീവിരുദ്ധ സമൂഹത്തിന്റെ ആവിർഭാവത്തിനും നടത്തിപ്പോരലിനും കാരണമായിട്ടുണ്ട് എന്ന കാര്യം നിഷേധിക്കാനാവില്ല.



ക്രിസ്ത്വബ്ദത്തിനു മുൻപായി ഉപനിഷദിക് കാലഘട്ടത്തിൽ സ്ത്രീപക്ഷ ചിന്തകൾ ഉന്നയിച്ചതായി എടുത്തുപറയപ്പെടുന്ന രണ്ടു പേരാണ് മൈത്രേയിയും ഗാർഗിയും. ബൃഹദാരണ്യക ഉപനിഷത്തിൽ ഗാർഗി യാജ്ഞവല്ക്യനോട് കാര്യകാരണസഹിതം നിരവധി ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുന്നതായി പറയുന്നു. തത്ത്വചിന്തയിലെ തർക്കശാസ്ത്രത്തിന്റെ ഇൻഫിനിറ്റ് റിഗ്രെസ്സ് അഥവാ അന്തമില്ലാതെ കാരണങ്ങൾ ഉന്നയിക്കുന്ന സാധ്യത ഇതിൽ ദർശിക്കാനാവുമെന്ന് ചില ചിന്തകർ അഭിപ്രായപ്പെടുന്നു. കൂടാതെ ബുദ്ധിസ്റ്റ് രീതിയിലുള്ള പ്രതീത്യസമുദ്പാദ എന്ന് വിളിക്കപ്പെടുന്ന പന്ത്രണ്ടിന കാരണചക്രത്തിന്റെ രീതിയും ചിലരിതിൽ ദർശിക്കുന്നു. യാജ്ഞവല്ക്യനെക്കാളും ഒട്ടും പിന്നിലല്ലാത്ത ബുദ്ധിമതിയായ തത്വചിന്തകയായിരുന്നു ഗാർഗിയെന്ന് കാണാൻ കഴിയും. യാജ്ഞവല്ക്യമുനിയുടെ രണ്ടാമത്തെ ഭാര്യയായ മൈത്രേയി ഭാര്യമാരുടെ സമ്പത്തിന്റെ അവകാശത്തെക്കുറിച്ചും രണ്ടു ഭാര്യമാർക്കിടയിൽ അത് പകുക്കുന്നതിന്റെ കാര്യങ്ങളെക്കുറിച്ചും ചോദിക്കുന്നതായി ബൃഹദാരണ്യക ഉപനിഷത്തിൽ കാണുന്നു. അക്കാലത്തു സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും സമ്പത്തിന്റെ തത്ത്വങ്ങളെക്കുറിച്ചും ചിന്തിച്ച സ്ത്രീയായിരുന്നു മൈത്രേയി എന്നത് അന്നും സ്ത്രീകളുടെ അവസ്ഥ എന്തായിരുന്നു എന്നുകൂടി തെളിയിക്കുന്നു. ബഹുഭാര്യാത്വത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചും തദ്വാര പുരുഷകേന്ദ്രിത വ്യവസ്ഥിതിയെക്കുറിച്ചും ഉള്ള വിമർശന ചിന്ത സ്ത്രീകളിൽ ഉണ്ടായിരുന്നതായി ഇവിടെക്കാണാം.

ക്രിസ്ത്വബ്ദത്തിന്റെ തുടക്കത്തിൽ മുതൽ ആധുനികതയുടെ മുൻപ് വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യൻ തത്ത്വചിന്തയിൽ ഉണ്ടായ വേദാന്തം, മീമാംസ, സാംഖ്യം, യോഗം, ന്യായം, വൈശേഷികം എന്നിങ്ങനെയുള്ള ഷഡ്ദർശനങ്ങളിൽ ജ്ഞാനശാസ്ത്രപരമായി കാര്യപ്പെട്ട താത്ത്വികവൽക്കരണം ഉണ്ടായി എങ്കിലും, ഭാവശാസ്ത്രപരമായി അതിഭൗതികതയുടെ കേവലവാദത്തിൽ ഭാരതീയദർശനം മുങ്ങിക്കിടന്നു. ആത്യന്തികമായ കേവലയാഥാർഥ്യം അപ്പോഴും വേദാന്തത്തിൽ പറയുന്ന ബ്രഹ്മനായിരുന്നു. വേദാന്തത്തിലും സാംഖ്യത്തിലും പറയുന്ന ആത്മൻ–ബ്രഹ്മൻ, പ്രകൃതി–പുരുഷ എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങളിൽ ആയിരുന്നു യാഥാർഥ്യചിന്തയുടെ മേൽക്കയ്യ്. ഇത് സ്ത്രീ–പുരുഷ ദ്വന്ദ്വങ്ങളുടെ ആശയങ്ങൾക്കും ആക്കം കൂട്ടിയെന്നുള്ള അടുത്തകാലത്തുണ്ടായിട്ടുള്ള വിലയിരുത്തലുകൾ സ്ത്രീപഠനങ്ങളിൽ ഉണ്ട്.

സ്ത്രീവിരുദ്ധമായ സാമൂഹ്യ–സാംസ്ക്കാരിക –മത സ്ഥാപനങ്ങളോട് മല്ലിട്ടുകൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ ജീവിതതത്ത്വങ്ങൾ മെനഞ്ഞതിൽ പിന്നീടുള്ള കാലഘട്ടത്തിൽ കാണാവുന്നത് മീരാബായ് എന്ന കൃഷ്ണഭക്തയെയാണ്. യുദ്ധവും വിനകളും നിറഞ്ഞ പുരുഷാധിപത്യ സമൂഹത്തിന്റെ എതിരെയുള്ള ഒരു പ്രതികരണമാണ് മീരാബായ് എന്ന് കാണാം. അവർ ഒരു വിധവയായിരുന്നു എന്നും, അതല്ല രജപുത്രരാജാവിന്റെ വധുവായിരുന്ന അവർ ഭർത്താവിനെ പ്രേമിക്കാതെ ദൈവീകരൂപത്തിലുള്ള കൃഷ്ണനെ പ്രേമിക്കുകയും ഗാർഹസ്ഥ്യത്തിലൊതുങ്ങാതെ ഭക്തമീര എന്നതരത്തിൽ ജീവിതഗന്ധിയായ കാവ്യങ്ങൾ പാടിക്കൊ

ണ്ട് അലഞ്ഞുള്ള ജീവിതം നയിക്കുകയും ചെയ്തു എന്നും വിവിധ പരാമർശങ്ങൾ ഉണ്ട്. എന്തായിരുന്നാലും മീരാഭായി മുന്നോട്ടുവെച്ചത് അന്നത്തെ കാലഘട്ടത്തിൽ ഒരു സ്ത്രീക്ക് തന്റെ ജീവിതം കൊണ്ട് നൽകാവുന്ന  ഒരു സ്ത്രീപക്ഷ തത്ത്വമാണ്  എന്ന് കാണാം. പുരുഷാധിപത്യ കുടുംബ വ്യവസ്ഥിതിയുടെ പുരുഷതത്ത്വങ്ങളെ പൊളിച്ചെഴുതുന്നതിനുള്ള ശ്രമം ബുദ്ധസന്യാസിനിമാർ ചെയ്തതുപോലെ തന്നെ മീരാബായിയിലും  വായിച്ചെടുക്കാം.



പണ്ഡിത രമാബായി

ഇന്ത്യയിലെ ബൗദ്ധികതയുടെ തലത്തിൽ ചിന്തിച്ചാൽ രാജഭരണ കാലത്തുള്ള പുരുഷാധിപത്യം കോളനിവത്കൃത കാലത്തും മാറിയില്ല. പതിനേഴാം നൂറ്റാണ്ടിലും പതിനെട്ടാം നൂറ്റാണ്ടിലുമൊക്കെ ഇന്ത്യ കണ്ട കോളനിവത്കരണം എല്ലാവിധത്തിലുമുള്ള സമ്പത്തും ചൂഷണത്തെ ചെയ്യപ്പെടുന്നതിൽ കലാശിച്ചിരുന്നല്ലോ. ഇതിൽ താത്ത്വിക-ചിന്താസമ്പത്തും ചൂഷണം ചെയ്യപ്പെട്ടുവെന്നു കാണാം. ബ്രിട്ടീഷുകാരുടെ നേതൃത്ത്വത്തിൽ ജർമൻകാരായ മാക്സ് മുള്ളരും ബൂളരും ചേർന്ന് 'ഇന്ത്യയുടെ പരിശുദ്ധപുസ്തകങ്ങൾ' എന്ന പേരിൽ വേദോപനിഷത്തുക്കളും പുരാണേതിഹാസങ്ങളും സ്മൃതികളും ധർമശാസ്ത്രങ്ങളും ഇംഗ്ലീഷിലേക്കു തർജമചെയ്ത് അവർക്കുതോന്നിയതരത്തിൽ  അപഗ്രഥനങ്ങൾ നടത്തി. എന്നാൽ തർജമചെയ്തു എന്നത് ചില ഗുണങ്ങളും ചെയ്തു എന്നും കാണേണ്ടതുണ്ട്. ബ്രാഹ്മണപുരുഷാധിപത്യത്തിലുള്ള, വിജ്ഞാനപുസ്തകങ്ങൾ എന്ന് പറയപ്പെടുന്നവയിൽ എന്താണുള്ളതെന്ന് ഇന്ത്യയിലെ മറ്റു മനുഷ്യർക്ക് വായിച്ചു മനസ്സിലാക്കാനും വിമർശിക്കാനും കഴിയുന്നു എന്ന ഗുണം. സംസ്കൃതം പഠിക്കുന്നതിൽ വിലക്കുണ്ടായിരുന്ന സ്ത്രീകൾക്കും വേദം കേട്ടാൽ ചെവിയിൽ ഈയമുരുക്കി ഒഴിക്കപ്പെടും എന്നുണ്ടായിരുന്നു. ബ്രാഹ്മണേതര  ജാതിക്കാർക്കും, ഇന്ത്യയിലുണ്ടായ വിജ്ഞാന പുസ്തകങ്ങൾ അറിയാനും അതിന്റെ ഗുണദോഷവശങ്ങൾ മനസ്സിലാക്കാനും കൂടുതലായും വഴിയൊരുക്കിയത് ഈ തർജ്ജമകൾ തന്നെയാണ്.

എന്നാൽ ആധുനിക ഇന്ത്യൻസ്ത്രീപക്ഷ താത്ത്വിക, പണ്ഡിത രമാബായി സംസ്കൃതവും ഇംഗ്ലീഷും പഠിക്കുകയും മതവും ആത്മീയതയുമൊക്കെ വിമർശിക്കുകയും നിരാകരിക്കുകയും ചെയ്ത വ്യക്തിയാണ്. മറാത്തി-കൊങ്കണി ബ്രാഹ്മണ കുലത്തിൽ അന്നത്തെ മദ്രാസ് പ്രവിശ്യയിൽ 1858-ൽ  ജനിച്ച്, ബ്രാഹ്മണേതര ജാതിയിൽ വിവാഹം കഴിച്ച്, കുഞ്ഞു ജനിച്ചതോടെ വിധവയായ അവർ, മനുസ്മൃതിയെ നിശിതമായി വിമർശിച്ചുകൊണ്ട് എഴുതുകയും, ബ്രാഹ്മണ പുരുഷാധിപത്യത്തിനെതിരായി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്തു. കൈക്കുഞ്ഞായ മകളുമൊത്തു ഇംഗണ്ടിൽ പോയി ഉന്നതവിദ്യാഭ്യാസം ചെയ്യുകയും ജോലി ചെയ്യുകയും ചെയ്തു.  പിന്നീട് പള്ളിയുമായിട്ടുള്ള ചില കാര്യങ്ങളിലും  ക്രിസ്തീയതത്ത്വങ്ങളിലും ഉള്ള അഭിപ്രായ വ്യത്യാസത്തിൽ അതിൽ നിന്നും വിട്ടുപോകുന്ന രമാബായ്, ഇന്ത്യയിലേക്ക് തിരിച്ചു വന്നു  സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും അവകാശങ്ങൾക്കും വേണ്ടി പ്രവർത്തിച്ചു. തന്റെ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് സമാഹരണത്തിനു വേണ്ടി അമേരിക്കയിൽ പോയി സ്ത്രീപ്രശ്നങ്ങളെക്കുറിച്ചും ഇന്ത്യൻ സാഹചര്യങ്ങളെക്കുറിച്ചും മതങ്ങളെക്കുറിച്ചും താത്ത്വിക പ്രസംഗങ്ങൾ  നടത്തി. ഹിന്ദു വിധവകളുടെ പ്രശ്നങ്ങൾ തുടങ്ങി അവർ പ്രവർത്തിച്ച നിരവധി പ്രശ്നങ്ങൾക്കു കാരണം ഹിന്ദു മതപുസ്തകങ്ങളിലെ  തത്ത്വങ്ങളാണ് എന്ന് അവർ യുക്തിയുക്തം വിമർശനാവലോകനം നടത്തിക്കൊണ്ടു എഴുതുകയും ചർച്ച ചെയ്യുകയും ചെയ്തു. ഇന്ത്യയിൽ മതവും തത്ത്വചിന്തയും അങ്ങേയറ്റം കെട്ട് പിണഞ്ഞു കിടക്കുന്നു എന്നതിനാലും മതവുമായി ബന്ധപ്പെട്ടു സ്ത്രീപക്ഷപരമായി തുറന്ന വിമർശനങ്ങൾ ഉന്നയിച്ചു എന്നതിനാലും, ഇന്ത്യൻ തത്ത്വചിന്തയിൽ പണ്ഡിത രമാബായ്ക്കു  പ്രസക്തമായ സ്ഥാനം നൽകേണ്ടിയിരിക്കുന്നു.

ആധുനിക ഇന്ത്യൻതത്ത്വചിന്തയിൽ ആത്മീയതയുടേയും മതത്തിന്റേയും അകമ്പടിയില്ലാതെ, സാമൂഹ്യ-സാംസ്ക്കാരിക- രാഷ്ട്രീയ  പ്രശ്നങ്ങളെ മുൻനിർത്തി ചിന്താപദ്ധതികളും പ്രവർത്തനപദ്ധതികളും മെനഞ്ഞ അപൂർവം സാമൂഹ്യ പരിഷ്ക്കർത്താക്കളെ ഉണ്ടായിട്ടുള്ളൂ. അവരിൽ ചിലർ ദേശീയ പ്രസ്ഥാനത്തിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ഉണ്ടായിട്ടുള്ള പുരുഷന്മാരും അവരുടെ ബന്ധുത്വത്തിലും പരിചയത്തിലും നിന്ന് വന്നിട്ടുള്ള സ്ത്രീകളുമാണ്. അക്കൂട്ടത്തിൽ സ്വയം പ്രവർത്തിച്ചു വന്ന സ്ത്രീയെന്ന നിലക്ക്  ആധുനിക ഇന്ത്യൻ തത്ത്വചിന്തകരിൽ സ്ത്രീപ്രാതിനിധ്യമായി രമാബാ

യ് കണക്കാക്കപ്പെടണം. വെജിറ്റേറിയനിസം പിന്തുടർന്നതിനാലും 'ഉയർന്ന ജാതിയിലെ സ്ത്രീ' എന്ന തലക്കെട്ടിൽ ബാല്യ വിവാഹം, കന്യകകളായ വിധവകൾ, തുടങ്ങിയ ബ്രാഹ്മണ സ്ത്രീകളുടെ പ്രശ്നങ്ങൾ എഴുതിയതിനാലും, അവർ ബ്രാഹ്മണ രീതികൾ പിന്തുടരുന്നതായും സവർണത നിരാകരിച്ചിട്ടില്ല എന്നുമൊക്കെയുള്ള വിമർശനങ്ങൾ ചിലരുന്നയിക്കുന്നെങ്കിലും, സ്ത്രീപക്ഷപരമായി ചിന്തിച്ചാലും തത്ത്വചിന്താപരമായി വിലയിരുത്തിയാലും രമാബായിയുടെ പങ്ക് ഇന്ത്യൻ ചരിത്രത്തിൽ നിർണായകമാണ്. അവരുടെ പാണ്ഡിത്യത്തിന്റെ അംഗീകാരമായിട്ടാണ് കൽക്കട്ട യൂണിവേഴ്സിറ്റി അവർക്ക് ബഹുമതി നൽകിയത്.

രാജറാംമോഹൻറായ് സതി നിർത്തലാക്കുന്നതിന് പ്രവർത്തിച്ചപോലെതന്നെ, ബോംബെ, പൂനെ തുടങ്ങിയ ഇടങ്ങൾ കേന്ദ്രമാക്കി ബാല്യവിവാഹം നർത്തലാക്കുന്നതിനു ശ്രമിച്ച വ്യക്തിയാണ് രമാബായ്. സ്ത്രീകളുടെ വിദ്യാഭ്യാസം പരമപ്രധാനമാണെന്ന് കരുതുകയും ആ ആശയം പരിപോഷിപ്പിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്ത രമാബായി, ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ട ഗാന്ധിക്കും ടാഗോറിനുമൊക്കെ സമകാലീനയായിരുന്നു എന്നത് വിസ്മരിക്കാൻ കഴിയില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തി



ലും ഇത്തരം സ്ത്രീപക്ഷ സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങളും, കൂടാതെ മതാന്ധതയെ പൊളിക്കുന്നതിനുള്ള താത്ത്വിക എഴുത്തിന്റെ ഇടപെടലുകളും രമാബായിയെ ഇന്ത്യൻ ബൗദ്ധികതയിൽ മുന്നിട്ടു നിൽക്കുന്ന വ്യക്തിത്ത്വമാക്കുന്നു. സവിശേഷവിജ്ഞാനങ്ങൾ കരസ്ഥമാക്കിയവർക്ക് നൽകുന്ന പണ്ഡിറ്റ് എന്ന പദവിയിൽ പണ്ഡിത എന്ന പട്ടം അക്കാലത്തു ആദ്യമായി നേടിയ സ്ത്രീയാണ് രമാബായ്. ഹിന്ദുമത ഗ്രന്ഥങ്ങളിൽ ഉള്ള വിജ്ഞാനമാണ് അത് കുറിക്കുന്നതെങ്കിലും ആ വിജ്ഞാനം വഴി അതിലെ സ്ത്രീവിരുദ്ധതയെ കണിശമായി വിമർശിക്കാനും പ്രചരിപ്പിക്കാ




നും ശ്രമിച്ചു എന്നതിനാൽ ജനിച്ച സമുദായത്തിൽ അസ്വീകാര്യത നേരിടേണ്ടിവന്നെങ്കിലും താനാർജ്ജിച്ച താത്വികജ്ഞാനത്തെ അവർ സ്ത്രീകളുടെ ഉന്നമനത്തിനായി വിനിയോഗിച്ചു.

ഇന്ത്യൻ തത്ത്വചിന്തയിൽ പ്രാചീന കാലത്തുള്ള വേദദർശനങ്ങളുടെ രീതിയിലും പിന്നീടുണ്ടായ സൂത്രകാലഘട്ടത്തെ ഷഡ്ദർശനങ്ങളിലെ ജ്ഞാനശാസ്ത്രപരവും ഭവശാസ്ത്രപരവുമായ താത്ത്വിക വൽക്കരണങ്ങളിലും അതിഭൗതികവാദത്തിന്റേയും കേവലവാദത്തിന്റേയും മുൻകൈ കാണാം എന്ന വിമർശനം സ്ത്രീപക്ഷ തത്ത്വചിന്ത ഉയർത്തുന്നു. സ്ത്രീയെ സംബന്ധിച്ച് ആത്യന്തിക യാഥാർഥ്യത്തെക്കുറിച്ചുള്ള കേവലവാദം (methaphysical absolutism/ മെറ്റാഫിസിക്കൽ അബ്സോലിയൂറ്റിസം) തീർത്തും ലോകജീവിതവുമായും ലോകത്തുനിലനിൽക്കുന്ന അസമത്വങ്ങൾ അവസാനിപ്പിക്കുന്നതിനായും ഭേദപ്പെടുത്താനുള്ള സാധ്യത ഇല്ലാത്തതായിരുന്നു. ആനുകാലിക തത്ത്വചിന്തകൾ കൂടുതലും, സ്ത്രീപക്ഷ തത്ത്വചിന്തയും, ഈ പ്രശ്നങ്ങളെ നേരിട്ട് ഇടപെട്ടു പരിഹരിക്കാനുതകുന്ന തരത്തിലുള്ള സാമൂഹ്യ-രാഷ്ട്രീയ തത്ത്വചിന്തകളാണ്.

**ചർച്ചാവിഷയം**



**അനുലക്ഷ്മി വി.എസ്.**
ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ എം.എ മലയാളം ഒന്നാം വർഷ വിദ്യാർത്ഥിനി.

# സ്ത്രീവിരുദ്ധത മനുസ്മൃതിയിൽ



അതിപ്രാചീനകാലം മുതൽ നിയമവാഴ്ചയുടെ ആധാരം എന്ന നിലയിൽ വ്യവഹരിച്ചിരുന്ന ഗ്രന്ഥമാണ് മനുസ്മൃതി. മതപരമായ ഗ്രന്ഥങ്ങളും നിലനിൽക്കുന്ന സാഹിത്യവും ജനങ്ങളിൽ ചെറുതല്ലാത്ത സ്വാധീനം തന്നെയാണ് ചെലുത്തുന്നത്. ലോകമെമ്പാടുമുള്ള ആശയ രൂപീകരണത്തിൽ താത്വിക ഗ്രന്ഥമായ മനുസ്മൃതി കാരണമായി തീർന്നിട്ടുണ്ട്. മനുസ്മൃതി അവലോകനം ചെയ്യുമ്പോൾ കുടുംബത്തെക്കുറിച്ചും അതിനുള്ളിലെ അംഗങ്ങളുടെ ലിംഗ കേന്ദ്രീകൃതമായ ധർമ്മങ്ങളെ കുറിച്ചും വിവരിക്കുന്നതായി കാണാം. സ്ത്രീകൾക്ക് അർഹിക്കുന്ന സ്വാതന്ത്ര്യവും, ബഹുമാനവും ലഭിച്ചിരുന്ന, വേർതിരിവുകൾ നാമമാത്രമായിരുന്ന സംഘകാലത്തിനു ശേഷമാണ് ആര്യവൽക്കരണം സംഭവിക്കുകയും ഇത്തരം ഗ്രന്ഥങ്ങൾ എഴുതപ്പെടുകയും ചെയ്തത്. ഇത്തരം ഗ്രന്ഥങ്ങൾ ലക്ഷ്യമിട്ടത് ഹിന്ദു ജനതയുടെ മാത്രം സുഖജീവിതമായിരുന്നില്ല, മറിച്ച് എല്ലാ വിഭാഗം ജനങ്ങളുടെയും കൂടിയായിരുന്നു. സമകാലിക സാഹചര്യത്തിൽ മനുസ്മൃതിയുടെ പ്രാധാന്യം ചർച്ച ചെയ്യപ്പെടേണ്ടതുതന്നെയാണ്. എങ്കിലും ചില ആശയ രൂപീകരണങ്ങളിൽ മനുസ്മൃതിക്ക് പിഴവ് പറ്റിപ്പോയി എന്ന് പറയേണ്ടതായി വരും. ജനാധിപത്യം ശക്തമായ ഇന്നത്തെ ഇന്ത്യയിൽ മനുസ്മൃതിയിലെ ചിലത് വിമർശന വിധേയമാകുന്നതിൽ തെറ്റുപറയാനാകില്ല.

ബി.ആർ.അംബേദ്കർ മനുസ്മൃതിയെ എതിർത്തത് അത് മനുഷ്യത്വത്തിനും സമത്വത്തിനും നീതിക്കും എതിരാണ് എന്ന പക്ഷത്ത് നിന്നു കൊണ്ടാണ്. ഡോ. എസ്. രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ സ്മൃതികളിൽ ഏറ്റവും ഉന്നത സ്ഥാനം അലങ്കരിക്കുന്നതും ധാർമികതക്ക് കൃത്യമായ ചട്ടക്കൂടുകൾ ഒരുക്കിയതും മനുസ്മൃതി ആണ്. ഒരു കാലത്ത് നിലനിന്നിരുന്ന സംസ്കാരത്തിന്റേയും നാഗരികതയുടേയും കൃത്യമായ രൂപം ഈ കൃതിയിൽ പ്രതിഫലിക്കുന്നുണ്ട് എന്നതാണ് വാസ്തവം. എങ്കിൽപോലും സാമൂഹികമായ പുരോഗതി നൽകാത്ത ഒന്നാണ് മനുസ്മൃതി എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.


മോക്ഷത്തെക്കുറിച്ചും, ആത്മീയ ലക്ഷ്യത്തെ

കുറിച്ചും മനുസ്മൃതി നമ്മോട് സംവദിക്കുന്നുണ്ട് .ഗ്രന്ഥത്തിൽ കുടുംബജീവിതത്തിന് പ്രഥമസ്ഥാനം നൽകപ്പെടുന്നു. ആശ്രമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗാർഹസ്ഥ്യം ആണെന്നും മറ്റുള്ളവ അതിൽ പെടേണ്ടതാണെന്നും അവകാശപ്പെട്ടുകൊണ്ട് ഗാർഹിക ആചാരങ്ങൾ അനുശാസിക്കുന്നതിനാണ് മനുസ്മൃതി ശ്രദ്ധയൂന്നിയത്.

മനുസ്മൃതിയുടെ അഞ്ചാം അധ്യായത്തിൽ സ്ത്രീകളുടെ ധർമ്മത്തെക്കുറിച്ച് വിവരിക്കുന്നു. സ്ത്രീയുടെ വ്യക്തിത്വം വീടിനുള്ളിൽ തളച്ചിടുന്നതിനും ഇല്ലാതാക്കുന്നതിനു മുള്ള ശ്രമമാണ് ഗ്രന്ഥത്തിൽ നടന്നിരുന്നത് എന്ന് തന്നെ പറയേണ്ടി വരും. സ്ത്രീത്വത്തിന്റെ അളവുകോൽ പോലും പുരുഷനെ അനുസരിക്കുന്നതിനും വീട് നോക്കുന്നതിനും അവൾക്കുള്ള കഴിവാണ്. സ്ത്രീകളുടെ സ്വത്വത്തെ നിയന്ത്രിക്കുന്ന തരത്തിലുള്ള മനോഭാവമാണ് മനുസ്മൃതി വച്ചുപുലർത്തുന്നത്. മൂന്നാം അദ്ധ്യായത്തിലെ കുടുംബാസൂത്രണ ത്തിൽ പുരുഷ കേന്ദ്രീകൃതമായ വിവാഹ രീതികളെ പറ്റിയും പരാമർശിക്കപ്പെടുന്നു. നരച്ച മുടിയും തടിച്ച ശരീരവും രോഗാതുരമായവളും ആയ സ്ത്രീക്ക് വിവാഹം അർഹമല്ല എന്ന് മനു സൂചിപ്പിക്കുന്നു. എട്ടു തരത്തിലുള്ള വിവാഹത്തെക്കുറിച്ച് പറയുമ്പോഴും അവിടെയെല്ലാം പുരുഷൻ എങ്ങനെയാണ് സ്ത്രീയെ തിരഞ്ഞെടുക്കുന്നത് എന്നതിനെപ്പറ്റി മാത്രമാണ് ചർച്ച ചെയ്യുന്നത്. സ്വന്തം വരനെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം പോലും സ്ത്രീക്ക് തീർത്തും നിഷേധിക്കപ്പെടുന്നു. ഗൃഹനാഥന്റെ വിജയകരമായ ജീവിതത്തിനും അവന്റെ ആഗ്രഹസഫലീകരണത്തിനും വേണ്ടി മാത്രമുള്ളതാണ് വിവാഹം എന്ന സങ്കൽപം എന്നതാണ് മനുസ്മൃതി മുന്നോട്ടുവെക്കുന്ന ആശയം. ഭർത്താവിനെ സേവിക്കുന്നത് സ്ത്രീയെ സംബന്ധിച്ചിടത്തോളം വേദപഠനത്തിന് തുല്യമാണെന്ന് പോലും പറഞ്ഞുവെക്കുന്നു. സമ്പത്ത്, കുതിര, രഥം മുതലായവയുടെ ഗണത്തിൽ സ്ത്രീയേയും ഉൾപ്പെടുത്തുന്ന അപഹാസ്യമായ ശ്ലോകങ്ങളും മനുസ്മൃതിയിൽ ഉണ്ട്. യുദ്ധത്തിലും മറ്റും സ്ത്രീകളെ പണയം വെക്കുന്ന ഏർപ്പാടുകളും ഉണ്ടായിരുന്നു. ഇവയെല്ലാംതന്നെ സ്ത്രീകളെ വസ്തുക്കളായി കണക്കാക്കുന്ന രീതി വെളിപ്പെടുത്തുന്നു. ഒമ്പതാം അധ്യായത്തിൽ കുടുംബത്തിൽ സ്ത്രീക്കും പുരുഷനും കടമകൾ വിഭജിച്ചു നൽകുന്നു. അവ ഒരിക്കലും സ്ത്രീകളോട് നീതി പുലർത്തുന്നവ ആയിരുന്നില്ല .വർണാശ്രമത്തിനെ അംഗീകരിക്കുമ്പോഴും സവർണ്ണ പുരുഷന്മാർക്ക് അവർണ്ണ സ്ത്രീകളുമായുള്ള ബന്ധം ഒരു സാധ്യതയായി തന്നെ നിലനിൽക്കുന്നു. പെൺകുട്ടി ആകട്ടെ, വേലക്കാരി ആകട്ടെ, വൃദ്ധ ആകട്ടെ അവൾക്ക് സ്വന്തം വീട്ടിൽ പോലും ഇഷ്ടാനുസരണം ജീവിക്കാനുള്ള അനുവാദമില്ല. മകൾ ഭാര്യ ,അമ്മ എന്ന നിലയിൽ മാത്രമാണ് അവളുടെ ജീവിതമത്രയും കടന്നുപോകുന്നത്.

'പിതാ രക്ഷതി കൗമാരേ<br>
ഭർത്താ രക്ഷതി യൗവനേ<br>
രക്ഷതി സ്ഥാവിരേ പുത്രാ<br>
നാ സ്ത്രീ സ്വാതന്ത്ര്യമർഹതി '.

കൗമാരത്തിൽ പിതാവിന്റെ സംരക്ഷണത്തിലും യൗവനത്തിൽ ഭർത്താവിന്റെ സംരക്ഷണത്തിലും വാർദ്ധക്യത്തിൽ പുത്രന്റെ സംരക്ഷണത്തിലും സ്ത്രീ കഴിയണം. ഏതവസ്ഥയിലും സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളാണ്.അവൾ സ്വാതന്ത്ര്യം അർഹിക്കുന്നില്ല .സ്ത്രീ പൂജിക്കപ്പെടേണ്ടവളാണെന്ന് പറയുന്നുവെങ്കിലും വസ്ത്രം ,ആഭരണം ഭക്ഷണം എന്നിവ കൊണ്ടാണ് അവൾ പൂജിക്കപ്പെടുന്നത്.




അവിടെയും അവരുടെ സ്വത്വത്തിന് വിലയില്ലാതെ പോകുന്നു. ഭർത്താവ് ഭാര്യയെ കുറിച്ച് ചിന്തയില്ലാത്തവനോ, പരസ്ത്രീ ബന്ധമുള്ളവനോ, നിർഗുണനോ ആയാലും പതിവ്രതയായ ഭാര്യ അവനെ ദേവനെപ്പോലെ പൂജിക്കണം.പുനർവിവാഹത്തിന് സ്ത്രീക്ക് അർഹതയില്ലെന്ന് എഴുതുമ്പോഴും തന്നേക്കാൾ മുൻപ് മരിച്ച ഭാര്യയെ ദഹിപ്പിച്ചതിന് ശേഷം പുരുഷൻ വീണ്ടും വിവാഹിതനാക

ണം എന്ന് നിഷ്കർഷിക്കുന്ന നിലപാട് മനുസ്മൃ
തിയിൽ ഉയരുന്നു. സ്ത്രീക്ക് കുടുംബസ്വത്തിന് അ
വകാശമില്ല. സ്ത്രീകളെ അപഹരിച്ചു കൊണ്ടുവ
ന്ന് വിവാഹം കഴിക്കുന്ന രീതിയായ 'രാക്ഷസം'
ക്ഷത്രിയന്റെ ധർമ്മമാണെന്ന് പോലും മനുസ്മൃ
തി അവകാശപ്പെടുന്നു. ശൃംഗാര ചേഷ്ഠകളാൽ
പുരുഷന്മാരെ വശീകരിച്ച് ദുഷിപ്പിക്കുന്നവരാണ് സ്
ത്രീകൾ എന്നും ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു.
മനുസ്മൃതിയിലെ ശ്ലോകങ്ങൾ അനുസരിച്ച് സ്ത്രീ
കളെ അവളുടെ പിതാവിൽ നിന്നോ, ഭർത്താവിൽ
നിന്നോ, പുത്രന്മാരിൽ നിന്നോ, വേർപിരിയാൻ ആ
ഗ്രഹിക്കുന്നതിൽ നിന്നുപോലും തടയുന്നു. ബന്ധു
ക്കളിൽ നിന്ന് വേറിട്ട് താമസിക്കുന്ന സ്ത്രീ എല്ലാ
കാലത്തും അപലപിക്കപ്പെടുന്നു. എന്തിനേറെ പ
റയുന്നു, സ്ത്രീക്ക് സ്വന്തമായി വീട് എവിടെയാ
ണ് ഉള്ളത്? പിതാവിന്റെ വീട്, അല്ലെങ്കിൽ ഭർത്താ



വിന്റെ വീട്. അവിടെയാണ് അവൾ വസിക്കാൻ വി
ധിക്കപ്പെടുന്നത്. ഇത് പുരുഷാധിപത്യത്തിന്റെ പ്ര
ത്യക്ഷ പ്രഖ്യാപനം തന്നെയാണ്. എപ്പോഴും സ
ന്തോഷവതിയായി ഇരിക്കുകയും, വീടിനെ പരിപാ
ലിക്കുകയും ആണ് സ്ത്രീ ചെയ്യേണ്ടത് .അവളു
ടെ ചുറ്റുപാടുകൾക്ക് അനുസരിച്ചുള്ള വികാരങ്ങൾ
ക്കും വിചാരങ്ങൾക്കും അവിടെ പ്രസക്തിയില്ല. സ്
ത്രീയുടെ മറ്റൊരു ഉത്തരവാദിത്വം എന്തെന്നാൽ
അവൾക്ക് അച്ഛന്റേ യോ ,സഹോദരന്റേയോ പരി
പൂർണ സമ്മതപ്രകാരം ലഭിക്കുന്ന ഭർത്താവിനെ
പരിപാലിക്കുക എന്നതാണ്. അത് മാത്രമാണ് മ
നുസ്മൃതി പ്രകാരം അവൾക്ക് സ്വർഗ്ഗം നേടാനു
ള്ള ഏക മാർഗ്ഗം. സ്ത്രീ പുരുഷന്റെ ഒരു ഭാഗം
മാത്രമാണ് , അവൾക്ക് സ്വന്തമായി ഒരു സ്വത്വം
ഇല്ല. എന്ത് കാരണത്താലായാലും സ്ത്രീ രണ്ടാമ
തൊരു വിവാഹം കഴിക്കുമ്പോൾ അവൾ സമൂഹ
ത്തിൽ മോശക്കാരി ആകുന്നു. പാപത്തെക്കുറിച്ചും
ശിക്ഷയെ കുറിച്ചും അവളെ മാത്രം പറഞ്ഞു പഠി
പ്പിക്കുന്നു. ഒരു ഉത്തമ സ്ത്രീ മനസ്സും ശരീരവും
സംസാരവും നിയന്ത്രിക്കുന്ന ആൾ ആണെന്ന് വ
രുത്തിത്തീർക്കുന്നു. മനുസ്മൃതി പോലുള്ള ഒരു
വലിയ വിഭാഗം ജനങ്ങൾ ഇപ്പോഴും വിശ്വസിച്ചു
പോരുന്ന ഒരു ത്വാത്വിക ഗ്രന്ഥം സമൂഹത്തിൽ ചെ
ലുത്തുന്ന തെറ്റായ സ്വാധീനം ഇപ്രകാരമാണ്. സ്
ത്രീയുടെ ലോകം വീടാണ് എന്നും അവളുടെ ഏ
കലക്ഷ്യം വീട് സംരക്ഷിക്കുക എന്നത് 'മാത്രമാ
ണെന്നുമുള്ള പരാമർശം മനുസ്മൃതിയെ വിമർശ
ന വിധേയമാക്കുന്നു. പുരുഷൻ സ്ത്രീയെ സംര
ക്ഷിക്കണം എന്നു പറയുന്നുണ്ടെങ്കിലും 'സംരക്ഷ
ണം' എന്നത് സ്ത്രീയുടെ മനസ്സിന്റേയും ശരീര
ത്തിന്റേയും നിയന്ത്രണത്തെ ആണ് ഉദ്ദേശിക്കുന്ന
ത് എന്ന് മനസ്സിലാക്കാൻ എളുപ്പമാണ്. പുരുഷ
നും സ്ത്രീക്കും ലഭ്യമാകുന്ന വ്യത്യസ്ത നീതി
ഈ ഗ്രന്ഥത്തിന് പറ്റിയ പിഴവ് വെളിവാക്കുന്നു.
ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ചിന്താ പുരോഗ
തിയോകൂടി ഇത് വായിക്കുന്ന ഒരാൾക്ക് പല കാ
ര്യങ്ങളും അസാമാന്യമായി തോന്നുന്നതിൽ അത്ഭു
തമില്ല. ഭാര്യ എന്ന നിലയിലുള്ള കീഴ്‌വഴക്കവും

**മനുസ്മൃതിയിലെ ശ്ലോകങ്ങൾ അനുസരിച്ച് സ്ത്രീകളെ അവളുടെ പിതാവിൽ നിന്നോ, ഭർത്താവിൽ നിന്നോ, പുത്രന്മാരിൽ നിന്നോ, വേർപിരിയാൻ ആഗ്രഹിക്കുന്നതിൽ നിന്നുപോലും തടയുന്നു. ബന്ധുക്കളിൽ നിന്ന് വേറിട്ട് താമസിക്കുന്ന സ്ത്രീ എല്ലാകാലത്തും അപലപിക്കപ്പെടുന്നു. എന്തിനേറെ പറയുന്നു, സ്ത്രീക്ക് സ്വന്തമായി വീട് എവിടെയാണ് ഉള്ളത്? പിതാവിന്റെ വീട്, അല്ലെങ്കിൽ ഭർത്താവിന്റെ വീട്. അവിടെയാണ് അവൾ വസിക്കാൻ വിധിക്കപ്പെടുന്നത്. ഇത് പുരുഷാധിപത്യത്തിന്റെ പ്രത്യക്ഷ പ്രഖ്യാപനം തന്നെയാണ്.**

ഭർത്താവായ പുരുഷന്റെ ആധിപത്യവും ഗ്രന്ഥ
ത്തിൽ സ്പഷ്ടമാകുന്നു. പൂജിക്കപ്പെടുമ്പോഴും പ
രോക്ഷമായി സ്വഭാവവും സ്വത്വവുമില്ലാത്ത വെറും
വസ്തുവകകളായി മാത്രം സ്ത്രീകളെ കാണുന്ന
മനുസ്മൃതി തിരുത്തപ്പെടുക അസാധ്യമാണെങ്കി
ലും അതിലെ പെരുമാറ്റച്ചട്ടങ്ങൾ തീർച്ചയായും പു
നർവായനക്ക് വിധേയമാകേണ്ടതുണ്ട്.

അവലംബം:


S. Maya, Discursive Structures of Family in ManuSmrti, Journal of Dharma, Bangalore, 2008

S. Radhakrishnan, Indian Philosophy, Oxford University Press, N Delhi, 1923

Buhler Ed. Max Muller Trans., Manusmrti, Sacred Books of India.

ചർച്ചാവിഷയം



**നീമ റ്റി സിറിൾ,**
എം.ഫിൽ ഫിലോസഫി
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകലാശാല, കാലടി

# അലക്സാണ്ട്രിയായിലെ ഹൈപ്പേഷ്യ



തത്ത്വചിന്തയുടെ ചരിത്രത്തിലെ ആദ്യത്തെ സ്ത്രീ തത്ത്വചിന്തകയായി കണക്കാക്കപ്പെടുന്ന വ്യക്തിയാണ് ഹൈപ്പേഷ്യ. ആദ്യകാലങ്ങളിൽ സ്ത്രീ തത്ത്വചിന്തകരെ കുറിച്ചുള്ള അറിവുകൾ വളരെ പരിമിതമായിരുന്നു. ഹൈപ്പേഷ്യയെക്കുറിച്ചുള്ള അറിവുകൾ ഈ അടുത്ത കാലത്താണ് പ്രസിദ്ധിയാർജിച്ചത്.

ഈജിപ്ത് കിഴക്കൻ റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന കാലത്ത് അലക്സാണ്ട്രിയയിൽ താമസിച്ചിരുന്ന ഒരു നിയോപ്ലാറ്റോണിസ്റ്റ് തത്ത്വചിന്തകയായിരുന്നു ഹൈപ്പേഷ്യ (ര. 350370; 415 അള). അലക്സാണ്ട്രിയയിലെ ഹൈപ്പേഷ്യ പാശ്ചാത്യ പാരമ്പര്യത്തിലെ ആദ്യകാല വനിതാ തത്ത്വചിന്തകയും ഗണിതശാസ്ത്രജ്ഞയും ശാസ്ത്രജ്ഞയും, അദ്ധ്യാപികയുമായിരുന്നു. ജീവിതവും കരിയറും മ

തിയായ രീതിയിൽ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ വനിതാ ഗണിതശാസ്ത്രജ്ഞയാണ് അവൾ.. ജ്യോതിശാസ്ത്രവും തത്ത്വചിന്തയും പഠിപ്പിച്ച അവൾ അലക്സാണ്ട്രിയയിൽ അറിയപ്പെടുന്ന ഒരു ബുദ്ധി ജീവിയായിരുന്നു.

തന്റെ ജീവിതകാലത്ത് ഒരു മികച്ച അധ്യാപികയായും ബുദ്ധിമതിയായ ഉപദേശകയായും ഹൈപ്പേഷ്യ അറിയപ്പെട്ടിരുന്നു. ഡയോഫാന്റസിന്റെ പതിമൂന്ന് വാല്യങ്ങളുള്ള അരിത്തമാറ്റിക്കയെക്കുറിച്ചുള്ള ഒരു വ്യാഖ്യാനവും പെർഗയുടെ അപ്പോളോണിയസിന്റെ കോൺക് സെക്ഷനുകളെക്കുറിച്ചുള്ള പുസ്തകത്തിന്റെ മറ്റൊരു വ്യാഖ്യാനവും അവൾ രചിച്ചു; അത് ഇന്ന് നിലവിലില്ല. അവളുടെ പിതാവ് തിയോണിന്റെ അൽമാഗസ്റ്റിന്റെ പുസ്തകം കകകനെക്കുറിച്ചുള്ള വ്യാഖ്യാനത്തിന്റെ തലക്കെട്ടിനെ അടിസ്ഥാനമാക്കി, ടോളമിയുടെ അൽമാജസ്റ്റിന്റെ അവശേഷിക്കുന്ന ഗ്രന്ഥം ഹൈപ്പേഷ്യ എഡിറ്റ് ചെയ്തതായി പല ആധുനിക അക്കാദമിക് വിദഗ്ധരും അനുമാനിക്കുന്നു. അക്കാലത്ത് ലോകത്തിലെ മുൻനിര ഗണിതശാസ്ത്രജ്ഞ, ജ്യോതിശാസ്ത്രജ്ഞ, തത്ത്വ ചിന്തക എന്നീ തരത്തിൽ അവകാശവാദം ഉന്നയിക്കാൻ കഴിയുന്ന ഒരേയൊരു സ്ത്രീ ആയിരുന്നു ഹൈപ്പേഷ്യ. സ്പെഷ്യലിസ്റ്റ് അല്ലാത്ത തത്ത്വചിന്താ വിഷയങ്ങളിൽ ഒരു ജനപ്രിയ അദ്ധ്യാപികയും ലക്ചററും കൂടിയായിരുന്നു അവൾ.



നിയോപ്ലാറ്റോണിസ്റ്റ് ചിന്താഗതി ഉള്ള വ്യക്തി ആയിരുന്നു ഹൈപ്പേഷ്യ, അങ്ങനെ ക്രിസ്ത്യാനികളും, യഹൂദരും, വിജാതീയരും വൈരുദ്ധ്യമുള്ള ഒരു കാലഘട്ടത്തിൽ ഹൈപ്പേഷ്യ 'പുറജാതി' എന്ന് ലേബൽ ചെയ്യപ്പെട്ടു. നിയോപ്ലാറ്റോണിസം എന്ന രൂപരഹിതമായ വാക്ക് വൈവിധ്യമാർന്ന ആശയങ്ങൾ ഉൾക്കൊള്ളുന്നു, അവയെല്ലാം പ്ലേറ്റോയുടെ രൂപ സിദ്ധാന്തത്തിൽ നിന്ന് ഉരുത്തിരിഞ്ഞതും ഒരു മതപരമായ മാനം നൽകുന്നതുമാണ്. നിയോപ്ളാറ്റോണിസം ഒരു ആത്മീയ മണ്ഡലത്തെ അഭിലഷിക്കുകയും ഭൗതികലോകത്തെ അതിന്റെ മോശം പ്രതിഫലനമായി കണക്കാക്കുകയും ചെയ്തു. നാല്, അഞ്ച് നൂറ്റാണ്ടുകളിലെ അലക്സാണ്ട്രിയയിൽ ഇത് പുറജാതീയതയായി കണക്കാക്കപ്പെട്ടിരുന്നു, അക്കാലത്ത് ക്രിസ്തുമതം പ്രബലമായ മതമായിരുന്നു.

ഹൈപ്പേഷ്യയുടെ നിയോപ്ലാറ്റോണിസം അവളെ അറിവിന്റേയും പഠനത്തിന്റേയും പുരോഗതിക്കായി പ്രതിജ്ഞാബദ്ധമായ ഒരു ജീവിതത്തിലേക്ക് നയിച്ചു. ഗണിതശാസ്ത്രം അവളുടെ ഉയർന്ന ധ്യാനാത്മക ജീവിതത്തിന്റെ ഒരു പ്രധാന ഘടകമായി വർത്തിച്ചു. നിയോപ്ലാറ്റോണിസത്തിൽ (സത്യം, സൗന്ദര്യം മുതലായവ) നിർദ്ദിഷ്ട ഉദാഹരണങ്ങളിൽ നിന്ന് പ്ലാറ്റോണിക് രൂപങ്ങളിലേക്കുള്ള അമൂർത്തതയുടെ ഉപയോഗം വിഭാവനം ചെയ്തിട്ടുണ്ട്. കൂടുതൽ അമൂർത്തീകരണം സമർത്ഥനെ സാർവത്രിക അടിസ്ഥാന തത്വമായ ഒന്നിലേക്ക് കൊണ്ടുവരുന്നു. പല നിയോപ്ലാറ്റോണിസ്റ്റുകൾക്കും, ഗണിതശാസ്ത്രത്തിന് ഒരു പ്രത്യേക സ്ഥാനം ലഭിച്ചു.

ടോളമിയുടെയും യൂക്ലിഡിന്റെയും മഹത്തായ കൃതികൾ സംരക്ഷിക്കുന്നതിൽ ശ്രദ്ധാലുവായിരുന്ന അവളുടെ പിതാവിന്റെ തുടർച്ചയായാണ് ഹൈപ്പേഷ്യയുടെ സാങ്കേതിക ഗണിത സൃഷ്ടികൾ ഏറ്റവും നന്നായി കണക്കാക്കപ്പെടുന്നത്. ഹൈപേഷ്യ ടോളമിയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചു. ഹൈപ്പേഷ്യ ആസ്ട്രോലേബുകളും ഹൈഡ്രോമീറ്ററുകളും വികസിപ്പിച്ചെടുത്തു, എന്നിരുന്നാലും അവ കണ്ടുപിടിച്ചത് അവൾ ആയിരുന്നില്ല; അവൾ ജനിക്കുന്നതിന് വളരെ മുമ്പുതന്നെ ഇവ രണ്ടും ഉപയോഗത്തിലുണ്ടായിരുന്നു. സ്വയം ഒരു വിജാതീയ ആയിരുന്നിട്ടും, ഹൈപ്പേഷ്യ ക്രിസ്ത്യാനികളോട് സഹിഷ്ണുത പുലർത്തുകയും ടോളമൈസിന്റെ ഭാവി ബിഷപ്പായ സിനേഷ്യസ് ഉൾപ്പെടെ നിരവധി ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയും ചെയ്തു.

പുരാതന വിവരണങ്ങൾ അനുസരിച്ച്, പുറജാതീയരും ക്രിസ്ത്യാനികളും ഹൈപ്പേഷ്യയെ നന്നായി ഇഷ്ടപ്പെട്ടിരുന്നു. കൂടാതെ അലക്സാണ്ട്രിയയി

ലെ രാഷ്ട്രീയ വരേണ്യവർഗത്തിൽ അവൾക്ക് ഗണ്യമായ അധികാരമുണ്ടായിരുന്നു. അലക്സാണ്ട്രിയയിലെ റോമൻ പ്രിഫെക്റ്റായ ഒറെസ്റ്റസിനെ ഹൈപ്പേഷ്യ ഉപദേശിച്ചു. അവൾ തന്റെ ജീവിതാവസാനത്തോട് അടുത്ത് അലക്സാണ്ട്രിയയിലെ ബിഷപ്പായിരുന്ന സിറിലുമായി രാഷ്ട്രീയ മത്സരത്തിൽ ഏർപ്പെട്ടിരുന്നു. സിറിലുമായി അനുരഞ്ജനത്തിലേർപ്പെടുന്നതിൽ നിന്ന് അവൾ ഒറെസ്റ്റസിനെ തടഞ്ഞുവെന്ന കിംവദന്തികൾ വളർന്നു. എഡി 415 മാർച്ചിൽ പീറ്റർ എന്ന ലക്ടറുടെ നേതൃത്വത്തിൽ ക്രിസ്ത്യാനികളുടെ ഒരു കൂട്ടം ഹൈപ്പേഷ്യയെ വധിച്ചു.

**ഹൈപ്പേഷ്യ തന്റെ ജീവിതാവസാനത്തോട് അടുത്ത് അലക്സാണ്ട്രിയയിലെ ബിഷപ്പായിരുന്ന സിറിലുമായി രാഷ്ട്രീയ മത്സരത്തിൽ ഏർപ്പെട്ടിരുന്നു. സിറിലുമായി അനുരഞ്ജനത്തിലേർപ്പെടുന്നതിൽ നിന്ന് അവൾ ഒറെസ്റ്റസിനെ തടഞ്ഞുവെന്ന കിംവദന്തികൾ വളർന്നു. എഡി 415 മാർച്ചിൽ പീറ്റർ എന്ന ലക്ടറുടെ നേതൃത്വത്തിൽ ക്രിസ്ത്യാനികളുടെ ഒരു കൂട്ടം ഹൈപ്പേഷ്യയെ വധിച്ചു.**

ഹൈപ്പേഷ്യയുടെ കൊലപാതകത്തിന് മുമ്പ്, ക്രിസ്ത്യാനികൾ, വിജാതീയർ, ജൂതന്മാർ എന്നിങ്ങനെ മൂന്ന് പ്രധാന ഗ്രൂപ്പുകൾ ഉൾപ്പെട്ട ഒരു കൂട്ടം നാഗരിക കലാപങ്ങൾ അലക്സാണ്ട്രിയയെ അലട്ടിയിരുന്നു. പരസ്പരവിരുദ്ധമായ മത്സരം നഗരത്തെ ബാധിച്ചു. ഈ ശത്രുത പലപ്പോഴും അക്രമാസക്തമായി. അക്കാലത്തെ ആർച്ച് ബിഷപ്പായിരുന്ന സിറിൽ (അലക്സാൻഡ്രിയയിലെ സെന്റ് സിറിൽ) ഒരു ഉന്നത ബൗദ്ധിക വ്യക്തിയായിരുന്നു, എന്നാൽ കർക്കശക്കാരനും വഴക്കാളിയുമായ വ്യക്തിയായിരുന്നു. ഹൈപേഷ്യയുടെ മരണത്തിൽ അദ്ദേഹം വഹിച്ച പങ്ക് എന്താണെന്ന് പരക്കെ ചർച്ച ചെയ്യപ്പെട്ടെങ്കിലും പരിഹരിക്കപ്പെട്ടിട്ടില്ല.

ഹൈപ്പേഷ്യയുടെ കൊലപാതകം സാമ്രാജ്യത്തെ സ്തംഭിപ്പിക്കുകയും അവളെ 'തത്വചിന്തയുടെ രക്തസാക്ഷി' ആക്കുകയും ചെയ്തു, ഡമാസ്സിയസിനെപ്പോലുള്ള ഭാവി നിയോപ്ലാറ്റോണിസ്റ്റുകളെ ക്രിസ്തുമതത്തിനെതിരായ അവരുടെ ചെറുത്തുനിൽപ്പിൽ കൂടുതൽ ഉറച്ചുനിൽക്കാൻ ഹൈപ്പേഷ്യയുടെ മരണം പ്രചോദിപ്പിച്ചു. മധ്യകാലഘട്ടത്തിൽ ക്രിസ്ത്യൻ സദ്ഗുണത്തിന്റെ പ്രതീകമായി ഹൈപേഷ്യ ഏറ്റെടുക്കപ്പെട്ടു. അലക്സാണ്ട്രിയയിലെ വിശുദ്ധ കാതറിൻ എന്ന ഇതിഹാസത്തെ അവൾ പ്രചോദിപ്പിച്ചതായി പണ്ഡിതന്മാർ വിശ്വസിക്കുന്നു.

ജ്ഞാനോദയകാലത്ത് ഹൈപ്പേഷ്യ കത്തോലിക്കാ മതത്തോടുള്ള എതിർപ്പിന്റെ പ്രതീകമായി മാറി. പത്തൊൻപതാം നൂറ്റാണ്ടിൽ, യൂറോപ്യൻ



സാഹിത്യം അവളെ 'ഹെലെനസിലെ അവസാനത്തെ' ആയി മഹത്വപ്പെടുത്തി. പ്രത്യേകിച്ച് ചാൾസ് കിംഗ്സ്ലിയുടെ 1853 ലെ ഹൈപ്പേഷ്യ എന്ന നോവലിൽ. ഇരുപതാം നൂറ്റാണ്ടിൽ സ്ത്രീകളുടെ അവകാശങ്ങളുടെ പ്രതീകമായും ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നോടിയായും ഹൈപ്പേഷ്യ മാറി. ഹൈപ്പേഷ്യായുടെ ജീവിതകാലത്ത് ലൈബ്രറി നിലവിലില്ല എന്ന വസ്തുത ഉണ്ടായിരുന്നിട്ടും, ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം മുതൽ അലക്സാണ്ട്രിയയിലെ ലൈബ്രറിയുടെ നാശവുമായി ചില പ്രതിനിധാനങ്ങൾ അവളുടെ മരണത്തെ ബന്ധപ്പെടുത്തി. സാഹിത്യം, വിഷ്വൽ ആർട്ട്, ഫിലിം എന്നിവയുടെ എണ്ണമറ്റ സൃഷ്ടികൾക്ക് പ്രചോദനമായ ഹൈപ്പേഷ്യ ഇന്നും ഒരു ജനപ്രിയ ഫെമിനിസ്റ്റ് ഐക്കണാണ്.

ചർച്ചാവിഷയം



മുഹ്സിന എ.കെ.
ബി.എ.ഫിലോസഫി
(ഫൈനൽ ഇയർ)
ശ്രീ കേരളവർമ കോളേജ്,
തൃശൂർ

# സ്ത്രീയും കുടുംബവും - മാർക്സിസ്റ്റ് മാതൃകയും വിശകലനവും

**'ലോകത്തിലെ സ്ത്രീകളെ, ഒന്നിക്കുക നിങ്ങളുടെ ചങ്ങലകൾ അല്ലാതെ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ല'**

നൂറ്റാണ്ടിലെ ജർമൻ തത്വചിന്തകനയിരുന്ന് കാൾ മാക്സും തന്റെ സുഹൃത്തും സോഷ്യലിസ്റ്റുമായ ഏംഗൽസും കൂടിച്ചേർന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി നിരവധി മനുഷ്യ വിമോചന ആശയങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. എന്നാൽ സ്ത്രീവിമോചന ആശയങ്ങൾക്ക് പ്രത്യയശാസ്ത്രപരമായ രൂപം നൽകിയത് ഏംഗൽസ് ആണ്. മാർക്സ് സ്ത്രീ വിമോചനത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വിപുലമായ രീതിയിൽ അന്വേഷണത്തിൽ ഏർപ്പെട്ടിട്ടില്ല എങ്കിലും ഏംഗൽസിന്റെ പ്രവർത്തനങ്ങൾ ആണ് ഇതിനു കൂടുതൽ വഴിത്തിരിവ് ആയിട്ടുള്ളത്. മാർക്സ് ഒരു ഫെമിനിസ്റ്റ് വീക്ഷണത്തിന് വികാസം നൽകിയിട്ടുണ്ട്. അതേസമയംതന്നെ ഫെമിനിസ്റ്റുകൾ അതിനെ വിശകലനം ചെയ്തിട്ടുമുണ്ട്. മാർക്സ് സ്ത്രീകളുടെ അടിച്ചമർത്തലിനെ കുറിച്ച് നേരിട്ട് സംസാരിച്ചിട്ടില്ല എന്നാൽ അദ്ദേഹത്തിന്റെ കൃതികൾ സ്ത്രീകൾ അഭിമുഖീകരിക്കുന്ന അസമത്വത്തെ മനസ്സിലാക്കാൻ ശക്തമായ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. മാർക്സിന്റെ സിദ്ധാന്തത്തെ ചരിത്രകരമായ ഭൗതികവാദം (Historical materialism) എന്ന് പറയുന്നു. ചരിത്രത്തെ ഭൗതിക പരമായി കൈകാര്യം ചെയ്തുകൊണ്ട് മുതലാളിത്ത വ്യവസ്ഥയിൽ അന്ന് നില നിന്നിരുന്ന വർഗ്ഗപരവും ലിംഗപരവുമായ അസമത്വങ്ങൾ അദ്ദേഹം ചർച്ച ചെയ്തു.മുതലാളിത്തത്തിന് കീഴിലുള്ള തൊഴിലാളി സ്ത്രീകളോടായി അദ്ദേഹം ഇപ്രകാരം പറയുന്നുണ്ട്, 'ലോകത്തിലെ സ്ത്രീകളെ, ഒന്നിക്കുക നിങ്ങളുടെ ചങ്ങലകൾ അല്ലാതെ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ല'.മാർക്സിസത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലത്തിൽ സ്ത്രീകൾക്ക് യഥാർത്ഥത്തിൽ ഉയർന്ന സാമൂഹിക പദവിയും തൊഴിലിൽ തുല്യ പരിഗണനയും ഉണ്ടായി



രുന്നു. പ്രത്യേകിച്ച് സ്ത്രീകൾക്ക് മാത്രമേ കുടുംബപ്പേര് പങ്കിടാൻ കഴിയൂ, മാർക്സ് നിഗമനം ചെയ്യുന്നുണ്ട്. രണ്ടാം വ്യവസായ വിപ്ലവാനന്തരം തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പദവിയിൽ വന്ന മാറ്റം1844 ലെ ഫിലോസഫിക്കൽ മാനുസ്ക്രിപ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുതലാളിത്തത്തിന് കീഴിലെ സ്ത്രീകളുടെ അധ്വാനവും വേതന ഭേദവും കൃത്യമായി അദ്ദേഹം അടയാളപ്പെടുത്തിയിട്ടുണ്ട്. സ്ത്രീയുടേയും പുരുഷന്റേയും ശാരീരിക അധ്വാനത്തെ മുൻനിർത്തിയുള്ള ലിംഗ വിവേചനവും വേതന ഭേദവും മുതലാളിത്തത്തിന് കീഴിലെ തൊഴിലാളി സ്ത്രീകൾക്ക് നേരെയുള്ള അടിച്ചമർത്തലിന് ഉദാഹരണങ്ങളാണ്.

1848 ൽ മാർക്സും ഏംഗൽസും ചേർന്ന് എഴുതിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ മുതലാളിത്തത്തിന് കീഴിൽ ശാരീരിക അദ്ധ്വാനത്തിന്റെ പേരിലും മറ്റുമായി സ്ത്രീ പുരുഷ അസമത്വങ്ങൾ


അലക്സാന്ദ്ര കൊല്ലന്തായി

നിലനിന്നിരുന്നു എന്നും തൽഫലമായി തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം വളരെ കുറവായിരുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. . വിപ്ലവാനന്തരം ഫാക്ടറികളിൽ യന്ത്ര സാമഗ്രികൾ പ്രവേശിപ്പിക്കപ്പെടുമ്പോൾ കുറഞ്ഞ ശാരീരിക അധ്വാനം ആവശ്യമായിവരുന്നതിനാൽ സ്ത്രീകൾ തൊഴിലാളികളുടെ പ്രധാന വിഭാഗങ്ങളായി മാറുന്നതും കാണാം. ലീഡ്സിലെ ഇംഗ്ലീഷ് ഫാക്സ് മില്ലുകളിൽ ഓരോ 100 പുരുഷ തൊഴിലാളികൾക്കും 147 സ്ത്രീ തൊഴിലാളികൾ ഉണ്ടെന്ന് കണ്ടെത്തി.സണിയിലും സ്കോട്ട്ലാൻഡിലെ കിഴക്കൻ തീരത്തും 280 ഇംഗ്ലീഷ് സിൽക്ക് മില്ലുകളിലും ധാരാളം സ്ത്രീ തൊഴിലാളികൾ ഉണ്ടായിരുന്നു.

1833ൽ വടക്കേ അമേരിക്കൻ കോട്ടൺ മില്ലുകളിൽ 18,593 പുരുഷന്മാരോടൊപ്പം 38,927 സ്ത്രീകളും ജോലി ചെയ്തിരുന്നു. അധ്വാന ജീവിതത്തിലെ മാറ്റങ്ങളുടെ ഫലമായി ലാഭകരമായ തൊഴിലിന്റെ ഒരു വിശാലമായ മേഖല അങ്ങനെ സ്ത്രീ ലിംഗത്തിന്റെ വിഹിതത്തിലേക്ക് വീണു. സ്ത്രീകൾ ഇപ്പോൾ സാമ്പത്തികമായി കൂടുതൽ സ്വതന്ത്രമായ ഒരു സ്ഥാനം വഹിക്കുന്നുണ്ട്. രണ്ട് ലിംഗങ്ങളും തമ്മിൽ അടുക്കുന്നു, അവരുടെ സാമൂഹിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ.. (Ibid,പേജ് 71, 72).തൊഴിലാളിവർഗ്ഗ സൈന്യത്തിലെ സ്ത്രീ വിഭാഗത്തിന് പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നു എന്നും, ഒരു വിപ്ലവത്തിന്റെ വിജയം സ്ത്രീകൾ അതിൽ എത്രത്തോളം പങ്കെടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുമെന്നും സോവിയറ്റ് യൂണിയന്റെ മുൻ പ്രധാനമന്ത്രിയായിരുന്ന വ്ളാഡിമർ ലെനിൻ പറയുന്നു. മാർക്സിന്റെ സ്ത്രീ വിമോചന ആശയങ്ങൾ കൂടുതലും ഏംഗൽസ്വഴിയാണ് വികസിപ്പിച്ചെടുത്തത്.

മാർക്സിന്റെ സുഹൃത്തും ജർമൻ തത്വചിന്തകനും സോഷ്യലിസ്റ്റുമായ ഏംഗൽസ്, അദ്ദേഹത്തിന്റെ 'ഒറിജിൻ ഓഫ് ഫാമിലി, പ്രോപ്പർട്ടി ആൻഡ് സ്റ്റേറ്റ്' എന്ന പുസ്തകം കുടുംബത്തിന്റെ ഉൽഭവം, ഭരണകൂടവും വിഭവങ്ങളുടെ പദവികൾ തമ്മിലുള്ള ബന്ധം എന്നിവ പര്യവേഷണം ചെയ്യുന്നു. മാർക്സ്, കുടുംബത്തിൽ ഉപരി തൊഴിൽമേഖലയിലെ സ്ത്രീകളുടെ പ്രാധാന്യവും അവർ നേരിടുന്ന വെല്ലുവിളികളും വ്യക്തമായി വിശകലനം ചെയ്തതായി നമുക്ക് അദ്ദേഹത്തിന്റെ രചനകളിൽ കാണാം മാർക്സ് തൊഴിലിടങ്ങളിലെ സ്ത്രീകളുടെ മാത്രം അവസ്ഥയെ എടുത്തു നോക്കിയപ്പോൾ ഏം ഗൽസ് കുടുംബത്തിനുള്ളിലെ സ്ത്രീപുരുഷ അസമത്വങ്ങളും വിശകലനം ചെയ്തു. മാർക്സ് മുതലാളിത്ത വ്യവസ്ഥയിലെ വർഗ്ഗ ബന്ധങ്ങളെ മനസ്സിലാക്കിക്കൊണ്ട് സ്ത്രീകളുടെ തുല്യത ക്കു വേണ്ടി പരോക്ഷമായ രീതിയിൽ പ്രവർത്തിച്ചു. മുതലാളിത്തം മനുഷ്യർക്കിടയിൽ വിഭാഗീയതക്കും ലിംഗ അസമത്വങ്ങൾക്കും ഇടയാക്കുന്നു എന്ന് മാർക്സ് തിരിച്ചറിഞ്ഞു. 1948ലാണ് മാർക്സും ഏംഗൽസും ചേർന്നെഴുതിയ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' പ്രസിദ്ധീകരിച്ചത് മുതലാളിത്തം അനിവാര്യമായി സ്വയം നശിക്കുകയും സോഷ്യലിസവും അധികമായി കമ്മ്യൂണിസവും സ്ഥാപിക്കുകയും ചെയ്യുമെന്ന് അവർ വാദിച്ചുകൊണ്ട് ഇന്ന് നമുക്കറിയാവുന്ന ഈ ആധുനിക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അടിത്തറ പാകി.

മാർക്സ് ഒരു ഫെമിനിസ്റ്റ് വീക്ഷണത്തിന് വികാസം കുറിച്ചു എന്ന് തന്നെ പറയാം അതേസമയം ഫെമിനിസ്റ്റുകൾ അതിനെ വിശകലനം ചെയ്തിട്ടുമുണ്ട്. മാർക്സിന്റെ ഈ സ്ത്രീവിമോചന ആശയങ്ങളെ പിന്നീട് ചില ഫെമിനിസ്റ്റുകൾ അംഗീകരിച്ചതായും കാണാം. മാർക്സ് സ്വയമൊരു സ്ത്രീവിമോചന സിദ്ധാന്തം രൂപീകരിച്ചിട്ടില്ല. പകരം മാർക്സിന്റെയും ഏംഗൽസിന്റെയും സ്ത്രീപക്ഷ ആശയങ്ങളെ മുതൽ കൊണ്ടാണ് ഫെമിനിസ്റ്റുകൾ മാർക്സിസ്റ്റ് ഫെമിനിസം എന്ന സ്ത്രീവിമോചന സിദ്ധാന്തം രൂപീകരിച്ചത്. മാർക്സിസ്റ്റ്

ഫെമിനിസം ഫെമിനിസത്തിന്റെ ഒരു ദാർശനിക വകഭേദം ആണെന്ന് തന്നെ പറയാം. പതിനാലാം നൂറ്റാണ്ട് മുതൽ തന്നെ സ്ത്രീവിമോചന ആശയങ്ങളും പൊതുസംവാദങ്ങളും ഇടയിൽ ഉയർന്നുവന്നിരുന്നുവെങ്കിലും ഒരു പദം എന്ന നിലയിൽ ഉപയോഗിച്ചു തുടങ്ങിയത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ ഫ്രാൻസിൽ ആയിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ രണ്ടാം പകുതിയിലാണ് മനുഷ്യ സിദ്ധാന്തങ്ങൾക്ക് ശാസ്ത്രീയമായ അടിത്തറ നൽകിയ, പോരാട്ടങ്ങൾക്ക് ദിശാബോധം നൽകി കൊണ്ട് മാർക്സിസം ഉയർന്നുവരുന്നത്. മാർക്സ് മുന്നോട്ടുവെച്ച സിദ്ധാന്തങ്ങൾ വൈരുധ്യാധിഷ്ഠിതവും, ചരിത്രപരമായ ഭൗതികവാദം, തൊഴിലാളിവർഗ സർവാധിപത്യത്തി ലൂടെ മുതലാളിത്തത്തിന്റെ അന്ത്യം, മുതലാളിത്തത്തിന്റെയും സ്വകാര്യ സ്വത്തിന്റേയും അഭാവത്തോടെ പുരുഷാധിപത്യത്തിന്റെ അന്ത്യം തുടങ്ങിയ പുത്തൻ ആശയങ്ങളിലൂടെ അതുവരെ നിലനിന്നിരുന്ന മറ്റ് സോഷ്യലിസ്റ്റ് ആശയങ്ങളെല്ലാം മാർക്സ് പുതുക്കിപ്പണിതു.1840 കളിൽ മാർക്സിസത്തിന്റെ ആവിർഭാവത്തോടു കൂടി അന്ന് നിലനിന്നിരുന്ന വർഗ്ഗ ബന്ധങ്ങളും സാമൂഹിക സംഘർഷങ്ങളും വിശദമായി ചർച്ച ചെയ്യപ്പെട്ടു. ഈ ചരിത്ര പരമായ വികസനത്തിന് ഭൗതികപരമായ വ്യാഖ്യാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ആനുകാലിക സമൂഹത്തിലെ സാമൂഹിക സാമ്പത്തിക അവസ്ഥകൾ വിശകലനം ചെയ്യൽ അനിവാര്യമാണ്.. അതുകൊണ്ട് തന്നെയാണ് മാർക്സിന്റേയും ഏംഗൽസിന്റേയും മാർക്സിസ്റ്റ് വീക്ഷണങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ട് മാർക്സിസ്റ്റ് ഫെമിനിസം എന്ന സ്ത്രീപക്ഷ സിദ്ധാന്തം ഉയർന്നുവന്നത്.

മാർക്സിസം,ലിബറലിസം, റാഡിക്കൽ ഫെമിനിസം എന്നിവയുടെ അപര്യാപ്തത കളോടുള്ള സൈദ്ധാന്തിക പ്രതികരണം ആയിട്ടാണ് മാർക്സിസ്റ്റ് ഫെമിനിസം ഉയർന്നുവന്നത്. മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ എന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ട് അവർ സ്ത്രീകളെ അടിച്ചമർത്തുന്നതിനെക്കുറിച്ചുള്ള ലിബറൽ, റാഡിക്കൽ ഫെമിനിസ്റ്റുകളുടെ വിശകലനത്തിൽ അതൃപ്തർ ആയിരുന്നു. മുതലാളിത്തത്തിലെ സ്ത്രീ ചൂഷണത്തേയും അടിച്ചമർത്തലിനേയും നന്നായി മനസ്സിലാക്കുന്നതിന് ഉൽപാദനവുമായി ബന്ധപ്പെട്ട പുനരുല്പാദനത്തെ മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ ചരിത്രവത്കരിക്കുന്നു. വിപ്ലവകരമായ ആത്മനിഷ്ഠയോടെ മുതലാളിത്ത വിരുദ്ധ ഭാവിയുടെ സാധ്യതകളെയാണ് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ സിദ്ധാന്തിക്കുന്നത്. വർഗ്ഗപരമായ അസമത്വത്തിൽ മാർക്സിസ്റ്റുകൾ കേന്ദ്രീകരിച്ചപ്പോൾ അതിലുള്ള ലിംഗപരമായ അസമത്വത്തിന്റെ മറ്റൊരു രൂപത്തെയാണ് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ കൈകാര്യം ചെയ്തത്. 1898 'വുമൺ ആൻഡ് എക്കണോമിക്' എന്ന പുസ്തകം രചിച്ചുകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിലെ സ്ത്രീകളുടെ അധ്വാനത്തെ കുറിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഫെമിനിസ്റ്റ് വിശകലനം നൽകികൊണ്ട് ആദ്യമായി മാർക്സിസ്റ്റ് ഫെമിനിസം തുടങ്ങിവെച്ച വ്യക്തികളിലൊരാളാണ് ഗിൽമാൻ,1837 ൽ ജോൺസും, 1872 അലക്സാണ്ട്ര കൊല്ലന്തായിയും മാക്സിസ്റ്റ് ഫെമിനിസത്തിന്റെ ആദ്യ തരംഗമായി മാറി. ഇവർ മാർക്സിന്റേയും ഏംഗൽസിന്റേയും സ്ത്രീപക്ഷ ആശയങ്ങളെ വ്യത്യസ്ത രീതിയിൽ വിശകലനം ചെയ്തു. മുതലാളിത്ത വ്യവസ്ഥയും സ്വകാര്യ സ്വത്തവകാശ വ്യവസ്ഥയും പത്തൊമ്പതാം നൂറ്റാണ്ടിലെ സ്ത്രീ പുരുഷ സമത്വത്തിനും വർഗീയതക്കും യഥാർത്ഥ കാരണമായോ എന്നവർ വിശകലനം ചെയ്യുന്നു.മുതലാളിത്തത്തിൽ ഉടമയും സ്വകാര്യസ്വത്ത് വ്യക്തിഗത ഉടമസ്ഥതയിലും ആണ് സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നത് എന്ന് മാർക്സിസ്റ്റ് ഫെമിനിസം കണ്ടെത്തുന്നു മാർക്സിസ്റ്റ് ഫെമിനിസ്റ്റുകളുടെ അഭിപ്രായത്തിൽ സ്ത്രീകളുടെ അധ്വാനത്തിനെ ഭൂരിഭാഗവും നഷ്ടപരിഹാരം നൽകാത്ത മുതലാളിത്ത വ്യവസ്ഥയെ തകർക്കുന്നതിലൂടെ മാത്രമേ സ്ത്രീ വിമോചനം സാധിക്കൂ എന്നാണ് അവർ വാദിക്കുന്നത് മുതലാളിത്തം എന്നത് അധികാരത്തിന് ഏകീകൃതമായ ഒരു പ്രവർത്തനം എന്നതിലുപരി ചരിത്രത്തിലുടനീളം ലോകമെമ്പാടുമുള്ള വ്യത്യസ്തമായ കോൺഫിഗറേഷൻ ഉള്ള സ്ഥാപനങ്ങൾ, പാരമ്പര്യ ചരിത്രങ്ങൾ, പ്രവേശന രീതികൾ, തടവറയുടെ തന്ത്രങ്ങൾ എന്നിവയുടെ ഒരു വലയാണ്.

ഈ അർത്ഥത്തിൽ മുതലാളിത്തം എല്ലാത്തിനുമുപരിയായി തൊഴിലാളികളെ പരസ്പരം അകറ്റി നിർത്തിയിരിക്കുന്ന വിഭജനങ്ങൾ,അസമത്വങ്ങൾ അധികാര ശ്രേണികൾ എന്നിവയുടെ ഒരു ശേഖരണമാണ് എന്ന് വാദിക്കുന്ന മാർക്സിസ്റ്റ് ഫെമിനിസ്റ്റ് സെൽവിയ ഫ്രഡ്രിക്കയുടെ വിശകലനം ഞാൻ അംഗീകരിക്കുന്നു. ഈ വ്യത്യാസങ്ങളുടെ എല്ലാം ഒരു കുമിഞ്ഞു കൂടൽ ആയിട്ടാണ് മുതലാളിത്തത്തെ ഏതൊരു മാർക്സിയൻ ഫെമിനിസ്റ്റ് വീക്ഷകനും വീക്ഷിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ കാറൽമാക്സ് തന്നെ ദസ് ക്യാപിറ്റലിലൂടെ അടിസ്ഥാനപരമായി മുതലാളിത്ത വ്യവസ്ഥ എങ്ങനെ വർത്തിക്കുന്നു അത് സ്വയം എങ്ങനെ നശിക്കുന്നു എന്നെല്ലാം അടങ്ങിയിട്ടുള്ള ഒരു വിവരണം ഉൾപ്പെടുത്തിയിട്ടുണ്ട്.

ലിബറൽ വാദിയായിരുന്ന കെന്നഡി ഇപ്രകാരം വാദിക്കുന്നു 'ലിംഗഭേദം അത് സാമൂഹികപരമായി നിർമിച്ച റോളുകൾ ഉൾക്കൊള്ളുന്നു അത് രണ്ട് ലിംഗക്കാർക്കും ആട്രിബ്യൂട്ട് ചെയ്യുന്നു'. സ്ത്രീകളുടെ അടിച്ചമർത്തലിന് കാരണം ആയിട്ടു

ള്ള മറ്റൊരു ഘടകം എന്ന രീതിയിൽ സ്വകാര്യ സ്വത്തിനെയാണ് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ കണക്കാക്കുന്നത്. ഇതിലെ ഏംഗൽസിന്റെ രചനകൾ അവരെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. 1891ൽ അദ്ദേഹം രചിച്ച 'ദി ഒറിജിൻ ഓഫ് ഫാമിലി', പ്രോപ്പർട്ടി ആൻഡ് സ്റ്റേറ്റ് എന്ന പുസ്തകം മാർക്സിസ്റ്റ് ഫെമിനിസ്റ്റ് ആശയത്തിന് മുതൽക്കൂട്ടാണ് എന്നുതന്നെ പറയാം.ഏംഗൽസിന്റെ കാഴ്ചപ്പാടിൽ കുടുംബം എന്നത് സാമൂഹികവും സാമ്പത്തികവുമായ യൂണിറ്റുകൾ ആയിരുന്നു.സ്ത്രീകൾ സമൂഹത്തിന് പകരം ഭർത്താവിന് വേണ്ടി മാത്രമായി ജോലി ചെയ്യുന്നു എന്നും അവരുടെ അധ്വാനം മിച്ചം വല്ലതും ഉൽപാദിപ്പിക്കാനായുള്ള ഒരു കീഴ്ഘടകമായി മാറുകയും ചെയ്തു എന്ന് ഏംഗൽസ് അഭിപ്രായപെടുന്നു.ഏംഗൽസിനെ സംബന്ധിച്ചിടത്തോളം പുരുഷാധിപത്യ കുടുംബം കൃഷിയുടെ വികാസത്തോടെ ഉയർന്നുവന്നു എന്നാണ്.അവിടെ പുരുഷന്മാർ മൃഗങ്ങൾ, ഉപകരണങ്ങൾ, ഭൂമി എന്നിവയിൽ സ്വകാര്യ സ്വത്ത് വികസിപ്പിക്കാൻ തുടങ്ങി. എന്നാൽ സ്ത്രീകളോടും കുടുംബത്തോടുമുള്ള മാർക്സിന്റെ സമീപനം പരമ്പരാഗത സാമ്പത്തിക ശാസ്ത്രത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു. മാർക്സിയൻ മാതൃകയിൽ സ്ത്രീകൾ കുടുംബത്തിന്റെ ഭാഗമായിരുന്നു. കുട്ടികളെ പ്രസവിക്കുന്നതിലും വളർത്തുന്നതിലും കുടുംബത്തെ പരിപാലിക്കുന്നതിലും ഉത്തരവാദിത്വം ഉണ്ടായിരുന്നു. ഇത് അനിവാര്യമായ ജോലിയാണെന്ന് തിരിച്ചറിവ് ഉണ്ടായിട്ടുണ്ടാകും എങ്കിലും അത് വിനിമയത്തിലൂടെ മൂല്യവത്തായ മുതലാളിത്ത ഉൽപാദന മാതൃകയുടെ ഭാഗമായ ജോലിയും ആയിരുന്നില്ല. മാർക്സിന്റെ വീക്ഷണത്തിൽ മുതലാളിത്തവിശകലനത്തിൽ വീട്ടമ്മമാർക്ക് സ്ഥാനമുണ്ടായിരുന്നില്ല. എന്നാൽ വീട്ടമ്മമാരെ മുതലാളിത്ത ഘടനയിൽ മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ ഉൾപ്പെടുത്തി.



റോസ ലക്സംബർഗ്


വീട്ടമ്മമാർ മുതലാളിത്തത്തിന് അത്യന്താപേക്ഷിതമാണെന്നും വീട്ടിലെ ശമ്പളം ഇല്ലാത്ത ജോലി മുതലാളിമാരേയും തൊഴിലാളിമാരേയും പരിപാലിക്കുകയും അടുത്ത തലമുറയിലെ മുതലാളിമാരേയും തൊഴിലാളിമാരേയും പുനർനിർമ്മിക്കുകയും ചെയ്യുന്നു എന്ന് കാൾ മാക്സ് അവകാശപ്പെടുന്നുണ്ട്.സ്ത്രീകളുടെ ഉത്പാദന പുനരുൽപാദന ബന്ധങ്ങളും ഏംഗൽസ് തന്റെ രചനയിലും കൂട്ടി ചേർക്കുന്നുണ്ട്. സ്ത്രീകൾ വീട്ടുജോലിയിലും കുടുംബത്തിന്റെ കെട്ടുറപ്പിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സ്ത്രീകൾക്ക് വീട്ടിനുള്ളിലെ ഒരു പ്രോപ്പർട്ടിയിലും സ്വകാര്യ അവകാശമുണ്ടായിരുന്നില്ല. അവർ പ്രസവിക്കുന്ന അവരുടെ കുട്ടികൾ പോലും വരുന്ന തലമുറയുടെ സ്വത്തവകാശികൾ ആയതിനാൽ അവരും ഭർത്താക്കന്മാരുടെ മാത്രം സ്വകാര്യ സ്വത്തായി മാറി. ഇവിടെ ഒരു അന്യവൽക്കരണം ആണ് ഏംഗൽസ് നമുക്ക് കാണിച്ചു തരുന്നത്. തുടർന്ന് ബഹുഭാര്യത്വം നിർത്തലാക്കുകയും ചെയ്തു, കാരണം ബഹുഭാര്യത്വത്തിൽ പിറക്കുന്ന തലമുറയിൽ സ്വത്ത് കൈമാറ്റ വ്യവസ്ഥ വളരെ ബുദ്ധിമുട്ട് ഉള്ളതായിരുന്നു. അതുകൊണ്ടു തന്നെ ഏകഭാര്യത്വം നിലവിൽ വരുകയും ചെയ്തു എന്നും അദ്ദേഹം വിശദീകരിക്കുന്നു.

സ്വകാര്യസ്വത്തിന്റെ അഭാവം പുരുഷന്മാരുടെ ഉൽപാദന പരമായ ജോലിയും സ്ത്രീകളുടെ വീട്ടുജോലിയും തുല്ല്യ സാമൂഹിക പ്രാധാന്യം വർത്തിക്കുന്നതായി കാണാം എന്ന് അദ്ദേഹം പറയുന്നു. ഏംഗൽസിന്റെ ഈ വീക്ഷണങ്ങൾ സോഷ്യലിസത്തിലേക്കും പിന്നീട് കമ്മ്യൂണിസത്തിലേക്കും നയിക്കുന്ന കാഴ്ചപ്പാടുകളാണ്. എന്നാൽ സോഷ്യലിസവും കമ്മ്യൂണിസവും നടപ്പിലായാൽ സ്ത്രീയും പുരുഷനും ഉണ്ടാവില്ല എന്നും, അവിടെ തുല്യരായ തൊഴിലാളികൾ മാത്രമേ ഉണ്ടാവുകയുള്ളൂ എന്നും,ഈ തത്വത്തെ വിശകലനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാക്കാം. മാർക്സിസ്റ്റ്തത്വ ചിന്തയിലെ ഒരു പ്രധാന പാകപ്പിഴ ആയിട്ടാണ് ഫെമിനിസ്റ്റ് വിമർശകർ ഇതിനെ ചൂണ്ടിക്കാണിക്കുന്നത്. 1844 ഫിലോസഫിക്കൽ മാനുസ്ക്രിപ്റ്റിൽ മാർക്സ് ഇപ്രകാരം പറയുന്നു..മനുഷ്യൻ പുരുഷന്മാരോടും സ്ത്രീകളോടും പെരുമാറുന്ന വ്യത്യസ്ത രീതികൾ രേഖപ്പെടുത്തുന്നു. ഒരു ജീവിവർഗം എന്ന നിലയിൽ നമ്മുടെ പരിണാമത്തെ നാം സ്ത്രീകളോട് പെരുമാറുന്ന രീതിയിൽ അളക്കാം എന്ന് വാദിക്കുന്നു, അത് അങ്ങനെ ആയിരിക്കണം എന്നും ന

മ്മൾ പുരുഷന്മാരോട് പെരുമാറുന്ന രീതിക്ക് തുല്യമല്ല സ്ത്രീയോട് പെരുമാറേണ്ടത് എന്നും പറയുന്നു. മനുഷ്യൻ എന്നതിന് അവരുടെ ജീവിത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീയും പുരുഷനും എന്ന് വേറെയായി തന്നെ കാണേണ്ടതുണ്ട് എന്നതിന്റെ ആവശ്യകതയെ ഡി. ബുവ്വോറും എടുത്തുകാണിക്കുന്നുണ്ട്. ഇത് ആധുനികോത്തര സിദ്ധാന്തങ്ങളുടെ ലിംഗപദവിയിലെ ഇന്റർസെക്ഷണാലിറ്റി (intersectionality) എന്ന ആശയത്തിലേക്ക് വഴി തിരിക്കുന്നു. വ്യക്തികളുടെ സാമൂഹികവും രാഷ്ട്രീയവുമായ


ഐഡന്റിറ്റിയുടെ വശങ്ങളെ സംയോജിപ്പിച്ച് വിവേചനത്തിന്റേയും പ്രത്യേക അവകാശത്തിന്റേയും വ്യത്യസ്ത രീതികൾ സൃഷ്ടിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിനായിട്ടുള്ള ഒരു വിശകലന ചട്ടക്കൂടാണ് ഇന്റർസെക്ഷനാലിറ്റി. 1989 നവംബറിൽ പ്രെൻഷൻ ആണ് ഈ പദം ഉപയോഗിച്ചത് സമീപ വർഷങ്ങളായി ഇന്റർസെക്ഷണാലിറ്റി മുമ്പത്തേക്കാൾ ചർച്ചചെയ്യപ്പെടുന്നുണ്ട്. കാരണം ഇന്ന് വർഗ്ഗവിവേചനം ഇതിനൊപ്പം സമൂഹത്തിൽ നിലനിൽക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. ചിലർ അതിനെ ആധിപത്യം എന്ന് വിളിക്കുന്നു പണ്ഡിതന്മാർ മാർക്സിസ്റ്റുകളെയും മാർക്സിസ്റ്റുകൾ തിരിച്ച് അവരെയും വിമർശിക്കുന്നുണ്ട്. മാർക്സിയൻ ആശയങ്ങൾ ആയ സോഷ്യലിസവും കമ്മ്യൂണിസവും ഇന്റർസെക്ഷണാലിറ്റിക് വഴിതെളിച്ചു എന്നും അവർ വാദിക്കുന്നു.

പരമ്പരാഗത മാക്സിസ്റ്റ് സൈദ്ധാന്തികരുടെ




'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' കവർ

കാര്യത്തിൽ ഇത് ശരി വെക്കാം എങ്കിലും ഇന്റർ സെക്ഷണാലിറ്റി ഇന്ന് ഒരു പ്രധാന പ്രശ്നമായി എടുത്ത് കൈകാര്യം ചെയ്യുന്നതിൽ പുതിയ മാർക്സിസ്റ്റ് ഫെമിനിസ്റ്റ് സൈദ്ധാന്തികരുടെ പങ്ക് വലുത് തന്നെയാണ് എന്നാണ് എനിക്ക് തോന്നുന്നത്. സ്ത്രീ- വർണ്ണ ഫെമിനിസ്റ്റുകൾ ഇന്റർസെക്ഷണാലിറ്റിയിൽ നിറമുള്ള സ്ത്രീകളും നിറമില്ലാത്ത സ്ത്രീകളും അനുഭവിക്കുന്ന പ്രത്യേക പ്രശ്നങ്ങൾ പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ട്. വംശീയത, ലിംഗവിവേചനം, വർഗ്ഗവിവേചനം,ഭിന്നലിംഗവാദം എന്നിവ ഉൾപ്പെടുന്ന പ്രശ്നങ്ങൾ അവർ ഇന്റർസെക്ഷണാലിറ്റിയിലൂടെ സിദ്ധാന്തിക്കാൻ ശ്രമിച്ചു.ആനുകാലിക പ്രാധാന്യം എടുത്തു നോക്കുകയാണെങ്കിൽ ഇന്റർസെക്ഷണാലിറ്റിയുടെ റോൾ സമൂഹത്തിൽ വ്യാപിച്ചതായി കാണാം. 2018ലെ ഇൻഡസ്ട്രിയൽ റിപ്പോർട്ട് അനുസരിച്ച് വർണ്ണത്തിലുള്ള സ്ത്രീകളുടെ പ്രാതിനിധ്യം വർണ്ണം കുറഞ്ഞ സ്ത്രീകളേക്കാൾ മുകളിലാണ്. 17% എൻഡ്രി ലെവൽ റോളുകളിലും പുരുഷന്മാർ വെളുത്ത സ്ത്രീകൾക്ക് പിന്നിൽ നിൽക്കാൻ കാരണമാകുന്നു. നിറമുള്ള സ്ത്രീകൾ മാത്രം ഉയർന്ന പൊസിഷനുകളിൽ ഉൾപ്പെടുന്ന ഒരു പ്രവണതയും കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. പല ഫെമിനിസ്റ്റു വിമർശകരും മാർക്സിസത്തിനെ ലൈംഗിക-അന്ധവും ലിംഗവിവേചനവും ആണെന്ന് പറയുന്നു. ചിലർ ഇങ്ങനെയും പറയുന്നു,വർഗ്ഗ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ലിംഗ ബന്ധങ്ങളെ വിമർശിച്ചതിനാൽ സ്ത്രീകൾ നേരിടുന്ന ദുരി



തങ്ങൾ വ്യക്തിഗത രീതിയിൽ ചർച്ച ചെയ്യാതെ അത് സാമൂഹികപ്രശ്നങ്ങൾ ആയി കണ്ടെത്തുകയാണ് ചെയ്തതെന്ന്. എന്നാൽ ഈ അഭിപ്രായത്തോട് യോജിക്കാതെ പ്രശ്നങ്ങൾ വ്യക്തികളിൽ അല്ല മറിച്ച് മുഴുവൻ സാമൂഹിക വ്യവസ്ഥക്കും ഉള്ളിൽ ആണെന്ന് മാർക്സിസം അർത്ഥമാക്കുന്നുണ്ട്.

സ്ത്രീപീഡനത്തിന്റെ യഥാർത്ഥ ഉറവിടം സ്വകാര്യസ്വത്താണോ എന്നും അവർ പരിശോധിക്കുന്നുണ്ട്. മാർക്സിസ്റ്റ് സിദ്ധാന്തത്തിൽ കാണാവുന്ന പിഴകളുടേയും, ഒഴിവാക്കലുകളുടേയും ചില




ഉദാഹരണങ്ങൾ അവർ നൽകുന്നുണ്ട്. സ്ത്രീകളുടെ അടിച്ചമർത്തൽ, തൊഴിലാളികളുടെ ലൈംഗിക വിഭജനം എന്നിവ തിരിച്ചറിഞ്ഞ് തൊഴിലാളികളുടെ ഐക്യത്തിന് തടസ്സമായി കാണുന്ന ഘടകങ്ങളെ എതിർക്കുന്നതിൽ മാക്സിസം സമ്പൂർണ്ണമായി നിഷിദ്ധമല്ല, അവരുടെ അഭിപ്രായത്തിൽ ഏംഗൽസ് മുന്നോട്ടുവെച്ച പരിഹാരമാർഗ്ഗം ആയ സ്വകാര്യ പ്രോപ്പർട്ടി സമ്പ്രദായത്തിന്റെ തകർച്ചയിലൂടെ സ്ത്രീയെ ഗുണനിലവാരം ഉള്ള സ്ഥാനത്തേക്ക് തിരിച്ചുവിടുമെന്ന ഒരു വിശ്വാസത്തിലേക്ക് മാത്രം ആണ് അത് നയിച്ചത്. ഇത് തീർത്തും ഒരു സ്വാഭാവിക സ്ത്രീപീഡനം പോലെയാണെന്നും അവർ വിമർശിക്കുന്നു. എന്നാൽ മുതലാളിത്ത വ്യവസ്ഥയിലെ തൊഴിൽ വിഭജനത്തിൽ ഉപരി കുടുംബത്തിനുള്ളിൽ ലൈംഗിക തൊഴിൽ വിഭജനം ഉള്ളിടത്തോളം കാലം സ്ത്രീകൾക്ക് സാമൂഹിക ഉൽപാദനത്തിലും പൊതുസമൂഹത്തിലും ഒരുതരത്തിലുമുള്ള സമത്വം ഉണ്ടാകില്ല എന്നും അവർ വാദിക്കുന്നു.

മുതലാളിത്തത്തിന് ഉള്ളിലെ സ്ത്രീകളെ കുറിച്ചും കുടുംബത്തിനുള്ളിലെ സ്ത്രീകളെക്കുറിച്ചും വ്യക്തമായ വിശകലനം മാർക്സിസിറ്റ് ഫെമിനിസ്റ്റുകൾ അവകാശപ്പെടുന്നു. എന്നാൽ സാമ്പത്തിക മേഖലയിലെ വർഗ ബന്ധങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും തൊഴിൽ വിപണിക്കു പുറത്തുള്ള സ്ത്രീ അനുഭവങ്ങളെ അവഗണിക്കുകയും ചെയ്യുന്നു എന്നും വിമർശകർ ചൂണ്ടിക്കാണിക്കുന്നു. പ്രേട്രേഷയഹിൽ കൊളിൻഹന്റെയും,ദൊറോത്തി സ്മിത്തിന്റെയും പഠനങ്ങൾ വ്യക്തമാക്കുന്ന രീതിയിൽ മാർക്സിസം സ്ത്രീകളുടെ പ്രത്യേക ഗ്രൂപ്പിന്റെ കാഴ്ചപ്പാടിൽ നിന്ന് സോഷ്യൽ സയൻസ് പരിശീലിക്കണം എന്ന് പ്രസ്താവിക്കുന്ന സ്റ്റാൻഡേപോയിന്റ് തിയറിയേയും അവർ അംഗീകരിക്കുന്നു.എന്നാൽ അത്തരം വിമർശനങ്ങളെ മാർക്സിസ്റ്റുകൾ ചെവികൊള്ളുന്നില്ല പകരം മാക്സിസം അന്തർലീനമായി കൊണ്ട് ലിംഗ വിരുദ്ധവും വംശീയ വിരുദ്ധവുമാണെന്നും സ്ത്രീകൾക്കും മറ്റും നേരെയുള്ള എല്ലാതരം ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെയാണെന്നും മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ വാദിക്കുന്നുണ്ട്. പരമ്പരാഗതവും സമകാലികവും ആയ ഫെമിനിസ്റ്റ് സിദ്ധാന്തത്തിന് ഒരു അവലോകനം സൂചിപ്പിക്കുന്നതിൽ ലിംഗ വിശകലനത്തിൽ പ്രയോഗിക്കുന്ന ഏറ്റവും പ്രബലമായ ഫെമിനിസ്റ്റ് ചട്ടക്കൂടാണ് മാർക്സിസം എന്ന് 1975 ഗെയിൽ ഫുബിൻ എന്ന മാർക്സിസ്റ്റ്തത്വചിന്തക അവളുടെ മാർക്സിസ്റ്റ് ആഭിമുഖ്യത്തിൽ പറയുന്നുണ്ട്.. മാർക്സിയൻ ഫെമിനിസത്തിലൂടെ വർഗ്ഗ രഹിതമായ ഉൽപാദന രീതിയെ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ മാനവികതയുടെ വികസനത്തിനായി പ്രവർത്തിക്കുക എന്നതാണ് അവരുടെ ലക്ഷ്യം.

## ഗ്രന്ഥസൂചിക


1. Karl Marx "Communist Manifesto "1948 pg 71, 72

2. Ashley J. Bohere "Marxism and Intersectionality- Race, Gender Class and Sexuality under Contemporary Capitalism" 2021 Transcript verlag publishrs. pg 2, 3,4

3. Murli Desai "The paradigm of international social devolepment".1st edition,2014 published by routledge. Pg15.

4. Martha E. Gimerneze "Marx,Women & Capital Social Reproduction".2019, published by Haymarket books pg101

5. Momin Rahman and Stevi Jackson "Gender and Sexuality : Sociological Approaches". 2010, published by polity pg 20

6. R&R Industrial Report Trends 2022

Internet

www.ml.m.wikiepedia.org.com

www.goodreadee.com.

www.blog.vantagecircle.com.



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# ഷാവോലി മിത്രയെ ഓർക്കുമ്പോൾ



**2022** ജനുവരി 16 നു അന്തരിച്ച വിഖ്യാത അഭിനേത്രി ഷാവോലി മിത്രയുടെ അന്ത്യം ഇങ്ങു കേരളത്തിൽ ഒരു ചെറു വാർത്ത മാത്രമായിരുന്നു.അവരുടെ നാടായ ബംഗാളിലും ദേശീയതലത്തിൽ തന്നെയും ശവസംസ്കാരച്ചടങ്ങുകൾ കഴിഞ്ഞതിനു ശേഷം മാത്രമാണ് പൊതുജനം ആ അനുഗ്രഹീത കലാകാരിയുടെ ദേഹവിയോഗം അറിഞ്ഞത്. അത് അവരുടെ ആഗ്രഹപ്രകാരം തന്നെ ആയിരുന്നു. ഏതൊരു പ്രതിഭയും ഇഹലോകം വിട്ടു പോകുമ്പോൾ, അതിനു ചുറ്റും തുടർച്ചയായ വാർത്താ ശൃംഖല നെയ്യുന്ന ഇന്നത്തെ മാധ്യമ ശൈലികളോട് ആ അഭിനേത്രിക്കുള്ള മടുപ്പിന്റെയും വിയോജിപ്പിന്റെയും ദൃഷ്ടാന്തമായിട്ടു തന്നെ നമുക്കതു കാണാം .പ്രശസ്ത നാടക ദമ്പതികളും, 'ബഹുരൂപീ' എന്ന നാടക സംഘത്തിന്റെ സ്ഥാപകരുമായ ഷോംഭു മിത്രയുടേയും -തൃപ്തി മിത്രയുടേയും മകളായ ഷാവോലി മിത്ര നാടക രംഗത്തും, ഏകാഭിനയ രംഗത്തും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച കലാകാരി ആണ്.

അവരുടെ മരണശേഷം വന്ന വാർത്തകളിലെല്ലാം നിറഞ്ഞു നിന്നതു 'നാഥവതി അനാഥവതി'ലെ ദ്രൗപദിയും 'സീതാകഥ'യിലെ സീതയും ആയിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യൻ ടെലിവിഷനിൽ നിറഞ്ഞാടിയ ഭക്തിസാന്ദ്രമായ മഹാഭാരതത്തിലെ ദ്രൗപദി ആയിരുന്നില്ല ഷാവോലി മിത്രയുടെ ദ്രൗപദി. സനാഥയെങ്കിലും അനാഥയായി

ഉഴലുന്ന രാജകുമാരിയാണവൾ.ഭർതൃഗൃഹത്തിൽ പീഡനമേൽക്കുന്നവൾ. ദ്രൗപദിയുടെ അപമാനിതമായ അവസ്ഥയെ കേന്ദ്രീകരിച്ചു ഷാവോലി അരങ്ങിൽ ഒരുക്കിയ ഏകാഭിനയം ഞാൻ ആദ്യം കാണുന്നത് ഡൽഹി ദൂരദർശനിലാണ്.

അരങ്ങിൽ ദ്രൗപദിയെ മാത്രമല്ല അവർ തന്റെ മികവുറ്റ വ്യത്യസ്തമായ അഭിനയ ശൈലി കൊണ്ട് ഉജ്ജ്വലമാക്കിയത് മഹാഭാരതത്തിലെ അനേകം കഥാപാത്രങ്ങളെ ഒറ്റയ്ക്ക് അവതരിപ്പിച്ചു ശകുനിയിൽ നിന്ന് കർണ്ണനായും , ദുശ്ശാസനനായും , കൃഷ്ണനായും , യുധിഷ്ഠിരനായും, കഥ പറയുന്ന കഥാകാരിയായും എല്ലാം അനായാസമായ ഒഴുക്കോടെ, കരുത്തോടെ, തന്മയത്വത്തോടെ ഷാവോലി രൂപാന്തരപ്പെടുന്നു. പക്ഷെ ദ്രൗപദിയാണ് കേന്ദ്രബിന്ദു.ദ്രൗപദിയിലൂടെ ഒരു പാരമ്പര്യത്തെ തന്നെ വിചാരണ ചെയ്യുകയായിരുന്നു ഷാ




വോലി മിത്ര. ബംഗാളിയിലും ഹിന്ദിയിലും ഷാവോലി ആ നാടകം ഇന്ത്യയിലെ പല സ്റ്റേജുകളിൽ എൺപതുകളിൽ അവതരിപ്പിച്ചിട്ടുണ്ട്. ആ കാലത്തു ഇന്നത്തെ പോലെ മിത്തുകളുടെ പുനർ കഥനത്തിനോ സ്ത്രീപക്ഷ എഴുത്തിനോ ഇത്ര വിപുലമായ വിപണി സജ്ജമായിരുന്നില്ല. ചിത്ര ബാനർജി ദിവാകരുണിയും, ദേവദത് പട്നായികും വരുവാൻ ഇനിയും വർഷങ്ങൾ പലതു കഴിയണം.

ദ്രൗപദി അനുഭവിക്കുന്ന കടുത്ത വ്യഥയും ഏകാന്തതയും അരങ്ങിൽ അഭിനയിച്ചു ഫലിപ്പിക്കാൻ ഷാവോലിക്കു പിൻബലം പകർന്നത് ഇരാവതി കാർവെയുടെ യുഗാന്ത എന്ന കൃതിയാണ്.മഹാഭാരതത്തിന്റെ സാമ്പ്രദായിക വായനകളെ മാത്രമല്ല ഷാവോലി വെല്ലുവിളിച്ചത് ;നാടക പാരമ്പര്യങ്ങളിലെ ആൺകോയ്മയെ കൂടി അട്ടിമറിച്ചുകൊണ്ടാണ് അവർ മറ്റൊരു അവതരണലോകത്തെ വി

**നാഥബതി അനാഥബതിനും ' 'കഥാ അമൃതസമാനിനും' പ്രത്യേകതകൾ ഏറെയുണ്ട്. ആധുനിക ബംഗാളി തീയേറ്ററിൽ മഹാഭാരത കഥാപാത്രങ്ങൾക്കു വ്യക്തമായ സ്ത്രീപക്ഷ വ്യാഖ്യാനം നൽകിയിട്ടുള്ള ആദ്യ കൃതിയാണ് നാഥബതി. രണ്ടാമതായി,ഒരു നാടകം എഴുതുക, സംവിധാനം ചെയ്യുക, അതിൽ അഭിനയിക്കുക – ഈ മൂന്ന് കഴിവുകളും ഒരു വ്യക്തിയിൽ സമ്മേളിക്കുക എന്നത് അത്ര സാധാരണമല്ല. ഈ നാടകങ്ങളിൽ ഷാവോലി എഴുത്തുകാരിയായും, സംവിധായികയായും,അഭിനേത്രിയായും, ഗായികയായും, നർത്തകിയായും മികച്ച പ്രകടനം കാഴ്ച വെക്കുന്നത് നമ്മൾ കാണുന്നു."**

ഭാവനം ചെയ്തത്. ഫെമിനിസ്റ്റ് സാഹിത്യം ഐതിഹ്യങ്ങളെയും പുരാണങ്ങളെയും പുനർവായനക്കു ഇതിനു മുൻപും വിധേയമാക്കിയിട്ടുണ്ട്. പക്ഷെ ഷാവോലിയുടെ അവതരണത്തിനു സവിശേഷതകൾ ഏറെയുണ്ടായിരുന്നു .

2005 ൽ ഇറങ്ങിയ ഇംഗ്ലീഷ് പരിഭാഷക്കു എഴുതിയ ആമുഖത്തിൽ നവനീത സെൻ നടത്തുന്ന നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ് :"എങ്കിലും 'നാഥബതി അനാഥബതിനും ' 'കഥാ അമൃതസമാനിനും' പ്രത്യേകതകൾ ഏറെയുണ്ട്. ആധുനിക ബംഗാളി തീയേറ്ററിൽ മഹാഭാരത കഥാപാത്രങ്ങൾക്കു വ്യക്തമായ സ്ത്രീപക്ഷ വ്യാഖ്യാനം നൽകിയിട്ടുള്ള ആദ്യ കൃതിയാണ് നാഥബതി.രണ്ടാമതായി,ഒരു നാടകം എഴുതുക, സംവിധാനം ചെയ്യുക, അതിൽ അഭിനയിക്കുക – ഈ മൂന്ന് കഴിവുകളും ഒരു വ്യക്തിയിൽ സമ്മേളിക്കുക എന്നത് അത്ര സാധാരണമല്ല.ഈ നാടകങ്ങളിൽ ഷാവോലി എഴുത്തുകാരിയായും, സംവിധായികയായും,അഭിനേത്രിയായും, ഗായികയായും, നർത്തകിയായും മികച്ച പ്രകടനം കാഴ്ച വെക്കുന്നത് നമ്മൾ കാണുന്നു."

ഇ ബഹുമുഖപ്രതിഭയെ പദ്മശ്രീ പുരസ്കാ

രം, സംഗീത നാടക അക്കാഡമി അവാർഡ്,നോർവെയിലെ ഇബ്സൻ പുരസ്കാരം തുടങ്ങി അനവധി അംഗീകാരങ്ങൾ തേടി എത്തിയിരുന്നു.ഋത്വിക് ഘട്ടക്കിന്റെ 'ജുക്തി തക്കോ ആർ ഗപ്പൊ' എന്ന ചിത്രത്തിൽ അഭിനയിച്ചിട്ടുള്ള ഷാവോലീയുടെ ഹൃദയത്തിൽ അരങ്ങിനു തന്നെ ആരുന്നു മുഖ്യ സ്ഥാനം.ബഹുരൂപിയിൽ തുടങ്ങിയ നാടക ഉപാസന ഷാവോലിയെ സ്വന്തമായ ഒരു നാടക കൂട്ടായ്മയിലേക്കെത്തിച്ചു പഞ്ചം ബൈദിക് എന്നായിരുന്നു അതിന്റെ പേര്.2018 ൽ വീണ്ടും ദ്രൗപദിയായി അരങ്ങിൽ എത്തുമ്പോൾ കെട്ടിലും മട്ടി




**കോറസും സംഗീതവും ഒക്കെ മിഴിവേകിയ ഒരു രംഗഭാഷയിൽ നിന്നും വ്യത്യസ്തമായി, മധ്യവയസ്സിലെത്തിയ ഷാവോലി പഴയ കഥാകഥ ശൈലിയിൽ മുന്നിലിരിക്കുന്ന കാണികളോട് മഹാഭാരതത്തെ കുറിച്ച് , അതിലെ വൈരുദ്ധ്യങ്ങളെ കുറിച്ച് നേരിട്ട് സംവദിച്ചു. പ്രേക്ഷകരെ വിശ്വാസത്തിലെടുത്തു,ഒരു സുഹൃദ് സംഭാഷണം നടത്തുന്ന മട്ടിലായിരുന്നു ആവിഷ്കാരരീതി. നരച്ച മുടിനാരിഴ പറിച്ചു കളയുന്ന കീചകന്റെ ശൃംഗാര ഭാവങ്ങളെ ഷാവോലി ഹാസ്യവും ക്രോധവും കലർന്നു അവതരിപ്പിക്കുന്നതിലെ നൈപുണ്യം ടെലിഗ്രാഫ് പോലുള്ള പത്രങ്ങൾ എടുത്തു പറഞ്ഞിരുന്നു.**

ലും കാലികമായ മാറ്റങ്ങൾ വരുത്തിയാണ് അവതരണം നടന്നതെന്ന് അന്നത്തെ പത്രങ്ങൾ വിലയിരുത്തി. കോറസും സംഗീതവും ഒക്കെ മിഴിവേകിയ ഒരു രംഗഭാഷയിൽ നിന്നും വ്യത്യസ്തമായി, മധ്യവയസ്സിലെത്തിയ ഷാവോലി പഴയ കഥാകഥ ശൈലിയിൽ മുന്നിലിരിക്കുന്ന കാണികളോട് മഹാഭാരതത്തെ കുറിച്ച് , അതിലെ വൈരുദ്ധ്യങ്ങളെ കുറിച്ച് നേരിട്ട് സംവദിച്ചു. പ്രേക്ഷകരെ വിശ്വാസത്തിലെടുത്തു,ഒരു സുഹൃദ് സംഭാഷണം നടത്തുന്ന മട്ടിലായിരുന്നു ആവിഷ്കാരരീതി. നരച്ച മുടിനാരിഴ പറിച്ചു കളയുന്ന കീചകന്റെ ശൃംഗാര ഭാവങ്ങളെ ഷാവോലി ഹാസ്യവും ക്രോധവും കലർന്നു അവതരിപ്പിക്കുന്നതിലെ നൈപുണ്യം ടെലിഗ്രാഫ് പോലുള്ള പത്രങ്ങൾ എടുത്തു പറഞ്ഞിരുന്നു.

ഇന്ത്യൻ നാടകവേദിയുടെ ചരിത്രത്തിൽ മൗലികമായ രീതിയിൽ സ്വയം അടയാളപ്പെടുത്തിയ ഷാവോലി മിത്രയെ നമ്മൾ വേണ്ടും വിധം ഇനിയും മനസ്സിലാക്കേണ്ടി ഇരിക്കുന്നു.ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.കലാ പ്രതിഭയെ പോലെ തന്നെ അനന്യമായ ഒരു വ്യക്തിത്വത്തിനും കൂടി ഉടമയായിരുന്നു അവർ. അവർ നടത്തിയ ധീരമായ സാംസ്കാരിക ഇടപെടലുകൾ, ഇതിഹാസ വ്യാഖ്യാനങ്ങൾ അനവധി തലമുറകളെ ആവേശം കൊള്ളിച്ചിട്ടുണ്ട്.സ്വതന്ത്രമായ അന്വേഷണത്തിന്റെ ചലനാത്മകത അവരുടെ വാക്കുകൾക്കു വേറിട്ട സൗന്ദര്യം പകരുന്നു. 'കാണികളുമായുള്ള ഒരു സാങ്കല്പിക അഭിമുഖം' എന്ന ചെറു രചനയിൽ അവരുടെ ചിന്തയുടെ കാതലായ അംശം അലിഞ്ഞു ചേർന്നിരിക്കുന്നു:

"സമൂഹത്തെ സേവിക്കാനും രക്ഷിക്കാനുമുള്ള നിങ്ങളുടെ മാർഗ്ഗങ്ങൾ നിങ്ങൾ തന്നെ കണ്ടെത്തണം.കാണികളെ ചിന്തിപ്പിക്കാനും, എന്നോട് തന്നെ വിശ്വസ്തത പുലർത്താനും ഞാൻ ശ്രമിക്കുന്നു.അതിനു എനിക്ക് കഴിഞ്ഞാൽ അതായിരിക്കും എന്റെ ഏറ്റവും വലിയ പ്രതിഫലം ."

റിപ്പോർട്ട്

എം. സുൽഫത്ത്

## നടിക്ക് ഐക്യദാർഢ്യവുമായി
# 'സാംസ്കാരിക കേരളം അതിജീവിതയെക്കാപ്പം'

**2022** ജൂൺ 1 ന് ഉച്ചയ്ക്ക് 2 മണി മുതൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന 'അതിജീവിതയ്ക്കാപ്പം സാംസ്കാരിക കേരളം' എന്ന ഐക്യദാർഢ്യ പരിപാടി പല തുകൊണ്ടും ശ്രദ്ധേയമായിരുന്നു.കഴിഞ്ഞ 5 വർഷമായി നീതിക്കുവേണ്ടി പോരാടിക്കൊണ്ടി രിക്കുന്ന അവർക്കൊപ്പം നില്ക്കേണ്ടത് നീതി ബോധമുള്ള ഓരോരുത്തരുടെയും ഉത്തരവാ ദിത്തമാണ്. അവൾക്കൊപ്പം മാത്രമല്ല അതി ജീവിതരായരും ,നീതി നിഷേധിക്കപ്പെടുന്നവ രുമായ എല്ലാ സ്ത്രീകൾക്കുമൊപ്പം ഞങ്ങൾ ഉണ്ടാവും എന്ന പ്രതിജ്ഞ സിനിമ ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി ചൊല്ലിക്കൊടുത്തത് സദസ്സ് ഒ ന്നാകെ ഏറ്റുചൊല്ലിക്കൊണ്ടു നടന്ന ഉദ്ഘാട ന പരിപാടി വ്യത്യസ്തമായ ഒരു ഐക്യദാർ ഢ്യമായിരുന്നു.

സാറാ ജോസഫ്, കെ.അജിത, വൈശാഖൻ ,ടി.ഡി.രാമകൃഷ്ണൻ, പാർവ്വതി പവനൻ ,സി.എസ്.ചന്ദ്രിക, സിസ്റ്റർ ജെസ്മി, ബൈജു കൊട്ടാരക്കര ജിയോബേബി, മൈത്രേയൻ ,വി.എസ് സുനിൽകുമാർതുടങ്ങിയ വിവിധ മേ ഖലകളിലുള്ള വരുടെ ഐക്യദാർഢ്യ പ്രസം ഗങ്ങളും വി.എം.ഗിരിജ ,പി .എൻ ഗോപീകൃ ഷ്ണൻ, വി ജയരാജമല്ലിക, ബൾക്കീസ് ബാ നു ,നഫീസത്ത് ബീവി, ബിലു സി.നാരായ ണൻ, – വി.ആർ.പ്രഭ, അനുപാപ്പച്ചൻ തുടങ്ങി യവരുടെ കവിതകളും,സിതാര കൃഷ്ണകുമാർ, രശ്മി സതീഷ്, മാർട്ടിൻ ഊരാളി, ചെമ്പരുന്ത് റോക്കിംഗ് ഫോക്സ് തുടങ്ങിയവരുടെ പാട്ടു കളും ഐക്യദാർഢ്യത്തിന്റെ ഭാഗമായി നട ന്നു.ശ്രീജ ആറങ്ങോട്ടുകരയും സംഘവും അ വതരിപ്പിച്ച നാടകം, അജിത കല്യാണിയുടെ ഏകാംഗ നാടകം ,സുലേഖ ജോർജ്ജ്, ശീതൾ ശ്യാം , ഐശ്വര്യ, തുമ്പി', സംഗീത ,സോന തുടങ്ങി നിരവധി പേരുടെ ഡാൻസുകളും ഐ ക്യദാർഢ്യത്തെ മിഴിവുറ്റതാക്കി. ആലങ്കോട് ഹ രിയുടെ ഒരു മണിക്കൂർ നീണ്ട സന്തൂർവാദനം അതിജീവിതയോടുള്ള ഐക്യപ്പെടലായിരുന്നു. നീതി നിഷേധിക്കുന്നവരുടെ ഒപ്പം നിൽക്കലാ ണ് സംസ്കാരമെന്നും ഒപ്പം നിൽക്കുന്നവരാ



ണ് സാംസ്കാരിക പ്രവർത്തകരെന്നും സംഘാടക സ മിതിയുടെ കൺവീനർ പ്രൊഫ: കുസുമം ജോസഫ് അധ്യക്ഷ പ്രസംഗത്തിൽ സൂചിപ്പിച്ചതു പോലെ വ്യവ സ്ഥാപിത സാംസ്കാരിക പ്രവർത്തകരായിരുന്നില്ല ഐ ക്യദാർഢ്യവുമായി ഒത്തുചേർന്നവർ. നമ്മൾ അതിജീ വിതയ്ക്കൊപ്പം എന്ന വാട്ട്സാപ്പ് കൂട്ടായ്മയുടെ മുൻ കയ്യിലായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്. കേസി ന്റെ നാൾവഴികൾ സംഘാടക സമിതിയുടെചെയർപേ ഴ്സൺ അഡ്വ: ആശ അവതരിപ്പിച്ചു.എം.സുൽഫത്ത് സ്വാഗതവും ജോളി ചിറയത്ത് നന്ദിയും പറഞ്ഞു.

## പ്രതിജ്ഞ:

നീതിക്കുവേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന അതിജീവിതക്കൊപ്പമാണ് ഞങ്ങൾ. അവരുടെ പോരാട്ടം എത്ര നീണ്ടു നിന്നാലും എന്തു പ്രതിസന്ധി നേരിട്ടാലും, ലോകത്തിന്റെ ഏത് കോണിലിരുന്നായാലും ഞങ്ങൾ അവൾക്കൊപ്പം ഉണ്ടാകും. ഭരണകൂടമോനീതിന്യായ സംവിധാനങ്ങളോ നീതി നിഷേധിച്ചാൽ അതിജീവിത നടത്തുന്ന പോരാട്ടങ്ങൾക്ക് വിജയം വരെ അവളോടൊപ്പം ഞങ്ങളും ഉണ്ടാകും. എല്ലാ അതിജീവിതകൾക്കും നീതി നിഷേധിക്കപ്പെടുന്ന സ്ത്രീകൾക്കും ഒപ്പമായിരിക്കും ഞങ്ങൾ എന്നും 2022 ജൂൺ 1ന് തൃശൂർ സാഹിത്യ അക്കാദമിയിൽ അതിജീവിതയ്ക്ക് ഐക്യദാർഢ്യവുമായി ഒത്തുചേർന്ന ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു



**അതിജീവിതരായവരും.... സിതാരകൃഷ്ണകുമാർ... സായോനാര...**



ചർച്ചാവിഷയം



**സൗമ്യ എ.എസ്.**
ഗവേഷക, തത്വചിന്ത വിഭാഗം
ശ്രീ ശങ്കരാചാര്യ സർവ്വകലാശാല
കാലടി

- തത്വചിന്തയും ലിംഗനീതിയും
- പ്ലാറ്റോണിയൻ സമീപനം
- അരിസ്റ്റോട്ടിലിയൻ സമീപനം
- ലിംഗനീതിയുടെ പ്രാധാന്യം

# തത്വചിന്താപഠനത്തിൽ ലിംഗഭേദത്തിന്റെ പങ്ക്

തത്വചിന്തയിൽ ലിംഗഭേദത്തിനുള്ള പ്രാധാന്യം എന്താണെന്ന് മനസിലാക്കാൻ ഉള്ള ഒരു അവലോകനം ആണ് ഈ ലേഖനത്തിൽ നടത്തുന്നത് . കഴിഞ്ഞ കുറെ കാലങ്ങളായി ലിംഗഭേദവും അതുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലും ദാർശനിക പ്രവർത്തനങ്ങളുടെ സ്വാധീനം നമുക്കു കാണാൻ കഴിയും. യഥാർത്ഥത്തിൽ, ഇന്നത്തെ തലമുറയുടെ പ്രധാന ആവശ്യം ലിംഗഭേദത്തോടുള്ള ചില സമീപനങ്ങളെ ഒറ്റപ്പെടുത്തുക, അതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പരിശോധിക്കുക മാത്രമല്ല, ഓരോന്നിന്റെയും പരിമിതികൾ മനസിലാക്കി ഓരോ പ്രശ്നത്തേയും സാധ്യമായ രീതിയിൽ പരിഹരിക്കാൻ ആവശ്യമായ മാർഗം കണ്ടെത്തുക എന്നതാണ്. പ്രധാനമായും നെഗറ്റീവ് വിമർശനാത്മക നിലപാടുകളിൽ നിന്ന് ആരംഭിച്ച് കൂടുതൽ പോസിറ്റീവായ സമീപനങ്ങൾ എന്താണെന്നാണ് ഞാൻ മനസിലാക്കാൻ ശ്രമിക്കുന്നത്. അതിനു ഒന്നാമതായി സംഭാഷണ വിശകലനത്തിലൂടെ(അതായത്, ദൈനംദിന ജീവിത സാഹചര്യങ്ങളിൽ വാക്കാലുള്ളതും അല്ലാത്തതുമായ പെരുമാറ്റം ഉൾക്കൊള്ളുന്ന സാമൂഹിക ഇടപെടലുകളെക്കുറിച്ചു മനസിലാക്കുന്ന രീതിയിലൂടെ) ഉള്ള ലിംഗവിമർശനം എന്താണെന്ന് മനസ്സിലാക്കേണ്ടത് ആവശ്യമായ കാര്യമാണ്. രണ്ടാമതായി ലിംഗപരമാ



യ ആശയങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചുള്ള ഗവേഷണമാണ് നടത്തേണ്ടത്.

### സ്ത്രീസമത്വവും ലിംഗസമത്വവും :

സ്ത്രീസമത്വവാദം എന്നത്കൊണ്ടുദ്ദേശിക്കുന്നത് സ്ത്രീകളുടെ പക്ഷത്ത് സമത്വം സൃഷ്ടിക്കുന്നതിനും നേടുന്നതിനുമുള്ള ഒരു പൊതുലക്ഷ്യത്തെ കുറിച്ച് പ്രതിപാദിക്കുന്ന ഒരു കൂട്ടം പ്രത്യയശാസ്ത്രങ്ങളുടേയും രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളുടേയും ഒരു കൂട്ടമാണ്. ലിംഗസമത്വം, ചില അവകാശങ്ങളിലും അവസരങ്ങളിലും ലിംഗഭേദം ബാധിക്കാത്ത ഒരു അവസ്ഥയെയുമാണ് സൂചിപ്പിക്കുന്നത്.

ലിംഗഭേദം എന്നത് സാമൂഹികമായി നിർമ്മിച്ച സ്ത്രീകളുടേയും പുരുഷന്മാരുടേയും പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും സവിശേഷതകളെ സൂചിപ്പിക്കുന്ന ഒരു പ്രക്രിയയാണ് . ഒരു സ്ത്രീയോ പുരുഷനോ പെൺകുട്ടിയോ ആൺകുട്ടിയോ ആയി ബന്ധപ്പെട്ട എല്ലാ മാനദണ്ഡങ്ങളും പെരുമാറ്റങ്ങളും അതുപോലെ പരസ്പര ബന്ധങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഒരു സാമൂഹിക നിർമ്മിതി എന്ന നിലയിൽ, ലിംഗഭേദം ഒരു സമൂഹത്തിൽ നിന്ന് മറ്റൊരു സമൂഹത്തിലേക്ക് വ്യത്യാസപ്പെടുകയും കാലത്തിനനുസരിച്ച് പരിവർത്തനം ചെയ്യപ്പെടുകയും ചെയ്യും.

ലിംഗഭേദം എന്നത് ആളുകൾ പരസ്പരം എങ്ങനെ കാണുന്നു, അവർ തമ്മിൽ എങ്ങനെ പ്രവർത്തിക്കുന്നു, എങ്ങനെ ഇടപഴകുന്നു എന്നിവയെ ഒക്കെ ആശ്രയിച്ചിരിക്കുന്നു. മാത്രമല്ല, സമൂഹത്തിലെ അധികാരത്തിന്റെയും വിഭവങ്ങളുടെ വിതരണത്തെയും ഇത് സ്വാധീനിക്കുന്നു. ലിംഗപരമായ ഐഡന്റിറ്റി ഒരു സ്ത്രീയിലോ പുരുഷനിലോ ഒതുങ്ങുന്നില്ല, അല്ലെങ്കിൽ അത് സ്ഥിരമല്ല. അത് തുടർച്ചയായി നിലനിൽക്കുന്നതും കാലക്രമേണ മാറാവുന്നതുമാണ്. സമൂഹത്തിൽ ലിംഗഭേദം സ്ഥാപനവത്കരിക്കപ്പെട്ട ഈ കാലഘട്ടത്തിൽ വ്യക്തികളും സംഘടനകളും ലിംഗഭേദം എങ്ങനെ മനസിലാക്കുന്നു എന്നതിൽ വൈവിധ്യമുണ്ട്.

### തത്വചിന്തയും ലിംഗനീതിയും :

തത്ത്വചിന്ത ആളുകളുടെ ലോകവീക്ഷണം രൂപപ്പെടുത്തുന്നു, കാരണം അത് അവരുടെ പെരുമാറ്റത്തെയും പ്രത്യേക പ്രശ്നത്തിൽ തീരുമാനമെടുക്കുന്നതിനുള്ള സമീപനങ്ങളെയും പ്രധാനമായും നിർണ്ണയിക്കുന്നു. ആഗോളപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ തത്ത്വചിന്ത ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഒരു ലോക വീക്ഷണം രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ പ്രധാന പ്രവർത്തനം, പ്രായോഗിക പരിഹാരങ്ങളുടെ വികസനത്തിലും ത

**ലിംഗഭേദം എന്നത് ആളുകൾ പരസ്പരം എങ്ങനെ കാണുന്നു, അവർ തമ്മിൽ എങ്ങനെ പ്രവർത്തിക്കുന്നു, എങ്ങനെ ഇടപഴകുന്നു എന്നിവയെ ഒക്കെ ആശ്രയിച്ചിരിക്കുന്നു. മാത്രമല്ല, സമൂഹത്തിലെ അധികാരത്തിന്റെയും വിഭവങ്ങളുടെ വിതരണത്തെയും ഇത് സ്വാധീനിക്കുന്നു. ലിംഗപരമായ ഐഡന്റിറ്റി ഒരു സ്ത്രീയിലോ പുരുഷനിലോ ഒതുങ്ങുന്നില്ല, അല്ലെങ്കിൽ അത്സ്ഥിരമല്ല. അത്തുടർച്ചയായി നിലനിൽക്കുന്നതും കാലക്രമേണ മാറാവുന്നതുമാണ്.**

ത്വചിന്ത പരോക്ഷമായി സ്വാധീനം ചെലുത്തുന്നു.

സ്ത്രീകളുടെ അടിച്ചമർത്തലുകളെ കുറിച്ച് മനസ്സിലാക്കാനും വെല്ലുവിളികളെ നേരിടാനും ലക്ഷ്യമിടുന്ന തത്ത്വചിന്തയാണ് ഫെമിനിസ്റ്റ് ഫിലോസഫി. ഫെമിനിസ്റ്റ് തത്ത്വചിന്ത, പരമ്പരാഗതമായി പ്രായോഗിക ധാർമ്മികതയിലും രാഷ്ട്രീയ തത്ത്വശാസ്ത്രത്തിലും ആതിഭൗതികഥയിലും ജ്ഞാനശാസ്ത്രത്തിലും ഭാഷാ തത്ത്വശാസ്ത്രത്തിലും കാണപ്പെടുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നു.

### പ്ലാറ്റോണിയൻ സമീപനം :

പ്ലേറ്റോ പുനർജന്മത്തിൽ ഉറച്ചു വിശ്വസിക്കുകയും പുരുഷന്മാരുടേയും സ്ത്രീകളുടേയും സ്വഭാവം തമ്മിൽ ഉള്ള വ്യത്യാസത്തെ തുറന്നു കാട്ടുകയും ചെയ്തു. അദ്ദേഹം സ്ത്രീകളേക്കാൾ പുരുഷന്മാർക്ക് ശ്രേഷ്ഠമായ ആത്മാവുണ്ടെന്ന് വിശ്വസിക്കുകയും മനുഷ്യർക്ക് ഇരട്ട സ്വഭാവമുണ്ടെന്നും ഉയർന്ന തരം സ്വഭാവം ഉള്ളവനെ അന്നുമുതൽ 'പുരുഷൻ' എന്ന് വിളിക്കപ്പെടുന്നു എന്നും മോശമായ ജീവിതം നയിച്ച പുരുഷന്മാർ സ്ത്രീകളായി പുനർജനിക്കും എന്നും അവകാശപ്പെടുന്നു. അദ്ദേഹത്തിന്റെ 'The Republic' എന്ന പുസ്തകത്തിൽ ഇതിനെ കുറിച്ച് പരാമർശിക്കുന്നു 'ഒരാൾ തന്റെ കാലയളവിലുടനീളം നല്ല ജീവിതം നയിച്ചാൽ, അവസാനം അവൻ തന്റെ വാസസ്ഥലത്തേക്ക് മടങ്ങും തന്റെ സ്വഭാവത്തോട് യോജിക്കുന്ന സന്തോഷകരമായ ജീവിതം നയിക്കാൻ. എന്നാൽ ഇതിൽ പരാജയപ്പെട്ടാൽ, അവൻ രണ്ടാമതും ജനിക്കും, അത് ഒരു സ്ത്രീ ആയിട്ടായിരിക്കും' എന്നതിൽ

പ്ലാറ്റോയുടെ ആശയത്തിന്റെ സ്ത്രീവിരുദ്ധത നമുക്കു മനസിലാക്കാൻ സാധിക്കുന്നു.

### അരിസ്റ്റോട്ടിലിയൻ സമീപനം :

അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ പുരുഷന്മാരുടെ സന്തോഷത്തിന് തുല്യമായ പ്രാധാന്യം സ്ത്രീകളുടെ സന്തോഷത്തിനും ഉണ്ടെന്നും, കൂടാതെ സ്ത്രീകൾ സന്തുഷ്ടരല്ലെങ്കിൽ ഒരു സമൂഹത്തിന് സന്തുഷ്ടരായിരിക്കാൻ കഴിയില്ലെന്നും . പറയുന്നതായി കാണാം. അരിസ്റ്റോട്ടിലിന്റെ 'അക്കൌണ്ട് ഓഫ് ദി സബ്ജക്ഷൻ ഓഫ് വുമൺ' എന്ന ഒരു ലേഖനത്തിൽ, ശ്രേഷ്ഠനായ ഒരു വ്യക്തിയുടെ ഭരണം പ്രകൃതിയിൽ ഒരു പൊതു നന്മയാണ് സൃഷ്ടിക്കുന്നതെന്നാണ് അരിസ്റ്റോട്ടിൽ വിശ്വസിച്ചിരുന്നത്. എന്നാൽ പുരുഷന്മാർ സ്ത്രീകളേക്കാൾ ശ്രേഷ്ഠരാകാനുള്ള പൊതുനന്മയെക്കുറിച്ചു അദ്ദേഹം സൂചിപ്പിക്കുന്നില്ല. ശ്രേഷ്ഠത എന്നതുകൊണ്ട് ശക്തമായത് എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. യുക്തിയാണ് ഒരുവനെ പ്രകൃതിയിലെ താഴ്ന്ന ജീവികളേക്കാൾ ശ്രേഷ്ഠനാക്കുന്നത് എന്നും അരിസ്റ്റോട്ടിൽ വിശ്വസിച്ചു. സ്ത്രീകൾക്ക് യുക്തി കുറവാണെന്നുള്ളതാണ് അവരുടെ കുറവ് ആയി അരിസ്റ്റോട്ടിൽ കാണുന്നതെന്ന് വ്യക്തം.

### ലിംഗനീതിയുടെ പ്രാധാന്യം :

ഇത്തരം വ്യത്യസ്ത സ്വാധീനങ്ങളുടെ ഒരു വലിയ നിര തന്നെ, സ്ത്രീകളും പുരുഷന്മാരും ആയി നമ്മെ സാമൂഹികവൽക്കരിക്കുന്നതിൽ പങ്കുവഹിക്കുന്നു

എന്ന് സാമൂഹിക പഠന സൈദ്ധാന്തികർ അഭിപ്രായപ്പെടുന്നു. സ്ഥിതിഗതികൾ ഇങ്ങനെയായിരിക്കെ, ലിംഗപരമായ സാമൂഹികവൽക്കരണത്തെ ചെറുക്കുക എന്നത് വളരെ ബുദ്ധിമുട്ടാണ്. ഉദാഹരണത്തിന്, മാതാപിതാക്കൾ തങ്ങളുടെ പെൺകുട്ടികളോടും ആൺകുട്ടികളോടും വ്യത്യസ്തമായി പെരുമാറുന്നു. ആൺകുട്ടികളെ ശക്തരും ജാഗ്രതയുള്ളവരും ഏകോപിപ്പിക്കുന്നവരുമായും പെൺകുട്ടികൾ അശക്തരും മൃദുവും ലോലവുമാണെന്നാണ് അവരുടെ ചിന്താഗതി തന്നെ. രക്ഷിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളോടുള്ള പെരുമാറ്റത്തിൽ അറിഞ്ഞോ അറിയാതെയോ ഇങ്ങനെ തന്നെയാണ് പെരുമാറുന്നത്. ചില സാമൂഹികവൽക്കരണം കൂടുതൽ തുറന്നതാണ്. കുട്ടികൾ പലപ്പോഴും ലിംഗപരമായ വസ്ത്രങ്ങളും നിറങ്ങളും ധരിക്കുന്നു. അതായത് ആൺകുട്ടികൾക്ക് നീലയും പെൺകുട്ടികൾ പിങ്ക് നിറവുമാണ് സമൂഹം കല്പിച്ചിരിക്കുന്നത്. അതുപോലെ തന്നെയാണ് കുട്ടികൾക്കു കളിപ്പാട്ടം തിരഞ്ഞെടുക്കുന്ന കാര്യത്തിലും മാതാപിതാക്കൾ അവരെ പ്രേരിപ്പിക്കുന്നത്. മനപ്പൂർവ്വമോ അല്ലാതെയോ ചില പെരുമാറ്റങ്ങളെ

**അരിസ്റ്റോട്ടിലിന്റെ "അക്കൗണ്ട് ഓഫ് ദി സബ്ജക്ഷൻ ഓഫ് വുമൺ" എന്ന ഒരു ലേഖനത്തിൽ, ശ്രേഷ്ഠനായ ഒരു വ്യക്തിയുടെ ഭരണം പ്രകൃതിയിൽ ഒരു പൊതു നന്മയാണ് സൃഷ്ടിക്കുന്നതെന്നാണ് അരിസ്റ്റോട്ടിൽ വിശ്വസിച്ചിരുന്നത്. എന്നാൽ പുരുഷന്മാർ സ്ത്രീകളേക്കാൾ ശ്രേഷ്ഠരാകാനുള്ള പൊതുനന്മയെക്കുറിച്ചു അദ്ദേഹം സൂചിപ്പിക്കുന്നില്ല. ശ്രേഷ്ഠത എന്നതുകൊണ്ട് ശക്തമായത് എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. യുക്തിയാണ് ഒരുവനെ പ്രകൃതിയിലെ താഴ്ന്ന ജീവികളേക്കാൾ ശ്രേഷ്ഠനാക്കുന്നത് എന്നും അരിസ്റ്റോട്ടിൽ വിശ്വസിച്ചു.**

രൂപപ്പെടുത്തുന്നതിൽ അവർക്കുള്ള പങ്ക് ചെറുതല്ല.

വിവിധ വിഷയങ്ങളിൽ നിന്ന് പഠിക്കാൻ കഴിയുന്ന ഒരു ഇന്റർ ഡിസിപ്ലിനറി മേഖലയാണ് ലിംഗ പദവി പഠനം. ഇത് പ്രധാനമായും ഫെമിനിസവും ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിലും, ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം, മനഃശാസ്ത്രം, ഭാഷ, സാഹിത്യം, നരവംശശാസ്ത്രം, രാഷ്ട്രമീമാംസ, മുതലായ മറ്റ് വിഷയങ്ങളിൽ കൂടി ഇതിനെ വിവരിക്കാനും വിശദീകരിക്കാനും മനസിലാക്കുവാനും സാധിക്കും . ഈ വിഷയങ്ങൾ എങ്ങനെ, എന്തുകൊണ്ട് പഠിക്കുന്നു എന്നുള്ള സമീപനങ്ങളിൽ മാത്രമാണ് വ്യത്യാസം. ഒരു ഭാഷാ സമൂഹത്തിനുള്ളിലെ മനുഷ്യരായ നമ്മൾ ലിംഗഭേദം എങ്ങനെ പഠിക്കുന്നു എന്നും പെരുമാറുന്ന രീതി എന്താണെന്നും മനസിലാക്കാൻ വ്യത്യസ്ത സിദ്ധാന്തങ്ങൾ ഓരോ മേഖലയിലും നിർദ്ദേശിച്ചു.

ചുരുക്കത്തിൽ, തത്ത്വചിന്ത, യാഥാർത്ഥ്യത്തെയും മനുഷ്യന്റെ അസ്തിത്വത്തിന്റേയും അനുഭവത്തിന്റേയും അടിസ്ഥാന മാനങ്ങളെക്കുറിച്ചുള്ള യുക്തിസഹവും അമൂർത്തവും ആയ പഠനം എന്ന നിലക്ക് നമ്മൾ നേരിടേണ്ടി വരുന്ന ഏതൊരു പ്രശ്നവും തത്വചിന്തയുടെ പരിധിയിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ട് തന്നെ ലിംഗഭേദം എന്നത് തീർച്ചയായും തത്വചിന്ത പഠന വിഭാഗത്തിൽ പെടുന്നു.

**അനുശ്രീ. എസ്. എൽ**
ഗവേഷണ വിദ്യാർത്ഥിനി
തത്വചിന്ത വിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകലാശാല
കാലടി



# ദ്രൗപതി: നീതിയുടേയും പ്രതിരോധത്തിന്റേയും ഒരു പുനർനിർമ്മിതി

ഭാരതീയ തത്വചിന്ത പാരമ്പര്യം പരിശോധിച്ചാൽ, (ഇന്ന്) വേദകാലം മുതൽ ഉത്തരാധുനിക കാലം വരെ മുൻനിരയിൽ നിൽക്കുന്ന സ്ത്രീ തത്വചിന്തകരുണ്ടോ എന്നുള്ളത് ഒരു ചോദ്യമാണ്. വേദകാലഘട്ടത്തിൽ നിന്നും ഉപനിഷത്ത് സംസ്കാരത്തിലേക്ക് വരുമ്പോൾ,

'അരുന്ധതി അനസൂയ ച സാവിത്രി ജാനകി സതി ദ്രൗപതി കണ്ണകി തഥാ'

സംഘ കാര്യകർത്താക്കൾ ദിവസവും ചൊല്ലുന്ന പ്രസക്തമായ വരികളായി ഇതിനെ കാണാം. ഇത്തരത്തിൽ ആദരണീയരായ സ്ത്രീരത്നങ്ങൾ അറിവിലും സംസ്കാരത്തിലും വിരാജിച്ചിരുന്ന ഒരു മഹത്തായ ചരിത്രം നമുക്കുണ്ടായിരുന്നു. എന്നിരുന്നാലും ഇന്നു നിലനിൽക്കുന്നത് അടിച്ചമർത്തലിനെ ചരിത്രവും അതിന്റെ അവശേഷിപ്പുകളും മാത്രമാണ്. വാസ്തവത്തിൽ എവിടെ നിന്നുമാണ് അടിച്ചമർത്തലിന്റെ ഈ

ചരിത്രം ആരംഭിക്കുന്നത്? ഈ ഒരു ചോദ്യത്തിന് വ്യക്തമായ ഒരു ഉത്തരം കണ്ടെത്തുക എന്നത് കുറച്ചധികം ശ്രമകരമാണെന്ന് തന്നെ പറയാം. മുകളിൽ പരാമർശിച്ചിട്ടുള്ള ഓരോ സ്ത്രീയിലും ഗഹനമായ ഓരോ ദർശനങ്ങൾ കഥാരൂപേണ ആവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഓരോ സ്ത്രീരത്ന ത്തെയും അവലംബിച്ചുകൊണ്ട് അവരുടെ ജീവിതത്തിൽ വിവക്ഷിക്കപ്പെടുന്ന ചിന്താസരണി അനാവരണം ചെയ്യണമെന്ന് ഉണ്ടെങ്കിലും തൽക്കാലം അവയുടെ വ്യാപ്തി മനസ്സിലാക്കിക്കൊണ്ട് ദ്രൗപതിയിലേക്ക് മാത്രം പരിമിതപ്പെടുത്തുകയാണ് ഈ ലേഖനത്തിൽ ചെയ്തിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ മറ്റ് ഇതിഹാസ നായികമാരെപ്പോലെ വെറുമൊരു പാടാത്ത നായികയായോ അല്ലെങ്കിൽ



സ്ത്രീയുടെ സഹന ശക്തിയുടെ പ്രതീകമായോ മാത്രം ഒതുങ്ങി നിൽക്കാൻ ദ്രൗപതി ആഗ്രഹിച്ചിരുന്നില്ല. കാലാകാലങ്ങളായി നിലനിന്നു പോന്നിരുന്ന ലിംഗഭേദത്തിന്റെയും അനീതിയുടെ പശ്ചാത്തലത്തിൽ അനിവാര്യഘടകമായി വരുന്ന ചെറുത്തുനിൽപ്പിന്റെയും ഒരു ഉദാത്ത മാതൃകയായി ദ്രൗപതിയെ നമുക്ക് ചിത്രീകരിക്കാൻ ആകും.

മാന്യമായ രീതിയിൽ പ്രതികൂലസാഹചര്യങ്ങളെ തരണം ചെയ്യാനുള്ള ദ്രൗപതിയുടെ കഴിവാണ് ഹിന്ദു സാഹിത്യത്തിലെ ഏറ്റവും സങ്കീർണവും വിവാദപരവുമായ ഒരു സ്ത്രീ കഥാപാത്രമായി അവരെ മാറ്റുന്നത്. ഒരുവശത്ത് അവൾ നിർമ്മലതയുള്ളവളും ഉദാരമതിയുമായ ഒരു സ്ത്രീയായിരിക്കാം അതുപോലെ മറുവശത്ത് അവളെ പൊതുവേദിയിൽ വ്യക്തിഹത്യ ചെയ്തവരെയും അവളുടെ സ്ത്രീത്വത്തെ അപമാനിച്ചവരെയും നശിപ്പിക്കാൻ കഴിവുള്ള വ്യക്തിയായി പരിണമിക്കുകയും ചെയ്യാം. തന്റേതായ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ വിട്ടുവീഴ്ചകൾ ചെയ്യാൻ അവൾ ഒരിക്കലും തയ്യാറായിരുന്നില്ല, എന്നാൽ തന്നോട് കാണിക്കുന്ന ഏത് അനീതിക്കെതിരെയും പോരാടാനോ പ്രതികാരം ചെയ്യാനോ അവളെപ്പോഴും തയ്യാറായിരുന്നു. അതിനാൽ തന്നെ ദ്രൗപതിയെ ഭാരതത്തിലെ ആദ്യ കാല ഫെമിനിസ്റ്റ് എന്ന് വിശേഷിപ്പിക്കാവുന്നതാണ്.

### ദ്രൗപതി എന്ന നിർമ്മിതി

"ചെറുത്തുനിൽപ്പിന്റെയും പ്രതിരോധത്തിന്റെയും മാതൃകയായി ദ്രൗപതിയെ അവതരിപ്പിക്കുന്നതിനു മുൻപ്, മഹാഭാരതം എന്ന ഇതിഹാസത്തിലെ ശക്തയായ നായികയെ സഹൃദയന് പരിചയപ്പെടുത്തുന്നതിനായി ദ്രൗപതിയുടെ കഥ ഹ്രസ്വമായി വിവരിക്കാറുണ്ട്.1" സപ്തോർഷി ദാസ് (2014:224). ദ്രൗപതിയെ ഒരു മനുഷ്യൻ എന്നതിലുപരി ഒരു സൂപ്പർ ഹ്യൂമൻ ആയിട്ടാണ് പിൽക്കാലത്ത് വിവരിക്കപ്പെട്ടിട്ടുള്ളത്. ദക്ഷിണേന്ത്യയിലെ പല ക്ഷേത്രങ്ങളിലും ഒരു ആരാധനാ ദേവതയായി ഇന്ന് ദ്രൗപതി ആരാധിക്കപ്പെടുന്നു. ദ്രൗപതിയുടെ മുൻകാല ജീവിതത്തെക്കുറിച്ച് നാരായണപിള്ള (1988) ഇങ്ങനെ വിവരിക്കുന്നു;

' ഒരു മഹർഷിയായ മൗദ്ഗലയന്റെ ഭാര്യയായി നളയാനി എന്ന പേരിലാണ് ദ്രൗപതി ജനിച്ചത്. മൗദ്ഗലയ്ക്ക് കുഷ്ഠരോഗം ഉണ്ടായിരുന്നു, എന്നിരുന്നാലും നളയാനി അവനെ യാതൊരു വൈമനസ്യവും കൂടാതെ കർത്തവ്യ ബോധത്തോടെ സേവിച്ചു പോന്നിരുന്നു. ഒരു ദിവസം ഭക്ഷണം കഴിക്കുമ്പോൾ ഭക്ഷണത്തിൽ മൗദ്ഗലയയുടെ വിരൽ വീണു, പക്ഷേ നളയാനി നിശബ്ദമായി വിരൽ നീക്കം ചെയ്യുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. അവളുടെ ഭക്ഷണം തേൻ പോലെ മധുരമുള്ളതായി തീർന്നു"2(പിള്ള 1988:138-139).

മൗദ്ഗല്യൻ അവളുടെ ഭക്തി സന്തുഷ്ടനാവുകയും അവൾക്ക് ഒരു വരം നൽകുകയും ചെയ്തു. അവൻ അനേകം ജീവികളുടെ രൂപം സ്വീകരിച്ച് അവളുടെ ലൈംഗിക അഭിലാഷങ്ങളും ആഗ്രഹങ്ങളും നിറവേറ്റണമെന്ന് നളയാനി അഭ്യർത്ഥിച്ചു. അവളുടെ ആഗ്രഹങ്ങൾ അനുവദിക്കപ്പെട്ടു. മൗദ്

ഗല്യൻ ലോകം ത്യജിക്കുന്ന സമയം വരെ ഇരുവരും വളരെ കാലം ആനന്ദത്തിൽ ജീവിച്ചു. അദ്ദേഹത്തിന്റെ മരണശേഷം നളയാനി വിഭ്രാന്തിയിലായി, അന്നുമുതൽ താൻ എവിടെയാണ് സുഖം (ലൈംഗികസുഖം) തേടാൻ പോകുന്നത് എന്ന് അറിയാൻ ആഗ്രഹിച്ചു. മൗദ്ഗല്യൻ അവളുടെ അനിയന്ത്രിതമായ കാമത്താൽ പ്രകോപിതനായി.'3(പട്ടനായിക് 2010:92): തുടർന്ന് അദ്ദേഹം, ഭാവിയിൽ അവൾ അഞ്ച് പുരുഷന്മാരുടെ ഭാര്യയായി ജനിക്കും എന്ന് ശപിച്ചു .'4(പിള്ള 1988: 138–139).

ദേവന്മാർ ഒരു സ്ത്രീക്ക് പരമാവധി മൂന്ന് ഭർത്താക്കന്മാർ വരെ ആകാം എന്ന് നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ , ദ്രൗപതി 5 ഭർത്താക്കന്മാരുടെ ഭാര്യയായി അവതരിപ്പിക്കപ്പെടുന്നു. സത്യത്തിൽ ബഹുഭാര്യത്വം പോലെ തന്നെയല്ലേ ബഹുഭർതൃത്വവും. പക്ഷേ എന്തുകൊണ്ടാണ് ഒരേ സമയം ഒന്നിലധികം പുരുഷന്മാരോടൊപ്പം ജീവിക്കുന്ന സ്ത്രീകളെ മാത്രം മോശപ്പെട്ടവളായി ചിത്രീകരിക്കുന്നത്? പാണ്ഡവരിൽ ഭീമനും അർജുനനുമെല്ലാം ദ്രൗപതിയെ കൂടാതെ മറ്റ് ഭാര്യമാരുണ്ടായിരുന്നല്ലോ, ഒന്നിലധികം പുരുഷന്മാരോടൊപ്പം ജീവിക്കുന്ന സ്ത്രീ വ്യക്തിത്വവും സ്വഭാവഗുണവുമില്ലാത്തവലാണെങ്കിൽ പുരുഷന്റെ അവസ്ഥയും മറിച്ചായിരിക്കില്ലല്ലോ. പക്ഷേ ഇവിടെയാണ് 'ഭാരതത്തിന്റെ പുരുഷകേന്ദ്രീകത കുടിലതയുടെ മഹിമ' നിലനിൽക്കുന്നത്. അർജുനനു ഒന്നിലധികം ഭാര്യമാരുള്ളത്, അദ്ദേഹത്തിന്റെ യുദ്ധ നിപുണതയ്ക്കും വീരത്തിനും പല രാജ്യങ്ങളിൽ നിന്നും ലഭിച്ച പാരിതോഷങ്ങളായാണ് കരുതുന്നത്. അതിൽ മോശമായി ഒന്നുമില്ല, ഇത് ഞങ്ങൾക്ക് അവകാശപ്പെട്ടിട്ടുള്ളതാണെന്നു അവർ വീമ്പു പറയുന്നു. പക്ഷേ അവിടെയും സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി മാത്രം കാണുന്നു. ദ്രൗപതിയുടെ സ്ഥിതിയും മറിച്ചായിരുന്നില്ല, ദ്രൗപതിക്ക് വിവാഹ സമയമായപ്പോൾ , തന്റെ മകളെ അർജ്ജുനനെ മാത്രം വിവാഹം ചെയ്തു നൽകാൻ ആഗ്രഹിച്ച അവളുടെ പിതാവ്, അർജ്ജുനനെ വിവാഹത്തിന് കൊണ്ടുവരാനായി സ്വയംവരം നിശ്ചയിച്ചു. ബ്രാഹ്മണരുടെ വേഷം ധരിച്ച് (പുരോഹിതവർഗം) തന്റെ സഹോദരന്മാരോടൊപ്പം എത്തിയ അർജ്ജുനൻ, അമ്പെയ്ത്തു പരീക്ഷയിൽ വിജയിക്കുകയും ദ്രൗപതിയെ വിവാഹം ചെയുകയും ചെയ്തു .

സഹോദരന്മാർ ദ്രൗപതിയുമായി വീട്ടിലെത്തിയ ഉടൻ, അവർ വീട്ടിൽ കൊണ്ടുവന്നത് നോക്കാൻ അമ്മ കുന്തിയോട് ആവശ്യപ്പെട്ടു. എന്നാൽ കുന്തി അത് നോക്കാതെ, പതിവുപോലെ കിട്ടിയതെന്തോ അത് പരസ്പരം തുല്യമായി പങ്കിടാൻ അവരോട് ആവശ്യപ്പെട്ടു. ഇത് വിചിത്രമായിരുന്നില്ല, കാരണം സഹോദരന്മാർ സാധാരണയായി എല്ലാ ദിവസവും ലഭിക്കുന്ന ഭിക്ഷ പങ്കിടുന്നു . അമ്മയുടെ കൽപ്പന അനുസരിക്കാൻ, അഞ്ച് പാണ്ഡവരും ദ്രൗപതിയെ ഭാര്യയായി സ്വീകരിച്ചു. എന്നാൽ അവളുടെ അനുവാദം ഇവിടെ ഒരു ഘടകം ആയിരുന്നില്ല. ഒരു മനുഷ്യ ജീവി എന്ന നിലയിൽ പോലും അവളുടെ സ്വപ്നങ്ങൾക്കോ തീരുമാനങ്ങൾക്കോ അവിടെ യാതൊരു മൂല്യവും ഉണ്ടായിരുന്നില്ല. വാസ്തവത്തിൽ ജീവിതത്തിലെ ഈ ഒരു അനുഭവത്തോട് കൂടിയായിരിക്കണം ദ്രൗപതി ചെറുത്തുനിൽപിന്റെയും പ്രതികരണത്തിന്റെയും പ്രത്യയശാസ്ത്രം ഗ്രഹിച്ചു തുടങ്ങിയത്.

'പതി രക്ഷതി യൗവനെ' എന്ന മനുസ്മൃതി വാക്യത്തെ കാറ്റിൽ പറത്തിക്കൊണ്ട്, ശകുനിയുടെ വാക്ക് അനുസരിച്ചു ഭാര്യയെ പൊതുസഭയിൽ പണയപ്പെടുത്തി ചൂതു കളിച്ചുകൊണ്ട് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു പിടിക്കാൻ ശ്രമിച്ച യുധിഷ്ഠിരന്റെ ധാർമികതയെ ചോദ്യം ചെയുന്ന ദ്രൗപതി ചെറുത്തുനിൽപ്പിന്റെ പ്രതീകമായി വർത്തിക്കുന്നു. ഭർത്താവിന്റെ ചെയ്തികളെ ചോദ്യം ചെയ്യരുതെന്നും, ഭർതൃവീട്ടിൽ എന്ത് തന്നെ സഹിക്കേണ്ടി വന്നാലും അതെല്ലാം സഹിച്ചു സഹനത്തിന്റെയും പര്യായമായി മുന്നോട്ടു പോകണമെന്നും, ഭാരത സ്ത്രീയെന്നാൽ സീതയെപ്പോലെ ആകണമെന്ന് പെണ്മക്കളെ ഇന്നും പറഞ്ഞു പഠിപ്പിക്കുന്ന രക്ഷിതാക്കൾ എന്തുകൊണ്ട് ദ്രൗപതിയെ പോലെ അനീതിയെ ചോദ്യം ചെയ്യണമെന്ന് പറഞ്ഞു പഠിപ്പിക്കുന്നില്ല എന്നത് ഒരു ഉത്തരമില്ലാത്ത ചോദ്യമായി അവശേഷിക്കുന്നു.

**ദ്രൗപതി:പുരുഷാധിപത്യ പശ്ചാത്തലത്തിൽ**

"മഹാഭാരതം വെറുപ്പും സ്നേഹവും, രക്തച്ചൊരിച്ചിലും കുലീനമായ ചിന്തകളും, സൗന്ദര്യവും സൗമ്യതയും, വിജയവും തോൽവിയും നിറഞ്ഞ സങ്കീർണമായ സ്ത്രീപുരുഷകഥയാണെങ്കിൽ, ദ്രൗപതി അതിന്റെ തിളങ്ങുന്ന രത്നമാണ്, ഇതിഹാസ കാവ്യത്തിനും എല്ലാം നശിപ്പിക്കുന്നവയ്ക്കും മുകളിൽ അവളുടെ വ്യക്തിത്വത്തിന്റെ നിഴൽ വീഴ്ത്തുന്നു. 5" (ദാസ് 2014: 231).

ഇതിഹാസ ഗ്രന്ഥങ്ങളായ രാമായണത്തിലും മഹാഭാരതത്തിലും സ്വതന്ത്രമായി നിലനിൽക്കാൻ വേദി നൽകാത്ത ഒട്ടനവധി സ്ത്രീ കഥാപാത്രങ്ങളുണ്ട്. ഇത്തരം സ്ത്രീകഥാപാത്രങ്ങൾ ഇതിഹാസങ്ങളിലെ നിഴൽ രൂപങ്ങളായി തുടരുന്നു. അവരുടെ ചിന്തകളും വികാരങ്ങളും വിശദീകരിക്കാനാകാത്തതായി കാണുന്നു. പുരുഷ നായകന്മാരുടെ ജീവിതത്തോട് യോജിച്ച്, അവരുടെ തണൽ പറ്റി ജീവിക്കുമ്പോൾ മാത്രമാണ് ഇത്തരം സ്ത്രീകഥാപാത്രങ്ങൾ ആദരണീയരായ മാറുന്നത്. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായാണ് ദ്രൗപതി നിലനിൽക്കുന്നത്. ഇതിഹാസത്തിൽ ദ്രൗപതിയുടെ നിയ

മാനുസൃതമായ ബഹുസ്വരത (ഭർത്താക്കന്മാർക്കിടയിൽ ഭാര്യയെന്ന നിലയിൽ, സാധ്യമായ അമ്മയോ വേശ്യയോ ആയി) പുരുഷ മഹത്വം പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, കർണ്ണൻ, അഞ്ച് പുരുഷന്മാരുടെ ഭാര്യയായതിന് ദ്രൗപതിയെ വേശ്യയെന്ന് പരസ്യമായി വിളിച്ചു. ഇത്രയും ഭയാനകമായ അനുഭവങ്ങൾ ഉണ്ടായിട്ടും, ദ്രൗപതിക്ക് കഥയിലെ പുരുഷന്മാരിൽ നിന്ന് ലഭിക്കുന്ന പരുഷമായ പെരുമാറ്റത്തിൽ ഒരു കുറവും വന്നിട്ടില്ല. മോശമായ ഇത്തരം അനുഭവങ്ങൾ അവളെ കൂടുതൽ ശക്തയും പ്രതിരോധശേഷിയുള്ളവളായും മാറാൻ പ്രേരിപ്പിക്കുന്നു. അവൾ തന്റെ വ്യക്തിത്വവും ശക്തിയും നീതിക്കും പ്രതികാരത്തിനുമായി വഴങ്ങാത്ത നിശ്ചയദാർഢ്യവും പ്രകടിപ്പിക്കുന്നത് തുടരുന്നു, അതിനാൽ ഇത് ഒരു സ്വയം ശാക്തീകരണ സ്വഭാവമായി മാറുന്നു.

ജീവിതത്തിലുടനീളം ദ്രൗപതിക്ക് അപമാനവും അധിക്ഷേപവും ഇല്ലായ്മയും അനുഭവിക്കേണ്ടിവന്നു. പുരുഷ ആധിപത്യത്തെ ചെറുത്തുതോൽപ്പിക്കാൻ ദ്രൗപതിയെ ഇത് തടസ്സപ്പെടുത്തിയിരുന്നില്ല.

പ്രതിരോധത്തിന്റെയും ചെറുത്തുനിൽപിന്റെയും ഭാഗമായി, ഒരു സ്ത്രീയുടെ ജീവിതത്തിൽ താൻ അനുഭവിക്കേണ്ടി വന്ന നാല് വസ്തുതകൾ (നഷ്ടങ്ങൾ ) ദ്രൗപതി തന്റെ ജീവിതത്തിലൂടെ തുറന്നുകാട്ടുന്നു;

1. സ്ത്രീ പുരുഷന്റെ ഒരു വ്യവഹാര സ്വത്തായി വർത്തിക്കുന്നു.
2. ബഹുഭർതൃത്വത്തിലെ പാതിവ്രത്യം.
3. നഷ്ടപ്പെട്ട മാതൃത്വം.
4. ദാമ്പത്യ ജീവിതത്തിലെ അപമാനം.

ഒരുപക്ഷെ, ഇതൊക്കെ തന്നെയാണ് മറ്റൊരു രൂപത്തിലും ഭാവത്തിലും ഇന്ന് നമ്മുടെ സമൂഹത്തിലും നിലനിൽക്കുന്നത്.

**1. സ്ത്രീ പുരുഷന്റെ ഒരു വ്യവഹാര സ്വത്തായി വർത്തിക്കുന്നു:**

'ഒരു സ്ത്രീക്ക് ഒരു ഭർത്താവിനെ വേദഗ്രന്ഥം അനുശാസിക്കുന്നു, ദ്രൗപതി പല ഭർത്താക്കന്മാരെയും ആശ്രയിക്കുന്നു, അവളെ ഒരു വേശ്യ' എന്ന് വിശേഷിപ്പിക്കാം. അതിനാൽ, അവളെ വസ്ത്രം ധരിക്കാതെ സഭയിലേക്ക് കൊണ്ടുവരുന്നതിൽ അനുചിതമായി ഒന്നുമില്ല' 6(മഹാ.65:35–36).

സ്ത്രീയെ ഒരു ഭോഗവസ്തുവായോ പണയവസ്തുവായോ ഉപയോഗിക്കുന്നതിൽ ഒരു തെറ്റുമില്ല എന്നതിനെ ന്യായികരിക്കുന്നതിനു ഇവിടെ പുരുഷകേസരികൾ കാണുന്ന മാനദണ്ഡമെന്നത് അവൾക്കു 5 ഭർത്താക്കന്മാരുണ്ട് എന്നതാണ്. എന്നാൽ വാസ്തവത്തിൽ അവൾ ഈ സാമൂഹിക ലംഘനത്തിന്റെ കുറ്റവാളിയോ സ്വന്തം ഇഷ്ടപ്രകാരം ഒരു ബഹുഭർതൃത്വ കരാറിൽ ഏർപ്പെട്ടതോ ആയിരുന്നില്ല. അവൾ തന്റെ സ്വയംവരത്തിൽ കുലീനനായ അർജുനന് ഹൃദയം നൽകി സ്വീകരിച്ചതായിരുന്നു. അഞ്ച് സഹോദരന്മാരും വീട്ടിലെത്തുമ്പോൾ, അവർ തങ്ങളുടെ അമ്മയോട്, എന്താണ് കൊണ്ടുവന്നതെന്ന് കാണാൻ ആവശ്യപ്പെടുന്നു. അമ്മ അത് കാണാൻ കൂട്ടാക്കാതെ സഹോദരന്മാരോട് അവർക്കിടയിൽ കൊണ്ടുവന്നതിനെ തുല്യമായി പങ്കിടാൻ നിർദ്ദേശിക്കുന്നു. ഇവിടെ മരുമകൾ, ഭാര്യ, അമ്മ എന്നീ നിലകളിൽ ദ്രൗപതിയുടെ മേൽ സമ്പൂർണ ഉടമസ്ഥാവകാശം നിബന്ധിതമായി അടിച്ചേൽപ്പിക്കപ്പെടുകയാണുണ്ടായതെന്നു വ്യക്തമാണ്.തൽഫലമായി, സ്വയംവരത്തിൽ തന്റെ യഥാർത്ഥ ഭർത്താവിനെ തിരഞ്ഞെടുത്തെങ്കിലും ദ്രൗപതി അഞ്ച് ഭർത്താക്കന്മാരുടെ സ്വത്തായി മാറുന്നു . ആ കാലഘട്ടത്തിൽ സ്ത്രീകളെ നേരിട്ട് ബാധിക്കുന്ന കാര്യങ്ങൾ ഒരിക്കലും അവരുമായി പങ്കുവെക്കുകയോ അനുവാദം ആരായുകയോ ചെയ്യുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ ദ്രൗപതി അവരുടെ പെരുമാറ്റത്തെ ചോദ്യം ചെയ്യുന്നു: 'സ്ത്രീ അവളുടെ ഭർത്താവിന്റെ സ്വത്താണോ? അവൾ ചൂതാട്ടം നടത്താവുന്ന ഒരു വസ്തുവാണോ?'7 (മങ്കേക്കർ 1993:474). അഞ്ച് സഹോദരന്മാർക്ക് അവരുടെ അമ്മ നൽകിയ കല്പന, ദ്രൗപതിയെ അവരുടെ സ്വത്താക്കി മാറ്റുന്നു, അതിനാൽ അവളെ ചൂതാട്ടത്തിൽ പണയവസ്തുവാക്കുന്നതിൽ തെറ്റില്ല, കാരണം അവൾ അഞ്ചു സഹോദരന്മാരുടെയും 'പൊതു സ്വത്താണല്ലോ '. ദ്രൗപതി, സ്ത്രീയെ സ്വത്തായി കാണുന്ന രാജാധർമത്തെ ധർമ്മത്തെ കൂടുതൽ ചോദ്യം ചെയ്യുന്നു. അവളുടെ വാക്കുകൾ അപമാനിതയും നിസ്സഹായയുമായ ഒരു സ്ത്രീയുടെ കേവലം യാചനയല്ല, മറിച്ച് രാജാക്കന്മാരുടെ ശരിയും തെറ്റും അറിയാനുള്ള വെല്ലുവിളിയാണ്. തന്റെ ഭർത്താവിന്റെയും അവിടെയുണ്ടായിരുന്ന ഉന്നതരുടെയും പെരുമാറ്റത്തെ ചോദ്യം ചെയ്തുകൊണ്ട്, മഹാഭാരതകാലത്ത് കേട്ടുകേൾവിയില്ലാത്ത, മാനദണ്ഡങ്ങളെ വെല്ലുവിളിക്കുകയാണ് ദ്രൗപതി . ഇവിടെ പുരുഷന്മാർ ചെയ്യുന്ന അനീതികൾക്കെതിരെ തനിക്കുവേണ്ടി നിലകൊള്ളാനും ഉറക്കെ സംസാരിക്കാനും ധൈര്യപ്പെട്ട ഒരു സ്ത്രീ ഉണ്ടായിരുന്നു, അതായിരുന്നു ദ്രൗപതി.

**2. ബഹുഭർതൃത്വത്തിലെ പാതിവ്രത്യം:**

ദ്രൗപതി തൻറെ ഭർത്താക്കന്മാരുടെ ഒരു ഊമ അനുയായി ആയിരുന്നില്ല. അവൾക്ക് അവളുടെതായ വ്യക്തിത്വമുണ്ടായിരുന്നു. സ്ത്രീകൾ സ്വതവേ മൃദുവാക്കുകളാണ് ഉപയോഗിക്കാറുള്ളതെങ്കിലും (ഭാരത സ്ത്രീയുടെ ഭാവശുദ്ധി സങ്കൽപം ), ദ്രൗപതി തന്റെ ഭർത്താക്കന്മാരോടും മറ്റുള്ളവരോ

ടും പരുഷമായ വാക്കുകൾ ഉപയോഗിച്ചു. ഈ പ്രത്യേകത കൊണ്ടാണ് പാണ്ഡവർ മാർഗനിർദേശത്തിനും അംഗീകാരത്തിനും വേണ്ടി പലപ്പോഴും ദ്രൗപതിയെ സമീപിച്ചിരുന്നത്. അവൾ എല്ലാത്തരത്തിലും ഉത്തമയായ ഒരു ഭാര്യ തന്നെയായിരുന്നു. പാണ്ഡവന്മാർ ക്ക് പോലും ദ്രൗപതിയെ ശരിക്കും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. അവർ കരുതിയിരുന്നത് തങ്ങളിൽ ഒരാളായ അർജ്ജുനനോടും മാത്രമാണ് ദ്രൗപതിക്ക് സ്നേഹം കൂടുതലായുള്ളത് എന്നായിരുന്നു. എന്നാൽ അതിനെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് ദ്രൗപതി ഓരോ ഭർത്താക്കന്മാരും നീതി പുലർത്തിയിരുന്നു. ഭാര്യ എന്നതിലുപരി അവൾ ഒരേ സമയം നകുലനും സഹദേവനും ഒരു അമ്മയുടെ സ്നേഹവും വാത്സല്യവും നൽകിയിരുന്നു. ബഹുഭർതൃത്വം സങ്കൽപ്പിക്കാൻ സാധിക്കാത്ത ഒരു കാലഘട്ടത്തിലാണ് ദ്രൗപതി തന്റെ സ്നേഹം അഞ്ചു ഭർത്താക്കന്മാർക്കുമായി പങ്കിട്ടു നൽകിയത്. ശരിക്കും ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം ഇത് വളരെ ശ്രമകരമാണ്. എന്നിട്ടും അവൻ മറ്റുള്ളവരുടെ മുൻപിൽ ഒരു മോശം സ്ത്രീയായി ചിത്രീകരിക്കപ്പെട്ടു.

**3. നഷ്ടപ്പെട്ട മാതൃത്വം:**

ഇന്ത്യൻ സംസ്കാരങ്ങളിൽ മാതൃത്വം ഒരു സ്ത്രീയെ പൂർണയാക്കുന്നു . അതിനാൽ, ഒരു സ്ത്രീയെ കുടുംബവും സമൂഹവും പൂർണ്ണമായി അംഗീകരിക്കുന്നത്,അവൾ ഒരു അനന്തരാവകാശിയ്ക്ക് ജന്മം നൽകുന്നത് കൊണ്ടാണ്. വിവിധ കാരണങ്ങളാൽ, ഇന്ത്യയിൽ ഇപ്പോഴും ആൺകുട്ടിയായ ഒരു അവകാശിയ്ക്ക് ജന്മം നൽകുന്നതിനു കൂടുതൽ പ്രാധാന്യം ഉണ്ട്. ഉദാഹരണത്തിന്, കുടുംബപ്പേര് സജീവമായി നിലനിർത്താൻ, പിതാവിന്റെ ശവസംസ്കാര സമയത്ത് ആചാരപരമായ ചടങ്ങുകൾ നടത്തുക, എന്നിവയ്ക്കെല്ലാം മുൻഗണന നൽകുന്നത് ആൺകുട്ടികൾക്കാണ്. കഷ്ടപ്പാടുകൾക്കിടയിലും ദ്രൗപതി തന്റെ ജന്മഗൃഹത്തിലേക്ക് മടങ്ങുന്നതിനുപകരം വിവാഹത്തിൽ തുടരാൻ തീരുമാനിക്കുന്നത് എന്തുകൊണ്ടാണെന്ന് ഇത് വിശദീകരിക്കുന്നു. തിരിച്ചുവന്ന് തന്റെ ജന്മഗൃഹത്തെ അപമാനിക്കാൻ അവൾ ആഗ്രഹിക്കാത്തതാണ് ഇതിന് കാരണം, എന്നാൽ (ഏറ്റവും പ്രധാനമായി) അവൾ തന്റെ അഞ്ച് ആൺമക്കളോടൊപ്പം കഴിയാനും അവരെ ഉപേക്ഷിക്കുന്നതിനുപകരം അവരെ വളർത്താനും ആഗ്രഹിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മക്കളെ താമസിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി അവൾക്ക് അവളുടെ സ്വാതന്ത്ര്യം ഉപേക്ഷിക്കേണ്ടിവന്നു.

**4. ദാമ്പത്യ ജീവിതത്തിലെ അപമാനം:**

ദാമ്പത്യജീവിതത്തിൽ ദ്രൗപതിക്ക് അനുഭവിക്കേണ്ടി വന്ന അപമാനവും വേദനയും നാണക്കേടും നിവചിക്കാൻ കഴിയാത്തതാണ്. സങ്കൽപ്പിക്കാൻ പോലും പറ്റാത്ത വിധത്തിലുള്ള പീഡനങ്ങൾ എന്തിനാണ് അവൾ സഹിക്കേണ്ടി വരുന്നത് എന്ന് ഒന്ന് സൂക്ഷിച്ചു നോക്കിയാൽ, അത് മനുഷ്യരുടെ മഹത്വത്തിന് വേണ്ടിയാണെന്ന് നമ്മൾ പറയും.ഇത് അസ്വീകാര്യമാണ്, കാരണം ദ്രൗപതി ആദ്യം തന്നെ പുരുഷന്മാർ കാരണം പ്രതിസന്ധിയിലായി. അവൾക്ക് ഇഷ്ടമുള്ള ഒരു പുരുഷനെ വിവാഹം കഴിച്ചുകൊണ്ട് അവൾ എല്ലാം ശരിയായി ചെയ്തു, എന്നിട്ടും അവൾ അഞ്ച് പുരുഷന്മാരെ വിവാഹം കഴിച്ചതായി കണ്ടെത്തി, പല പേരുകളിൽ അറിയപ്പെടുന്നു. ഇവയെല്ലാം അവളുടെ നിയന്ത്രണത്തിനപ്പുറത്താണ്. എന്നിരുന്നാലും, ' ശേഷമുള്ള അവളുടെ നില അത്തരമൊരു സംഭവം സുഗമമാക്കി, അവളുടെ നിലവിലെ സാമൂഹിക സ്ഥാനം അവളെ ക്രമം അനുസരിക്കാനാവാത്ത അവസ്ഥയിൽ എത്തിച്ചു. '8(ധാവലിക്കർ 1991). അവളെ ഈ അവസ്ഥയിലാക്കിയ അതേ പുരുഷന്മാർ തന്നെ തിരിഞ്ഞ് അവളെ അപമാനിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ടതാണ്. എല്ലാ നാണക്കേടുകളും അപമാനങ്ങളും അനുഭവിച്ചിട്ടും ദ്രൗപതി തന്റെ നിലപാടിൽ ഉറച്ചുനിന്നു, അതിജീവിച്ചു, സഭയിൽ അവൾ അനുഭവിച്ച മാനക്കേടും അപമാനവും പുരുഷന്മാരിലേക്ക് തിരിച്ചുവിടുമ്പോൾ അവൻ തലതാഴ്ത്തുന്നു .

**ലിംഗഭേദത്തിന്റെ യും പ്രതിരോധത്തിന്റെ യും ആഖ്യാനമായി ദ്രൗപതി:**

ദ്രൗപദിയുടെ പ്രതിരോധത്തിന്റെ ആഖ്യാനം പല തലങ്ങളിൽ വിശദീകരിക്കുന്നു, അതിനാൽ അവൾ ശക്തയായി മാത്രമല്ല സങ്കീർണ്ണമായും മാറുന്നു. ധിക്കാരം, കോപം, ധൈര്യം എന്നിവയിലൂടെ അവൾ തന്നെ അടിച്ചമർത്തുന്നവരെ ചെറുക്കുന്നു, കാരണം അവളുടെ ശരീരത്തിലും ആത്മാവിലും അതിരുകടന്ന ആക്രമണങ്ങൾ അവൾ അനുഭവിച്ചിട്ടുണ്ട്. സമൂഹത്തിലെ സ്ത്രീകളുടെ വസ്തുനിഷ്ഠതയെയും കച്ചവടവൽക്കരണത്തെയും അട്ടിമറിക്കാൻ അവൾക്ക് കഴിയുന്നതിനാൽ അവൾ ഒരു ഫെമിനിസ്റ്റായി മാറുന്നു.

ദ്രൗപദി തന്റെ മേൽ അടിച്ചേൽപ്പിച്ച കൊടും പീഡനങ്ങൾക്കും ക്രൂരതകൾക്കുമെതിരെ ശബ്ദമുയർത്തുന്നു, അവസാനം അവൾ സ്വയം പുനർനിർവചിക്കുന്നു. പുരുഷ ആഖ്യാനത്തിന്റെ വസ്തുവായി തുടരാൻ അവൾ വിസമ്മതിക്കുന്നു, എന്നാൽ തന്റെ സ്വത്വത്തെ ഉറപ്പിക്കുകയും സത്യത്തിന് തന്റെ സ്വന്തം സാന്നിധ്യം ഊന്നിപ്പറയുകയും ഒരു അർത്ഥം നിർമ്മിക്കുകയും ചെയ്യുന്നു. അട്ടിമറിയിലൂടെ അവൾ പുരുഷ വിജ്ഞാനത്തെയും ശക്തിയെയും മഹത്വത്തെയും എതിർക്കുന്നവളായി മാ

റുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ സമൂഹത്തിലെ രാഷ്ട്രീയ സാമൂഹിക പ്രത്യയശാസ്ത്ര ശക്തികളിലെ പുരുഷാധിപത്യ വ്യവഹാരങ്ങളുടെ ദ്വന്ദഘടനകളെ ദ്രൗപദി നിരാകരിക്കുന്നു, അതിനാൽ സമൂഹത്തിലെ സ്ത്രീ വ്യവഹാര വ്യവസ്ഥിതിയെ അട്ടിമറിക്കുകയും സ്ത്രീ ഒരു ചരക്കല്ല എന്ന നിലയിലുള്ള അവളുടെ സ്വത്വം ഉപേക്ഷിക്കുകയും ചെയ്യുന്നു.അവൾക്ക് ഉറച്ച നിശ്ചയദാർഢ്യവും അചഞ്ചലമായ ഇച്ഛാശക്തിയും ഉണ്ട്, അവളെ 'മഹാഭാരത ഇതിഹാസത്തിലെ അഹങ്കാരിയും കോപവും ഉള്ള നായികയാക്കി മാറ്റുന്നു, അവൾ ഒരു നിഗൂഢ സ്ത്രീയായി തുടരുന്നു'[9] (ചൗധരി 2014:17). അതിനാൽ, ദ്രൗപദി അവളുടെ ശക്തമായ ഇച്ഛാശക്തി, ഉജ്ജ്വലമായ ബുദ്ധിശക്തി, അഭിമാനം എന്നിവ കാരണം സ്ത്രീകളെ ശാക്തീകരിക്കുന്ന പ്രതിച്ഛായയായി മാറുന്നു, ഇത് സീതയെപ്പോലെ മൃദുവായ സ്ത്രീ ഗുണങ്ങൾ പ്രകടിപ്പിക്കുന്ന മറ്റ് സ്ത്രീകളിൽ നിന്ന് വ്യത്യസ്തമായി മാന്യയായ ഒരു സ്ത്രീയായി അവളെ അടയാളപ്പെടുത്തുന്നു. ഹിന്ദു പുരാണങ്ങളിൽ അക്രമാസക്തരായ, പുരുഷന്മാരുടെ ലോകത്ത് തങ്ങളുടെ മനസ്സ് തുറന്ന് സംസാരിക്കുന്ന സ്ത്രീകൾ കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്. ആ ചുരുക്കം ചിലരിൽ ഒരാളായിരുന്നു ദ്രൗപതി. അതുകൊണ്ടാണ് അവളെ ഇന്ത്യൻ പുരാണങ്ങളിലെ ആദ്യത്തെ ഫെമിനിസ്റ്റായി പലരും കണക്കാക്കുന്നത്. "പ്രതിരോധശേഷി, പുരുഷ മേധാവിത്വമുള്ള മത ശ്രേണിയുമായി ഒരിക്കലും പൊരുത്തപ്പെടാത്തതാണ്" [10](ഗാംഗുലി 1990). ഒരു ഇന്ത്യൻ പുരുഷാധിപത്യ സമൂഹത്തിന്റെ ആവശ്യകതകൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ അവളുടെ പ്രതിച്ഛായ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന വസ്തുതയാണ് ദ്രൗപതിക്ക് ഇന്നും ജനപ്രീതി നേടി കൊടുക്കാത്തത്. എന്നിരുന്നാലും, ദ്രൗപതി ലിംഗഭേദത്തിന്റെയും പ്രതിരോധത്തിന്റെയും മാതൃകയായി ഇന്ന് മാറുന്നു.

**ഉപസംഹാരം**

നിശബ്ദത സ്ത്രീകളെ നിർവീര്യമാക്കുന്നു, മിക്ക സ്ത്രീകളും നിശബ്ദത അനുഭവിക്കുമെന്ന് പുരുഷന്മാർക്ക് അറിയാവുന്നതിനാൽ അവർ അവരുടെ സ്വേച്ഛാധിപത്യ പ്രവൃത്തികൾ തുടരുന്നു. എന്നിരുന്നാലും, ദ്രൗപതി തന്റെ നിലപാടിൽ ഉറച്ചു നിന്നു. തന്നെ സംരക്ഷിക്കേണ്ടവർക്ക് തെറ്റ് സംഭവിച്ചു എന്ന് തോന്നിയപ്പോഴെല്ലാം തന്റെ അതൃപ്തി അവൾ അറിയിച്ചു. അവൾ ജീവിച്ചിരുന്ന സമയവും സ്ഥലവും സമൂഹവും കണക്കിലെടുക്കുമ്പോൾ അത് വളരെ ധീരവും ശ്രദ്ധേയവുമായിരുന്നു. അപമാനത്തിനും പീഡനത്തിനും കഷ്ടപ്പാടുകൾക്കും അധിക്ഷേപങ്ങൾക്കും ഇടയിൽ, ക്രൂരരായ പുരുഷന്മാർ തന്നോട് ചെയ്ത അനീതിക്കെതിരെ പോരാടാൻ ദ്രൗപതി സ്വയം ശക്തി കണ്ടെത്തി. മഹാഭാരതത്തിൽ പുരുഷന്മാർ പകിട കളിക്കുകയും യുദ്ധങ്ങൾ നടത്തുകയും ചെയ്യുന്നതായി വ്യക്തമാണ് . എന്നിരുന്നാലും, അധികാരവും സ്വാധീനവും ചെലുത്തുന്നത് സ്ത്രീകളാണ്. തീരുമാനങ്ങൾ എടുക്കുന്നതും സംഭവത്തിന്റെ ഗതി നിയന്ത്രിക്കുന്നതും പുരുഷന്മാരുടെയും അവരുടെ തലമുറകളുടെയും ഭാവി തീരുമാനിക്കുന്നതും സ്ത്രീകളാണ്. ആ സ്ത്രീയാണ് ദ്രൗപതി! പുരുഷന്മാർക്ക് ഭീഷണിയായി കാണുന്ന ദൃഢതയും ശക്തിയും ദ്രൗപതിക്കുണ്ട്.ദ്രൗപതി പ്രദർശിപ്പിച്ച ആ വീര്യമാണ് അവളെ ലിംഗത്തിന്റെയും പ്രതിരോധത്തിന്റെയും മാതൃകയാക്കി മാറ്റുന്നത്.

നാം ഓരോരുത്തരും മാതൃകയാക്കേണ്ടതും നമ്മുടെ പെൺസമൂഹത്തിന് ഇതിഹാസത്തിൽ നിന്നും പകർന്നു നൽകേണ്ടതും ഈ പോരാട്ട വീര്യവും ചെറുത്തുനിൽപ്പുമാണ്.

**അവലംബം :**


1. Das, Saptorshi 2014. 'Vyasa's: Draupadi: A Feminist Presentation.'International Journal of Gender and Women's Studies. June, Vol. 2, No. 2, pp. 223-231.

2. Pillai, PK Narayana 1988. Sambhava Parva. Bharatham Pattu: National Book Stall.

3. Pattanaik, Devadutt 2010. The Common Wife Jaya: An Illustrated Retelling of the Mahabharata. New Delhi: Penguin.

4. Mankekar, Purnima. 'Television Tales and Women's Rage: A Nationalist Recasting of Draupadi's disrobing.' Public Culture 5 (3), 1993:469-492.

5. Bhawalkar, Vanamala 2002. Eminent Women in the Mahabharata. New Delhi: Sharada Publishing.

6. Chauddhary, Preeti 2014. 'Frailty! Thy Name is Not Woman' with reference of Draupadi. BBSSES Volume 5 Issue 3. ISSN 2321-9726 [Online].

7. Ganguli Kisari Mohan 1990. The Mahabharata of Vyasa. New Delhi: Munshiram Manoharlal Publishers Pvt. Ltd.






ഡോ.ജാൻസി ജോസ്

# കേരളമെന്ന 'വിളനിലം'




നമ്മൾ വിചാരിക്കുന്നപോലൊന്നുമല്ല കാര്യങ്ങൾ. കേരളത്തിലെ സ്ത്രീപീഡനക്കേസുകളെല്ലാം പ്രതികളെ നിരപരാധികളാക്കുന്ന ഒരുതരം 'പീഡനബാധ' കയറിയതുപോലെ കളിക്കുകയാണ്. സമത്വബോധമുള്ള ഒരു സംവിധാനവും ഇവിടില്ലെന്നു കരുതാൻ ഞാൻ ആളല്ല.

ആരെയാണ് കുറ്റം പറയേണ്ടത് എന്നറിയില്ല. സർക്കാരിനെ കുറ്റം പറയണോ?, നിയമ സംവിധാനത്തെ കുറ്റം പറയണോ? ആണധികാരത്തെ കുറ്റംപറയണോ? അറിയില്ല, അറിയില്ല. കേരളത്തിൽ ഉണ്ടാകുന്ന സ്ത്രീപീഡനക്കേസുകളെല്ലാം കെട്ടിച്ചമച്ചതാണെന്നോ, പെണ്ണിന്റെ താൽപര്യപ്രകാരം ചെയ്തതാണെന്നോ ഉള്ള തീർപ്പിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഈ പെണ്ണുങ്ങളെല്ലാം ഇത്ര അഹങ്കാരികളും 'പുരുഷലമ്പടരും' ആയിരുന്നെന്ന് ഓരോ കേസിന്റേയും വിധി വന്നുകഴിയുമ്പോൾ മാത്രമാണ് ഈയുള്ളവൾക്ക് മനസ്സിലാകുന്നത്. സൂര്യനെല്ലി പെൺകുട്ടിയുടേയും ഫ്രാങ്കോ ഏമാൻ പീഡിപ്പിച്ച കന്യാസ്ത്രീയുടേയും കാര്യങ്ങൾ എടുത്തു പറയേണ്ടതാണ്.

പീഡകരായവർക്ക് സോഷ്യൽമീഡിയയിലും മറ്റും വരുന്ന സപ്പോർട്ടുകൾ കാണുമ്പോൾ അമ്പരന്നുപോവുന്നുണ്ട്.പല പുരുഷന്മാരും സ്തീകളും ഇക്കാര്യത്തിൽ ഒരുമിച്ചു നിൽക്കുകയാണ്. നമ്മളെല്ലാം വേണ്ടുവോളം വികസിച്ചുകഴിഞ്ഞു എന്നും ,ഇനി ഹൈസ്പീഡിൽ തിരുവനന്തപുരത്തെത്തിയാൽ മതിയെന്നുംപറഞ്ഞുകൊണ്ടിരിക്കുന്നതുകൊണ്ട് ഈ പെണ്ണും പെണ്ണുകേസും ഒന്നും ഒരു വിഷയമല്ലതന്നെ.അതുപറഞ്ഞപ്പോഴാണ്ആ പ്രയോഗത്തിന്റെ വിരുദ്ധാർത്ഥം ഓർമ്മവന്നത്.പെണ്ണുകേസിൽനിന്ന് ഒഴിവായാൽ ,അതിൽപെട്ടവർക്ക് പൂച്ചെണ്ടാണ് കാത്തിരിക്കുന്നത്. പെണ്ണൊരിക്കലും ഒഴിവാകുന്നില്ലാത്തതുകൊണ്ട് അവൾ

നമ്മുടെ മുഖ്യമന്ത്രി ഒരുകാര്യം പറഞ്ഞത് (മനോരമപത്രം 23, 2022) സത്യമാണ്. പോലീസുകാർ ശമ്പളംകൊണ്ട് തൃപ്തിപ്പെടണമെന്ന്. ജോലിക്കനുസരിച്ചുള്ള ശമ്പളം കിട്ടുന്നുണ്ടാവുമല്ലോ. പക്ഷേ, പോലീസുകാർ മാത്രം ശമ്പളംകൊണ്ട് തൃപ്തിപ്പെട്ടാൽ മതിയോ എന്നാണ് എന്റെ സംശയം. സ്ത്രീപീഡകർക്കെതിരെ കർശനമായനിലപാടെടുക്കുന്ന ഒരു സർക്കാരാണ് നമുക്കുവേണ്ടത്.പണ്ടുകൊടുത്ത വാഗ്ദാനങ്ങളൊക്കെ ഒന്നു പൊടിതട്ടിയെടുത്താൽ സാധിക്കാവുന്നതേയുള്ളൂ.




ബിറ്റ് വീൻ ഫെമിനിറ്റി ആൻഡ് ഫെമിനിസം : കൊളോണിയൽ ആൻഡ് പോസ്റ്റ് കൊളോണിയൽ എത്തിക്സ് ഓഫ് കെയർ



**ഡോ. മായ എസ്.**
അധ്യാപിക
തത്വശാസ്ത്രവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്,
തൃശൂർ

ടുക്കാതെ നടത്തുവാൻ കഴിയില്ല എന്ന് സ്ത്രീപക്ഷതത്വചിന്ത എടുത്തുപറയുന്നു. സ്ത്രീക്ക് നീതിലഭിക്കുന്നുണ്ടോ എന്ന പ്രശ്നം മാത്രമല്ല, എന്താണ് സ്ത്രീയെക്കുറിച്ചുള്ള നീതിസങ്കൽപം, എന്താണ് സ്ത്രീകളുടെ നീതിസങ്കല്പം എന്നിങ്ങനെ പല ചോദ്യങ്ങൾ ഉന്നയിക്കേണ്ടതുണ്ട്. ചുറ്റുമുള്ള മറ്റു മനുഷ്യർക്കായി നീതിനടപ്പിലാക്കുവാൻ ശ്രമിക്കുന്നത് സ്ത്രീകളും പുരുഷന്മാരും ഒരു പോലെയാണോ എന്നാലോചിച്ചാൽ തീർത്തും അല്ല എന്ന് കാണാം. സ്ത്രീ ഭക്ഷണം പാകം ചെയ്തുകൊടുത്താൽ നീതി ചെയ്യുന്നവളായി/ കെയർ ഉള്ളവളായി കണക്കാക്കപ്പെടുന്നു. പുരുഷൻ പണംചെലവ് ചെയ്താൽ നീതിനടപ്പിലാക്കുന്നവനായി മാറുന്നു. പുരുഷൻ ഭക്ഷണം പാകം ചെയ്തത് കൊണ്ടോ സ്ത്രീ പണം നൽകുന്നത് കൊണ്ടോ മാത്രം നീതി ചെയ്യുന്നവരാകുന്നില്ല. ഇതിൽ നിന്നും മന

# സ്ത്രീയും നീതിശാസ്ത്രവും


നീതിശാസ്ത്രം അഥവാ എത്തിക്സ് എന്നത് തത്ത്വചിന്തയുടെ ഒരു പ്രധാന ശാഖയാണ്. പലവിധ സിദ്ധാന്തങ്ങൾ നീതിയെക്കുറിച്ചുള്ള ചിന്തയിൽ മെനയപ്പെട്ടുവെങ്കിലും, അവകളൊക്കെ പുരുഷന്മാരായ തത്ത്വചിന്തകരാണ് ചെയ്തത് എന്ന് മാത്രമല്ല, സ്ത്രീകളുടെ പ്രശ്നങ്ങളെ പരിഹരിക്കാൻ പൂർണമായും ഉതകുന്നവയുമല്ല. നീതിയെക്കുറിച്ചുള്ള ചർച്ചകളും താത്ത്വീകരണവും ലിംഗപദവിപ്രശ്നങ്ങളെ കണക്കിലെ സ്സിലാക്കാവുന്ന കാര്യം നീതിസങ്കല്പം സ്ത്രീത്വത്തിന്റേയും പൗരുഷത്തിന്റേയും ലിംഗപദവി സങ്കൽപ്പങ്ങളുടെമേൽ ചുറ്റിപ്പിണഞ്ഞിരിക്കുന്നു എന്നാണ്. ഇത്തരം പ്രശ്നങ്ങളെക്കുറിച്ചുള്ള താത്ത്വികമായ അവലോകനം, ബോംബെ യൂണിവേഴ്സിറ്റിയിൽ തത്ത്വചിന്ത

**സ്ത്രീചിന്തയുടേയും സ്ത്രീത്വത്തിന്റേയും ഇടക്കുള്ള പിരിമുറുക്കം, ഈ കാലഘട്ടങ്ങളിലെ സ്ത്രീപക്ഷ ചിന്തകരിലും കാണാം. കോളനികാലത്തെ കാഴ്ചപ്പാട് വായിക്കാൻ ഇന്ത്യൻ സാഹചര്യത്തിൽ പണ്ഡിത രാമബായിയെയും യൂറോപ്യൻ സാഹചര്യത്തിൽ മേരി വോൾസ്റ്റോൺസറാഫ്റ്റിനെയും അവലോകനം ചെയ്യുന്നു.**


കാഞ്ചന മഹാദേവൻ

പ്രൊഫസറായ കാഞ്ചന മഹാദേവൻ, Between Femininity and Feminism: Colonial and Postcolonial Perspectives on Care എന്ന പുസ്തകത്തിലൂടെ ചെയ്യുന്നുണ്ട്. ആധുനികതയുടെ ഉൽപ്പന്നമായ കെയർ എന്ന ആശയത്തെ മുൻനിർത്തി സ്ത്രീത്വത്തിന്റേയും സ്ത്രീപക്ഷ ചിന്തയുടേയും അവലോകനമാണിത്.

നമ്മുടെ സമൂഹത്തിൽ കാലാകാലങ്ങളായി കെയർ എന്നത് സ്ത്രീത്വത്തിന്റെ ലക്ഷണമായി കണക്കാക്കപ്പെടുന്നു; ഇതിന്റെ സ്ഥിരീകരണം കോളനിവത്കൃത കാലത്തുകണ്ടെടുക്കാനാകുമോ, സ്വതന്ത്ര ഇന്ത്യയിലും, ആധുനിക-ആധുനികോത്തര യൂറോപ്പിലും ഇതെങ്ങനെയാണ്, എന്നൊക്കെയുള്ള ചിന്തകൾക്ക് ഈ പുസ്തകം ഉത്തരം തേടുന്നു. സ്ത്രീചിന്തയുടേയും സ്ത്രീത്വത്തിന്റേയും ഇടക്കുള്ള പിരിമുറുക്കം, ഈ കാലഘട്ടങ്ങളിലെ സ്ത്രീപക്ഷ ചിന്തകരിലും കാണാം. കോളനികാലത്തെ കാഴ്ചപ്പാട് വായിക്കാൻ ഇന്ത്യൻ സാഹചര്യത്തിൽ പണ്ഡിത രാമബായിയെയും യൂറോപ്യൻ സാഹചര്യത്തിൽ മേരി വോൾസ്റ്റോൺസറാഫ്റ്റിനെയും അവലോകനം ചെയ്യുന്നു. കോളനികാലത്തിനു ശേഷമുള്ള കാഴ്ചപ്പാടുകൾ, കരോൾ ഗില്ലിഗൻ, സൂസൻ ഓകിൻ, സിമോൺ ഡി ബുവ്വോർ എന്നിവരിലൂടെ വിശകലനം ചെയ്യുന്നു. രണ്ടു ഭാഗങ്ങളിലായി അഞ്ചു പാഠങ്ങൾ ഉൾക്കൊണ്ട ഈ പുസ്തകത്തിന് മുഖക്കുറിപ്പെഴുതിയിരിക്കുന്നതു ബോംബെ എസ്. എൻ. ഡി. ടി യൂണിവേഴ്സിറ്റിയിലെ സ്ത്രീപഠന ഗവേഷണകേന്ദ്രത്തിന്റെ ഡിറക്ടറായ പ്രൊഫസ്സർ വീണ പൂനാച്ചയാണ്. 2014 ൽ ആദ്യപതിപ്പായി വന്ന ഈ പുസ്തകം ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസോഫിക്കൽ റിസേർച്, ഡി. കെ പ്രിന്റ് വേൾഡ്, എന്നിവർ ചേർന്നാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. സ്ത്രീപക്ഷ നീതിശാസ്ത്രത്തിന്റെ വളർച്ചക്കും, കെയർ എന്ന ആശയത്തിന്റെ ആഴത്തിലുള്ള അവലോകനത്തിനും ഈ പുസ്തകം ഒരു മുതൽക്കൂട്ടാണ്.

സൂസൻ ഓകിൻ


ഉപ്പും മുളകും

ഗീത



# അതിജീവിതകളുടെ കേരളം

അതിജീവിത എന്ന വാക്കു കേൾക്കുമ്പോളും വായിക്കുമ്പോളും ആക്രമിക്കപ്പെട്ട നടിയെ ആണ് മലയാളി ഓർക്കുന്നത്. അത് ഒരു കുറ്റമല്ല. എന്തുകൊണ്ടെന്നാൽ  പീഡിതയായ "ഇര" എന്ന പദവിയിൽ നിന്ന് ‘ അതിജീവിത'യിലേക്കെത്തിച്ചേരാൻ കേരളീയ അബോധത്തിന്   ഒരു സെലിബ്രിറ്റി സ്റ്റാറ്റസ് ആവശ്യമായിരുന്നു. കാലത്തിന്റെ ഗുണാത്മകമായ മാറ്റം എന്നതിനേക്കാളേറെ  മധ്യവർഗവത്ക്കരിക്കപ്പെട്ട സന്മാർഗ സമൂഹമാണ് മലയാളികൾ എന്നത് അതിനൊരു മുഖ്യ കാരണം ആണ്.

തന്റെ സമ്മതമില്ലാതെ ബലപ്രയോഗത്താൻ  ശാരീരികമായ ആക്രമണം നടത്തുന്നത് കുറ്റകരമാണ് എന്ന് മലയാളി സമൂഹത്തെ അറിയിച്ചവൾ സൂര്യനെല്ലിയിലെ പെൺകുട്ടിയാണ്. അവളെ കണ്ടാൽ നമ്മൾ തിരിച്ചറിയില്ല. കാരണം അവൾക്കു മുഖമില്ല.അവൾക്കു പേരുമില്ല. പക്ഷേ അവളാണ് ആധുനികാനന്തര ഘട്ടത്തിലെ ആദ്യ പോരാളി. താത്രിക്കുട്ടിയുടെ ബ്രാഹ്മണ്യ പരിവേഷം ഇല്ലാത്തതിനാൽ അവളുടെ വാക്കുകളും അവൾ പറഞ്ഞ പേരുകൾ പലതും നിലവിലുള്ള നിയമ വ്യവസ്ഥക്കു വിശ്വാസ്യമായില്ല.

ആ നിരയിൽത്തന്നെ ഉള്ളവളായിരുന്നു കിളിരൂരിലെയും കവിയൂരിലെയും പെൺകുട്ടികൾ. നടികളാകാൻ മോഹിച്ചവർ. ഷൂട്ടിങ് സൈറ്റിൽ വെച്ച്ചൂഷണം ചെയ്യപ്പെട്ടവർ. പക്ഷേ .അതിജീവിക്കുക പോയിട്ട് ജീവിക്കുക പോലും ചെയ്തില്ല.  താരപരിവേഷമില്ലാതെ മണ്ണടിഞ്ഞു പോയവർ.

വ്യത്യസ്ത സാഹചര്യങ്ങളിൽ കൊല്ലപ്പെട്ട കൊട്ടിയത്തെയും പൂവരണിയിലെയും വാളയാറിലെയും വണ്ടിപ്പെരിയാറിലെയും കുട്ടികൾ. ഒരു മാറ്റം വന്നു പ്രായപൂർത്തിയാകാത്ത സ്ത്രീകളെ [Little woman] കുട്ടികളായി പരിഗണിക്കാൻ ഇന്ത്യൻ നിയമ വ്യവസ്ഥ ബാധ്യസ്ഥമായി. വെറും പെണ്ണ് എന്നത് വെറും കുട്ടിയായി.

ഇത്തരം സംഭവങ്ങളുടെ തുടർച്ചയിൽത്തന്നെയാണ് താരത്തിളക്കമുള്ള ഒരു നടി തിരക്കുള്ള ഹൈവേയിൽ ഓടുന്ന വാഹനത്തിൽ വെച്ച് പീഡിപ്പിക്കപ്പെടുന്നത്. ആ സംഭവത്തെ വ്യത്യസ്തമാക്കുന്നത് മറ്റാരോ കൊടുത്ത ക്വട്ടേഷൻ ടീമാണ് അതു ചെയ്തതും കാമറയിൽ പകർത്തിയതുമെന്നതാണ് . ആ കേസിന്റെ അന്വേഷണ ഘട്ടത്തിൽ മലയാളത്തിലെ ഒരു ജനപ്രിയ നടൻ അറസ്റ്റു ചെയ്യപ്പെട്ടു. സിനിമയിൽ സംഭവിക്കുന്നതു പോലെ അഥവാ സിനിമയെ അതിശയിപ്പിക്കും വിധമായിരുന്നു ആ പീഡനത്തിന്റെ നടത്തിപ്പ്.

കേസ് കോടതിയിൽ എത്തിയപ്പോഴാകട്ടെ ചുമതലപ്പെട്ട സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ ഓരോരുത്തരായി രാജിവെച്ചൊഴിയുന്നു. വനിതാ ജഡ്ജി അക്ഷരാർഥത്തിൽ വാദിയെ പ്രതിയാക്കുന്നു. അവിചാരിതമായ ഒരു സന്ദർഭത്തിൽ ബാലചന്ദ്രകുമാർ എന്ന സംവിധായകന്റെ നിർണായകമായ വെളിപ്പെടുത്തലുകൾ വന്നതോടെ പുതിയ അന്വേഷണ സംഘം വരുന്നു. അവർ തെളിവുകളിലേക്കു നീങ്ങിത്തുടങ്ങിയതോടെ അവരെ മാറ്റി മറ്റൊരു ടീം വരുന്നു. ഭരണകക്ഷിയിലെ പ്രമുഖ വ്യക്തിത്വങ്ങൾ ചിലർ പരസ്യമായി നടിയുടെ സ്വഭാവഹത്യ നടത്തുന്നു. ഈയൊരു സാഹചര്യത്തിൽ സ്ത്രീകളുടെ മുൻ കൈയിൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് അതിജീവിതക്കു വേണ്ടി ഒരു സാംസ്കാരിക സദസ് സംഘടിപ്പിക്കപ്പെട്ടു.

കഷ്ടമല്ലേ പ്രബുദ്ധ / സാക്ഷര കേരളത്തിൽ ഇത്തരത്തിലൊക്കെ സംഭവിക്കുന്നത്? നടിയുടെ കേസ് നടന്നുകൊണ്ടിരിക്കേത്തന്നെ ഒരു പ്രമുഖ സംവിധായകന്റെ പേരിൽ പല നടന്മാരുടെ പേരിൽ ‘കാസ്റ്റിങ് കൗച്ച് ‘പരാതികളും ‘മീടൂ ‘ പരാതികളും ഉയർന്നു വരികയും അടങ്ങിപ്പോവുകയും ചെയ്തുവെന്നതു ശ്രദ്ധേയമാണ്. അതിനെതിരെയൊന്നും അത്ര വലിയ രോഷം മലയാളികളിൽ ഉയർന്നു വരികയും ചെയ്തില്ല. ആ പെൺകുട്ടികളും ‘അതിജീവിതകളുടെ ‘ പട്ടികയിൽത്തന്നെ വരുമെന്നതാണ് യാഥാർഥ്യം. നടിയുടെ കേസ് ഏറ്റു പിടിച്ച പലരും അതിനു മുമ്പുണ്ടായ അതിജീവിതകളുടെ കാര്യത്തിൽ എന്തു നിലപാടെടുത്തുവെന്നതു മാറ്റിവെക്കാം. പക്ഷേ അതിനു ശേഷവും നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന അതിജീവിതകളുടെ കാര്യത്തിലെ പ്രതികരണമെന്താണ് എന്നതു പ്രസക്തമാണ്.

ഫലശ്രുതി

അർഥാപത്തി എന്ന അലങ്കാരം.

ലക്ഷണം:

‘അർഥാപത്തിയിതോ പിന്നെ

ചൊല്ലാനില്ലെന്ന യുക്തിയാം‘

അതായത് ഇത്രയേറെ ഉയർന്ന സാമൂഹിക പദവിയിലുള്ള ഒരു സ്ത്രീയുടെ കാര്യത്തിൽപ്പോലും ഇത്രയേറെ നീതി നിഷേധം സംഭവിക്കുന്നുണ്ടെങ്കിൽ

കേരളത്തിൽ ആക്രമിക്കപ്പെടുന്ന സാധാരണക്കാരികളുടെ അവസ്ഥ എന്തായിരിക്കും ?! അവരോടുള്ള അധികാരികളുടെ സമീപനം എന്തായിരിക്കും!

അതാണു പറഞ്ഞത്

‘ചൊല്ലാനില്ലെന്ന യുക്തിയാം‘!



ചർച്ചാവിഷയം

# തത്ത്വശാസ്ത്ര കാലം



**അനുലക്ഷ്മി വി.എസ്,**
ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ എം.എ മലയാളം ഒന്നാം വർഷ വിദ്യാർത്ഥിനി

മൂന്നുവർഷം തത്വശാസ്ത്രം പഠിച്ച വിദ്യാർത്ഥി എന്ന നിലയ്ക്ക് ഈ വിഷയം എന്നെ അത്ഭുതപ്പെടുത്തുന്നു. ഹയർസെക്കൻഡറി പഠനം കഴിഞ്ഞ് ഇറങ്ങുന്ന ഭൂരിഭാഗം വിദ്യാർഥികളെയും പോലെ തുടർ പഠനം എന്തായിരിക്കണം? എവിടെയായിരിക്കണം? എന്ന ചോദ്യങ്ങൾ എന്നെയും വല്ലാതെ കുഴക്കിയതാണ്. ബയോളജി സയൻസിന്റെ തുടർച്ചയായി ബോട്ടണി, സുവോളജി എന്നിവക്ക് അപേക്ഷിക്കാം എന്ന് തീരുമാനിച്ചു. കണക്കും, കെമിസ്ട്രിയും, ഫിസിക്സും എനിക്ക് പണ്ടേ പിടിതരാത്ത വിഷയങ്ങൾ ആയതുകൊണ്ട് അതിനൊന്നും അപേക്ഷിക്കാൻ പോലും മുതിർന്നില്ല. കൂട്ടത്തിൽ ഫിലോസഫിക്കും സൈക്കോളജിക്കും മലയാളത്തിനും അപേക്ഷിച്ചു .80 ശതമാനത്തിൽ താഴെയാണ് മാർക്ക് എന്നുള്ളത് കൊണ്ടും സീറ്റു കിട്ടുമോ എന്ന് അതിയായ ഭയം ഉള്ളതുകൊണ്ടും കേരളവർമ്മയിൽ ഫിലോസഫിക്ക് അവസരം കിട്ടിയപ്പോൾ ഒന്നും ആലോചിക്കാതെ ചേർന്നു എന്നതാണ് വാസ്തവം. മുഴുവൻ കുട്ടികളും തികഞ്ഞതിനുശേഷം ഒരു കുട്ടി മറ്റൊരു വിഷയത്തിലേക്ക് മാറിയതിനെ തുടർന്നാണ് കാലം കരുതിവെച്ച കേരളവർമ്മയിലെ ഫിലോസഫി ക്ലാസിലെ ഒരു ഇരിപ്പിടം എനിക്കും കിട്ടിയതെന്ന് ഞാനിന്ന് നന്ദിയോടെ ഓർക്കുന്നു.

സാധാരണക്കാരുടെ സ്വാഭാവിക സംഭാഷണങ്ങളിൽ പോലും കടന്നു വരുന്ന ഒരു വാക്കാണ് ഫിലോസഫി എങ്കിലും അതിനെ കുറിച്ച് കാര്യമായ ധാരണയൊന്നും ആർക്കുമില്ല എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. എല്ലാവരെയും പോലെ ഞാനും ചിന്തിച്ചു ഫിലോസഫിയിൽ എന്താണ് നമ്മെ പഠിപ്പിക്കാൻ പോകുന്നത്. എന്നെ സംബന്ധിച്ചിടത്തോളം അതൊരു വലിയ ചോദ്യം തന്നെയായിരുന്നു. ആദ്യം ക്ലാസ്സിൽ വന്ന അധ്യാപിക ഫിലോ , സോഫിയ എന്ന പിരിച്ചെഴുത്തിലൂടെ അറിവിനോടുള്ള സ്നേഹമാണ് ഫിലോസഫി എന്ന് പഠിപ്പിച്ചു. രസകരമെന്നു പറയട്ടെ , ഇരുണ്ട മുറിയിലെ കറുത്ത പൂച്ചയെ അന്വേഷിക്കൽ ആണ് ഫിലോസഫി എന്ന വില്യം ജെയിംസിനെ ഉദ്ധരണി അവതരിപ്പിച്ചുകൊണ്ടാണ് അടുത്ത അധ്യാപിക ക്ലാസിലേക്ക് കയറി വന്നത്. അജ്ഞാതമായ വിഷയത്തെക്കുറിച്ചുള്ള കൗതുകം കൊണ്ട് ശ്രദ്ധയോടെ കേട്ടിരുന്നത് ഓർക്കുന്നു. ഇന്ത്യൻ ഫിലോസഫി എന്നും വെസ്റ്റേൺ ഫിലോസഫി എന്നും വേർതിരിച്ചിട്ടുണ്ട് എന്ന ധാരണ തന്നു. പ്രപഞ്ചത്തെയും, സ്നേഹത്തെയും , നീതിയേയും, അറിവിനെയും പറ്റി രൂപപ്പെടുത്തിയ സിദ്ധാന്തങ്ങളാണ്

പരിചയപ്പെടാൻ പോകുന്നതെന്ന് ആമുഖം നൽകി. ആദ്യം ലഘു ആണെന്ന് തോന്നിപ്പിച്ചെങ്കിലും ഓരോ സിദ്ധാന്തങ്ങളും വലിയ ചിന്തകൾക്ക് സാധ്യതയുണ്ടായിരുന്നു. എനിക്ക് തോന്നുന്നു, അവയൊന്നും തന്നെ മറ്റു ശാസ്ത്രവിഷയങ്ങളുടേത് പോലെ പരീക്ഷിച്ചു കാണിക്കാൻ സാധ്യമായവയല്ലായിരുന്നു എന്നതാണ് ഒരു പോരായ്മ. എന്നിരുന്നാൽ കൂടിയും ചിന്തയിൽ നിന്നാണല്ലോ പിന്നീട് പ്രവർത്തനങ്ങൾ ഉണ്ടാകുന്നത്. ശാസ്ത്രീയമായി വിശദീകരിക്കാൻ കഴിയാത്ത ചില വിഷയങ്ങളെക്കുറിച്ചുള്ള യുക്തി ചിന്തയാണ് തത്വശാസ്ത്രം എന്നും പറയാം .ഇത്തരത്തിൽ നിലനിൽപ്പ്, സൗന്ദര്യം, മനസ്സ് ,മൂല്യബോധം എന്നിവയെപ്പറ്റി ഓരോ ചിന്തകനും ഓരോ കണ്ടെത്തലുകൾ ഉണ്ടായിരുന്നു.

ഇന്ത്യൻ ഫിലോസഫിയിൽ വേദത്തിൽ വിശ്വസിക്കുന്നവരും അല്ലാത്തവരുമായ രണ്ടു കൂട്ടരെ കണ്ടു. ജൈനിസവും ബുദ്ധിസവും ചാർവാകൻമാരേയും കണ്ടു. ജൈനിസം ശരിയായ വിശ്വാസം, ശരിയായ പെരുമാറ്റം, ശരിയായ അറിവ് എന്നിവയിലൂടെ മോക്ഷത്തെ കുറിച്ചും ജീവ, അജീവ എന്നിവയെക്കുറിച്ചും ചിന്തിപ്പിച്ചപ്പോൾ, ബുദ്ധിസം മോക്ഷം പ്രാപിക്കാനുള്ള നാല് ഉദാത്ത സത്യത്തെക്കുറിച്ച് സംവദിച്ചു.

"ഇല്ല ദൈവം ദേവ ശാപങ്ങൾ മിഥ്യകൾ

ഇല്ലില്ല ജാതിമതങ്ങൾ

പരേതർക്ക് ചെന്നിരിക്കാൻ ഇല്ല സ്വർഗ്ഗവും നരകവും

ഇല്ല പരമാത്മാവും ഇല്ലാത്ത മോക്ഷവും

മുൻജന്മം ഇല്ല പുനർജന്മമില്ല ഒറ്റ ജന്മം നമുക്ക് ഒറ്റ ജീവിതം'

കുരീപ്പുഴ യുടെ "ചാർവാക ' കവിതയിലെ ഈ വരികൾ തന്നെയായിരുന്നു ഏതാണ്ട് ചാർവാക തത്വം. ആത്മാവും, ബ്രഹ്മനും ഇന്ത്യൻ തത്വചിന്തകൻമാരുടെ ചിന്തയിൽ പലതരത്തിൽ ഉയിർകൊണ്ടു. പ്രകൃതിയും, പുരുഷനും എല്ലാത്തിനും അടിസ്ഥാനമായി. ശങ്കരാചാര്യരുടെ അദ്വൈത വേദാന്തവും, മാധവാചാര്യരുടെ ദ്വൈതവേദാന്തവും രാമാനുജാചാര്യരുടെ 'സച്ചിദാനന്ദ ' യും തത്വശാസ്ത്രത്തെ ഊട്ടിയുറപ്പിക്കാൻ ഉതകുന്നവയായിരുന്നു. വിശിഷ്ടാദ്വൈത വേദാന്തം ആയിരുന്നു അദ്ദേഹത്തിൻറെ ദർശനം.

പാശ്ചാത്യ വിജ്ഞാന ശാസ്ത്രത്തിൽ അനുഭവം, സംശയം പ്രായോഗികത,യുക്തി, അതീന്ദ്രിയത തുടങ്ങിയവയിൽ നിന്നാണ് അറിവ് ഉണ്ടാകുന്നതെന്ന ചർച്ച ചൂടുപിടിച്ചു. മൂല്യവുമായി ബന്ധപ്പെട്ട് ചിന്തയിൽ ശരിതെറ്റുകളെ കുറിച്ചും, സൗന്ദര്യത്തെ കുറിച്ചും സിദ്ധാന്തങ്ങൾ ഉണ്ടായി. ഭാഷാ തത്വശാസ്ത്രം മറ്റൊരു വിശാലലോകം തുറന്നുവച്ചു. അസ്തിത്വ വാദികൾ സത്തയ്ക്ക് മുൻപ് അസ്തിത്വം എന്ന് വാദിച്ചു.

"Man is only free ,But he is condemned to be free" -Jean Paul Sartre

ഇത്തരത്തിൽ സ്വാതന്ത്ര്യത്തോടൊപ്പം മനുഷ്യന്റെ ഉത്തരവാദിത്വങ്ങൾ കൂടി ഓർമിപ്പിച്ചത് സാർത്രെ യാണ്. ആധുനിക പാശ്ചാത്യ തത്വചിന്തയിൽ മനുഷ്യൻ ശരീരത്തെയും, മനസ്സിനെയും, ദ്വൈതവാദത്തിൽ പഠിച്ചു. ഓരോ തത്വചിന്തകരും സ്വതന്ത്രരായി സത്യത്തെ തിരഞ്ഞു. രൂപീകരണം എങ്ങനെയാണെന്നും അത് എവിടെയാണ് നടക്കുന്നതെന്നും ചിന്തിച്ചു.

അനുഭവവാദത്തെ അനുകൂലിക്കുന്നവർ മനസ്സ് ശൂന്യമായ ഒന്നാണെന്നും അനുഭവങ്ങളിലൂടെ മാത്രമാണ് അറിവ് ഉണ്ടാകുന്നത് എന്നും പറഞ്ഞുവെച്ചു. മറുകൂട്ടർ അറിവ് മനസ്സിന്റെ സഹജമായ ഒന്നാണെന്നാണ് അഭിപ്രായപ്പെട്ടത്.എന്താണോ അവർ അംഗീകരിക്കുന്നത് അതിൽ അവർ ശരിയാണ് എന്നാൽ എന്താണോ അവർ നിഷേധിക്കുന്നത് അവിടെയാണ് അവർക്ക് തെറ്റ് പറ്റുന്നത് എന്നു പറഞ്ഞുകൊണ്ടാണ് കാന്റ് കടന്നുവരുന്നത്. അറിവ് ഇന്ദ്രിയങ്ങളിലൂടെ തുടങ്ങുകയും മനസ്സിലാക്കലിലൂടെ തുടരുകയും യുക്തിയിൽ അവസാനിക്കുകയും ചെയ്യുന്ന ഒന്നാണ് എന്ന് അദ്ദേഹം പറയുന്നു. തത്വചിന്ത കൊണ്ട് മാത്രം മനുഷ്യ ജീവിതത്തിലെ പ്രശ്നങ്ങൾ അവസാനിക്കുക ഇല്ലെന്നും ആ ചിന്ത സാമൂഹ്യ വിപ്ലവത്തിലേക്ക് നയിക്കണമെന്നും പറഞ്ഞുകൊണ്ടാണ് മാർക്സ് കടന്നുവന്നത്. ഭൗതികവാദം എന്ന മറ്റൊരു വാദം ആണ് അദ്ദേഹം അനുകൂലിച്ചത്. ഉള്ളവരെയും ഇല്ലാത്തവരെയും വ്യത്യസ്തപെടുന്നത് എന്താണെന്ന് അദ്ദേഹം ഗാഢമായി ചിന്തിച്ചു. അതായത് തത്വശാസ്ത്രം സാമൂഹ്യ ജീവിതത്തിലേക്കും പടർന്നു എന്നതാണ് ഇവിടെ തെളിയുന്നത്.

ഇത്തരത്തിൽ ശാരീരികമായും മാനസികമായും ലഭിക്കുന്ന മോക്ഷം ആയിരുന്നു തത്വശാസ്ത്രത്തിന്റെ ആത്യന്തികലക്ഷ്യം. യുക്തിപരവും ,സൂക്ഷ്മവും, വിമർശനാത്മകവുമായിരുന്നു തത്വശാസ്ത്രത്തിന്റെ രീതി. ഒരു കലാകാരന്റെയോ, വ്യവസായിയുടെയോ ശാസ്ത്രജ്ഞന്റേയോ വീക്ഷണകോണിലൂടെ അല്ല തത്വശാസ്ത്രജ്ഞൻ ജീവിതത്തെ നോക്കി കാണുന്നത്. എന്നാൽ ഇവയുടെയൊക്കെ ആകെ തുകയുടെ കലർപ്പിലാണ് ജീവിതത്തെ ഗ്രഹിക്കുന്നത്. ഭാഷയിൽ വാക്കുകളുടെയും,ആശയങ്ങളുടെയും യുക്തിപരമായ,കൃത്യമായ വിശകലനവും തത്വശാസ്ത്രം മുന്നോട്ടുവയ്ക്കുന്നു. പ്രശ്നപരിഹാരം എന്നതിലുപരി ഒരുകൂട്ടം പ്രശ്നങ്ങളായിരുന്നു ഫിലോസഫിയുടെ മൂലധനം. എന്ത്? എന്നിടത്ത് എന്തുകൊണ്ട്? എന്ന ചോദ്യം ഉന്നയിക്കുന്നിത്താണ് തത്വശാസ്ത്രം വളരുന്നത്. ദൈവത്തിൻറെ യാഥാർത്ഥ്യമെന്താണ്?,അറിവിൻറെ


64/സംഘടിത/ജൂൺ 2022/ വോള്യം 19/ലക്കം 25

സ്രോതസ്സും പരിധിയും എന്താണ്?, എന്തുകൊണ്ടാണ് ശരിയും തെറ്റും ഉണ്ടാകുന്നത്? എന്നിങ്ങനെ മറ്റുള്ളവർ അധികം കടന്നു ചെല്ലാത്ത ഇടത്തേക്ക് ആണ് ശാസ്ത്രം മൂർച്ച കൂട്ടിയ മനസ്സു മാത്രം ആയുധമാക്കി കടന്നുചെല്ലുന്നത് . അപ്പോഴും ചിന്തിക്കാൻ മനസ്സാണൊ വേണ്ടത്? അതോ മനസ്സു മാത്രം മതിയോ? എന്ന ചിന്തയും അവിടെ ബാക്കി വയ്ക്കുന്നു എന്ന വസ്തുത വിസ്മരിക്കരുത്. നിലനിൽപ്പിന്റെ നിഗൂഢതയും, യാഥാർഥ്യവും വിശാലതയിൽ നിന്നും തത്വശാസ്ത്രം വേർതിരിച്ചെടുക്കുന്നു. ചോദ്യംചെയ്യലിലാണ് തത്വശാസ്ത്രം ആരംഭിക്കുന്നത്. ഓരോ ചോദ്യങ്ങൾക്കും നിലവിലുള്ള ഉത്തരങ്ങൾക്ക് അപ്പുറത്തേക്ക് സഞ്ചരിക്കാൻ തത്വശാസ്ത്രം മുതിരുന്നു.

"philosophy as a science of knowledge."
-Fichte

ശാസ്ത്രവിഷയങ്ങൾ ചില പ്രത്യേക ഭാഗങ്ങളെ മാത്രം പഠന വിധേയമാക്കുമ്പോൾ, തത്വശാസ്ത്രം ജീവിതത്തെ സംബന്ധിക്കുന്ന എല്ലാ വസ്തുതകളും വിമർശനാത്മകമായി പരിശോധിക്കുന്നു. ഇത്തരത്തിൽ ഫിലോസഫി സ്കൂൾ തലം മുതൽ പഠിക്കേണ്ടുന്ന ഒരു വിഷയം ആക്കേണ്ടതിൻറെ ആവശ്യകതക്ക് കാരണങ്ങളുണ്ട്. മനസ്സിനെയും, ചിന്തയെയും കാര്യക്ഷമമാക്കാനും കൃത്യമായി അവലോകനം ചെയ്ത് ശരിയും തെറ്റും തിരിച്ചറിഞ്ഞ് വ്യക്തമായ തീരുമാനമെടുക്കാനും തത്വശാസ്ത്രം കൊണ്ട് സാധ്യമാണ്. സമകാലിക ജീവിതത്തെ മനസ്സിലാക്കാനും ധാർമിക തകർച്ചയിലും തത്വശാസ്ത്രം നമ്മെ തുണയ്ക്കുന്നു. ജീവിതത്തിലൊരു സങ്കീർണത കടന്നുവരുമ്പോൾ, മാനസിക തകർച്ചയിലേക്ക് വീണുപോകുമ്പോൾ നാം തത്വശാസ്ത്രത്തെ കൂട്ടുപിടിക്കുന്നു എങ്കിൽ അത് ഈ വിഷയത്തിന്റെ ഗംഭീരമായ വിജയമാണ്.

'ഫിലോസഫി എല്ലാ ശാസ്ത്രങ്ങളുടെയും അമ്മയാണ്' -സിസറോ

ഒട്ടുമിക്ക ശാസ്ത്രവിഷയങ്ങളും തത്വശാസ്ത്രത്തിൽ നിന്ന് വേർപെട്ടുപോയതാണെന്ന് പറയുന്നു. തത്വശാസ്ത്രം പഠിച്ച ,പഠിക്കുന്ന ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അതിൽപരം എന്ത് സന്തോഷമാണ് ലഭിക്കാനുള്ളത്. ഞാൻ മുകളിൽ സൂചിപ്പിച്ചിരുന്നത് പോലെ സയൻസ് വിഷയങ്ങൾ കീറാമുട്ടി ആയിരുന്ന എനിക്ക് തത്വശാസ്ത്ര ബിരുധത്തിൽ യൂണിവേഴ്സിറ്റി റാങ്ക് നേടാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ചില വ്യക്തിപരമായ കാരണങ്ങൾ കൊണ്ടും, സാഹിത്യത്തോടുള്ള താല്പര്യം കൊണ്ടും ഇന്ന് ഞാനൊരു സാഹിത്യ ബിരുദാനന്തര ബിരുദ ത്തിനു മലയാള സാഹിത്യം പഠിക്കുമ്പോഴും, തീർച്ചയായും സാഹിത്യ പഠനത്തിന് മൂന്നു വർഷത്തെ തത്വശാസ്ത്ര പഠനം വലിയൊരു മുതൽക്കൂട്ടായി തന്നെ കരുതുന്നു. സാഹിത്യത്തിൽ കഥാപാത്രങ്ങളുടെ ചിന്തയിലൂടെയും, വികാരവിചാരങ്ങളിലൂടെയും തത്വശാസ്ത്രം അവതരിപ്പിക്കപ്പെടുന്നു.



പെൺപക്ഷം

# ആ ആത്മഹത്യക്ക് ആര് മറുപടി പറയും?





അജിത കെ.

**പ്ലാന്റേഷൻ കോർപ്പറേഷൻ എന്ന ഭീമൻ കോർപ്പറേറ്റ് വർഷങ്ങളായി കാസർഗോട്ടെ കശുവണ്ടിത്തോട്ടങ്ങളിൽ തളിച്ച വിഷത്തിന്റെ ദുരന്തഫലങ്ങൾ തലമുറകളായി ഒരു തീരാശാപം പോലെ പേറിക്കൊണ്ടിരിക്കുന്ന ജനങ്ങൾ ഇന്ത്യയിലെ രണ്ടാംതരം പൗരരാണോ എന്ന് പൊതുസമൂഹം ചോദിക്കുന്നു.**

ഇക്കഴിഞ്ഞ മേയ് 31 ന് പത്രങ്ങളിൽ വന്ന ഒരു വാർത്ത മറ്റേതൊരു പത്രവാർത്തയേയും പോലെയായിരിക്കാം വായനക്കാർ വായിച്ചത്.

കാസർഗോട്ടെ എൻഡോസൾഫാൻ പീഡിതയായ തന്റെ 28 വയസ്സായ മകളെ കൊലപ്പെടുത്തി ഒരമ്മ ആത്മഹത്യ ചെയ്തു എന്ന വാർത്തയാണത്.

എഡോസൾഫാൻ പീഡിത ജനവിഭാഗങ്ങൾ കാലങ്ങളായി കടന്നുപോകുന്ന യാതനകൾക്ക് ഒരു ശാശ്വതമായ പരിഹാരം കാണാൻ ഇക്കാലമത്രയും കേരളം ഭരിച്ച ഒരു സർക്കാറുകൾക്കും കഴിഞ്ഞിട്ടില്ല, അഥവാ ഭരണത്തിലുള്ള ആർക്കും തന്നെ അത്തരമൊരു താല്പര്യമുണ്ടായിട്ടില്ല.


ആരോഗ്യ മേഖലയിൽ മുതലാളിത്ത രാജ്യങ്ങളോട് കിടപിടിക്കുന്ന വൻനേട്ടങ്ങളാണ് കേരളം ഉണ്ടാക്കിയതെന്ന അവകാശവാദം ഉന്നയിക്കുമ്പോഴും എൻഡോസൾഫാൻ പീഡിതരുടെ പ്രശ്നങ്ങൾ ജനാരോഗ്യമേഖലയുടെ ഒരു ഉണങ്ങാത്ത വ്രണമാണെന്ന വസ്തുത സർക്കാറുകളെ നോക്കി കൊഞ്ഞനംകുത്തുകയാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ എന്ന ഭീമൻ കോർപ്പറേറ്റ് വർഷങ്ങളായി കാസർഗോട്ടെ കശുവണ്ടിത്തോട്ടങ്ങളിൽ തളിച്ച വിഷത്തിന്റെ ദുരന്തഫലങ്ങൾ തലമുറകളായി ഒരു തീരാശാപം പോലെ പേറിക്കൊണ്ടിരിക്കുന്ന ജനങ്ങൾ ഇന്ത്യയിലെ രണ്ടാംതരം പൗരരാണോ എന്ന് പൊതുസമൂഹം ചോദിക്കുന്നു. ഒരു മെഡിക്കൽ കോളേജ് പ്രർത്തനമാരംഭിക്കുകയും അതിലൊരു ന്യൂറോളജിസ്റ്റിനെ നിയമിക്കുകയും അടുത്തയിടെ ചെയ്തെങ്കിലും പരിശോധനകൾ നടത്താനുള്ള ലാബോ മറ്റു സൗകര്യങ്ങളോ അവിടെയില്ല. ഒരുപാട് പണം ചിലവാക്കി ദൂരസ്ഥലങ്ങളിൽ പോയി പരിശോധനകൾ നടത്തേണ്ടിവരുന്ന പാവം രോഗികളുടേയും അവരെ പരിചരിക്കുന്ന ബന്ധുക്കളുടേയും യാതനകൾക്ക് പരിഹാരം കാണാൻ ആരോഗ്യമേഖലയ്ക്ക് ഉത്തരവാദിത്വമില്ലേ?

ആ പീഡീത ജനങ്ങളുടെ നിർത്താതെയുള്ള ദീനരോദനം കേട്ടിട്ടും എന്തുകൊണ്ട് ഈ പ്രശ്നം ഒരു യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാനുള്ള



നടപടികൾ സർക്കാർ സ്വീകരിക്കുന്നില്ല?കോവിഡിനെപ്പോലെ അന്താരാഷ്ട്ര പ്രശസ്തി ഈ കോർപറേറ്റ് പീഡിതർക്ക് ഇല്ലാത്തതുകൊണ്ടാണോ? ആ കോർപറേറ്റ് ഭീകരനിൽ നിന്ന് ഈ വിഭാഗങ്ങൾക്ക് നഷ്ടപരിഹാരം വാങ്ങാനും അധികാരത്തിലുള്ളവർ ഒന്നും ചെയ്യുന്നില്ല. സർക്കാറിന്റെ ഭാഗത്തുനിന്നായാലും ഇതൊരു ക്രിമിനൽ കുറ്റമല്ലേ?

ചർച്ചാവിഷയം



**ഹർഷിദ യു.**
ബി എ ഫിലോസഫി
അവസാന വർഷ വിദ്യാർത്ഥിനി
ശ്രീ കേരളവർമ്മ കോളേജ്



# സ്ത്രീയും ബുദ്ധചിന്തയും

സ്ത്രീകളുടെ സ്ഥാനം തുല്യമായ അളവിൽ സ്ഥാപിക്കുന്ന രീതിയാണ് ബുദ്ധമതത്തിലെ ധർമ്മം. ബുദ്ധമതത്തിൽ ധർമ്മം ഒരു തത്വമാണ്. ബുദ്ധൻ പ്രഖ്യാപിച്ചത് എന്തെന്നാൽ 'ധർമ്മം' എല്ലാ സമയത്തും എല്ലാ വ്യക്തികൾക്കും പൊതുവായുള്ള സാർവത്രിക സത്യമാണ്. മനുഷ്യന്റെ അസ്തിത്വം ദുരിതവും വേദനയും നിറഞ്ഞതാണെന്ന് അദ്ദേഹം തന്റെ ശിഷ്യന്മാരോട് ആവർത്തിച്ചു പറഞ്ഞു. ഈ ദുരിതത്തിൽ നിന്നും വേദനയിൽ നിന്നും മുക്തി നേടുക എന്നതാണ് നമ്മുടെ അടിയന്തര ധർമ്മം. അതുകൊണ്ടുതന്നെ ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളെ  മറികടക്കാനും സ്ത്രീകൾ

ബുദ്ധന്റെ പാത പിന്തുടരുന്നു. ഈ ചിന്ത പിന്തുടരുകയും ലൗകിക ദുഖങ്ങളിൽ നിന്ന് രക്ഷ നേടുകയുമാണ് പല സ്ത്രീകളും ചെയ്തത്.

ബുദ്ധിസത്തിന്റെ നാല് മഹനീയ സത്യങ്ങൾ ഇനങ്ങനെയാണ്. ദുഃഖം എന്നൊന്ന് ഉണ്ട്. ദുഖത്തിന് കാരണമുണ്ട്. ദുഃഖം നിമാർജനം ചെയ്യാനാകും. ദുഃഖത്തിന്റെ കാരണത്തിന്റെ നിർമാർജനം ചെയ്യുന്നതിനുള്ള മാർഗം വഴിയാണ് ഇത് സാധ്യമാകുന്നത്. ഇങ്ങനെയുള്ള കാര്യാ കാരണ ചിന്തയുടെ അഥവാ യുക്തിയുടെ രീതിയാണ്, നമ്മൾ സാധാരണ പറയുന്ന ആപ്തവാക്യമായ 'ആഗ്രഹങ്ങളാണ് ദുഖങ്ങൾക്കു കാരണം' എന്നത്.

ബുദ്ധൻ ആവർത്തിച്ച മനുഷ്യന്റെ യാഥാർഥ്യം, ദുരിതത്തിൽ നിന്നും വേദനയിൽ നിന്നും മുക്തി നേടുക എന്നതാണ് നമ്മുടെ അടിസ്ഥാന കടമ എന്ന തത്വചിന്ത, സ്ത്രീകളിൽ ഒരുപാട് സ്വാധീയി വ്യത്യാസമന്യേ ഉള്ളവരാണെന്ന് ബുദ്ധമതം വിശ്വസിക്കുന്നു. ഈ വിശ്വാസവും പരിഗണനയും മറ്റു അസമത്വ കാഴ്ചപ്പാടിൽ നിന്നും വേറിട്ടു നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ സ്ത്രീകളെ മാറ്റിനിർത്തപ്പെടുക ഇല്ല.

മനുഷ്യർ തുല്യരാണ്. സ്ത്രീകൾക്ക് പ്രസക്തി കുറവാണ് എന്ന വലിയ സത്യം തുറന്നുകാണിച്ചു, അതിനെ ഊർജ്ജമാക്കാൻ കഴിഞ്ഞാലാണ് മനുഷ്യർ എന്നും ഒരുപോലെയാവുക. സ്ത്രീകളിലും പുരുഷന്മാരിലും ഒരേ സുഖവും ദുഃഖവുമാണ്. ഏതൊരു ദുഃഖത്തിനും കാരണമുണ്ടായിരിക്കും അതുപോലെ ദുഃഖം മറികടക്കാനുള്ള വഴിയും ഉണ്ടായിരിക്കും. സ്ത്രീകൾ അവരുടെ കടമ നടപ്പിലാക്കാൻ നിർവാണത്തിലൂടെ ശ്രമിച്ചു. പണ്ടു മുതൽക്കേ സ്ത്രീകൾ അനുഭവിച്ചു പോരുന്ന പ്രയാസങ്ങളും ദുരിതങ്ങളും ഒരു നിഴൽപോലെ എ



നിച്ചിട്ടുണ്ട്. എന്നുമാത്രമല്ല ബുദ്ധിസ്റ്റ് ഫെമിനിസ ചിന്തകളിലൂടെയും, സ്ത്രീ സന്യാസികൾ, ആത്മീയ അടിയന്തര കടമ നടപ്പിലാക്കാൻ തുടക്കം കുറിച്ചു.

ബുദ്ധമതം ഉപേഖയിൽ വിശ്വസിക്കുന്നു. ഉപേക്ഷ അഥവാ ഉപേഖ  എന്നത് തുല്യതയുടെ തത്വമാണ് . പഴയ കാലങ്ങളിലെ തൊട്ടുകൂടായ്മയ്ക്കും തീണ്ടു കൂട്ടായ്മയ്ക്കും ജാതി-മത വേർതിരിവിനുമെല്ലാം വ്യത്യസ്തമായിരുന്നു ഉപേഖ. ഉപേഖ എല്ലാവരിലും തുല്യ മനോഭാവമാണ് ഉദ്ദേശിക്കുന്നത്. ബുദ്ധമതക്കാർ എല്ലാവരിലും തുല്യ മനോഭാവവും സമൂഹത്തിൽ തുല്യതയും പരിഗണിക്കുന്നു. ഓരോ മനുഷ്യരും അടിസ്ഥാനപരമാങ്കിലും പ്രദർശിപ്പിക്കപ്പെടാത്തതാണ്. പുരുഷന്മാർ അവരുടെ ദുഃഖത്തിനു കാരണം തേടുകയും ആനന്ദം കണ്ടെത്തുകയും ചെയ്യുമ്പോൾ സ്ത്രീകൾക്ക് നിറവേറ്റാൻ കഴിയാതെ വന്നു. സ്ത്രീ അമ്മയായും ഭാര്യയായും ജീവിതത്തിൽ അരങ്ങേറിയപ്പോൾ സ്ത്രീ എന്ന വ്യക്തിയുടെ മൂല്യമായ ചിന്തകളും കഴിവുകളും അവളിൽ ഒതുങ്ങിപ്പോയി.

സ്ത്രീ മൂല്യങ്ങളും ധർമ്മങ്ങളും പ്രകടമാക്കാൻ ബുദ്ധമതം പിൻബലം ആയിട്ടുണ്ട് എന്ന് നമുക്ക് പറയാൻ കഴിയും. അതിനുദാഹരണമായി ആദ്യത്തെ ബുദ്ധഭിക്ഷുണികളുടെ കൃതിയായ തേരീഗാഥയിലെ ഒരു ഭാഗം നമുക്ക് നോക്കാം:

'സുമംഗലയുടെ അമ്മ മകനെ അഭിസംബോ

ധന ചെയ്യുന്നു– "തികച്ചും സ്വതന്ത്രനായ പ്രിയനേ, തികച്ചും മുക്തനായ പ്രിയനേ, ഞാനും വേണ്ടവിധം പാത്രങ്ങളിൽ നിന്ന് സ്വതന്ത്രയായി , ലജ്ജയില്ലാത്ത എന്റെ ഭർത്താവ്, അവൻ ജോലി ചെയ്തിരുന്ന സൺഷെയ്ഡ് പോലും, ഒരു പാമ്പിനെപ്പോലെ നാറുന്ന എന്റെ പാത്രം പോലും എന്നെ വെറുക്കുന്നു. ഞാൻ ദേഷ്യവും ലൈംഗികതയോടുള്ള അഭിനിവേശവും നശിപ്പിച്ചപ്പോൾ, മുള പിളരുന്ന ശബ്ദം എന്നെ ഓർമ്മിപ്പിച്ചു, ഞാൻ ഒരു മരത്തിന്റെ ചുവട്ടിൽ ചെന്ന് 'അയ്യോ സന്തോഷം' എന്ന് ചിന്തിച്ചു, ആ സന്തോഷത്തിനുള്ളിൽ നിന്ന് ഞാൻ ധ്യാനിക്കാൻ തുടങ്ങി. മറ്റൊരു ഭാഗം : സംഘ' വീടു ഉപേക്ഷിച്ച്, പുറപ്പെടുന്നു, മകനെയും, കന്നുകാലികളെയും, പ്രിയപ്പെട്ടതെല്ലാം ഉപേക്ഷിച്ച്, ആഗ്രഹം, കോപം, അജ്ഞത എന്നിവ ഉപേക്ഷിച്ച്, അവയെല്ലാം ഉപേക്ഷിച്ച്, ആഗ്രഹം വേരോടെ പിഴുതെറിയുന്നു.

ഞാൻ ശാന്തയായി, ഞാൻ സ്വതന്ത്രയാണ് '.

സ്ത്രീ അന്നും ഇന്നും മാറ്റപ്പെടുന്നവൾ, അവളെ സമൂഹം നിയന്ത്രിക്കുമ്പോൾ, സ്ത്രീ തന്റെ ആത്മീയതയും വ്യക്തിത്വത്തെയും തടങ്കല്ലുകളിൽ നിന്ന് വലിച്ചു മാറ്റി തുറന്നെടുക്കുന്നു. അവളുടെ ജീവിതം അർത്ഥമുള്ളതാക്കാൻ. സ്ത്രീ തിരിച്ചറിയുന്നു, അവരുടെ വ്യക്തിത്വത്തെ എങ്ങനെ സൃഷ്ടിക്കുന്നുവെന്ന്. ധർമ്മങ്ങളിലൂടെ എല്ലാം ഉൾക്കൊള്ളുന്ന അടിസ്ഥാന ഘട്ടങ്ങളെ കുറിച്ച് സ്ത്രീ അറിയുന്നു. സ്ത്രീയുടെ ശരീരത്തിനും ആത്മാവിനും വെളിച്ചമേകാൻ എന്തുകൊണ്ടും ധർമ്മമാർഗങ്ങളിലൂടെ കഴിയുന്നു എന്ന് ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. മനുഷ്യന്റെ ആത്മീയത ഒന്നുകൊണ്ടും അളക്കാൻ കഴിയുന്നതല്ല. മനസ്സും. അത് സ്വതന്ത്രമാണ്. നിയന്ത്രിക്കാൻ കഴിയാത്ത്ര സ്വതന്ത്രനാക്കുന്നു.



തേരീഗാഥ ആദ്യത്തെ ബുദ്ധ സ്ത്രീകളുടെ കവിതകളാണ്. അവയിൽ ഓരോ ഭാഗവും വായിക്കുമ്പോൾ മനസ്സിലാക്കാം ബുദ്ധമതവും തത്വചിന്തയും സ്ത്രീ ജീവിതത്തിൽ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന്. ലിംഗ വ്യത്യാസങ്ങളുടെ അതിശക്തമായ സ്വാധീനത്തിലാണ് സംഘ സമ്പ്രദായം തന്നെ പ്രവർത്തിക്കുന്നത്. ഭിക്ഷുണികൾ സ്വതന്ത്ര പൗരന്മാരുമായി വളരെ അടുത്ത് നിൽക്കുന്നവരും വിമോചിതരായ ആത്മാക്കളുമായിരുന്നു. ശ്രേഷ്ഠമായസ്ഥാനം അവർക്കുണ്ടായിരുന്നു. സ്ത്രീ മനോഭാവത്തിനും അവരുടെ തത്വചിന്തകൾക്കും സ്ഥാനമുള്ളതാണെന്ന് തെളിയിക്കാൻ സാധിക്കുന്നു.



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# ഗെർടി കോറി
## വൈദ്യശാസ്ത്ര നൊബേൽ ചരിത്രത്തിലെ ആദ്യ വനിത–



**ശാ**സ്ത്ര നൊബേലിനർഹയായ മൂന്നാമത്തെ വനിത. വൈദ്യശാസ്ത്ര നൊബേലിനർഹയായ ആദ്യ വനിത. പറഞ്ഞുവരുന്നത് ഗെർട്ടി തെരേസ കോറിയെക്കുറിച്ചാണ്. പെൺകുട്ടികൾക്ക് ശാസ്ത്രപഠനത്തിനും ഗവേഷണത്തിനുമുള്ള അവസരങ്ങൾ തുലോം തുച്ഛമായിരുന്ന ഒരു കാലത്ത് പ്രതിസന്ധികളോടും വിവേചനങ്ങളോടും പടവെട്ടി ശാസ്ത്രവിസ്മയങ്ങൾ കൈയെത്തിപ്പിടിച്ച ഗെർടി കോറിയുടെ ജീവിതകഥ ഗവേഷണരംഗത്തെ സ്ത്രീകൾക്ക് നൽകുന്ന പ്രചോദനം വളരെ വലുതാണ്.

1896–ൽ പ്രാഗിൽ കെമിസ്റ്റായ ഓട്ടോ റാഡിറ്റ്സിന്റെയും മാർത്തയുടെയും മകളായി ഒരു ജൂത കുടുംബത്തിലാണ് ഗെർടിയുടെ ജനനം. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദ്യശാസ്ത്രം പഠിക്കാനാഗ്രഹിച്ച ആ പെൺകുട്ടിക്കു കടക്കാനുണ്ടായിരുന്നത് വലിയ കടമ്പകളായിരുന്നു.വൈദ്യശാസ്ത്ര പഠനത്തിന് അഡ്മിഷൻ ലഭിക്കണമെങ്കിൽ ലാറ്റിൻ, ഊർജതന്ത്രം, രസതന്ത്രം, ഗണിതം എന്നീ വിഷയങ്ങൾ പഠിച്ചിരിക്കണമെന്നായിരുന്നു നിബന്ധന. എന്നാൽ  ഗെർടി പഠിച്ച പെൺകുട്ടികൾക്കായുള്ള സ്കൂളിൽ ഇതൊന്നും പഠിപ്പിച്ചിരുന്നില്ല. എന്നാൽ പിന്മാറാൻ ആ പെൺകുട്ടി തയ്യാറായിരുന്നില്ല. വൈദ്യശാസ്ത്രപഠനത്തിന് പ്രവേശനം ലഭിക്കാനുള്ള യോഗ്യത നേടാനായി ഈ വിഷയങ്ങളുടെ തുല്ല്യതാ ക്ലാസ്സുകളിൽ ചേർന്നു പഠിച്ചു. പ്രാഗിലെ കാൾ ഫെർഡിനാന്റ്സ് യൂണിവേഴ്സിറ്റിയുടെ എൻട്രൻസ് പരീക്ഷയെഴുതി വൈദ്യശാസ്ത്രപഠനത്തിന് പ്രവേശനവും നേടി. അക്കാലത്ത് ഒരു പെൺകുട്ടിയെ സംബന്ധിച്ച് അതൊരു അസാധാരണ നേട്ടം തന്നെയായിരുന്നു.മെഡിക്കൽ ബിരുദം നേടിയശേഷം തന്റെ സഹപാഠിയായിരുന്ന കാൾ കോറിയെ ഗെർടി വിവാഹം ചെയ്തു.

തുടർന്ന് വിയന്നയിലേക്ക് പോയ ഗെർടി കരോലിനൻസ്  ചിൽഡ്രൺ ഹോസ്പിറ്റലിലും കാൾ ഒ

രു ഗവേഷണശാലയിലും ജോലിചെയ്യാനാരംഭിച്ചു. ഒന്നാം ലോകമഹായുദ്ധ സമയത്ത് കാൾ സൈനികസേവനത്തിനു നിയോഗിക്കപ്പെട്ടു. യുദ്ധാനന്തരമുണ്ടായ കടുത്ത പ്രതിസന്ധികളും അനാരോഗ്യവും തളർത്താൻ തുടങ്ങിയതോടെ ആ ദമ്പതികൾ യൂറോപ്പ് വിടാൻ തീരുമാനിച്ചു. അങ്ങനെ 1922-ൽ കോറി ദമ്പതികൾ യുഎസ്സിലേക്ക് കുടിയേറി.

ന്യൂയോർക്കിലെ റോസ്‌വെൽ പാർക്ക് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ അവസരം ലഭിച്ചതോടെ ഗവേഷണ സ്വപ്നങ്ങൾക്ക് പുതിയ ചിറകുകൾ മുളച്ചു. എന്നാൽ ഒട്ടും സുഗമമായിരുന്നില്ല അവിടുത്തെ ഗവേഷണം. ഭർത്താവിനൊപ്പമുള്ള സംയുക്ത ഗവേഷണങ്ങൾ തുടർന്നാൽ ഗവേഷണശാലയിൽ നിന്നും പുറത്താക്കുമെന്നായിരുന്നു ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്ററുടെ ഭീഷണി! ഒരു സ്ത്രീ പുരുഷന്മാർക്കൊപ്പം ഗവേഷണശാലയിൽ ഉന്നത ഗവേഷണങ്ങൾ നടത്തുന്നത് പലർക്കും ദഹിച്ചിരുന്നില്ല. എന്നാൽ ഗവേഷണത്തെ ജീവവായുവായി കരുതിയ ഗെർടി ഇതൊന്നും വകവയ്ക്കാതെ ഗവേഷണത്തിൽ മുഴുകി. പരീക്ഷണശാലയിൽ എത്ര സമയം ചെലവഴിക്കാനും അവർക്ക് മടിയുണ്ടായിരുന്നില്ല. മനുഷ്യശരീരത്തിൽ ഗ്ലൂക്കോസിന്റെ ഉപാപചയ പ്രവർത്തനം ,അതിനെ സ്വാധീനിക്കുന്ന ഹോർമോണുകൾ എന്നിവയൊക്കെയായിരുന്നു ഗവേഷണ മേഖല. ഏഴുവർഷത്തോളം നീണ്ട ഗവേഷണങ്ങൾക്കൊടുവിൽ 1929-ൽ ഗെർടിയും കാളും ചേർന്ന് മനുഷ്യശരീരത്തിൽ ഗ്ലൂക്കോസിന്റെ ഉപാപചയപ്രക്രിയയിലേക്ക് വെളിച്ചം വീശുന്ന കോറി സൈക്കിൾ അവതരിപ്പിച്ചു.

1931-ൽ റോസ്‌വെല്ലിൽ നിന്നിറങ്ങിയ ഗെർടിയും കാളും സംയുക്ത ഗവേഷണത്തിനായി പല ഗവേഷണശാലകളെയും സമീപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. കാളിന് അവസരം നൽകാൻ പല ഗവേഷണശാലകളും തയ്യാറായെങ്കിലും സ്ത്രീയായതിന്റെ പേരിൽ ഗെർടിക്ക് അവസരങ്ങൾ നിഷേധിച്ചു. ചില സ്ഥാപനങ്ങളാവട്ടെ സംയുക്ത ഗവേഷണത്തെ ഒട്ടും പ്രോൽസാഹിപ്പിച്ചില്ല. ഒടുവിൽ വാഷിങ്ടൺ സർവ്വകലാശാല രണ്ടുപേർക്കും അവസരം നൽകിയെങ്കിലും ഗെർടിയുടെ സ്ഥാനവും വേതനവും കാളിനെക്കാൾ എത്രയോ താഴെയായാണ് നിജപ്പെടുത്തിയത്. സംയുക്ത ഗവേഷണത്തിലൂടെ ഭർത്താവിന്റെ ഗവേഷണഭാവി തുലയ്ക്കരുതെന്ന ഉപദേശവും നിരന്തരം കേൾക്കേണ്ടി വന്നു ഗെർടിക്ക്.എന്നാൽ ഗെർടിയുടെ ഗവേഷകമികവ് മനസ്സിലാക്കിയ യൂണിവേഴ്സിറ്റി ചാൻസലർ ആർതർ കോംപ്റ്റൺ അവർക്ക് ഒരു സ്പെഷ്യൽ അലവൻസ് അനുവദിച്ചുകൊടുത്തു. കാളിന്റേതിനു സമാനമായ ഒരു സ്ഥാനം ലഭിക്കാൻ നീണ്ട പതിമൂന്നു വർഷമാണ് ഗെർടിക്ക് കാത്തിരിക്കേണ്ടി വന്നത്! ഒരു ഫുൾ ടൈം പ്രഫസർ ആയത് 1947-ലും!

മനുഷ്യശരീരത്തിൽ ഗ്ലൂക്കോസിന്റെ ഉപാപചയ രഹസ്യങ്ങൾ ചുരുൾ നിവർത്തിയ വിസ്മയനേട്ടത്തിന് ഗെർടി കോറിയും കാൾ കോറിയും 1947-ലെ വൈദ്യശാസ്ത്ര നൊബേൽ സമ്മാനത്തിന് അർഹരായി. ഗവേഷണമൊന്നും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ലെന്ന് പറഞ്ഞു മാറ്റിനിർത്താൻ ശ്രമിച്ചവർക്കുള്ള ചുട്ടമറുപടിയായി ഈ പുരസ്കാരലബ്ധി. തുടർന്നുള്ള വർഷങ്ങളിൽ എൻസൈം ഗവേഷണത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനും ഗെർടിക്ക് സാധിച്ചു.



മരണം വരെ ഗെർടി ഗവേഷണങ്ങൾക്ക് അവധി കൊടുത്തതേയില്ല. അസ്ഥിമജ്ജയെ ബാധിക്കുന്ന ഗുരുതരമായ രോഗം ശരീരത്തെ കാർന്നു തിന്നുമ്പോഴും അവർ ഗവേഷണങ്ങളിൽ മുഴുകി. ഒടുവിൽ 1957-ൽ അറുപത്തിയൊന്നാമത്തെ വയസ്സിൽ ശാസ്ത്രത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ ശാസ്ത്രജ്ഞ വിടവാങ്ങി.



AVA
NEW
MEDIMIX®
TOTAL CARE
SHAMPOO
ടോട്ടൽ
എന്നാൽ എല്ലാം
അമൂല്യമായ പ്രകൃതിദത്ത ചേരുവകളാൽ
സമ്പന്നമായ മെഡിമിക്സ് ട്രിപ്പിൾ ആക്ഷൻ
ഷാംപൂ നിങ്ങളുടെ കേശത്തിന് സമ്മാനിക്കുന്നു
ടോട്ടൽ സംരക്ഷണം. നമ്മുടെ മുടിയിഴകൾ
ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളായ
താരൻ, മുടികൊഴിച്ചിൽ എന്നിവക്കെതിരെ
പോരാടി മുടിയിഴകൾക്ക് സംരക്ഷണം
നൽകുവാനും മുടിയെ കണ്ടീഷൻ ചെയ്യുവാനും,
മെഡിമിക്സിൽ അടങ്ങിയിരിക്കുന്ന 9 പ്രകൃതിദത്ത
ചേരുവകൾക്ക് പുറമെ ആപ്പിൾ സിഡർ
വിനീഗർ, ടീ ട്രീ ഓയിൽ മുതലായവ നമ്മളെ
സഹായിക്കുന്നു. അങ്ങനെ മുടിയിഴകൾക്ക്
ടോട്ടൽ സംരക്ഷണം ലഭിക്കുന്നു.
നിങ്ങളുടെ മനോഹര ചർമ്മം പരിപാലിക്കുന്നതിൽ
50 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള
മെഡിമിക്സിന്റെ ടോട്ടൽ കെയർ ഷാംപൂ
ഉള്ളപ്പോൾ, വെവ്വേറെ ഷാംപൂകളുടെ സഹായം
നിങ്ങൾക്ക് എന്തിന് ?
നിങ്ങളുടെ മുടിയിഴകൾക്ക് സമ്മാനിക്കൂ
പ്രകൃതിദത്ത സംരക്ഷണം എന്നെന്നും.
Intro Offer
25%
EXTRA
ട്രിപ്പിൾ ആക്ഷൻ
• മുടി കൊഴിച്ചിൽ കുറയ്ക്കുന്നു *
• താരനെതിരെ പോരാടുന്നു *
• മുടിയെ കണ്ടീഷൻ ചെയ്യുന്നു ^
9 A UNIQUE MIX OF 9 NATURAL HERBS
MEDIMIX®
TOTAL CARE
SHAMPOO
Triple Action
1. Minimizes Hair fall*
2. Fights Dandruff*
3. Conditions Hair^
160 ml + 40 ml
80 ml + 20 ml
Toll Free: 1800 103 1282
www.medimix.co.in
* Conditions apply. *^ Based on consumer research study.
^ Based on lab study under test condition. Individual test result may vary.